# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എറണാകുളം ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ-ഇകെഎം(ഡിപി)1970/2021
തീയതി31.3.2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 31/03/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എറണാകുളം ജില്ലാ പഞ്ചായത്ത്

സർ,

**വിഷയം : എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം )
3.ഓഫീസ് കോപ്പി.

നമ്പർ: കെഎസ്എ-ഇകെഎം(ഡിപി)1970/2021 തീയ്യതി: 31/03/2022
തീയതി31.3.2022

## എറണാകുളം ജില്ലയിലെ എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-10-2019 മുതൽ 06-07-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 73 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 47 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ.ജി | ജോയിന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-07-2020 | 27-02-2021 |
| 06-08-2021 | 20-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1.ശ്രീമതി ഷേർലി പീറ്റർ - ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2.ശ്രീ പ്രസാദ് പി.ജി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീ ശ്രീജിത്ത് സി.ഡി -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഡോളി കുര്യാക്കോസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ടി.വി ബാബു | സെക്രട്ടറി | 01-04-2019 | 02-12-2019 |
| ശ്രീ അജി ഫ്രാൻസിസ് | സെക്രട്ടറി | 02-12-2019 | 31-03-2020 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ടി.എൻ. മിനി | എക്സിക്യൂട്ടീവ് എഞ്ചിനീയർ , ത.സ്വ.ഭ.വ | 01-04-2019 | 31-03-2020 |
| ശ്രീമതി സുജ. എ.എം | അസി.എക്സി.എഞ്ചിനീയർ , ത.സ്വ.ഭ.വ | 01-04-2019 | 31-03-2020 |
| ശ്രീ സുരേഷ് കുമാർ | അസി.എക്സി.എഞ്ചിനീയർ (കൃഷി) | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീല പോൾ | ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) | 01-04-2019 | 31-03-2020 |
| ശ്രീമതി ജെ. മായാലക്ഷ്മി | ജില്ലാ പ്രൊജക്ട് ഓഫീസർ (ഐ.സി.ഡി.എസ്) | 01-04-2019 | 31-03-2020 |
| ശ്രീ തോമസ് സാമുവൽ | ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | 01-04-2019 | 31-03-2020 |
| ഡോ. പ്രസന്നകുമാരി | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ. എൽസി. സി.വൈ | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദ) | 01-04-2019 | 31-03-2020 |
| ശ്രീമതി ലിസ്സിമോൾ ജെ. വടക്കൂട്ട് | ഫാം സൂപ്രണ്ട്, ആലുവ കൃഷിത്തോട്ടം | 01-04-2019 | 31-03-2020 |
| ശ്രീ ബൈജു | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. എൻ.കെ.കുട്ടപ്പൻ | ജില്ലാ മെഡിക്കൽ ഓഫീസർ (ഹെൽത്ത്) | 01-04-2019 | 31-03-2020 |
| ശ്രീമതി ലിറ്റി തോമസ് | ഹെഡ്മിസ്ട്രസ്സ്, ഗവ.ഹൈസ്കൂൾ ,മണീട് | 01-04-2019 | 31-03-2020 |
| ശ്രീമതി കുസുമം കെ.എസ് | പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 25-06-2019 |
| ശ്രീമതി | പൊതു വിദ്യാഭ്യാസ | 26-06-2019 | 25-09-2019 |

| | | | |
|---|---|---|---|
| മിനി.വി.പി | ഡെപ്യൂട്ടി ഡയറക്ടർ | | |
| ശ്രീമതി കെ.യു. ലീല | പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 26-09-2019 | 31-03-2020 |
| ശ്രീ സജി.ടി | ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ്) | 01-04-2019 | 16-09-2019 |
| ശ്രീമതി മജ ജോസ് പി. | ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ്) | 17-09-2019 | 31-03-2020 |
| ശ്രീ ജോസ് ജേക്കബ്ബ് | ഡെപ്യൂട്ടി ഡയറക്ടർ (ഡയറി) | 01-04-2019 | 31-03-2020 |
| ശ്രീ ജോൺ ജോഷി | സാമൂഹ്യ നീതി ഓഫീസർ | 01-04-2019 | 15-02-2020 |
| ശ്രീ സുബൈർ | സാമൂഹ്യ നീതി ഓഫീസർ | 16-02-2020 | 31-03-2020 |
| ശ്രീ ജോസഫ് ജോൺ | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സിജി ആന്റണി | സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ, വിത്തുൽപാദന കേന്ദ്രം, ഒക്കൽ | 01-04-2019 | 31-03-2020 |
| ശ്രീമതി അനിതകുമാരി | സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ, തെങ്ങൽപ്പാദന കേന്ദ്രം, വൈറ്റില | 01-04-2019 | 14-07-2019 |
| ശ്രീമതി ആനി ആന്റണി | സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ, തെങ്ങൽപ്പാദന കേന്ദ്രം, വൈറ്റില | 15-07-2019 | 31-03-2020 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.D.Sreejith (Senior Grade Auditor, On 01-12-2021)<br>Last Updated By: Bindu L (Computer Assistant, On 14-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: C.D.Sreejith (Senior Grade Auditor, On 03-12-2021)<br>Last Updated By: Bindu L (Computer Assistant, On 14-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം )<br>Written By: C.D.Sreejith (Senior Grade Auditor, On 03-12-2021)<br>Last Updated By: Bindu L (Computer Assistant, On 14-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: C.D.Sreejith (Senior Grade Auditor, On 04-12-2021)<br>Last Updated By: Bindu L (Computer Assistant, On 14-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: C.D.Sreejith (Senior Grade Auditor, On 06-12-2021)<br>Last Updated By: Bindu L (Computer Assistant, On 14-03-2022) | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.D.Sreejith (Senior Grade Auditor, On 16-12-2021)<br>Last Updated By: Sherly Peter (Audit Officer, On 16-12-2021) | 1-6 |
| 7 | ലൈഫ് ഭവന പദ്ധതി -വകയിരുത്തിയ തുകയുടെ പകുതി പോലും വിനിയോഗിച്ചില്ല-കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല.<br>Written By: C.D.Sreejith (Senior Grade Auditor, On 10-12-2021)<br>Last Updated By: Bindu L (Computer Assistant, On 15-03-2022) | 1-7 |
| 8 | ലക്ഷ്യബോധമില്ലാത്ത പദ്ധതി നടത്തിപ്പ് -തുക പാഴാകുന്നു.<br>Written By: C.D.Sreejith (Senior Grade Auditor, On 10-12-2021)<br>Last Updated By: Bindu L (Computer Assistant, On 15-03-2022) | 1-8 |
| 9 | സുഭിക്ഷ പ്രൊജക്ട് -നടത്തിപ്പിലെ അപാകതകൾ<br>Written By: C.D.Sreejith (Senior Grade Auditor, On 10-12-2021)<br>Last Updated By: Bindu L (Computer Assistant, On 16-03-2022) | 1-9 |
| 10 | ഭിന്നശേഷി ഗുണഭോക്താക്കളുടെ പദ്ധതി-മതിയായ തുക വകയിരുത്തുന്നില്ല-ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും അപാകത<br>Written By: C.D.Sreejith (Senior Grade Auditor, On 10-12-2021)<br>Last Updated By: Bindu L (Computer Assistant, On 16-03-2022) | 1-10 |
| 11 | ആയുർവേദ ആശുപത്രിയിലെ ലിഫ്റ്റ് പ്രവർത്തനം- ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾക്ക് പരിഹാരനിർദ്ദേശം<br>Written By: C.D.Sreejith (Senior Grade Auditor, On 10-12-2021)<br>Last Updated By: Bindu L (Computer Assistant, On 16-03-2022) | 1-11 |
| 12 | ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവഹണം നടത്തിയ പദ്ധതികൾ- മുഴുവൻ രേഖകളും ഹാജരാക്കിയില്ല.<br>Written By: C.D.Sreejith (Senior Grade Auditor, On 10-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-12 |
| 13 | വിദ്യാലയങ്ങളിലെ എസ്.എം.എസ് അലർട്ട്-ചെലവിന്റെ ആധികാരികത ഉറപ്പിക്കാനായില്ല-3,01,879 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: C.D.Sreejith (Senior Grade Auditor, On 10-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-13 |

| | | |
|---|---|---|
| 14 | വിദ്യാലയ ലൈബ്രറികളിലെ കംപ്യൂട്ടർവത്കരണം -പദ്ധതി ചെലവുകളുടെ ആധികാരികത വ്യക്തമല്ല-24,89,655 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: C.D.Sreejith (Senior Grade Auditor, On 10-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-14 |
| 15 | ശമ്പളകുടിശ്ശിക അധികം നൽകിയത് തിരികെ ഈടാക്കണം<br>Written By: Prasad P G (Asst. Audit Officer, On 12-12-2021)<br>Last Updated By: Bindu L (Computer Assistant, On 16-03-2022) | 1-15 |
| 16 | ജില്ലാ കേരളോൽസവം നടത്തിപ്പ്-ചെലവ് രേഖകൾക്ക് ആധികാരികതയില്ല<br>Written By: Prasad P G (Asst. Audit Officer, On 12-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-16 |
| 17 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു -76,121 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Prasad P G (Asst. Audit Officer, On 12-12-2021)<br>Last Updated By: Bindu L (Computer Assistant, On 16-03-2022) | 1-17 |
| 18 | ഖാദിയൂണിറ്റുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 12-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-18 |
| 19 | പട്ടികജാതി തൊഴിൽദായക പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല<br>Written By: Prasad P G (Asst. Audit Officer, On 12-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-19 |
| 20 | പായിപ്ര ഗ്രാമപഞ്ചായത്ത് - തൃക്കളത്തൂർ കാവുംപടി കനാൽബണ്ട്-മുല്ലശ്ശേരിപ്പടി റോഡ് മെയിന്റനൻസ്-അളവ് പുസ്തകത്തിലെ തെറ്റായ രേഖപ്പെടുത്തൽ മൂലം 92,967/- രൂപയുടെ അധിക ചെലവ്<br>Written By: Prasad P G (Asst. Audit Officer, On 13-12-2021)<br>Last Updated By: Bindu L (Computer Assistant, On 16-03-2022) | 1-20 |
| 21 | പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് - ചാത്തമറ്റം പകൽവീട് നിർമ്മാണം-പദ്ധതി പൂർത്തിയാക്കിയില്ല<br>Written By: Prasad P G (Asst. Audit Officer, On 13-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-21 |
| 22 | മുളവുകാട് ഗ്രാമപഞ്ചായത്ത് -പനമ്പുകാട് കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണം<br>Written By: Prasad P G (Asst. Audit Officer, On 13-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-22 |
| 23 | രാമമംഗലം ഗ്രാമപഞ്ചായത്ത് - ഷഡ്കാല ഗോവിന്ദമാരാർ കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം -രേഖകൾ ഹാജരാക്കിയില്ല -4,78,232രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Prasad P G (Asst. Audit Officer, On 13-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-23 |
| 24 | നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ പേവിംഗ് ടൈൽ ഉപയോഗിച്ച് ഫാം റോഡ് നിർമ്മാണം-കരാർ ലംഘനത്തിന് 49,384 രൂപ പിഴ ഈടാക്കണം<br>Written By: Prasad P G (Asst. Audit Officer, On 13-12-2021)<br>Last Updated By: Bindu L (Computer Assistant, On 16-03-2022) | 1-24 |
| 25 | വിവിധ മരാമത്ത് വേലകളിലെ അപാകതകൾ - തെളിവ് സഹിതം വിശദീകരണം നൽകേണ്ടതാണ് -1,54,330 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: C.D.Sreejith (Senior Grade Auditor, On 14-12-2021)<br>Last Updated By: Bindu L (Computer Assistant, On 16-03-2022) | 1-25 |
| 26 | | 1-26 |

| | | |
|---|---|---|
| | റിടെൻഷൻ തുകയുടെ അക്കൗണ്ടിംഗിലെ അപാകതകൾ -തെളിവുകൾ സഹിതം വിശദീകരണം നൽകുക<br>Written By: C.D.Sreejith (Senior Grade Auditor, On 14-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | |
| 27 | എ.ബി.സി. പ്രോഗ്രാം- പദ്ധതി അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-27 |
| 28 | കേസ് വാദിക്കാൻ സ്റ്റാന്റിംഗ് കൗൺസിൽ ഹാജരായില്ല, പരാതിക്കാരന് അനുകൂലമായ വിധി<br>Written By: Sherly Peter (Audit Officer, On 14-12-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2022) | 1-28 |
| 29 | സാധു സുന്ദര-പദ്ധതിയിലെ അപാകതകൾ<br>Written By: Sherly Peter (Audit Officer, On 14-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-29 |
| 30 | വിജയഭേരി -പ്രോജക്ട് നടത്തിപ്പിലെ അവ്യക്തത<br>Written By: Sherly Peter (Audit Officer, On 14-12-2021)<br>Last Updated By: Bindu L (Computer Assistant, On 18-03-2022) | 1-30 |
| 31 | പ്രതിഭാ വന്ദനം എസ് സി കലാസാഹിത്യ പ്രതിഭകൾക്ക് ധനസഹായം-പദ്ധതി നിർവ്വഹണം -അപാകതകൾ - 4,75,000 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sherly Peter (Audit Officer, On 14-12-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2022) | 1-31 |
| 32 | വിജയജ്യോതി -ബഹുവർഷപദ്ധതി ലക്ഷ്യം കൈവരിച്ചോയെന്ന മോണിറ്ററിംഗ് ഫലപ്രദമായില്ല.<br>Written By: Sherly Peter (Audit Officer, On 14-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-32-1 |
| 33 | വിജയജ്യോതി പദ്ധതി - മാർഗ്ഗരേഖയ്ക് വിരുദ്ധമായി ആനുകൂല്യം നൽകൽ - 4070697 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sherly Peter (Audit Officer, On 14-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-32-2 |
| 34 | ക്ഷീരസാഗരം പദ്ധതി-എസ്.സി- പദ്ധതി നടപ്പാക്കിയില്ല<br>Written By: Prasad P G (Asst. Audit Officer, On 14-12-2021)<br>Last Updated By: Bindu L (Computer Assistant, On 19-03-2022) | 1-33 |
| 35 | റീസർക്കുലേറ്ററി അകാകൾച്ചർ സിസ്റ്റം-പദ്ധതി അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 14-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-34 |
| 36 | ഫാമുകളിലെ വർക്ക് അഡ്വാൻസ്- ക്രമീകരണത്തിൽ കൂടുതൽ വ്യക്തത വരുത്തണം<br>Written By: Prasad P G (Asst. Audit Officer, On 12-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-35 |
| 37 | അങ്കമാലി മുയൽ വളർത്തൽ കേന്ദ്രം - പ്രവർത്തനാവലോകനം- അപാകതകളും നിർദ്ദേശങ്ങളും<br>Written By: C.D.Sreejith (Senior Grade Auditor, On 14-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-36 |
| 38 | ആലുവ, സംസ്ഥാന വിത്തുലപ്പാദന കേന്ദ്രം- പ്രവർത്തനാവലോകനം -അപാകതകളും നിർദ്ദേശങ്ങളും.<br>Written By: C.D.Sreejith (Senior Grade Auditor, On 14-12-2021)<br>Last Updated By: Bindu L (Computer Assistant, On 19-03-2022) | 1-37 |
| 39 | ഒക്കൽ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം -പ്രവർത്തനാവലോകനം-അപാകതകളും നിർദ്ദേശങ്ങളും.<br>Written By: C.D.Sreejith (Senior Grade Auditor, On 14-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-38 |
| 40 | നേര്യമംഗലം കൃഷിത്തോട്ടം - പ്രവർത്താനാവലോകനം | 1-39 |

| | | |
|---|---|---|
| | -അപാകതകളും നിർദ്ദേശങ്ങളും.<br>Written By: C.D.Sreejith (Senior Grade Auditor, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | |
| 41 | മേൽ നോട്ടത്തിലെ അപാകത -ഇ.പി.എഫ് -പിഴയായി ഒടുക്കിയ 5,22,979 രൂപ നിരാകരിക്കുന്നു.<br>Written By: C.D.Sreejith (Senior Grade Auditor, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-39-1 |
| 42 | ജില്ലാ കൃഷിത്തോട്ടം നേര്യമംഗലം കാന്റീൻ കൊട്ടേഷൻ തെരഞ്ഞെടുപ്പ് അപാകതകൾ<br>Written By: C.D.Sreejith (Senior Grade Auditor, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-39-2 |
| 43 | ഫാം വികസന പ്രവർത്തനങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ഡോക്യുമെന്റേഷൻ ഇല്ല<br>Written By: C.D.Sreejith (Senior Grade Auditor, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-39-3 |
| 44 | നേര്യമംഗലം ഫാം - പുതിയ കൃഷികൾക്കായി വെട്ടിയ മരങ്ങൾ എന്തു ചെയ്തുവെന്ന് വ്യക്തമല്ല<br>Written By: C.D.Sreejith (Senior Grade Auditor, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-39-4 |
| 45 | നേര്യമംഗലം ഫാം വികസന പ്രവർത്തനങ്ങൾ- ജില്ലാ പഞ്ചായത്തുമായി ഏകോപനമില്ല.<br>Written By: C.D.Sreejith (Senior Grade Auditor, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-39-5 |
| 46 | ഫാമിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ-കൃത്യമായ മോണിറ്ററിംഗ് അനിവാര്യം<br>Written By: C.D.Sreejith (Senior Grade Auditor, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-39-6 |
| 47 | നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ ചെക്ക് ഡാം നിർമ്മാണം-അനന്തമായി നീളുന്നു.<br>Written By: C.D.Sreejith (Senior Grade Auditor, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 1-39-7 |
| 48 | നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം- ഫലവൃക്ഷാദായ ലേലം -അപാകതകൾ<br>Written By: C.D.Sreejith (Senior Grade Auditor, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 1-39-8 |
| 49 | ചതുപ്പ് നിലം കൃഷിയോഗ്യമാക്കൽ ഹിറ്റാച്ചി വാടകക്കെടുക്കൽ-ചെലവ് രേഖകൾക്ക് ആധികാരികതയില്ല<br>Written By: C.D.Sreejith (Senior Grade Auditor, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 1-39-9 |
| 50 | മറ്റ് അപാകതകളും ഓഡിറ്റ് നിർദ്ദേശങ്ങളും<br>Written By: C.D.Sreejith (Senior Grade Auditor, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2022) | 1-39-10 |
| | **ഭാഗം 2** | |
| 1 | തുക ഒടുക്കിയതിൽ 4,945 രൂപയുടെ കുറവ് - ജില്ലാ പഞ്ചായത്തിന് വരവ് നഷ്ടം.<br>Written By: C.D.Sreejith (Senior Grade Auditor, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 2-1 |
| 2 | കാലി ബാരലിന്റെ നികുതി ഉൾപ്പെടെയുള്ള വില ഈടാക്കിയില്ല - 4,776 രൂപ വരവ് നഷ്ടം.<br>Written By: Sherly Peter (Audit Officer, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 2-2 |
| 3 | കരാർ ലംഘനത്തിന് പിഴ ഈടാക്കിയില്ല - 49,384 രൂപ പിഴ ഇനത്തിൽ നഷ്ടം. | 2-3 |

| | | |
|---|---|---|
| | Written By: Sherly Peter (Audit Officer, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 31-03-2022) | |
| **ഭാഗം 3** | | |
| 1 | ശമ്പള കുടിശ്ശികയിനത്തിൽ 8,246 രൂപ അധികം നൽകി.<br>Written By: C.D.Sreejith (Senior Grade Auditor, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 3-1 |
| 2 | പായിപ്ര ഗ്രാമപഞ്ചായത്ത് - തൃക്കളത്തൂർ കാവുംപടി കനാൽബണ്ട്-മുല്ലശ്ശേരിപ്പടി റോഡ് മെയിന്റനൻസ്-അളവ് പുസ്തകത്തിലെ തെറ്റായ രേഖപ്പെടുത്തൽ മൂലം 92,967/- രൂപയുടെ അധിക ചെലവ്.<br>Written By: Sherly Peter (Audit Officer, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2022) | 3-2 |
| 3 | ചെയ്യാത്ത അളവിന് തുക നൽകി -12,592 രൂപ നഷ്ടം.<br>Written By: Sherly Peter (Audit Officer, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 3-3 |
| 4 | മേൽ നോട്ട അപാകത - ഇ.പി.എഫ് പിഴയായി ഒടുക്കിയ 5,22,979 രൂപ നിരാകരിക്കുന്നു.<br>Written By: C.D.Sreejith (Senior Grade Auditor, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 3-4 |
| **ഭാഗം 4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.D.Sreejith (Senior Grade Auditor, On 07-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.D.Sreejith (Senior Grade Auditor, On 07-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: C.D.Sreejith (Senior Grade Auditor, On 06-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: C.D.Sreejith (Senior Grade Auditor, On 06-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: C.D.Sreejith (Senior Grade Auditor, On 06-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.D.Sreejith (Senior Grade Auditor, On 06-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: C.D.Sreejith (Senior Grade Auditor, On 06-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.D.Sreejith (Senior Grade Auditor, On 06-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.D.Sreejith (Senior Grade Auditor, On 16-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം<br>Written By: C.D.Sreejith (Senior Grade Auditor, On 04-12-2021)<br>Last Updated By: Joby George (Computer Assistant, On 18-03-2022) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

08.02.2019 തീയതിയിലെ തീരുമാനം നം.1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 171,02,57,000 രൂപയും പ്രതീക്ഷിത ചെലവ് 170,72,45,480/- രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് 62,52,07,976 രൂപയും യഥാർത്ഥ ചെലവ് 62,84,21,380/- രൂപയുമാണ്. ബജറ്റ് വരവ്-ചെലവുകളും യഥാർത്ഥ വരവ്-ചെലവുകളും തമ്മിൽ വൻവ്യത്യാസം കാണുന്നുണ്ട്. ബജറ്റ് വരവ്-ചെലവുകൾ യുക്തിസഹമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31.07.2020 നകം | 29.06.2020 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 20,92,19,380 |
| വരവ് | 62,52,07,976 |
| ആകെ | 83,44,27,356 |
| ചെലവ് | 62,84,21,380 |
| നീക്കിയിരിപ്പ് | 20,60,05,976 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | നീക്കിബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്, ജനറൽ | 0 | 61,17,84,520 | 61,17,84,520 | 25,78,30,549 | 0 | 35,39,53,971 |
| വികസന ഫണ്ട്, എസ്.സി.പി | 0 | 21,31,17,882 | 21,31,17,882 | 6,55,80,283 | 0 | 14,75,37,599 |
| വികസന ഫണ്ട്, ടി.എസ്.പി | 0 | 1,08,22,789 | 1,08,22,789 | 82,02,041 | 0 | 26,20,748 |
| മെയിന്റനൻസ് ഫണ്ട്, റോഡ് | 0 | 77,85,10,570 | 77,85,10,570 | 13,75,88,250 | 0 | 64,09,22,320 |
| മെയിന്റനൻസ് ഫണ്ട്, നോൺ റോഡ് | 0 | 11,86,15,549 | 11,86,15,549 | 4,02,86,343 | 0 | 7,83,29,206 |
| സർവ്വ ശിക്ഷ അഭിയാൻ | 8,92,783 | 30,754 | 9,23,537 | 0 | 9,23,537 | 0 |
| രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ | 3,47,66,120 | 0 | 3,47,66,120 | 1,40,37,812 | 2,07,28,308 | 0 |
| തനത് ഫണ്ട് (ബാങ്ക്) | 42,25,892 | 1,86,60,013 | 2,28,85,905 | 59,88,669 | 1,68,97,236 | 0 |
| തനത് ഫണ്ട് ( ട്രഷറി) | 16,27,29,732 | 9,50,29,743 | 25,77,59,475 | 9,69,41,415 | 16,08,18,060 | 0 |
| സംയുക്ത പദ്ധതി | 70,41,365 | 20,00,000 | 90,41,365 | 17,95,988 | 72,45,377 | 0 |

(എ). ആർ.എം.എസ്.എ വരവ്, ചെലവ് എന്നിവയിലെ യഥാർത്ഥ തുക വാർഷിക കണക്കുകളിലെ വരവ്, ചെലവ് തുകകളുമായി വ്യത്യാസമുണ്ട്. 07.03.2018 ലെ ചെലവായ 84,960 രൂപ, 11.01.2019 ലെ ചെലവായ 30,743 രൂപ, 21.03.2018 ലെ ചെലവായ 1,43,634 രൂപ, 09.10.2019 ലെ ചെലവായ 3,89,435 രൂപ എന്നിങ്ങനെ ആകെ 6,48,772 രൂപ ആർ.എം.എസ് എ ഹെഡ്ഡിൽ നിന്നും ചെലവ് ചെയ്തതായി സാംഖ്യയിൽ കാണിച്ചിരുന്നില്ല.

12.02.2020 ലെ ചെലവായ 3,85,152 രൂപ, 27.09.19 ലെ ചെലവായ 8,70,162 രൂപ എന്നിങ്ങനെ ആകെ 12,55,314 രൂപ ആർ.എം.എസ്.എയിലെ ചെലവല്ലാത്ത തുക പ്രസ്തുത ഹെഡ്ഡിലെ ചെലവായി രേഖപ്പെടുത്തുയും ചെയ്തു. നിലവിൽ മേൽ

അപാകത പരിഹരിച്ചിട്ടുണ്ട്.

(ബി). ജനറൽ പർപ്പസ് ഫണ്ട് വരവ്-ചെലവ് എന്നിവ മേൽ പട്ടികയിലെ തനത് ഫണ്ട് ട്രഷറി ഇനത്തിലാണ് ചേർത്തിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1507 | 195,75,15,093 | 336 | 53,63,99,872 | 45 | 1126 | 22.30% |

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 29.10.2019 മുതൽ 25.11.2019 | 2019-20 | 19.03.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.10.2020 മുതൽ 04.01.2021 | 2018-19 | 23.12.2019 |

## 1-7 ലൈഫ് ഭവന പദ്ധതി -വകയിരുത്തിയ തുകയുടെ പകുതി പോലും വിനിയോഗിച്ചില്ല- കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല.

ദാരിദ്ര ലഘൂകരണ യൂണിറ്റ്, പ്രൊജക്ട് ഡയറക്ടർ നിർവഹണം നടത്തിയ പാർപ്പിട പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ ( പട്ടിക ജാതി ) എന്ന പദ്ധതിക്കായി (പ്രൊ.നം.774/2020) 3,51,45,200 രൂപയാണ് വകയിരുത്തിയിരുന്നത്. 24.12.2019, 05.02.2020, 24.02.2020 എന്നീ ദിവസങ്ങളിലെ സാധാരണ ഭരണസമിതി തീരുമാന പ്രകാരം 15 ഗ്രാമ പഞ്ചായത്തുകൾക്കായി 1,68,46,906 രൂപക്ക് അനുമതി നൽകുകയും ചെയ്തു. വകയിരുത്തിയ തുകയുടെ 48 ശതമാനം മാത്രമാണ് ഓഡിറ്റ് വർഷത്തിൽ അനുവദിക്കാൻ സാധിച്ചത്. മേൽ തുകയിൽ ആകെ ചെലവ് ചെയ്തത് 40,91,696 രൂപ മാത്രമാണ്. വകയിരുത്തിയ തുകയുടെ 12 ശതമാനവും അനുവദിക്കപ്പെട്ട തുകയുടെ 24 ശതമാനവും മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്.

സമാനമായ അപാകത പ്രൊജക്ട് നം.735/2020, പാർപ്പിട പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ (പൊതുവിഭാഗം ) എന്ന പദ്ധതിയിലും കാണുന്നുണ്ട്. പ്രസ്തുത പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് ഭരണസമിതി നാല് സാധാരണ തീരുമാനങ്ങളിലായി 12,34,99,788/- രൂപ 44 ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട്. അതിൽ 9,94,31,400/- രൂപ 38 ഗ്രാമ പഞ്ചായത്തുകൾക്ക് ലഭ്യമായതിൽ 9,66,11,496/- രൂപ ചെലവഴിച്ചതായി ഫയലിൽ കാണുന്നുണ്ട്.

ഗ്രാമ പഞ്ചായത്തുകൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് യഥാസമയം കരാർ നടത്തി തുക വിനിയോഗിക്കും എന്ന് ഉറപ്പുള്ളവർക്കായാണ് തുക ആവശ്യപ്പെട്ടത്. അതിനാലാണ് അനുവദിക്കപ്പെട്ട തുകയും നൽകിയ തുകയും കുറഞ്ഞ് പോയത് എന്ന് ഓഡിറ്റ് എൻക്വയറി നം 4 ന് മറുപടിയായി ദാരിദ്ര ലഘൂകരണയൂണിറ്റ് പ്രൊജക്ട് ഡയറക്ടർ വ്യക്തമാക്കിയിരുന്നു. ഗ്രാമ പഞ്ചായത്തുകൾ ഗുണഭോക്താക്കളുമായും സ്ഥല ഉടമകളുമായി കരാർ ചമച്ച് തുക നൽകേണ്ട ഘട്ടത്തിലാണ് സാധാരണ ഗതിയിൽ ജില്ലാ പഞ്ചായത്തിനോട് തുക ലഭ്യമാക്കാൻ അഭ്യർത്ഥിക്കുന്നത്. ആയതുകൊണ്ട് തന്നെ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായാൽ മുഴുവൻ തുകയും പെട്ടെന്ന് തന്നെ ചെലവഴിക്കാൻ കഴിയേണ്ടതാണ്. എന്നാൽ ഇവിടെ അങ്ങനെ സംഭവിച്ചിട്ടില്ല. തുടർന്ന് പ്രസ്തുത വിഷയത്തെക്കുറിച്ചുള്ള അഭിപ്രായം വ്യക്തമാക്കാൻ നിർദ്ദേശിച്ച് കൊണ്ട് പാറക്കടവ്, പുത്തൻ വേലിക്കര, എളങ്കുന്നപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് എൻക്വയറി നൽകിയിരുന്നു. പാറക്കടവ്, പുത്തൻവേലിക്കര എന്നീ ഗ്രാമ പഞ്ചായത്തുകൾ മറുപടിയൊന്നും നൽകിയില്ല. 2020 മാർച്ച് 31 ന് മുൻപ് എഗ്രിമെന്റ് ചമയ്ക്കാൻ സാദ്ധ്യതുള്ളവരെ മുൻകൂട്ടി കണക്കാക്കി 20,00,000/- രൂപ മുൻകൂറായി അഭ്യർത്ഥിച്ചു എന്നും എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ

പുതിയ എഗ്രിമെന്റ് ഉണ്ടാകാതിരുന്നതിനാലാണ് മേൽ തുക ചെലവഴിക്കാൻ കഴിയാതിരുന്നത് എന്നും എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് തുക വിനിയോഗിക്കും എന്ന് ഉറപ്പുള്ളവർക്കാണ് ഗ്രാമ പഞ്ചായത്തുകൾ തുക ആവശ്യപ്പെട്ടത് എന്ന പ്രൊജക്ട് ഡയറക്ടർ നൽകിയ മറുപടിയോട് യോജിച്ച് പോകുന്നതല്ല എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ മറുപടി.

മേൽ രണ്ട് പദ്ധതികളുടെയും പഞ്ചായത്തുകളുടെ ചെലവ് രീതി ചുവടെ ചേർക്കുന്നു.

| **പദ്ധതി** | **അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവ് ചെയ്ത ഗ്രാമ പഞ്ചായത്തുകൾ** | **തുക ലഭ്യമായിട്ടും ചെലവ് ചെയ്യാത്ത ഗ്രാമ പഞ്ചായത്തുകൾ** | **തുക ലഭ്യമായിട്ടും കുറവ് ചെലവ് ചെയ്ത ഗ്രാമ പഞ്ചായത്തുകൾ** |
|---|---|---|---|
| പാർപ്പിട പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ(പട്ടിക ജാതി) | ഇല്ല | 1. ഒക്കൽ<br>2. കോട്ടുവള്ളി<br>3. എളങ്കുന്നപ്പുഴ<br>4. പാറക്കടവ്<br>5.പുത്തൻവേലിക്കര<br>6. തുറവൂർ | 1. വേങ്ങൂർ<br>2. മഴുവന്നൂർ<br>3. കല്ലൂർക്കാട്<br>4. കോട്ടപ്പടി<br>5. പോത്താനിക്കാട്<br>6. നെല്ലിക്കുഴി<br>7. പിണ്ടിമന |
| പാർപ്പിട പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ<br>(പൊതുവിഭാഗം) | 1. മഞ്ഞപ്ര<br>2. മഞ്ഞള്ളൂർ<br>3. മലയാറ്റൂർ-നീലീശ്വരം<br>4. കുട്ടമ്പുഴ<br>5. വാരപ്പെട്ടി<br>6. എളങ്കുന്നപ്പുഴ<br>7. കരുമാല്ലൂർ | 1. ആയവന<br>2. വാളകം<br>3. പാറക്കടവ്<br>4. നായരമ്പലം | 1. മൂക്കന്നൂർ<br>2.വടവ്കോട്-പുത്തൻ കുരിശ്<br>3. കറുകുറ്റി<br>4. ഉദയം പേരൂർ<br>5. എടത്തല<br>6. മാറാടി<br>7. അശമന്നൂർ<br>8. മുടക്കുഴ<br>9. മഴുവന്നൂർ<br>10.പാമ്പാക്കുട<br>11. ആവോലി<br>12.പോത്താനിക്കാട്<br>13. പല്ലാരിമംഗലം<br>14. ആരക്കുഴ<br>15. ആമ്പല്ലൂർ<br>16.ഇലഞ്ഞി<br>17. കല്ലൂർക്കാട്<br>18.പൈങ്ങോട്ടൂർ<br>19.പുത്തൻവേലിക്കര<br>20. ചൂർണ്ണിക്കര<br>21. പിണ്ടിമന<br>22. ചേന്ദമംഗലം |

പാർപ്പിട പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ ( പൊതുവിഭാഗം ) എന്ന പദ്ധതിയിൽ എളങ്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 40,00,000 രൂപയാണ് അനുമതി നൽകിയിരുന്നത് എങ്കിലും 52,94,800 രൂപ യഥാർത്ഥത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് നൽകിയിരുന്നു. മുൻ വർഷങ്ങളിൽ സമാനമായ പദ്ധതി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ എങ്ങനെയാണ് ഇതു സംഭവിച്ചതെന്നതിന് വിശദീകരണം നൽകാൻ നിർവഹണ ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടിരുന്നു. കരാറിലേർപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് വേണ്ടി മേൽ ഗ്രാമ പഞ്ചായത്തുകൾ വെബ് സാംഖ്യ വഴി തുക ആവശ്യപ്പെട്ടതിനാലാണ് ജില്ലാ പഞ്ചായത്ത് ഭരണസമിതി അനുവദിച്ച തുകയേക്കാൾ കൂടുതൽ നൽകിയതെന്നും ആയതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അധികൃതമാക്കൽ നടപടി ( Authorisation ) പൂർത്തിയാക്കിയിരുന്നുവെന്നുമാണ് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. എന്നാൽ എളങ്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് നൽകിയ മറുപടിയിൽ 03.12.2019 ൽ 80,00,000 രൂപ മേൽ പദ്ധതിക്കായി ആവശ്യപ്പെട്ടിരുന്നു എന്ന് കാണുന്നു. ഗ്രാമ പഞ്ചായത്തിന്റെ മേൽ മറുപടിയും നിർവഹണ ഉദ്യോഗസ്ഥന്റെ മറുപടിയുമായി യോജിക്കുന്നില്ല.

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങുന്നതിനായി ജില്ലാ പഞ്ചായത്തിൽ നിന്ന് തുക ആവശ്യപ്പെട്ടെങ്കിലും ഫണ്ടിന്റെ ലഭ്യതയെപ്പറ്റി ജില്ലാ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് വിവരങ്ങളൊന്നും നൽകിയിരുന്നില്ല എന്ന് ആയവന പഞ്ചായത്തിൽ നിന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താവ് നിശ്ചിത സമയത്തിനുള്ളിൽ സ്ഥലം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കാതിരുന്നതിനാലാണ് തുക നൽകാൻ കഴിയാതിരുന്നതെന്ന് വാളകം ഗ്രാമ പഞ്ചായത്തിൽ മറുപടി ലഭിച്ചു.

സെക്രട്ടറിയുടെ പേരിൽ ലഭ്യമായിട്ടുള്ള ഭൂമി അർഹരായ ഗുണഭോക്താക്കളുടെ പേരിലേക്ക് നൽകുന്നതിനുള്ള കാലതാമസം നേരിട്ടതിനാലാണ് തുക ചെലവ് ചെയ്യാൻ കഴിയതിരുന്നതെന്ന് ഇലഞ്ഞി ഗ്രാമ പഞ്ചായത്തിൽ നിന്ന്

മറുപടി നൽകിയിട്ടുണ്ട്. കൊവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഗുണഭോക്താക്കൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരാതിരുന്നതിനാലാണ് പണം ചെലവാക്കാൻ കഴിയതിരുന്നതെന്നാണ് മുടക്കുഴ, നായരമ്പലം, മൂക്കന്നൂർ എന്നീ ഗ്രാമ പഞ്ചായത്തുകൾ മറുപടി നൽകിയത്. ഗുണഭോക്താക്കൾ നിശ്ചിത സമയത്തിനുള്ളിൽ കരാറിൽ ഏർപ്പെടാതിരുന്നതിനാലാണ് തുക മുഴുവൻ ചെലവ് ചെയ്യാൻ കഴിയാതിരുന്നതെന്നാണ് ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് മറുപടി നൽകിയത്. ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനായി ജില്ലാ പഞ്ചായത്ത് വിഹിതമായി 40,00,000 രൂപ 24.08.2019 ൽ ജില്ലാ പഞ്ചായത്തിനോട് അഭ്യർത്ഥിച്ചെങ്കിലും ആധാരം നടത്താത്തിനാൽ തുകയൊന്നും നൽകിയില്ലെന്നും പിന്നീട് 2 ഗുണഭോക്താക്കൾക്ക് ആധാരം നടത്തിയതിന് ശേഷം 28.03.2020 ൽ തുക അനുവദിക്കുകയും ചെയ്തു എന്നാണ് മാറാടി ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച മറുപടി സൂചിപ്പിക്കുന്നത്. സമാനമായ മറുപടിയാണ് വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ചത്.

മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിച്ചിട്ടില്ല. എന്നാൽ പ്രസ്തുത ഗ്രാമ പഞ്ചായത്ത് ഹാജരാക്കിയ വിനിയോഗ സർട്ടിഫിക്കറ്റിൽ തുക ചെലവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. അർഹനായ ഗുണഭോക്താവ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയിരുന്ന സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് ഭരണസമിതി അനുവാദം ഇല്ലായിരുന്നെങ്കിലും പ്രസിഡന്റിന്റെ അധികൃതമാക്കൽ നടപടി ( Authorisation ) ലഭിച്ചതിനാലാണ് തുക അനുവദിച്ചതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

നിർവഹണ ഉദ്യോഗസ്ഥൻ എത്ര തവണ അവലോകന യോഗങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ എൻക്വയറിയിൽ വിചിത്രങ്ങളായ മറുപടിയാണ് ലഭിച്ചത്. നിർവഹണ ഉദ്യോഗസ്ഥൻ അവലോകനയോഗമൊന്നും നടത്തിയിട്ടില്ലെന്ന് കറുകുറ്റി, ആയവന എന്നീ ഗ്രാമ പഞ്ചായത്തുകൾ മറുപടി നൽകി. രണ്ട് തവണ അവലോകനയോഗത്തിൽ പങ്കെടുത്തതായി മുടക്കുഴ ഗ്രാമപഞ്ചായത്ത് അറിയിച്ചു. മൂന്നിൽ കൂടുതൽ അവലോകനയോഗങ്ങളിൽ പങ്കെടുത്തതായി ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് അറിയിച്ചു. കൊവിഡിന്റെ പശ്ചാത്തലത്തിൽ മാർച്ചിന് ശേഷം അവലോകനയോഗങ്ങളിൽ പങ്കെടുത്തിട്ടില്ല എന്ന് ആവോലി പഞ്ചായത്ത് വ്യക്തമാക്കി. നാല് അവലോകനയോഗങ്ങളിൽ പങ്കെടുത്തതായി മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് അറിയിച്ചു. നായരമ്പലം, ഇലഞ്ഞി, എളങ്കുന്നപ്പുഴ, വാളകം, മാറാടി, വടവ്കോട് പുത്തൻ കുരിശ്, എന്നീ ഗ്രാമപഞ്ചായത്തുകൾ മേൽ ചോദ്യത്തിന് മറുപടി നൽകിയില്ല.

മേൽ വിവരങ്ങളുടെയും ലഭ്യമായ മറ്റ് രേഖകളുടെയും അടിസ്ഥാനത്തിൽ ലൈഫ് പദ്ധതിയുടെ എറണാകുളം ജില്ലാ പഞ്ചായത്തിലെ നിർവഹണത്തിലെ അപാകതകളും പദ്ധതിയുടെ സുതാര്യമായ നടത്തിപ്പിന് ഓഡിറ്റിന്റെ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. സംസ്ഥാന സർക്കാരിന്റെ 4 മുൻനിര പദ്ധതികളിലൊന്നായ ( Flag Ship Projects ) ലൈഫ് ഭവനനിർമ്മാണ പദ്ധതിയുടെ നടത്തിപ്പിനും മോണിറ്ററിംഗിനും വേണ്ടി സംസ്ഥാന തലത്തിൽ തന്നെ ഒരു ടാസ്ക് ഫോഴ്സും ജില്ലാ തലത്തിലും ഗ്രാമ പഞ്ചായത്ത് /നഗരസഭ തലത്തിലും മിഷനുകളും രൂപീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ 28.03.2018 ലെ 236/ഡിബി1/2018/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ലൈഫ് പദ്ധതിക്കാവശ്യമായ മുഴുവൻ തുക അല്ലെങ്കിൽ ചുരുങ്ങിയത് വികസന ഫണ്ടിന്റെ 20 ശതമാനം എങ്കിലും നീക്കി വയ്ക്കേണ്ടതാണെന്ന് കാണുന്നു. 2019-20 ലെ സംസ്ഥാന സർക്കാരിന്റെ ബജറ്റിന്റെ അപ്പൻഡിക്സ് 4 പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്തിന് അനുവദിക്കപ്പെട്ട വികസനഫണ്ട് 68,22,66,000 രൂപയാണ്. പ്രസ്തുത തുകയുടെ 20 ശതമാനമായ 13,64,53,200 യേക്കാൾ കൂടിയ തുകയായ 13,74,53,200 രൂപയാണ് ഓഡിറ്റ് വർഷത്തേക്ക് വകയിരുത്തിയതെങ്കിലും യഥാർത്ഥത്തിൽ ചെലവായത് 10,35,39,792 രൂപ മാത്രമാണ്. അതായത് ലഭ്യമായ വികസനഫണ്ടിന്റെ 15.18 ശതമാനം മാത്രം.

2. ഒരു വർഷം സമയവും ആവശ്യത്തിന് ഫണ്ടും ഉണ്ടായിരുന്നിട്ടും, പദ്ധതിയുടെ ഗുണഭോക്താക്കളുമായി ബന്ധപ്പെട്ടുള്ള സിംഹഭാഗവും ഗ്രാമ പഞ്ചായത്താണ് ചെയ്യേണ്ടത് എന്നിരിക്കെയും ജില്ലാ പഞ്ചായത്തിന് ഗ്രാമ പഞ്ചായത്തിൽ നിന്ന് റിക്വിസിഷൻ ലഭ്യമാക്കി തുക നൽകുക എന്ന നിസ്സാര നടപടി മാത്രമാണ് ചെയ്യേണ്ടത് എന്ന സാഹചര്യത്തിലുമാണ് മേൽ രീതിയിലുള്ള കുറഞ്ഞ ചെലവ് വിലയിരുത്തപ്പെടേണ്ടത്. ആയതിനാൽ തന്നെ ജില്ലാ പഞ്ചായത്തിന്റെ ലൈഫ് പദ്ധതിയുടെ നടത്തിപ്പിലും മോണിറ്ററിംഗിലും കാര്യമായ മാറ്റം വരുത്തേണ്ടതുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വികസന ഫണ്ടിന്റെ മിനിമം അഞ്ചിലൊന്ന് ചെലവ് ചെയ്യപ്പെടുന്ന ഒരു ബൃഹദ് പദ്ധതി കൃത്യമായ ഇടവേളകളിൽ അവലോകനത്തിന് വിധേയമാകേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ വി.ഇ.ഒ മാരുടെ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് പ്രതിമാസം നടത്താൻ നിർദ്ദേശിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ വിഹിതത്തിന്റെ വിതരണത്തിൽ അധിഷ്ഠിതമായിരിക്കണം അവലോകനം. പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ വിവരങ്ങൾ നിശ്ചിത പ്രൊഫോർമ്മയിൽ തയ്യാറാക്കാൻ ആവശ്യപ്പെടാവുന്നതാണ്. ( തൻമാസം കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം, രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ ഗുണഭോക്താക്കളുടെ എണ്ണം തുടങ്ങി പ്രവർത്തനം മെച്ചപ്പെടാൻ ആവശ്യമായ വിവരങ്ങളാണ് ആവശ്യപ്പെടേണ്ടത്). ഓൺ ലൈൻ മീറ്റിംഗ് നടത്തുന്നതാണ് നല്ലത്. മീറ്റിംഗിന്റെ മിനിട്സ് നിർബന്ധമായും തയ്യാറാക്കി വി.ഇ.ഒ മാർക്ക് നൽകണം. നിലവിൽ ജില്ലാ പഞ്ചായത്ത് ഓഡിറ്റ് ചെയ്യുമ്പോൾ വി.ഇ.ഒ മാരുടെ ഭാഗത്ത് നിന്നുള്ള പ്രവർത്തനം വിലയിരുത്താൻ കഴിയുന്നില്ല. ഇത്തരം മിനിട്സുകൾ വി.ഇ.ഒ മാർക്ക്

ലഭിക്കുന്നതോടെ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് ചെയ്യുന്ന വേളയിൽ പരിശോധിക്കപ്പെടാനും പ്രവർത്തനങ്ങളുടെ സുതാര്യത വർദ്ധിപ്പിക്കാനും കഴിയും.

3. ക്രമ നം.1 ൽ സൂചിപ്പിച്ചിട്ടുള്ള സർക്കുലറിൽ സ്വന്തം വരുമാനം ഉപയോഗിച്ച് ലൈഫ് പദ്ധതി പൂർണ്ണമായിട്ടും നടപ്പാക്കാൻ കഴിയുന്ന പഞ്ചായത്തുകൾ ബ്ളോക്ക്, ജില്ലാ വിഹിതം ആവശ്യപ്പെടേണ്ടതില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തന്നെ ഓരോ പഞ്ചായത്തിന്റെയും തനത് വരുമാനവും ഗുണഭോക്താക്കളുടെ എണ്ണവും കണക്കാക്കിയിട്ട് വേണം ഓരോ പഞ്ചായത്തിന്റെയും വിഹിതം തീരുമാനിക്കാൻ. ഓഡിറ്റ് വർഷം ഇത്തരത്തിൽ ശാസ്ത്രീയമായ വിതരണം നടത്തിയിട്ടില്ല എന്നതിന്റെ തെളിവാണ് ലഭ്യമായ തുക വിനിയോഗിക്കാൻ ചില പഞ്ചായത്തുകൾക്ക് കഴിയാതിരുന്നതും അനുവദിക്കപ്പെട്ടതിനേക്കാൾ കൂടുതൽ തുക ചില പഞ്ചായത്തുകൾക്ക് നൽകേണ്ടി വന്നതും. ഗുണഭോക്താക്കളുടെ എണ്ണവും തുകയും സഹിതവുമുള്ള ലിസ്റ്റ് തയ്യാറാക്കി സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പഞ്ചായത്തുകൾക്കുള്ള വിഹിതം തയ്യാറാക്കാവുന്നതാണ്.

4. കൊവിഡ് 19 നിയന്ത്രണങ്ങൾ മൂലം ചെലവ് നടത്താൻ സാധിച്ചില്ല എന്ന ഗ്രാമ പഞ്ചായത്തുകളുടെ മറുപടി അംഗീകരിക്കാവുന്നതല്ല. സാമ്പത്തിക വർഷത്തെ അവസാനത്തെ ആഴ്ചയായ 2020 മാർച്ച് 24 മുതലാണ് സമ്പൂർണ്ണ ലോക്ക്ഡൌൺ ആരംഭിച്ചത്. പദ്ധതി ചെലവ് അവസാന ആഴ്ചയിലേക്ക് മാറ്റി വയ്ക്കപ്പെട്ടതാണ് മേൽ അപാകതകക്ക് കാരണം. സർക്കാരിൽ നിന്ന് ആവർത്തിച്ച് നിർദ്ദേശങ്ങൾ ലഭിച്ചിട്ടും ചെലവ് അവസാന സമയത്തേക്ക് മാറ്റി വയ്ക്കപ്പെടുകയും തൻമൂലം കൃത്യ സമയത്ത് ലഭ്യമാകാത്തതും ആയിരക്കണക്കിന് ആളുകളുടെ സ്വപ്നങ്ങൾക്കാണ് മങ്ങലേൽപ്പിക്കുന്നത്. പദ്ധതിയുടെ കൃത്യവും ശാസ്ത്രീയവുമായ നിർവഹണ കലണ്ടർ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ തയ്യാറാക്കുകയും ആയതിന്റെ കൃത്യമായ വിലയിരുത്തലും നടത്തുക എന്നതാണ് ചെയ്യേണ്ടത്. ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഗൌരവമായ ഇടപെടലുകൾ വേണ്ട വിഷയമാണിത്.

5. ട്രഷറി നിയന്ത്രണങ്ങൾ പോലുള്ള സാഹചര്യത്തിൽ സാധാരണഗതിയിൽ ലൈഫ് പദ്ധതിയെ നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കാറുണ്ട്. എങ്കിലും ഇത്തരത്തിലുള്ള സാഹചര്യം വന്നാൽ പ്രായോഗിക സമീപനം സ്വീകരിച്ച് നിശ്ചിത തുകയിൽ കുറവുള്ള രീതിയിൽ ബില്ലുകൾ തയ്യാറാക്കി സമർപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

6. ചില പഞ്ചായത്തുകൾ കുറവ് മാത്രം തുക ചെലവ് ചെയ്തപ്പോൾ ലഭ്യമായ തുക ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അധികൃതമാക്കൽ നടപടിയിലൂടെ അർഹതപ്പെട്ടവർക്ക് നൽകി ചെലവ് ശതമാനം വർദ്ധിപ്പിച്ച പ്രായോഗിക നടപടി ഗുണഭോക്താക്കളെ പഞ്ചായത്തുകൾ നിശ്ചയിക്കുന്ന ഇത്തരം പ്രൊജക്ടുകളെ സംബന്ധിച്ചിടത്തോളം സ്വാഗതാർഹമാണ്. എന്നാൽ പിന്നീട് നടക്കുന്ന കൌൺസിൽ മീറ്റിംഗിൽ അംഗീകാരം നേടേണ്ടതാവശ്യമാണ്.

7.സർക്കാരിന്റെ ബജറ്റിന്റെ അപ്പൻഡിക്സ് 4 പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്തിന് അനുവദിക്കപ്പെട്ട വികസനഫണ്ട് 68,22,66,000 രൂപയാണ് .ആയതിൽ 33,16,12,873 രൂപ മാത്രമാണ് ജില്ലാ പഞ്ചായത്തിന് ചെലവഴിക്കാനായത്. മേൽ ചെലവിൽ 6,78,39,071രൂപയുടെയും ചെലവ് സ്പിൽ ഓവർ പദ്ധതികളുടേതാണ്. യഥാർത്ഥ തൻവർഷ ചെലവ് 26,37,73,802 രൂപ മാത്രമാണ്. ആയത് സർക്കാർ അനുവദിച്ചതിന്റെ 38.66 ശതമാനം മാത്രമാണ് യഥാർത്ഥ ചെലവ്. ഒട്ടനവധി പദ്ധതികൾ ഒട്ടും തന്നെ നടത്താനാകാതെ വരികയോ വളരെ കുറച്ച് മാത്രം ചെലവ് ചെയ്യുകയോ ചെയ്തിട്ടുണ്ട്. ലൈഫ് പദ്ധതിക്ക് വികസനഫണ്ടിന്റെ മിനിമം 20 ശതമാനം വകയിരുത്തണമെന്നാണ് സർക്കാർ ഉത്തരവ്. എന്നാൽ അതിൽ കൂടുതലും വകയിരുത്താം. പ്രായോഗികമായി നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ടാകുന്ന പദ്ധതികൾ കുറച്ച് ലൈഫ് പോലുള്ള പദ്ധതികൾക്ക് കൂടുതൽതുക വകയിരുത്തുന്നത് ജില്ലാ പഞ്ചായത്ത് ഭരണസമിതിക്ക് പരിഗണിക്കാവുന്നതാണ്. തുക ആവശ്യപ്പെട്ടിട്ടും മറുപടി പോലും നൽകിയില്ല എന്ന ആയവന ഗ്രാമ പഞ്ചായത്തിന്റെ മറുപടി ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-8 ലക്ഷ്യബോധമില്ലാത്ത പദ്ധതി നടത്തിപ്പ് -തുക പാഴാകുന്നു.

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വിദ്യാർത്ഥികൾക്കുള്ള കായിക പരിശീലന കിറ്റ് എന്ന പ്രൊജക്ടിനായി (നം. 827/19 ) പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്ന് 5,00,000/- രൂപയാണ് വകയിരുത്തിയിരുന്നത്. സാങ്ഷൻ ഓർഡർ നം 472/13.11.2019 (ട്രഷറി നിയന്ത്രണങ്ങൾ കാരണം തുക 2020 ജനവരി മാസമാണ് ലഭ്യമായത്) പ്രകാരം 58 വിദ്യാലയങ്ങൾക്കായി മേൽ തുക നൽകുകയുണ്ടായി. (57 വിദ്യാലയങ്ങൾക്ക് 8620/- രൂപയും ഒരു വിദ്യാലയത്തിന് 8660/- രൂപയും). പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിക്കുന്ന വേളയിൽ ചുവടെ ചേർത്തിരിക്കുന്ന സംഗതികളിൽ നിർവഹണ ഉദ്യോഗസ്ഥയുടെ മറുപടി ഓഡിറ്റ് എൻക്വയറി നം. 08/12.10.2020 പ്രകാരം ആരാഞ്ഞിരുന്നു.

(എ). പ്രസ്തുത പദ്ധതിക്ക് വേണ്ട കരട് നിർദ്ദേശം ഉയർന്ന് വന്നത് നിർവഹണ ഉദ്യോഗസ്ഥയുടെ കാര്യാലയത്തിൽ നിന്നായിരുന്നോ അതോ ജില്ലാ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് വന്ന നിർദ്ദേശമായിരുന്നോ എന്ന വിവരം.

(ബി). ജില്ലാ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് വന്ന നിർദ്ദേശമായിരുന്നെങ്കിൽ പദ്ധതിയുടെ വ്യക്തമായ രൂപരേഖ നിർവഹണ ഉദ്യോഗസ്ഥന് മുൻപിൽ വച്ചിരുന്നോ എന്ന വിവരം.

(സി). പദ്ധതി നടപ്പാക്കുന്നതിന് ഏത് രീതിയിലാണ് വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിന്റെ വിശദാംശങ്ങൾ.

(ഡി). വാങ്ങാൻ നിശ്ചയിച്ചിരുന്ന ഉപകരണങ്ങളുടെ വിവരം.

(ഇ). നേരിട്ട് വാങ്ങുക എന്ന രീതിയാണോ അതോ വിദ്യാലയങ്ങളെ വാങ്ങാൻ അനുവദിക്കുക എന്ന രീതിയാണോ പദ്ധതിയിൽ ഉദ്ദേശിച്ചിരുന്നത്.

(എഫ്). ജില്ലയിലെ വിദ്യാലയങ്ങൾക്ക് വേണ്ട കായിക ഉപകരണങ്ങളെപ്പറ്റി നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് മുൻപ് ഏതെങ്കിലും തരത്തിലുള്ള പരിശോധന നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

(ജി). വിദ്യാലയങ്ങളുടെ ഭാഗത്ത് നിന്ന് അത്തരം ആവശ്യം രേഖാമൂലം ലഭിച്ചതിന്റെ വിശദാംശങ്ങൾ

(എച്ച്). വിദ്യാലയങ്ങൾ വാങ്ങി സൂക്ഷിച്ച് ഉപയോഗിക്കുന്ന കായിക ഉപകരണങ്ങളുടെ എണ്ണം, ഗുണമേന്മ, സ്റ്റോക്ക് പരിശോധന മുതലായവ ഏതെങ്കിലും വിദ്യാലയത്തിൽ നടത്തിയിട്ടുണ്ടോ എന്ന വിവരം.

മേൽ ചോദ്യങ്ങൾക്കൊന്നും നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയില്ല.

ഇതിൽ നിന്ന് കായിക മേഖലയിൽ ഒരു പദ്ധതി നടപ്പാക്കുക എന്നതിൽ കവിഞ്ഞ് കൃത്യമായ യാതൊരു ലക്ഷ്യവും ജില്ലാ പഞ്ചായത്തിനോ നിർവഹണ ഉദ്യോഗസ്ഥക്കോ ഉണ്ടായിരുന്നില്ല എന്നത് വ്യക്തമാണ്.

വിദ്യാർത്ഥികളെ പരമാവധി കായിക ഇനങ്ങളിൽ പങ്കെടുപ്പിക്കുക വഴി അവരുടെ ഭാവി ജീവിതത്തിൽ വളരെയേറെ മാറ്റങ്ങൾ വരുത്താൻ കഴിയും. ഫിറ്റ്നസ്സ് നിലനിർത്താൻ സാധിക്കുന്നത് വഴി കൂടുതൽ ആരോഗ്യവാനായിട്ടിരിക്കുക, ആത്മവിശ്വസം വർദ്ധിപ്പിക്കുക, നേതൃത്വഗുണം വർദ്ധിപ്പിക്കുക, പോസിറ്റീവ് ചിന്ത വർദ്ധിപ്പിക്കുക, വൈകാരിക ക്ഷമത വർദ്ധിപ്പിക്കുക, മറ്റുള്ളവരോട് മാന്യമായി ഇടപെടാൻ പഠിക്കുക, കൃത്യനിഷ്ഠ വർദ്ധിക്കുക, വ്യക്തിപരമായ നേട്ടത്തേക്കാൾ ടീംവർക്കിന് പ്രാധാന്യം നൽകാൻ പഠിക്കുക, സമയപരിപാലനം ഉൾക്കൊള്ളാൻ പഠിക്കുക, ക്ഷമിക്കാൻ പഠിക്കുക തുടങ്ങി ഒരു നല്ല പൗരനെ വാർത്തെടുക്കാൻ വേണ്ട ഒട്ടു മിക്ക ഗുണങ്ങളും കായിക പരിശീലനത്തിലൂടെ ഒരു വിദ്യാർത്ഥിക്ക് ലഭിക്കും.

കേരള പഞ്ചായത്ത് രാജ് ആക്ട് അഞ്ചാം പട്ടികയിലെ മേഖല ചുമതല പ്രകാരം കായിക രംഗത്ത് ജില്ലാ പഞ്ചായത്തിന്റെ പ്രധാന ഉത്തരവാദിത്തം സ്റ്റേഡിയങ്ങൾ നിർമ്മിക്കുക എന്നതാണ്. ഇനി ഇത്തരത്തിലുള്ള പദ്ധതികൾ ഡി.പി.സിയുടെ അംഗീകാരത്തോടെയോ നൂതന പദ്ധതിയായോ നടപ്പിലാക്കുകയാണെങ്കിൽ തന്നെ ആയതിന് സ്വീകരിക്കേണ്ട ചില പ്രായോഗിക നടപടിക്രമങ്ങൾ ഉണ്ട്. ഇവിടെ, ഒരോ വിദ്യാലത്തിന്റെയും ആവശ്യകത മനസ്സിലാക്കുക എന്നതാണ് ആദ്യ പടിയായി ചെയ്യേണ്ടിയിരുന്നത്. ചില വിദ്യാലങ്ങളിൽ കായിക രംഗത്ത് അത്യാവശ്യം അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകും. മറ്റു ചില വിദ്യാലയങ്ങളിൽ വളരെ കുറവായിരിക്കും. ഇത്തരം വിദ്യാലങ്ങളെ ഒരുമിച്ച് കാണുന്നത് ശാസ്ത്രീയമല്ല.

ആവശ്യമുള്ള ഉപകരണങ്ങളുടെ എണ്ണം വിദ്യാലയങ്ങളിൽ നിന്ന് രേഖാമൂലം ലഭ്യമാക്കണം. ആയത് പരിശോധിച്ച് പൊതുവായി വാങ്ങാൻ കഴിയുന്നത് നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങിച്ച് കൊടുക്കുന്നതാണ് നല്ലത്. ഒരുമിച്ച് വൻതോതിൽ വാങ്ങുമ്പോൾ ലഭ്യമാകുന്ന വിലക്കുറവ് മൂലം ചെലവ് കുറക്കാൻ കഴിയും. ചില പ്രത്യേക ഉപകരണങ്ങൾ വേണമെങ്കിൽ അതത് വിദ്യാലങ്ങളെ വാങ്ങാൻ അനുവദിക്കാം. എന്നാൽ ആയതിന്റെ ക്വട്ടേഷൻ നടപടികൾ, ഗുണമേൻമ എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ നിർബന്ധമായും നിരീക്ഷിക്കണം.

ഒരു വിദ്യാലയത്തിന് 8,620/- രൂപ എന്നത് വളരെ തുച്ഛമായ തുകയാണ്. വിദ്യാലങ്ങളിലെ കായിക പ്രവർത്തനങ്ങളുടെ പ്രാധാന്യമുൾക്കൊണ്ട് കൂടുതൽ തുക ഇത്തരം പദ്ധതികൾക്ക് ലഭ്യമാക്കിയാൽ മാത്രമേ ഉദ്ദേശിക്കുന്ന ഫലം കിട്ടുകയുള്ളൂ.

2. മേൽ പദ്ധതി നടപ്പാക്കുന്നതിന് വന്ന കാലതാമസം ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രസ്തുത പദ്ധതിയുടെ വെറ്റിംഗ് നടത്തിയിരിക്കുന്നത് 16.07.2019 ൽ ഡയറക്ടർ ഓഫ് പബ്ളിക് ഇൻസ്ട്രക്ഷൻ ആണ്. എന്ത് ഉപകരണങ്ങളാണ് വാങ്ങി നൽകേണ്ടത് എന്ന് ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെട്ടത് 09.08.2019 ലാണ്. തുടർന്ന് തുക തുല്യമായി വീതിക്കാൻ തീരുമാനിച്ചത് രണ്ട് മാസത്തിന് ശേഷം 15.10.2019 ലാണ്. തുക ആവശ്യപ്പെട്ടത് 22.10.2019 ലാണ്. ജില്ലാ പഞ്ചായത്ത് അംഗീകരിച്ച മേൽ പദ്ധതി തുകക്ക് വേണ്ട ബിൽ ട്രഷറിയിൽ നൽകാൻ സെക്ഷൻ ക്ളാർക്ക് അനുമതി അഭ്യർത്ഥിച്ചത് 04.11.2019 ലാണ്. എന്നാൽ ആയതിന് നിർവഹണ ഉദ്യോഗസ്ഥൻ അംഗീകാരം നൽകിയത് രണ്ട് മാസം കഴിഞ്ഞ് 04.01.2020 ലാണ്. തുക 58 വിദ്യാലയങ്ങളുടെ പ്രധാനാദ്ധ്യപകരുടെ

ട്രഷറി അക്കൗണ്ടിലേക്ക് നൽകുകയായിരുന്നു. ആയതിന്റെ വിനിയോഗത്തിന് ഉത്തരവ് പ്രധാനാദ്ധ്യാപകർക്ക് നൽകിയത് 30.01.2020 ലാണ്. ധനവിനിയോഗം ആവശ്യപ്പെട്ട് പ്രധാനാദ്ധ്യപകർക്ക് കത്ത് നൽകിയത് 19.06.2020 ലും ഇനിയും ലഭ്യമാക്കാത്തവർക്ക് ഓർമ്മക്കുറിപ്പ് നൽകിയത് 18.09.2020 ലാണ്.

ജില്ലാ പഞ്ചായത്തിന് 03.04.2019 ൽ വികസനഫണ്ടിനത്തിൽ 16,57,05,484 രൂപ ലഭിച്ചിരുന്നു. അതായത് മേൽ പദ്ധതിക്കാവശ്യമായ ഫണ്ട് ഏപ്രിൽ മാസത്തിൽ തന്നെ ലഭ്യമാണെന്നിരിക്കെ വെറ്റിംഗ് നടത്തി പിന്നെയും ആറു മാസം കഴിഞ്ഞിട്ടാണ് തുക പ്രധാനദ്ധ്യാപകരുടെ പക്കൽ എത്തിയിരിക്കുന്നത്. ഗുണഭോക്തൃ വിഹിതമോ ടെണ്ടർ നടപടികളോ മറ്റോ ഇല്ലാത്ത വെറും ഫണ്ട് ട്രാൻസ്ഫർ മാത്രം ചെയ്യേണ്ടുന്ന മേൽ പദ്ധതിക്ക് സംഭവിച്ച കാലതാമസത്തിന് വിശദീകരണം നൽകേണ്ടതാണ്.

3. 58 വിദ്യാലയങ്ങളിൽ 45 വിദ്യാലയങ്ങളിൽ നിന്ന് മാത്രമാണ് വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കുന്നത്. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത വിദ്യാലയങ്ങളിൽ നിന്ന് വിനിയോഗ സർട്ടിഫിക്കറ്റ്, ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റ് കാമ്പിൽ 17.10.2020 നകം ഹാജരാക്കാൻ മേൽ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഇതുവരെ ലഭ്യമാക്കിയില്ല. ലഭ്യമാക്കാത്ത 13 വിദ്യാലയങ്ങളിൽ നിന്നുള്ള വിനിയോഗ സർട്ടിഫിക്കറ്റുകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-9 സുഭിക്ഷ പ്രൊജക്ട് -നടത്തിപ്പിലെ അപാകതകൾ

എറണാകുളം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 5 വിദ്യാലയങ്ങളിലെ മുതിർന്ന ക്ളാസ്സുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്ന പദ്ധതിയാണ് സുഭിക്ഷ എന്ന പ്രൊജക്ട്. പ്രസ്തുത പ്രൊജക്ടിനായി ( പ്രൊജ.നം. 834/19 ) പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്ന് 13,00,000/- രൂപയാണ് വകയിരുത്തിയിരുന്നത്. ബിൽ റഫറൻസ് നം 19110152012100511699/29.08.2019 പ്രകാരം 5 വിദ്യാലയങ്ങൾക്കായി 2,50,000/- രൂപ നൽകുകയുണ്ടായി. പിന്നീട് ബിൽ റഫറൻസ് നം 191101520012101247254/11.02.2020 പ്രകാരം 5 വിദ്യാലയങ്ങൾക്കായി 6,29,781 രൂപയുമടക്കം ആകെ 8,79,781/- രൂപ നൽകുകയുണ്ടായി. മേൽ പ്രൊജക്ട് വിശദമായി പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പുതിയ കാവ്, ചേന്ദമംഗലം എന്നീ ഹൈസ്കൂളുകളിൽ മാത്രമാണ് കൃത്യം തുക നൽകിയത്. മറ്റ് വിദ്യാലയങ്ങളിൽ നൽകിയ തുകയിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| ക്രമ. നം | വിദ്യാലയം | വിദ്യാർത്ഥികളുടെ മനുഷ്യദിനം | വിദ്യാർത്ഥിക്ക് 8 രൂപ വീതം നൽകേണ്ട തുക | നൽകിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | ഏഴിക്കര ഗവ. ഹൈസ്കൂൾ | 9,328 | 74,624 | 1,14,077 | 39,453 |
| 2 | കൈതാരം ഗവ.ഹൈസ്കൂൾ | 30,942 | 2,47,536 | 2,64,344 | 16,808 |
| 3 | പുത്തൻ തോട് ഗവ.ഹൈസ്കൂൾ | 35,178 | 2,81,424 | 2,73,544 | (-)7,880 |

2. വിദ്യാലയങ്ങൾ ഹാജരാക്കിയ ബില്ലുകളിലെ നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ഒരേ മാസം തന്നെ വൻ വ്യത്യാസം കാണുന്നു. പുതിയകാവ്, കൈതാരം, ഏഴിക്കര, പുത്തൻതോട് എന്നീ വിദ്യാലയങ്ങളിലെ അരി വില കിലോഗ്രാമിന് 2019 ജൂൺ മുതൽ 2020 ഫെബ്രുവരി വരെ 24 രൂപ മുതൽ 45 രൂപ വരെ കാണുന്നുണ്ട്. പുതിയ കാവ്, കൈതാരം, ഏഴിക്കര, പുത്തൻതോട്, ചേന്ദമംഗലം എന്നീ വിദ്യാലയങ്ങളിലെ ചെറുപയർ വില 50 മുതൽ 106 രൂപ വരെയാണ്. ചേന്ദമംഗലം, പുത്തൻതോട് എന്നീ വിദ്യാലങ്ങളിലെ 2019 ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ വെളിച്ചെണ്ണ വില 150 മുതൽ 230 വരെയാണ്. മറ്റ് പല പലചരക്ക് സാധനങ്ങൾക്കും ഇത്തരത്തിൽ വില വ്യത്യാസം കാണുന്നുണ്ട്.

3. വിദ്യാലയങ്ങൾ ഹാജരാക്കിയ ബില്ലിലെ തുകയിലും സ്റ്റേറ്റ്മെന്റിലെ തുകയിലും വ്യത്യാസം കാണുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിദ്യാലയം | കാലയളവ് | ഇനം | ചെലവ് (സ്റ്റേറ്റ്മെന്റ് പ്രകാരം) | ചെലവ് (ബിൽ പ്രകാരം) | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | ഗവ.ഹൈസ്കൂൾ, പുതിയകാവ് | 2020 -ജനവരി | അരി | 19,939.50 | 18,000 | 1,939.5 |
| | | 2020 -ജനവരി | അരി | 19,477.50 | 17,640 | 1,837.5 |
| | | 2020-ഫെബ്രുവരി | ചെറുപയർ | 6,492.50 | 5,550 | 942.5 |

| | | | | | | |
|---|---|---|---|---|---|---|
| | | 2019 ജൂൺ | ആകെ | 31,942 | 31,702 | 240 |
| 2 | ഗവ.ഹൈസ്കൂൾ, പുത്തൻതോട് | 2019 ജൂലായ് | ആകെ | 42,782 | 7,040 | 35,742 |
| | | 2020 ജനവരി | ആകെ | 30,959 | 30,519 | 440 |
| ആകെ വ്യത്യാസം | | | | | | 41,141.5 |

നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് പദ്ധതിയുടെ കൃത്യവും സമയബന്ധിതവുമായ വിലയിരുത്തലിന്റെ അഭാവം പ്രകടമാണ്. ഉച്ച ഭക്ഷണ പദ്ധതിക്കായി 25.05.2019 ലെ എൻ.എം.എ1/19000/2019/ഡി.പി.ഐ സർക്കുലർ പ്രകാരം നിശ്ചയിച്ച നിരക്കായ ഒരു വിദ്യാർത്ഥിക്ക് 8 രൂപ എന്ന നിരക്കിലാണ് മേൽ പദ്ധതിക്ക് നൽകിയിരിക്കുന്നത് എങ്കിലും ആയതിന്റെ കൃത്യമായ ബില്ലുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മുകളിൽ സൂചിപ്പിച്ച അപാകതകൾക്കുള്ള വിശദീകരണവും നൽകേണ്ടതാണ്.

## 1-10 ഭിന്നശേഷി ഗുണഭോക്താക്കളുടെ പദ്ധതി-മതിയായ തുക വകയിരുത്തുന്നില്ല-ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും അപാകത

സാമൂഹ്യ നീതി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളുടെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ,ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ ( പ്രൊ.നം.300/20 )

മേൽ പദ്ധതിക്ക് ഓഡിറ്റ് വർഷം വകയിരുത്തിയിരുന്നത് 2 കോടി രൂപയാണ്. പദ്ധതിക്ക് 1,99,90,526/- രൂപ ചെലവ് ചെയ്ത് 64 ഗ്രാമ പഞ്ചായത്തുകൾക്ക് തുക അനുവദിച്ചു. 18 ഗ്രാമ പഞ്ചായത്തുകൾക്കായി ഇനിയും 71,84,537/- രൂപ നൽകാനുണ്ട്. ഈ സാഹചര്യത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായിരുന്നു എന്നത് വ്യക്തമാണ്. 2018-19 ൽ ചെലവായ തുകയുടെ 10 ശതമാനം കൂടിയ തുകയ്ക്കുള്ള പ്രൊപ്പോസലാണ് ജില്ലാ പഞ്ചായത്തിന് നൽകിയത് എന്നാണ് നിർവഹണ ഉദ്യോഗസ്ഥനായ സാമൂഹ്യ നീതി ഓഫീസർ എൻക്വയറിക്ക് (നം.54) മറുപടി നൽകിയിരിക്കുന്നത്. 2018-19 ൽ 2,54,23,380/- രൂപയാണ് പ്രസ്തുത പദ്ധതിക്ക് ചെലവായത്. ഈ സാഹചര്യത്തിൽ 2.75 കോടി രൂപയാണ് വകയിരുത്തേണ്ടത്. ഏത് സാഹചര്യത്തിലാണ് 2 കോടി രൂപ മേൽ പദ്ധതിക്ക് നിജപ്പെടുത്തിയത് എന്ന് വ്യക്തമായില്ല.

മേൽ പദ്ധതിയുടെ മോണിറ്ററിംഗിലെ ഒരു പ്രധാന ഘടകം ഗ്രാമ പഞ്ചായത്തിൽ നിന്ന് ഓരോ പഞ്ചായത്തിനും ആവശ്യമായ തുകയ്ക്കുള്ള (Request Letter) സ്വീകരിക്കുന്ന ഘട്ടമായിരുന്നു. എന്നാൽ ഇത്തരത്തിൽ ഒരു പഞ്ചായത്തിൽ നിന്നുള്ള അപേക്ഷ പോലും ഫയലിൽ ഉണ്ടായിരുന്നില്ല.

64 ഗ്രാമ പഞ്ചായത്തുകൾക്ക് തുക നൽകിയതിൽ 4 ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്.

ഓഡിറ്റ് വർഷത്തേക്ക് ആവശ്യമായ ഫണ്ട് വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ ലഭ്യമാക്കണമെന്ന് കാണിച്ച് 30.03.2019 ൽ നിർവഹണ ഉദ്യോഗസ്ഥൻ എല്ലാ സി.ഡി.പി.ഒ മാർക്കും കത്തയച്ചതായി കാണുന്നു. സി.ഡി.പി.ഒ മാരിൽ നിന്ന് ലഭ്യമായ മേൽ പ്രൊഫോർമകൾ ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർമാരിൽ നിന്നും ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് 16.09.2019 ൽ നിർവഹണ ഉദ്യോഗസ്ഥൻ കത്ത് നൽകിയതായി കാണുന്നു. പ്രസ്തുത വിവരങ്ങളും ഫയലിൽ ഇല്ലായിരുന്നു.

പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് 26.08.2019 ലാണ്.എന്നാൽ തുക കൊടുത്ത് തുടങ്ങുന്നത് 2020 ജനുവരി മുതലാണ്. പഞ്ചായത്തുകൾ ലഭ്യമാക്കുന്ന ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന തുക നേരിട്ട് നൽകുക എന്നത് മാത്രമാണ് ചെയ്യേണ്ടതെന്നിരിക്കെ ഇത്ര കാലതാമസമുണ്ടാകാനുള്ള സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ സാംഖ്യ സോഫ്റ്റ് വെയർ വഴി അപേക്ഷ നൽകുന്നതിന് കാലതാമസം എടുത്തതു കൊണ്ടാണ് വൈകിയത് എന്നാണ് നിർവഹണ ഉദ്യോഗസ്ഥന്റെ മറുപടി.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ സുതാര്യമായ നടത്തിപ്പിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

(എ). മുൻ വർഷത്തെ ചെലവും സംസ്ഥാന സർക്കാരിന്റെ ഒരു ഗുണഭോക്താവിന് നൽകേണ്ട തുകയും കണക്കിലെടുത്ത് ചെലവിനാവശ്യമായ യഥാർത്ഥ തുകക്കുള്ള പദ്ധതി തയ്യാറാക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാകേണ്ടതാണ്. ആയതിൽ കുറവുണ്ടാകുന്ന പക്ഷം പ്രസ്തുത വിഷയം ജില്ലാ പഞ്ചായത്തിന്റെ അനുവദിക്കപ്പെട്ട വേദികളിൽ രേഖാമൂലം ഉന്നയിക്കേണ്ടതാണ്.

(ബി). സാമ്പത്തിക വർഷ ആരംഭത്തിൽ തന്നെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാരിൽ നിന്ന് നേരിട്ടോ സി.ഡി.പി.ഒ വഴിയോ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും അർഹരായ ഗുണഭോക്താക്കളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. മേൽ റിപ്പോർട്ട് സോഫ്റ്റ് കോപ്പിയായി സ്വീകരിക്കുന്നതാണുചിതം. പ്രസ്തുത വിവരങ്ങൾ ഓഡിറ്റ് സമയത്ത് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

(സി). പദ്ധതിയുടെ നിർവഹണ കലണ്ടർ തയ്യാറാക്കുക. ആയതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി പദ്ധതിയുടെ നിർവഹണം നടത്തുക. കാര്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതില്ലാത്ത പ്രസ്തുത പദ്ധതി ഏറ്റവും വേഗത്തിൽ അർഹരായവർക്ക് നൽകുക എന്നതായിരിക്കണം ലക്ഷ്യം. ഏതെങ്കിലും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് കാലതാമസം ഉണ്ടാകുന്ന പക്ഷം ആയത് ജില്ലാ പഞ്ചായത്തിന്റെ പ്രതിമാസ മോണിറ്ററിംഗ് യോഗത്തിൽ ഉന്നയിക്കുകയും ആയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കുകയും വേണം.

(ഡി). എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നുമുള്ള ധനവിനിയോഗ സാക്ഷ്യപത്രങ്ങളും തുക നൽകി താമസം വിനാ ലഭ്യമാക്കേണ്ടതും ആയത് നിർബന്ധമായും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

2. ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം (രാജഹംസം), പ്രൊ.നം.1521/2020

മേൽ പദ്ധതി പ്രകാരം ആകെ 41 ഗുണഭോക്താക്കൾക്കാണ് വാഹനം നൽകിയത്. പ്രസ്തുത പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

പോത്താനിക്കാട്, രായമംഗലം, കുന്നത്ത് നാട്, വാഴക്കുളം, മഞ്ഞള്ളൂർ, ചിറ്റാറ്റുകര, നായരമ്പലം, വെങ്ങോല, അശമന്നൂർ, നെല്ലിക്കുഴി, കോട്ടുവള്ളി, പള്ളിപ്പുറം, ആയവന, പൈങ്ങോട്ടൂർ, ആലങ്ങാട് എന്നീ ഗ്രാമ പഞ്ചായത്തുകളിലെ മേൽ പദ്ധതിയിലെ പഞ്ചായത്ത് നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഫയലിൽ ഉണ്ടായിരുന്നില്ല. ആയത് ഓഡിറ്റിൽ ഹാജരാക്കാൻ മേൽ എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയില്ല.

04.06.2019 ൽ എട്ടാം തീരുമാനമായി ജില്ലാ പഞ്ചായത്ത് രണ്ടാം ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിരുന്നു. ഏത് സാഹചര്യത്തിലാണ് രണ്ടാം ലിസ്റ്റ് തയ്യാറാക്കേണ്ടി വന്നത് എന്ന ചോദ്യത്തിന് അപേക്ഷകരുടെ മെഡിക്കൽ ക്യാമ്പ് നടത്തി അതിൽ നിന്നും മെഡിക്കൽ ബോർഡ് അംഗീകരിച്ചവരുടെ ലിസ്റ്റ് ആണ് ആദ്യത്തെ ലിസ്റ്റ് എന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും അയോഗ്യരായവരെ ഒഴിവാക്കിയ ലിസ്റ്റ് ആണ് രണ്ടാമത്തെ ലിസ്റ്റ് എന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ആദ്യ ലിസ്റ്റിൽ എത്ര ഗുണഭോക്താക്കൾ ഉണ്ടായിരുന്നു എന്ന ചോദ്യത്തിന് മറുപടി നൽകുകയോ ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കുകയോ ചെയ്തില്ല.

മുച്ചക്ര വാഹനം നൽകിയ ശ്രീ സാബു കുരുവിള, ശ്രീ ടി.ഇ.റോയ്, ശ്രീമതി ടി.കെ.ചന്ദ്രിക എന്നിവർ ഗുണഭോക്തൃലിസ്റ്റിൽ ഉള്ളതായി കാണുന്നില്ല എന്ന എൻക്വയറിക്ക് പ്രസ്തുത വ്യക്തികൾ യഥാക്രമം ക്രമ നം.63,54,132 എന്നീ നമ്പർ ആയി ഉൾപ്പെട്ടിട്ടുണ്ട് എന്ന് മറുപടി നൽകിയെങ്കിലും പ്രസ്തുത ലിസ്റ്റ് ഹാജരാക്കിയില്ല.

ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ അതാത് പഞ്ചായത്തിലെ ലിസ്റ്റിൽ ക്രമ നമ്പരിൽ താഴെയായിട്ടാണ് കാണുന്നത്.

| ക്രമ നം. | പേര് | ഗ്രാമ പഞ്ചായത്ത് | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. |
|---|---|---|---|
| 1 | വനജ.പി.വി | വടക്കേക്കര | 7 |
| 2 | ആൽവിൻ ടി.എ | തുറവൂർ | 14 |
| 3 | ആന്റണി സജിമോൻ | മുളവ് കാട് | 2 |
| 4 | ഷീബ ജോർജ്ജ് | ചോറ്റാനിക്കര | 5 |

പ്രസ്തുത പഞ്ചായത്തിൽ നിന്ന് ക്രമനമ്പരിൽ മുകളിൽ ഉള്ളവരെ ഒഴിവാക്കി ടി വ്യക്തികൾക്ക് കൊടുക്കാനിടയായ സാഹചര്യവും, രണ്ടാം ലിസ്റ്റിലെ ക്രമ നം.1 – ഷിബു.പി.കെ, ക്രമ നം.12 – മുഹമ്മദ് എം.എം എന്നിവർക്ക് മുച്ചക്ര വാഹനം നൽകാതെ അതിന് ശേഷം ക്രമ നം.വരുന്നവർക്ക് വാഹനം നൽകിയ വിഷയത്തിലും വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ഗ്രാമസഭകളിൽ ഉൾപ്പെടുക എന്നത് മാനദണ്ഡങ്ങളിൽ ഒന്ന് മാത്രമാണെന്നും എല്ലാ മാനദണ്ഡങ്ങളും പാലിക്കപ്പെട്ട അപേക്ഷകളിൽ നിന്നുമാണ് അന്തിമ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എന്ന മറുപടിയുമാണ് നൽകിയത്.

പ്രസ്തുത പദ്ധതിക്കായി 78,38,766/- രൂപ വകയിരുത്തിയിരുന്നെങ്കിലും 28,70,000/- രൂപ മാത്രമാണ് ചെലവഴിച്ചത്.

മേൽ അപാകതകളുടെ അടിസ്ഥാനത്തിലുള്ള ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

(എ). പോത്താനിക്കാട്, രായമംഗലം, കുന്നത്ത് നാട്, വാഴക്കുളം, മഞ്ഞള്ളൂർ, ചിറ്റാറ്റുകര, നായരമ്പലം, വെങ്ങോല, അശമന്നൂർ, നെല്ലിക്കുഴി, കോട്ടുവള്ളി, പള്ളിപ്പുറം, ആയവന, പൈങ്ങോട്ടൂർ, ആലങ്ങാട് എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ഗ്രാമ പഞ്ചായത്ത് നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഓഡിറ്റിൽ ഹാജരാക്കുക.

(ബി). മെഡിക്കൽ ബോർഡ് അംഗീകരിച്ച ഗുണഭോക്താക്കളുള്ള ആദ്യത്തെ ലിസ്റ്റ് ഹാജരാക്കുക. മെഡിക്കൽ ബോർഡ് അംഗീകരിച്ച ലിസ്റ്റിൽ നിന്നും ഏതൊക്കെ ഗുണഭോക്താക്കളെയാണ് അയോഗ്യരാണെന്ന് കണ്ടത് എന്ന വിവരവും ഓരോ ഗുണഭോക്താവിന്റെയും അയോഗ്യത എന്തായിരുന്നു എന്നും വ്യക്തമാക്കുക. മുച്ചക്ര വാഹനം നൽകിയ ശ്രീ സാബു കുരുവിള, ശ്രീ ടി.ഇ.റോയ്, ശ്രീമതി ടി.കെ.ചന്ദ്രിക എന്നിവർ ഗുണഭോക്തൃലിസ്റ്റിൽ ഉള്ളതായി തെളിയിക്കുന്ന രേഖകൾ ഹാജരാക്കുക.

(സി). പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു എന്നത് വ്യക്തമാക്കുക.

മേൽ പദ്ധതിയിലെ ഗുണഭോക്താക്കളെ അയോഗ്യരാക്കിയതിന്റെ സാധുതയും ഇനിയും തുക ലഭ്യമാണെന്നിരിക്കെ ഗുണഭോക്താക്കൾക്ക് പരമാവധി വാഹനം നൽകാൻ എത്രമാത്രം ശ്രമിച്ചു എന്നത് സംബന്ധിച്ചും ഓഡിറ്റിന് വ്യക്തമായ നിഗമനത്തിലെത്താൻ നിലവിലെ രേഖകളിൽ നിന്നും രജിസ്റ്ററുകളിൽ നിന്നും സാധിച്ചിട്ടില്ല. ആയതിനാൽ മേൽ വിവരങ്ങൾ എത്രയും വേഗം ലഭ്യമാക്കാൻ താത്പര്യപ്പെടുന്നു.

## 1-11 ആയുർവേദ ആശുപത്രിയിലെ ലിഫ്റ്റ് പ്രവർത്തനം- ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾക്ക് പരിഹാരനിർദ്ദേശം

ആയുർവേദ ആശുപത്രിയിലെ ലിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഒട്ടേറെ കാര്യങ്ങൾ ചെയ്യാനുണ്ടെന്നാണ് ഫയൽ പരിശോധനയിൽ വ്യക്തമായത്. ആയത് ചുവടെ ചേർക്കുന്നു.

1. അംഗീകൃത ഉദ്യോഗസ്ഥനിൽ നിന്ന് ഇലക്ട്രിക്കൽ ഇനത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. പ്രസ്തുത തുകക്കുള്ള പദ്ധതി ജില്ലാ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടേണ്ടതുമാണ്.

2. തുടർന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് എനർജൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതാണ്. ടി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് നിലവിലുള്ള ലിഫ്റ്റിന് താത്കാലിക പ്രവർത്തനാനുമതി ലഭ്യമാകുന്നതാണ്.

3. ബിൽഡിംഗ് റഗുലറൈസേഷന് രണ്ട് തടസ്സങ്ങളാണ് ഉള്ളത്. ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം സ്ഥാപിക്കാത്തതിനാൽ ഫയർ ആൻഡ് സേഫ്റ്റി വകുപ്പിൽ നിന്നും എൻ.ഒ.സി ലഭിച്ചിട്ടില്ല എന്നുള്ളതാണ് ആദ്യത്തെ തടസ്സം. ആയതിന് സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ എന്നീ മൂന്ന് ഘടകങ്ങളുണ്ട്. സിവിൽ വേലകൾക്കുള്ള എസ്റ്റിമേറ്റ്, പദ്ധതി എന്നിവ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി സെക്ഷൻ തയ്യാറാക്കി അംഗീകാരം നേടേണ്ടതാണ്. ഇലക്ട്രിക്കൽ, മെക്കാനിക്കൽ ഇനങ്ങളിലെ എസ്റ്റിമേറ്റ് അംഗീകൃത ഉദ്യോഗസ്ഥരിൽ/ഏജൻസിയിൽ നിന്ന് ലഭ്യമാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കി അംഗീകാരം നേടേണ്ടതുമാണ്. ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം സ്ഥാപിച്ച് കഴിഞ്ഞാൽ ഫയർ ആൻഡ് സേഫ്റ്റി വകുപ്പിൽ നിന്ന് എൻ.ഒ.സി ലഭിക്കുന്നതാണ്.

4. രണ്ടാമത്തെ തടസ്സം കിടപ്പ് രോഗികൾക്കുള്ള ലിഫ്റ്റ് തയ്യാറാക്കിയിട്ടില്ല എന്നുള്ളതാണ്. ആയതിന് പദ്ധതി തയ്യാറാക്കി അംഗീകാരം നേടി ടെണ്ടർ നടപടി ആരംഭിക്കേണ്ടതുമാണ്. മേൽ വേലകൾ പൂർത്തിയായാൽ നഗരസഭയിൽ നിന്ന് കെട്ടിടം റഗുലറൈസ് ചെയ്തു തരുന്നതാണ്.

5. ഒട്ടേറെ ഡിപ്പാർട്ട്മെന്റുകളുടെ ഏകോപനം ആവശ്യമായ പ്രവൃത്തിയായതിനാലും വൻതുക ചെലവഴിക്കേണ്ട പ്രവൃത്തിയായതിനാലും ജില്ലാ പഞ്ചായത്ത് ഭരണസമിതി തലത്തിൽ നിന്ന് ഉചിതമായ വിലയിരുത്തൽ കൃത്യമായ ഇടവേളകളിൽ നടത്തുന്നത് അഭികാമ്യമായിരിക്കും.

6. കൊച്ചി നഗരസഭയുടെ പെർമിറ്റ് ഇല്ലാതെ ആശുപത്രി കെട്ടിടം പണികഴിപ്പിച്ചതാണ് നിലവിലുള്ള പ്രശ്നങ്ങളുടെയെല്ലാം അടിസ്ഥാന കാരണം. സ്ഥലത്തിന്റെ റവന്യൂ രേഖ ലഭ്യമല്ലാത്തതിലാണ് നഗരസഭയുടെ പെർമിറ്റ് ലഭ്യമാകാതിരുന്നത്. ജില്ലാ പഞ്ചായത്തിന്റെ പല ആസ്തികൾക്കും പ്രസ്തുത അപാകത ഉണ്ട്. ആയത് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

നിലവിലുള്ള മുനിസിപ്പൽ ആക്ടിന്റെയും മറ്റു വിവിധ ഡിപ്പാർട്ട്മെന്റുകളുടെയും നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ മേൽ ക്രമക്കേട് പരിഹരിക്കുക എന്നത് മാത്രമേ പരിഹാരമായിട്ടുള്ളൂ. ലോകമെങ്ങും സുരക്ഷ മാനദണ്ഡങ്ങൾ കർശനമായി വരുന്ന സാഹചര്യത്തിൽ നാഷണൽ ബിൽഡിംഗ് കോഡിലോ മറ്റു നിയമങ്ങളിലോ ഇനിയൊരു ഭേദഗതി വരുന്ന പക്ഷം കെട്ടിട റഗുലറൈസേഷൻ അസാദ്ധ്യമായി വരുന്ന സാഹചര്യം തള്ളിക്കളയാൻ കഴിയുന്നതല്ല. ആയതിനാൽ പരമാവധി വേഗത്തിൽ മേൽ പ്രവർത്തനങ്ങൾ നടത്താൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു. ഏതെങ്കിലും സാഹചര്യത്തിൽ പദ്ധതി തടസ്സപ്പെട്ട് ചെലവഴിച്ച പൊതുപണം ഉപയോഗശൂന്യമായാൽ പ്രസ്തുത നഷ്ടം പ്രസ്തുത തുക ചെലവഴിച്ച നിർവഹണ ഉദ്യോഗസ്ഥൻ, അതാത് കാലങ്ങളിലെ സെക്രട്ടറി, ഫിനാൻസ് ഓഫീസർ

ചെലവിന് അനുമതി നൽകുകയും പദ്ധതി നിരീക്ഷിക്കാതിരിക്കുകയും ചെയ്ത ഭരണസമിതി അംഗങ്ങൾ എന്നിവരുടെ ബാദ്ധ്യതയായി തിട്ടപ്പെടുത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 1-12 ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവഹണം നടത്തിയ പദ്ധതികൾ- മുഴുവൻ രേഖകളും ഹാജരാക്കിയില്ല.

അലോപ്പതി ഡി.എം.ഒ. നടപ്പിലാക്കിയ പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. ആയതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ എൻക്വയറിക്ക് (നം.71) മറുപടി നൽകിയില്ല.

1. പാലിയേറ്റീവ് കെയർ യൂട്ടിലിറ്റികൾക്ക് ട്രെയിനിംഗ് പ്രോഗ്രാം. (പ്രൊ.നം - 850/19)

മേൽ പ്രൊജക്ട് പ്രകാരം 18 ബില്ലുകളിലായി 7,37,343രൂപ ചെലവ് ചെയ്തിട്ടുണ്ട്.

(എ). ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.07.2018 ലെ നം. പി.എച്ച്- 5-51297/18ഡി.എച്ച്.എസ് എന്ന സർക്കുലറിൽ സൂചിപ്പിച്ചിരിക്കുന്നത് പോലെ പങ്കെടുത്ത വ്യക്തികളിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള ഫീസ് ഈടാക്കിയിരുന്നോ എന്നത് സംബന്ധിച്ചും ഏതെങ്കിലും വ്യക്തികളിൽ നിന്നോ/സംഘടനകളിൽ നിന്നോ സംഭാവനയോ ഏതെങ്കിലും തരത്തിലുള്ള സ്പോൺസർഷിപ്പോ ലഭ്യമായിരുന്നോ എന്നത് സംബന്ധിച്ചും ഫയലിൽ വിവരങ്ങൾ ഇല്ലായിരുന്നു. ആയത് ഹാജരാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ടും (Annual Report) ലഭ്യമാക്കേണ്ടതാണ്.

(ബി). ജില്ലയിലെ പരിശീലനകേന്ദ്രത്തിന്റെയും വിവിധ യൂണിറ്റുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്താൻ ഡി.എം.ഒ, ഡി.പി.ഒ, പരിശീലനകേന്ദ്രം എന്നിവരുടെ നേതൃത്വത്തിൽ ജില്ലയിലെ പാലിയേറ്റീവ് കെയർ രംഗത്ത് പരിശീലനം നേടിയ ഡോക്ടർമാർ, നഴ്സുമാർ, സന്നദ്ധസേവകർ എന്നിവരെ ഉൾപ്പെടുത്തി ഒരു ഉപദേശക സമിതി രൂപീകരിക്കണം എന്ന് മേൽ സർക്കുലറിൽ സൂചിപ്പിച്ചിട്ടുണ്ട്. മേൽ ഉപദേശക സമിതിയുടെ മിനിട്സ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2. സർക്കാർ ആരോഗ്യസ്ഥാപനങ്ങളിലെ സെക്കന്ററി പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ (ഓക്സിജൻ കോൺസൻട്രേറ്റർ, മോട്ടോറൈസ്ഡ് വീൽ ചെയർ) പ്രൊജക്ട് നം - 2103/20

മേൽ പദ്ധതി പ്രകാരം 185 വീതം ഓക്സിജൻ കോൺസെൻട്രേറ്റർ, മോട്ടോറൈസ്ഡ് വീൽ ചെയർ എന്നിവ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 1,59,17,900 രൂപ ബിൽ റഫറൻസ് നം. 191105201650128198З/ 15.02.2020 പ്രകാരം നൽകി. പ്രസ്തുത പദ്ധതിയുടെ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ). ഇതുവരെ എത്ര ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ ലഭ്യമാക്കിയിട്ടുണ്ട് എന്നത് ഫയലിൽ നിന്ന് വ്യക്തമായില്ല.

(ബി). കൊവിഡ് മഹാമാരി കാരണം റേറ്റ് കോൺട്രാക്ടിൽ സൂചിപ്പിച്ചിട്ടുള്ള ഓക്സിജൻ കോൺസൻട്രേറ്റർ മോഡൽ ലഭ്യമാക്കാൻ സാധിക്കാതിനാൽ പുതിയ മോഡൽ ലഭ്യമാക്കാൻ കെ.എം.എസ്.സി.എൽ അഭ്യർത്ഥിക്കുകയും ആയത് ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കുകയും ചെയതിട്ടുണ്ട്. എന്നാൽ പുതിയ മോഡൽ മെഷീൻ ഏതാണെന്നും ആയത് നേരത്തെ കണക്കാക്കിയ സ്പെസിഫിക്കേഷനിൽ ഉള്ളതാണോ എന്നത് സംബന്ധിച്ചൊന്നും ഫയലിൽ വിവരങ്ങളില്ല.

(സി). പുതിയ മോഡലിന് വിലകൂടുതലായത് കൊണ്ട് ഡി.എം.ഒ, കെ.എം.സി.എസ്.എൽ എന്നിവർ തമ്മിൽ നടത്തിയ ചർച്ചയിൽ കെ.എം.സി.എസ്.എൽ രണ്ട് ഉപകരണങ്ങൾക്കും ചുമത്തിയിരുന്ന സർവ്വീസ് ചാർജ്ജ് ഒഴിവാക്കാമെന്ന് സമ്മതിച്ചിരുന്നു. ഓക്സിജൻ കോൺസൻട്രേറ്ററിന്റെ എണ്ണം 185 ൽ നിന്ന് 178 ആയി കുറക്കാനും തീരുമാനിച്ചതായി കാണുന്നു. ഇതനുസരിച്ച് സർവ്വീസ് ചാർജ്ജ് ഒഴിവാക്കിയ മോട്ടോറൈസ്ഡ് വീൽ ചെയറിന് 49,999.95 രൂപ പ്രകാരം 185 എണ്ണത്തിന് 92,49,990/- രൂപയും സർവ്വീസ് ചാർജ്ജ് ഒഴിവാക്കിയ ഓക്സിജൻ കോൺസൻട്രേറ്ററിന് 37,408/- രൂപ പ്രകാരം 66,58,624/- രൂപയുമടക്കം ആകെ ചെലവ് 1,59,08,614/- രൂപയാണ്. കെ.എം.സി.എസ്.എലിന് നൽകിയത് 1,59,17,900/- രൂപയാണ്. 9,286/- രൂപ അധികം നൽകിയതായി കാണുന്നു.

(ഡി). മോട്ടോറൈസ്ഡ് വീൽ ചെയർ വിതരണത്തിന്റെ നിർദ്ദേശങ്ങൾ വ്യക്തമാക്കുന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ നടപടിക്രമങ്ങൾ മാത്രമാണ് ഫയലിൽ ലഭ്യമാക്കിയത്. ഓക്സിജൻ കോൺസെൻട്രേറ്ററിന്റെ വിതരണത്തിന്റെ നിർദ്ദേശങ്ങൾ വ്യക്തമാക്കുന്ന നടപടിക്രമങ്ങൾ ഹാജരാക്കേണ്ടതാണ്.

(ഇ). സി.എച്ച്.സി ചെങ്ങമനാട്, വരാപ്പുഴ, വേങ്ങൂർ എന്നീ സ്ഥാപനങ്ങളിലെ മോട്ടോറൈസ്ഡ് വീൽ ചെയർ വിതരണവുമായി ബന്ധപ്പെട്ട ചുവടെ ചേർത്തിട്ടുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്.

A. ഫിസിയോ തെറാപ്പി സേവനത്തിന് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ

B. ഉപഭോക്താവിന്റെ അപേക്ഷകൾ , അപേക്ഷ രജിസ്റ്റർ

C. ഫിസിയോതെറാപ്പിസ്റ്റിന്റെ റിപ്പോർട്ട്.

D. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ രൂപീകരിച്ച കമ്മിറ്റിയുടെ മിനിട്സ്

E. വിതരണ രജിസ്റ്റർ.

(എഫ്). സി.എച്.സി കാലടി, മൂത്തകുന്നം, വാരപ്പെട്ടി എന്നീ സ്ഥാപനങ്ങളിലെ ഓക്സിജൻ കോൺസൻട്രേറ്റർ വിതരണവുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ഫയലിൽ ഇല്ലായിരുന്നു. ആയത് ഹാജരാക്കേണ്ടതാണ്

## 1-13 വിദ്യാലയങ്ങളിലെ എസ്.എം.എസ് അലർട്ട്-ചെലവിന്റെ ആധികാരികത ഉറപ്പിക്കാനായില്ല-3,01,879 രൂപ തടസ്സപ്പെടുത്തുന്നു.

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ജില്ലാ പഞ്ചായത്ത് സ്കൂളുകളിലെ എസ്.എം.എസ് അലർട്ട് സംവിധാനം എന്ന പ്രൊജക്റ്റിൽ (നം. 845/19) വിദ്യാർത്ഥികളുടെ ഓരോ ദിവസത്തെയും അറ്റൻഡൻസ്, പരീക്ഷകളിലെ മാർക്കുകൾ തുടങ്ങിയവ എസ്.എം.എസായി ലഭിക്കുന്ന സംവിധാനമാണ് വിഭാവനം ചെയ്തിരുന്നത്. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ടിൽ നിന്ന് 3,50,000/- രൂപയാണ് വകയിരുത്തിയിരുന്നത്. ബിൽ റഫറൻസ് നം. 19110152012100929453/10.12.2019 പ്രകാരം 3,01,879/- രൂപ, പദ്ധതിയുടെ നിർവഹണം നടത്തുന്ന ഇൻഫോർമേഷൻ കേരള മിഷൻ എന്ന സ്ഥാപനത്തിന് നൽകി. പ്രസ്തുത പദ്ധതിയുടെ പരിശോധന നടത്തിയപ്പോൾ പല വിവരങ്ങളും ഫയലിൽ നിന്ന് വ്യക്തമാകുന്നുണ്ടായിരുന്നില്ല. ഇവയെല്ലാം ഓഡിറ്റ് എൻക്വയറി നം. 19 തീ-23.10.2020 മുഖേന നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ യാതൊരു മറുപടിയും ഹാജരാക്കിയില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 58 വിദ്യാലയങ്ങളിൽ നിന്ന് 16,183 കുട്ടികളുടെ ലിസ്റ്റാണ് വിദ്യാലയങ്ങൾ നൽകിയത്. നിർവ്വഹണ ഏജൻസി നൽകുന്ന ഫോം 1, 2, 3 എന്നിവയുടെ ഡാറ്റാ എൻട്രി നടത്തുന്ന മുറക്ക് വിദ്യാലയങ്ങൾക്ക് ഒരു ലോഗിൻ ഐ.ഡിയും ഒരു പാസ് വേർഡും ലഭിക്കും എന്ന് നിർവ്വഹണ ഏജൻസി നൽകിയ പ്രൊജക്റ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 58 വിദ്യാലയങ്ങളിൽ എത്ര വിദ്യാലയങ്ങൾക്ക് ഇത്തരത്തിൽ ലോഗിൻ ഐ.ഡിയും പാസ്‌വേർഡും ലഭിച്ചിട്ടുണ്ട് എന്ന വിവരം വ്യക്തമല്ല.

2. ഫോം 4 ലെ വിവരങ്ങൾ വിദ്യാലയങ്ങൾ നേരിട്ട് നൽകണം എന്ന നിബന്ധന ഇതുവരെ പല വിദ്യാലയങ്ങളും പാലിച്ചില്ല എന്ന് പരിശോധനയിൽ കാണുന്നു. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ എല്ലാ പ്രധാനാദ്ധ്യാപകർക്കുമായി നൽകിയ 11.02.2020 ലെ സി 2/20623/19 നം.കത്തിൽ മേൽ ഡാറ്റാ എൻട്രി 15.02.2020 നകം നൽകണമെന്നും അല്ലാത്ത പക്ഷം കർശന നടപടി സ്വീകരിക്കുമെന്നും സൂചിപ്പിച്ചിട്ടുണ്ട്. എത്ര വിദ്യാലയങ്ങൾ മേൽ പ്രകാരമുള്ള ഡാറ്റാ എൻട്രി നടത്തി എന്ന് വ്യക്തമല്ല.

3. 04.10.2019 ൽ പ്രസ്തുത പദ്ധതിയുടെ ഒരു സോഫ്റ്റ് വെയർ പരിശീലന ക്ളാസ്സ് നടന്നിരുന്നു എന്ന് ഫയലിൽ കാണുന്നുണ്ട്. എന്നാൽ ഏതൊക്കെ വിദ്യാലയങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തിരുന്നു എന്ന് വ്യക്തമല്ല. പ്രസ്തുത യോഗത്തിന്റെ മിനിട്സ് ഹാജരാക്കിയില്ല.

4. ഇൻഫർമേഷൻ കേരള മിഷനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിരുന്നോ എന്നത് വ്യക്തമല്ല. ഫയലുകളിൽ ഒരു കരട് എഗ്രിമെന്റ് മാത്രമാണ് ഉണ്ടായിരുന്നത്. ആയതിൽ ഇരു കൂട്ടരുടെയും ഒപ്പ് ഉണ്ടായിരുന്നില്ല.

5. അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ്, സോഫ്റ്റ് വെയർ കസ്റ്റമൈസേഷൻ ചാർജ്ജ്, സോഫ്റ്റ്‌വെയർ മെയിന്റനൻസ് ചാർജ്ജ്, ടെക്നിക്കൽ സപ്പോർട്ട് ചാർജ്ജ്, ട്രെയിനിംഗ് ചാർജ്ജ്, എസ്.എം.എസ് ചാർജ്ജ് എന്നിവക്കാണ് ഐ.കെ.എം -ന് തുക നൽകിയത്. ഇതിൽ എത്ര ഇനങ്ങളിൽ വാർഷികമായി തുടർ വർഷങ്ങളിൽ തുക നൽകേണ്ടി വരും എന്നത് വ്യക്തമല്ല. വാർഷികമായി നൽകേണ്ടതാണെങ്കിൽ ഇപ്പോൾ നൽകിയ തുകയുടെ കാലാവധി ഏത് ദിവസം മുതൽ ഏത് ദിവസം വരെയാണെന്നുള്ളതും വ്യക്തമല്ല.

6. എസ്.എം.എസിനായുള്ള സഹായ എന്ന സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതുമാണ് ഐ.കെ.എംന്റെ ഉത്തരവാദിത്തമായി ഫയലിൽ നിന്നും വ്യക്തമാകുന്നത്. നിലവിൽ മേൽ സോഫ്റ്റ്‌വെയർ എത്ര വിദ്യാലയങ്ങളിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെന്നതും വ്യക്തമല്ല.

7. പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തന ക്ഷമത ഏതെങ്കിലും വിദ്യാലയത്തിൽ പരീക്ഷിച്ചിരുന്നോ എന്നുള്ളതിനും മറുപടി നൽകിയില്ല. ഇപ്പോൾ ഈ സംവിധാനം എത്ര വിദ്യാലയങ്ങളിൽ പ്രവർത്തന ക്ഷമമാണ് എന്നുള്ള പ്രധാനപ്പെട്ട വിവരവും വ്യക്തമല്ല. **ഇത്തരത്തിൽ മേൽ പദ്ധതിക്കായി ചെലവഴിച്ച തുക ഉപകാരപ്രദമായി എന്ന്**

**തെളിയിക്കുന്ന യാതൊരു രേഖയും ലഭ്യമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുകയായ 3,01,879/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.** മേൽ അപാകതകൾക്കെല്ലാം തെളിവ് സഹിതം മറുപടി ഹാജരാക്കേണ്ടതാണ്.

## 1-14 വിദ്യാലയ ലൈബ്രറികളിലെ കംപ്യൂട്ടർവത്കരണം -പദ്ധതി ചെലവുകളുടെ ആധികാരികത വ്യക്തമല്ല-24,89,655 രൂപ തടസ്സപ്പെടുത്തുന്നു.

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ജില്ലാ പഞ്ചായത്ത് സ്കൂളുകളിലെ ലൈബ്രറിയുടെ കംപ്യൂട്ടർവത്കരണം എന്ന പ്രൊജക്ടിൽ (നം. 844/19) ലൈബ്രറി മാനേജ്മെന്റ് സോഫ്റ്റ് വെയർ, പുസ്തകങ്ങളുടെ ക്ളാസ്സിഫിക്കേഷൻ, ഷെൽഫിംഗ്, സ്പിൽ ലേബലിംഗ്, ബാർകോഡ് ലേബലിംഗ്, ലേബലുകൾ ലാമിനേറ്റ് ചെയ്യൽ, ബാർ കോഡ് സ്കാനറിന്റെ വാങ്ങൽ എന്നീ ഘടകങ്ങളാണ് ഉള്ളത്. ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 58 വിദ്യാലയങ്ങളിലും 8,260/- രൂപ വീതം ചെലവിൽ ആകെ 4,79,080/- രൂപയ്ക്ക് ലൈബ്രറി മാനേജ്മെന്റ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്യാമെന്നും ആകെയുള്ള 1,70,947 പുസ്തകങ്ങൾ ഓരോ പുസ്തകവും 16.52 രൂപ നിരക്കിൽ ആകെ 28,24,044/- രൂപയ്ക്ക് പ്രൊജക്ടിലെ മറ്റ് ഘടകങ്ങളും ചെയ്ത് നൽകാമെന്ന ജി.എസ്.ആർ സോഫ്റ്റ് വെയർ ആൻഡ് ബി.പി.ഒ ( പ്രൈ ).ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ജില്ലാ പഞ്ചായത്ത് അംഗീകരിച്ചു. മെയിന്റനൻസ് ഗ്രാന്റിൽ (റോഡിതരം) നിന്ന് ഓഡിറ്റ് വർഷം 24,89,655/- രൂപയാണ് വകയിരുത്തിയിരുന്നത്. ബിൽ റഫറൻസ് നം 191101520121016406 28/30.03.2020 പ്രകാരം 24,89,655/- രൂപ നൽകുകയുണ്ടായി. പ്രസ്തുത പ്രൊജക്ട് വിശദമായി പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പുസ്തകങ്ങളുടെ എണ്ണം സംബന്ധിച്ച് വിദ്യാലയങ്ങളിൽ നിന്നുള്ള രേഖകളൊന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

2. മേൽ കമ്പനി 27.03.2020 ൽ നൽകിയ ബിൽ പ്രകാരം 20 വിദ്യാലയങ്ങളിൽ 8,260/- രൂപ വീതം സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്തതിന് ആകെ 1,65,200/- രൂപയും 1,41,332/- പുസ്തകങ്ങളുടെ ക്ളാസ്സിഫിക്കേഷനും മറ്റ് ജോലികളും ചെയ്തതിന് 23,34,804/- രൂപയും അടക്കം ആകെ 25,00,004.64 രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ 08.07.2020 ലെ ഭരണസമിതി തീരുമാനത്തിൽ ഒരു വിദ്യാലയത്തിൽ മാത്രമാണ് പദ്ധതി പൂർത്തിയായതെന്നും വിശദമായി പരിശോധന നടത്താതെയാണ് തുക മുഴുവൻ നൽകിയതെന്നും ആയതിനാൽ പദ്ധതി നിർവഹണത്തിൽ പാളിച്ച സംഭവിച്ചതായും വിലയിരുത്തി. നൽകിയ തുക തിരിച്ച് പിടിക്കാൻ വേണ്ട നടപടികളോ നിയമ നടപടികളോ സ്വീകരിക്കണമെന്ന് നിർവഹണ ഉദ്യോഗസ്ഥയോട് ആവശ്യപ്പെടുകയും ചെയ്തു.

3. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് 27.07.2020 ൽ നൽകിയ സി2/21416/2019 കത്തിൽ മേൽ സ്ഥാപനത്തിന് 15.08.2020 വരെ സമയം നൽകാമെന്നും പ്രസ്തുത സമയത്തിനുള്ളിൽ പൂർത്തീകരിച്ച് നൽകിയില്ലെങ്കിൽ നിയമ നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

4. 20 വിദ്യാലയങ്ങളുടെ വേല പൂർത്തീകരിച്ചു എന്ന് സ്ഥാപനം അവകാശപ്പെട്ടെങ്കിലും 11 വിദ്യാലയങ്ങൾ മാത്രമാണ് പദ്ധതി പൂർത്തീകരിച്ചതായി പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കാത്ത വിദ്യാലയങ്ങളുടെ തുക നൽകാനിടയായ സാഹചര്യം വ്യക്തമല്ല. ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ അഭിപ്രായത്തിൽ ഒരു വിദ്യാലയത്തിൽ മാത്രമാണ് വേല പൂർത്തീകരിച്ചത്. വേല പൂർത്തീകരിക്കാതെ പൂർത്തീകരിച്ചു എന്ന് റിപ്പോർട്ട് നൽകിയ 10 വിദ്യാലയങ്ങളിൽ നിന്ന് നാളിത് വരെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകളെല്ലാം ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറി നം.14 ന് മറുപടി ലഭ്യമാക്കിയില്ല. **പദ്ധതി കൃത്യമായ രീതിയിൽ നടപ്പിലായി എന്ന് ഉറപ്പിക്കാവുന്ന സാഹചര്യമല്ലാത്തതുകൊണ്ട് ആയതിനായി ചെലവഴിച്ച തുകയായ 24,89,655/- രൂപ തടസ്സപ്പെടുത്തുന്നു.** 20 വിദ്യാലയങ്ങളിലെയും മേൽ പദ്ധതി നടത്തിപ്പിന്റെ ഇപ്പോഴത്തെ അവസ്ഥ തെളിവുകളുടെ അടിസ്ഥാനത്തിൽ അറിയിക്കേണ്ടതാണ്.

## 1-15 ശമ്പളകുടിശ്ശിക അധികം നൽകിയത് തിരികെ ഈടാക്കണം

ശ്രീ രാധാകൃഷ്ണൻ. ടി.കെ, മുൻ ക്ലർക്കിന് ജില്ലാ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിലെ (03/2005 മുതൽ 10/2006 വരെ) ശമ്പള കുടിശ്ശികയിനത്തിൽ വൗച്ചർ നം 380/29.07.2019 പ്രകാരം 60813/- രൂപ നൽകിയിട്ടുണ്ട് (ചെക്ക് നം 5030394/29.07.2019). ടിയാന്റെ അരിയർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, ഡി.എ.എച്ച്.ആർ.എ എന്നീ ഇനങ്ങളിൽ 8246/- രൂപ അധിക കുടിശ്ശിക നൽകിയതായി കണ്ടു. വിശദവിവരം ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-16 ജില്ലാ കേരളോൽസവം നടത്തിപ്പ്-ചെലവ് രേഖകൾക്ക് ആധികാരികതയില്ല

| | |
|---|---|
| ഫയൽ നം | ഡി.പി.3/3211/2019 |

2019 ജില്ലാ കേരളോൽസവം ഡിസംബർ 5 മുതൽ 9 വരെയായി ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുകയുണ്ടായി. ഇതിന്റെ സംഘാടന ചെലവിലേക്കായി ജില്ലാ പഞ്ചായത്തുകൾക്ക് തനതു ഫണ്ടിൽ നിന്നും 4 ലക്ഷം രൂപ വരെ വിനിയോഗിക്കുവാൻ യഥേഷ്ടാനമതിയുണ്ട് (GO (Rt) No.1783/2019/LSGD Dated 17.08.2019). യുവജനക്ഷേമ ബോർഡിൽ നിന്നും അനുവദിച്ച 3 ലക്ഷം രൂപയുമടക്കം 7 ലക്ഷം രൂപ കേരളോൽസവം നടത്തിപ്പിലേക്ക് ചെലവ് ചെയ്യുന്നതിന് 23.11.2019 ലെ 32 (13) നം തീരുമാനം പ്രകാരം ഭരണസമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. കൂടാതെ 2,45,000/-രൂപ സംഭാവനയായും ലഭിച്ചിരുന്നു. ജില്ലാ കേരളോൽസവം നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടായ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ചോദിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു ( നം 32/18.11.2020)

ചെലവ് കണക്കിലെ അപാകതകൾ

1. മുൻകൂർ നൽകിയ തുക ക്രമീകരിച്ചതിൽ വ്യക്തതയില്ല : സംഘാടനവുമായി ബന്ധപ്പെട്ട വിവിധ ചെലവുകൾക്കായി താഴെ ചേർത്തിരിക്കും പ്രകാരം മുൻകൂർ തുക അനുവദിച്ചിട്ടുണ്ടെങ്കിലും അവ യഥാവിധി ക്രമീകരിക്കുന്ന വിധത്തിലല്ല വൗച്ചറുകൾ ക്രമീകരിച്ചിരിക്കുന്നത്. മുൻകൂർ ആർക്കാണ് നൽകുന്നതെന്ന് അവ അനുവദിച്ച ഉത്തരവിൽ പറയുന്നില്ല. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുക നൽകിയ വിവരം ഒരിടത്തും കൃത്യമായി രേഖപ്പെടുത്തുന്നുമില്ല. അതുകൊണ്ടുതന്നെ മുൻകൂർ തുക ആരാണ് കൈപ്പറ്റിയതെന്നോ, എപ്രകാരം ചെലവഴിച്ചുവെന്നതിനോ വ്യക്തതയില്ല.

| വൗച്ചർ /ചെക്ക് നം, തീയതി | തുക |
|---|---|
| 807/30.11.2019 | 2,00,000 |
| 061104/06.12.2019 | 1,00,000 |
| 061105/07.12.2019 | 1,00,000 |
| 061106/09.12.2019 | 2,00,000 |
| 871/24.12.2019 | 1,00,000 |
| ആകെ | 7,00,000 |

മുൻകൂർ കൈപ്പറ്റിയതിൽ ചെലവഴിക്കാതെ ബാക്കി വന്ന 80,560/- രൂപ 13.12.2019 ൽ ജില്ലാ സഹകരണബാങ്ക് അക്കൗണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ 24.12.2019 ൽ 1,00,000/- രൂപ വീണ്ടും മുൻകൂർ നൽകിയതായും കാണുന്നു. 09.12.2019 ൽ കേരളോൽസവം സമാപിച്ചതിനുശേഷവും മുൻകൂർ നൽകിയതിന്റെ ആവശ്യകത വിശദീകരിക്കേണ്ടതാണ്.

2. ലഭ്യമാക്കിയ ചെലവു രേഖകളിൽ ആധികാരികമായ ബില്ലുകളുള്ളതോ, ക്വട്ടേഷൻ മുഖേന ചെലവഴിച്ചതുമായ ചെലവിനങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം/ വ്യക്തി | തുക |
|---|---|---|---|
| 1 | ലൈറ്റ് & സൗണ്ട് | വാഴക്കാല സൗണ്ട്സ് | 89,000 |
| 2. | പരസ്യം | ദീപം അഡ്വടൈസേഴ്സ് കാക്കനാട് | 58,900 |
| 3 | പന്തൽ, കസേര, മേശ | സുകുമാരൻ. ഇ.എ | 91,270 |
| 4 | ട്രോഫി | സൺഷൈൻ ഇലക്ട്രോ പ്ലേറ്റേഴ്സ് പാറക്കടവ് | 90,000 |
| 5 | വാഹന വാടക | ലാൻഡ് മാർക്ക് ട്രാവൽസ്,കാക്കനാട് | 34,750 |
| 6 | ഭക്ഷണം | ജില്ലാ പഞ്ചായത്ത് ക്യാന്റീൻ | 1,01,000 |
| 7 | ഭക്ഷണം | കുസാറ്റ് ക്യാന്റീൻ | 86,800 |

| | | | |
|---|---|---|---|
| 8 | ഭക്ഷണം | ചോറ്റാനിക്കര ഹോട്ടൽ | 31,076 |
| 9 | കുടി വെള്ളം | വാഴക്കാല | 3,150 |
| | ആകെ | | 5,85,946 |

18.03.2020 ലെ സാധാരണ കമ്മിറ്റിയുടെ 1(8) നം തീരുമാനപ്രകാരം അംഗീകരിച്ച വരവ് ചെലവ് കണക്കുകൾ പ്രകാരം ജില്ലാ കേരളോൽസവം നടത്തിപ്പിന്റെ ആകെ ചെലവ് 9,41,558/-രൂപയാണ്. ഇതിൽ മേൽ പട്ടിക പ്രകാരമുള്ള 5,85,946/- രൂപയുടെ ചെലവ് കിഴിച്ചാൽ ബാക്കിയുള്ള 3,55,612/- രൂപയിൽ 2,58,500/- രൂപയും താഴെ കാണും പ്രകാരം വിവിധ മൽസര വിധികർത്താക്കൾക്ക് നൽകിയ ഹോണറേറിയമിനത്തിലുള്ള ചെലവാണ്.

| ബിൽ നം | ഇനം | തുക | ചെലവ് സ്റ്റേറ്റ്മെന്റ് നം., വേദി |
|---|---|---|---|
| 11(1-4) | Chess Referee | 6000 | 1-Dist Panchayath |
| 12 | Armresling Referee | 4500 | 1-Dist Panchayath |
| 16(1-3) | Judges-Dance Items | 7500 | 1-Dist Panchayath |
| 17(1-3) | Judges Kathakali | 6000 | 1-Dist Panchayath |
| 18 | Quiz Judges | 2000 | 1-Dist Panchayath |
| 19(1-4) | Fliwer Making-Judges | 10000 | 1-Dist Panchayath |
| 20(1-4) | Judges-Nadanpattu | 10000 | 1-Dist Panchayath |
| 21(1-3) | Speech | 7500 | 1-Dist Panchayath |
| 48(1-6) | Music | 15000 | 1-Dist Panchayath |
| 49(1-3) | Bharatanatyam | 9000 | 1-Dist Panchayath |
| 50(1-3) | Thiruvathira | 6000 | 1-Dist Panchayath |
| 51(1-3) | Mimicri | 6000 | 1-Dist Panchayath |
| 52(1-3) | Kadhaprasangam | 6000 | 1-Dist Panchayath |
| 53(1-3) | Kavitha | 6000 | 1-Dist Panchayath |
| 54.( | Chenda | 6000 | 1-Dist Panchayath |
| 1(1-11) | Volleball | 13500 | 2-CUSAT |
| 2(1-4) | Basketball | 6000 | 2-CUSAT |
| 3(1-12) | Kabadi | 12000 | 2-CUSAT |
| 6(1-4) | Tug Of War | 6000 | 2-CUSAT |
| 7(1-4) | Kalaripayattu | 6000 | 2-CUSAT |
| 9(1-15) | Athletics | 22500 | 2-CUSAT |
| 11(1-5) | Badminton | 7500 | 2-CUSAT |
| 13 | Archery | 3000 | 2-CUSAT |
| 16(1-2) | Swimmiong | 3000 | 2-CUSAT |
| 18(1-2) | Swimming-Helpers | 1500 | 2-CUSAT |
| 19 | Swimming-Asst Officials | 1500 | 2-CUSAT |
| 20(1-5) | Cricket | 7500 | 2-CUSAT |
| 23(1-5) | Cricket | 7500 | 2-CUSAT |
| 25(1-5) | Cricket | 7500 | 2-CUSAT |
| 27 | Sanjay Kumar Honararium Physical Edu | 10000 | 2-CUSAT |
| 26(1-4) | CUSAT Ground Prep | 9000 | 2-CUSAT |
| 1(1-6) | Football | 12000 | 3-Chottanikkara GVHSS |
| 2 | Football Groundmarking | 3000 | 3-Chottanikkara GVHSS |
| 4(1-6) | Football | 12000 | 3-Chottanikkara GVHSS |
| | | 2,58,500 | |

മിക്കവാറും ഒരേ കൈപ്പടയിലെഴുതിയ കൈപ്പറ്റു രസീതുകളാണ് ഈ ചെലവുകൾക്കാധാരമായി വച്ചിരിക്കുന്നത്. വിധികർത്താക്കളായി എത്ര വ്യക്തികളെ നിയോഗിച്ചിട്ടുണ്ടായിരുന്നെന്നോ, ഓരോരുത്തരുടേയും ഹോണറേറിയത്തിന്റെ നിരക്ക് എത്രയാണെന്നതിലോ വ്യക്തതയില്ല. പഞ്ചായത്ത് അക്കൗണ്ട്സ് റൂൾസ് പ്രകാരം 1000/- രൂപക്ക് മുകളിൽ വരുന്ന ചെലവുകൾ ചെക്ക് മുഖേനയോ അക്കൗണ്ട് ട്രാൻസ്ഫർ വഴിയോ നല്കേണ്ടതാണ്. ഇതിനു വിപരീതമായി വിധികർത്താക്കളുടെ കൃത്യമായ മേൽവിലാസമോ ഫോൺ നമ്പറോ രേഖപ്പെടുത്താത്ത കൈപ്പറ്റു രസീതുകളുടെ

അടിസ്ഥാനത്തിലാണ് 2,58,500/-രൂപയും പണമായി നൽകിയിരിക്കുന്നത്. ആയതിനാൽ ഈ ചെലവിന്റെ ആധികാരികത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

വിധികർത്താക്കളെല്ലാവരും ഹോണറേറിയം പണമായിത്തന്നെ വേണമെന്ന് ആവശ്യപ്പെട്ടതിനാലും, മൽസരങ്ങൾ വൈകി സമാപിച്ചിരുന്ന സാഹചര്യത്തിൽ വിധികർത്താക്കളുടെ അക്കൗണ്ടിലേക്ക് അതേ ദിവസം തന്നെ തുക ട്രാൻസ്ഫർ ചെയ്യുക പ്രായോഗികമല്ലാതിരുന്നതിനാലുമാണ് കൈപ്പറ്റ് രസീതുകൾ വാങ്ങി തുക വിതരണം ചെയ്യേണ്ടിവന്നതെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്. കേരളോൽസവം നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താൻ അക്കൗണ്ട് ട്രാൻസ്ഫറിലൂടെ മാത്രം പണം കൈമാറാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു -76,121 രൂപ തടസ്സപ്പെടുത്തുന്നു.

ഫയൽ നം ഡി.പി.13/1899/19

കാലവർഷത്തോടനുബന്ധിച്ച് ഓരോ ഡിവിഷനിലും പരമാവധി 15,000/- രൂപ ചെലവഴിച്ച് മെഡിക്കൽ ക്യാമ്പ് നടത്താൻ ജില്ലാപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു (19.06.2019 ലെ യോഗത്തിലെ 20ാം നമ്പർ തീരുമാനം). ഇതനുസരിച്ച് വിവിധ ഡിവിഷനുകളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും അതിന്റെ ചെലവിനത്തിൽ ഓരോ ഡിവിഷൻ മെമ്പർക്കും താഴെ കാണും വിധം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| വൗച്ചർ നം, തീയതി | തുക | ഡിവിഷൻ മെമ്പറുടെ പേര് | മെഡിക്കൽ ക്യാമ്പ് നടത്തിയ തീയതി | മെഡിക്കൽ ക്യാമ്പ് നടത്തിയ സ്ഥലം |
|---|---|---|---|---|
| 428/08.08.2019 | 15,000 | ജാൻസി ജോർജ്ജ് | 11.07.2019 | തോട്ടുവ സെന്റ് ജോസഫ് പള്ളി |
| 429/08.08.2019 | 17,751 * | സൗമ്യ ശശി | 13.07.2019 | നേര്യമംഗലം SC കമ്മ്യൂണിറ്റി ഹാൾ |
| 430/08.08.2019 | 15,000 | സുഗതൻ കെ.എൻ | 07.07.2019 | പാമ്പാക്കുട GHSS |
| 556/06.09.2019 | 13,370 | അയ്യമ്പിള്ളി ഭാസ്കരൻ | 27.07.2019 | പള്ളിപ്പുറം സഹകരണബാങ്ക് ഓഡിറ്റോറിയം |
| 609/27.09.2019 | 15,000 | ജോർജ്ജ് എടപ്പരത്തി | 10.08.2019 | സെന്റ് പീറ്റേഴ്സ് ഹയർസെക്കൻഡറി സ്കൂൾ ഓഡിറ്റോറിയം, കോലഞ്ചേരി. |
| ആകെ | 76,121 | | | |

* (മരുന്നിനായി ചെലവഴിച്ച തുക കൂടി അനുവദിക്കാൻ തീരുമാനിച്ചു)

ചെലവ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ക്യാമ്പിൽ പങ്കെടുത്തവർക്കുള്ള ഭക്ഷണച്ചെലവിനാണ് മിക്കവാറും തുക ചെലവഴിച്ചതെന്നു കാണുന്നു.

ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന വിവിധ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടേയും മറ്റ് ജീവനക്കാരുടേയും സേവനമുപയോഗിച്ചുകൊണ്ടാണ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുള്ളതെന്നാണ് ഫയലിൽ നിന്നും മനസ്സിലാകുന്നത്. കാലവർഷം കനത്തതുമൂലവും വെള്ളപ്പൊക്ക സാധ്യത കണക്കിലെടുത്തും മറ്റൊരു അറിയിപ്പുണ്ടാകുന്നതുവരെ ക്യാമ്പുകൾ നിർത്തിവയ്ക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർ സി.7/3006/19 തീയതി 09.08.2019 നം കത്ത് പ്രകാരം ആവശ്യപ്പെട്ടതിനാൽ മറ്റ് ഡിവിഷനുകളിലെ ക്യാമ്പുകൾ നടത്തിയിട്ടില്ല.

മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ ജില്ലാ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെടുന്ന കാര്യമല്ല. കൂടാതെ സബ് സിഡി മാർഗരേഖ സ.ഉ (കൈ) നം 22/18/തസ്വഭവ 14.2.18, അനുബന്ധവിഷയങ്ങൾ ഖണ്ഡിക 8.4 പ്രകാരം ഉൽപ്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പെയിനുകൾ, മേളകൾ എന്നിവ തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുക്കുവാൻ പാടുള്ളതല്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ പ്രത്യേകമായി അനുവദിച്ചിട്ടുള്ളതും വിദൂരപ്രദേശങ്ങളിലെ പട്ടികവർഗ സങ്കേതങ്ങളിലുമാണ് മെഡിക്കൽ ക്യാമ്പുകൾ നടത്താവുന്നത്.

സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി, പദ്ധതി രൂപീകരിച്ച് അംഗീകാരം നേടാതെയും, സർക്കാർ ആശുപത്രികളുടെ ദൈനംദിന പ്രവർത്തനങ്ങളെ പ്രയാസത്തിലാക്കിയും ഇത്തരത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം 33/18.11.2020).

കാലവർഷത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിൽ പടർന്നിട്ടുള്ള സാംക്രമിക രോഗങ്ങൾ ചെറുക്കുന്നതിന് ജില്ലയുടെ വിവിധ ഡിവിഷനുകളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നത് അനിവാര്യമാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 19.06.2020 ലെ 20 നമ്പർ തീരുമാന പ്രകാരമാണ് വിവിധ ഡിവിഷനുകളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചതെന്നും, ചെലവിന് സാധൂകരണം ലഭിക്കാൻ സർക്കാരിലേക്ക് കത്തെഴുതിയിട്ടുണ്ടെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്. **പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവായതിനാൽ സർക്കാർ അംഗീകാരം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അതുവരെ 76,121/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

## 1-18 ഖാദിയൂണിറ്റുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്റ്റ് ഓഫീസർ | |
| പ്രോജക്റ്റ് നം, പേര് | SO.897/19-20, പ്രളയക്കെടുതി മൂലം നശിച്ച ഖാദിയൂണിറ്റുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ | |
| പദ്ധതി അടങ്കൽ | ₹8,00,000/-(വികസനഫണ്ട് ജനറൽ) | |
| പദ്ധതി ചെലവ് | ബിൽ നം/തീയതി | തുക(₹) |
| | 01/22.05.19 | 7,93,000 |

പ്രളയക്കെടുതി മൂലം നശിച്ച വിവിധ ഖാദിയൂണിറ്റുകൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. 2018-19 ൽ പദ്ധതി തുടങ്ങിയെങ്കിലും തുക ചെലവഴിക്കുന്നത് 2019-20 വർഷത്തിലാണ്. ഇ-ടെണ്ടറിംഗ് മുഖേനയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ജില്ലാ ഖാദി പ്രോജക്റ്റ് ഓഫീസറുടെ ഓഫീസിൽ ഇ-ടെണ്ടറിംഗ് നടത്തുന്നതിനുള്ള സൗകര്യമില്ലാത്തതിനാൽ ഹെഡ് ഓഫീസ് മുഖേനയാണ് ഇ-ടെണ്ടറിംഗ് നടത്തിയിട്ടുള്ളത്. മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തതിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ കുമാരൻ ഇൻഡസ്ട്രീസ്, ഈറോഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 20.12.2018 ലെ 10(5) തീരുമാനപ്രകാരം ജില്ലാപഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ്എൻക്വയറി നൽകിയിരുന്നു (നം 1/07.08.2020)

1. ARTCO ഒഴികെയുള്ള രണ്ട് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ടെണ്ടർ ഫോറം വില (1600+GST) ജില്ലാ പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2. ഓരോ സ്ഥാപനവും സമർപ്പിച്ച Tender Schedule (Item Wise BOQ) ഫയലിൽ ലഭ്യമല്ല. ആയത് ഹാജരാക്കേണ്ടതാണ്.

3. ലഭ്യമാക്കിയ താരതമ്യ പത്രിക പ്രകാരം വില കൂടിയ എല്ലാ ഇനങ്ങളിലും കുറഞ്ഞ തുക രേഖപ്പെടുത്തിയിരിക്കുന്നത് ARTCO ആണ്. എന്നാൽ താരതമ്യേന കുറഞ്ഞ എസ്റ്റിമേറ്റ് റേറ്റുള്ള ഇനങ്ങളിൽ അസാധാരണമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. (23/-രൂപ നിരക്കുള്ള ക്രമ നം 9 ലെ ഇനത്തിന് 450/-രൂപയും, 2.50/-രൂപ നിരക്കുള്ള ക്രമ നം 10 ലെ ഇനത്തിന് 1900/-രൂപയും ക്വോട്ട് ചെയ്തിരിക്കുന്നു). ഇക്കാരണത്താൽ ARTCO യെ അപേക്ഷിച്ച് ആദ്യത്തെ ഒരിനത്തിൽ മാത്രം നാമമാത്രമായ കുറവ് രേഖപ്പെടുത്തിയ കുമാരൻ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം Lowest Tenderer ആവുകയും ചെയ്തിരിക്കുന്നു. ഇതൊരു ക്ലറിക്കൽ പിശകായി കണക്കാക്കി നെഗോസിയേഷൻ നടത്തിയിരുന്നെങ്കിൽ ഈ പ്രോജക്റ്റിലെ ആകെ ചെലവ് തുകയിൽ കുറവുണ്ടാകുമായിരുന്നു. ടാബുലേഷൻ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| Sl No | Item | Nos | Estimate Rate | Quoted Rate | | |
|---|---|---|---|---|---|---|
| | | | | RK Enterprises | ARTCO | Kumaran Enterprises |
| 1 | Manufacturing And Supply Of Metal Frame Handlooms | 14 | 43500 | 40890 | 40000 | 43000 |
| 2 | Manufacturing And Supply Of Raat..Etc | 20 | 4500 | 4320 | 3800 | 4500 |
| 3 | Nylon Head 48s | 8 | 1700 | 1649 | 1200 | 1700 |
| 4 | Nylon Head 68s | 2 | 1800 | 1746 | 1300 | 1800 |

| | | | | | | |
|---|---|---|---|---|---|---|
| 5 | Nylon Head 80s | 8 | 2000 | 1940 | 1550 | 2000 |
| 6 | Reed Stainless 48s | 8 | 1600 | 1552 | 1200 | 1600 |
| 7 | Reed Stainless 68s | 2 | 1700 | 1649 | 1200 | 1700 |
| 8 | Reed Stainless 80s | 8 | 1800 | 1746 | 1200 | 1800 |
| 9 | Warping Bobbin 4x3 Inch | 550 | 23 | 22 | 450 | 23 |
| 10 | Pirns 3.25 Inch For 1.5 Inch Shuttle | 2450 | 2.50 | 2376 | 1900 | 2.50 |
| 11 | Shuttle 1 Inch | 33 | 225 | 218 | 225 | 225 |
| 12 | Shuttle 1.5 Inch | 34 | 250 | 242 | 250 | 250 |
| 13 | Maal Small | 10 | 250 | 242 | 250 | 250 |
| Total Cost | | | 8,00,000 | 65,71,888 | 56,03,126 | 7,93,000 |

4. സാധനങ്ങൾ ലഭ്യമായത് സ്റ്റോക്കിലെടുത്തതിന്റേയും വിതരണം നടത്തിയതിന്റേയും വിവരങ്ങൾ, സ്റ്റോക്ക് രജിസ്റ്റർ സഹിതം ലഭ്യമാക്കേണ്ടതാണ്. 09/10/2020ലെ കെ10/2371(എ)/2018-19 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയോടൊപ്പം ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കെടുത്ത് വിതരണം ചെയ്തതായി കണ്ടു. ടെണ്ടർഫോറം വില ജില്ലാ പഞ്ചായത്തിൽ അടവാക്കിയതിന്റെ രസീതുകളും ഹാജരാക്കി. എന്നാൽ ടെണ്ടർ നടപടികളിലെ അപാകതക്ക് വ്യക്തമായ മറുപടി നല്കിയിട്ടില്ല. **8,00,000/-രൂപ അടങ്കലുള്ള ഒരു വാങ്ങലിന് 65 ലക്ഷം രൂപയും 56 ലക്ഷം രൂപയുമൊക്കെ ക്വോട്ട് ചെയ്യാൻ സാധ്യതയില്ലാത്തതാണ്. 2.5 രൂപ വിലയുള്ള ഒരു ഐറ്റത്തിന് 2376 രൂപ ക്വോട്ട് ചെയതു എന്നത് സാമാന്യയുക്തിക്ക് നിരക്കുന്നതല്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികളിൽ കൂടുതൽ അന്വേഷണത്തിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.**

## 1-19 പട്ടികജാതി തൊഴിൽദായക പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S 929/19-20-പട്ടികജാതി തൊഴിൽദായക പദ്ധതി |
| നിർവ്വഹണം | ജില്ലാ ഖാദി വികസന പ്രോജക്റ്റ് ഓഫീസർ |
| ആകെ അടങ്കൽ | 10,00,000/- (വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് | 8,67,599/-( ബിൽ നം CNT.02/06.06.2019)<br>1,26,611/- രൂപ 2018-19 ൽ ചെലവവിച്ചു. |

ഐരാപുരം ഖാദി നെയ്ത്തുകേന്ദ്രത്തിന്റെ അറ്റകുറ്റപ്പണിക്കും, നെയ്ത്തുപകരണങ്ങൾ വാങ്ങുന്നതിനും 35 ലക്ഷം രൂപ അടങ്കലിൽ 2018-19 വർഷം ഒരു ബഹുവർഷ പ്രോജക്റ്റ് രൂപീകരിച്ചിരുന്നു. ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി കരാറുകാരന് നൽകിയ 1,26,611/- രൂപയുടെ ചെലവാണ് 2018-19 ൽ നടത്തിയിട്ടുള്ളത്. സിവിൽ വർക്കുകളേറ്റ് നടത്തിയ കരാറുകാരന് നൽകേണ്ട 8,67,599/- രൂപയുടെ ചെലവാണ് തൻവർഷം നടത്തിയിട്ടുള്ളത്. നെയ്ത്തുപകരണങ്ങൾ വാങ്ങുന്നതിന് 2019-20 വർഷം തുക വകയിരുത്തിക്കാണുന്നില്ല. 10 ലക്ഷത്തോളം രൂപ ചെലവഴിച്ച് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി പൂർത്തീകരിച്ച സാഹചര്യത്തിൽ നെയ്ത്തുപകരണങ്ങൾ സ്ഥാപിക്കുന്നതിലേക്കായി 25 ലക്ഷം രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് 15/7/2019 ലെ K10/24/2018 നമ്പർ കത്ത് ജില്ലാ പഞ്ചായത്തിന് നൽകിയെങ്കിലും തുകയൊന്നും അനുവദിച്ചതായി കണ്ടില്ല. പട്ടികജാതി വിഭാഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിക്കായി 2020-21 വർഷം തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകേണ്ടതാണ്. ഈ പദ്ധതിയുടെ നിലവിലെ അവസ്ഥയും അറിയിക്കേണ്ടതാണ്.

മേൽ പ്രവൃത്തിയുടേയും, കറ്റ, പിണർമുണ്ട, വീട്ടൂർ ഖാദി കെട്ടിടങ്ങളുടെ പൂർത്തീകരണ പ്രവൃത്തികളുടേയും അളവു പുസ്തകങ്ങളിൽ (MB No 03/18-19, 06/18-19) ഫൈനൽ ബിൽ നൽകിയതിന്റേയും നിയമാനുസൃത നികുതികൾ ഈടാക്കിയതിന്റേയും വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തി, പരിശോധനക്ക് നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 07/09.09.2020) ലഭ്യമാക്കിയ മറുപടിയോടൊപ്പം ഫൈനൽ ബിൽ നൽകിയതിന്റേയും, നികുതി ഈടാക്കിയതിന്റേയും വിശദാംശങ്ങൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഐരാപുരം ഖാദി കേന്ദ്രത്തിലേക്ക് നെയ്ത്തുപകരണങ്ങൾ വാങ്ങാൻ 2020-21 വർഷം തുക

വകയിരുത്തിയിട്ടില്ലെന്നാണ് അറിയിച്ചത്. പട്ടികജാതി വിഭാഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാവേണ്ടതാണ്.

## 1-20 പായിപ്ര ഗ്രാമപഞ്ചായത്ത് - തൃക്കളത്തൂർ കാവുംപടി കനാൽബണ്ട്-മുല്ലശ്ശേരിപ്പടി റോഡ് മെയിന്റനൻസ്-അളവ് പുസ്തകത്തിലെ തെറ്റായ രേഖപ്പെടുത്തൽ മൂലം 92,967/-രൂപയുടെ അധിക ചെലവ്

പായിപ്ര ഗ്രാമപഞ്ചായത്തിലെ തൃക്കളത്തൂർ കാവുംപടി കനാൽബണ്ട്-മുല്ലശ്ശേരിപ്പടി റോഡ് മെയിന്റനൻസ് എന്ന വേലയിൽ അളവ് പുസ്തകത്തിലെ തെറ്റായ രേഖപ്പെടുത്തൽ മൂലം 92,967/- രൂപയുടെ അധിക ചെലവും കാലി ബാരലിന്റെ നികുതി ഉൾപ്പെടെയുള്ള വിലയായ 4776/- രൂപയുടെ വരവ് നഷ്ടവും സംഭവിച്ചിട്ടുണ്ട്. വിശദ വിവരം 2-2, 3-2 എന്നീ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-21 പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് - ചാത്തമറ്റം പകൽവീട് നിർമ്മാണം-പദ്ധതി പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം | SO 893/20 (1586/18-19) |
| പ്രോജക്ടിന്റെ പേര് | പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് - ചാത്തമറ്റം പകൽവീട് നിർമ്മാണം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| സാങ്കേതികാനുമതി ,തുക | LSGD /TS/2018-19/108817 തീയതി 11.01.19, 20,00,000/- |
| കരാറുകാരൻ | ശ്രീ. റമീസ്.എം.ഇ |
| കരാർ തുക | 17,49,120.67/- |
| കരാർ ഉടമ്പടി നം. | 507/AEE/LSGD/18-19/ തീയതി.11.01.2019 |
| എം ബുക്ക് | 641/17-18 |

പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിലെ ചാത്തമറ്റം ഗവ.ഹയർസെക്കണ്ടറി സ്കൂളിന് സമീപത്തായി സ്വകാര്യ വ്യക്തിയിൽ നിന്നും ഗ്രാമ പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലത്താണ് പകൽ വീട് നിർമ്മിക്കാനുദ്ദേശിച്ചത്. രണ്ട് നിലകളിലായി നാല് വിശ്രമ മുറികളും, രണ്ട് മുറികൾക്ക് അനുബന്ധമായി ഓരോ ടോയ്ലെറ്റും, ഹാൾ, സിറ്റൗട്ട്, എന്നിവ ഉൾക്കൊള്ളുന്ന കെട്ടിടമാണ് നിർമ്മിക്കാനുദ്ദേശിക്കുന്നതെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നു. കെട്ടിടത്തിന്റെ വിശദമായ പ്ലാനും, സ്ട്രക്ചറൽ ഡ്രോയിംഗും ഫയലില്ല. കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള എല്ലാ പ്രവൃത്തികളും ഉൾക്കൊള്ളിച്ചുള്ള എസ്റ്റിമേറ്റാണ് ഇതിനായി തയ്യാറാക്കിയതെന്ന് പറയുമ്പോഴും. 20,00,000/-രൂപ അടങ്കലുള്ള എസ്റ്റിമേറ്റിൽ ഇലക്ട്രിക്കൽ പ്രവൃത്തിക്കുള്ള തുക നീക്കിവച്ചിട്ടില്ല. ആകെ 20,00,000/- രൂപ അടങ്കലുള്ള പ്രവൃത്തിക്കായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ ലഭിച്ച നാല് ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ എം.ഇ റമീസ് എന്ന കരാറുകാരനുമായി 22.02.2019 ൽ കരാറിലേർപ്പെട്ട് അന്നു തന്നെ സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. കരാർ കാലാവധി ഒരു വർഷമായിരുന്നിട്ടും ഓഡിറ്റ് തീയതിയിലും പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടില്ല. 2019-20 ലെ 885/20 ാം പ്രോജക്റ്റ് പ്രകാരം 4,31,747/-രൂപ പാർട്ട് ബില്ലായി നൽകിയിട്ടുണ്ട്. 2020-21 ൽ തുക വകയിരുത്തിയിട്ടില്ല. പദ്ധതിക്ക് തുക വകയിരുത്തണമെന്നാവശ്യപ്പെട്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 18/12/2020 ൽ സെക്രട്ടറിക്ക് കത്ത് നൽകിയതായി ഫയലിലുണ്ട്. ഈ പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ചോദിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം 71).

1. ഈ പദ്ധതി അനിശ്ചിതമായി നീളാൻ കാരണമെന്താണ് എന്ന് വ്യക്തമാക്കേണ്ടതാണ്.

2. പ്രവൃത്തിയുടെ കാലാവധി നീട്ടി നൽകുവാൻ കരാറുകാരൻ ആവശ്യപ്പെട്ടതായുള്ള രേഖകളൊന്നും ഫയലിൽ കാണുന്നില്ല. കരാറുകാരന്റെ വീഴ്ച മൂലമുള്ള കാലതാമസമാണെങ്കിൽ നിയമാനുസൃത പിഴ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

3. പദ്ധതിയുടെ നിലവിലുള്ള അവസ്ഥ, ഇലക്ട്രിക്കൽ പ്രവൃത്തിക്കുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ.

പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിലെ ജില്ലാ പഞ്ചായത്ത് പ്രവൃത്തിയായ പകൽ വീട് നിർമ്മാണം എന്ന പ്രവൃത്തി എഗ്രിമെന്റ് വച്ച് ഉടനെ തന്നെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചതാണെന്നും, എന്നാൽ താഴത്തെ നില പൂർത്തീകരിച്ച ശേഷം ഒന്നാം നില നിർമ്മാണം ആരംഭിക്കുവാൻ കരാറുകാരന്റെ ഭാഗത്ത് നിന്നും കാലതാമസമുണ്ടായെന്നും, കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ച മൂലം പദ്ധതി വൈകിയതിനാൽ നിയമാനുസൃതമായ പിഴ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുന്നതാണെന്നമാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചതായും, ഇലക്ട്രിക്കൽ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഇലക്ട്രിക്കൽ പാനലിനോട് ആവശ്യപ്പെട്ടിട്ടുള്ളതായും അറിയിച്ചു.

ഫൈനൽ ബില്ലിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ എല്ലാ ഘടകങ്ങളും പരിഗണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതും, ഇലക്ട്രിക്കൽ പ്രവൃത്തി പൂർത്തിയാക്കി, അനുബന്ധ സൗകര്യങ്ങളൊരുക്കിയും, പകൽവീട് പദ്ധതി പൂർണ്ണതയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-22 മുളവുകാട് ഗ്രാമപഞ്ചായത്ത് -പനമ്പുകാട് കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണം

| | |
|---|---|
| പ്രോജക്ട് നം | SO 1669/20 |
| പ്രോജക്ടിന്റെ പേര് | മുളവുകാട് ഗ്രാമപഞ്ചായത്ത് -പനമ്പുകാട് കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| സാങ്കേതികാനുമതി , തുക | LSGD /TS/2018-19/87269 തീയതി 07.11.19, 30,00,000/- |
| കരാറുകാരൻ | ശ്രീ. കെ.പി ഉസ്മാൻ |
| കരാർ തുക | 22,60,543.37/- രൂപ |
| കരാർ ഉടമ്പടി നം. | 149/AEE/LSGD/18-19/ തീയതി.04.12.2019 |
| എം ബുക്ക് | 141/18-19, 143/18-19 |

മുളവുകാട് ഗ്രാമപഞ്ചായത്തിലെ പനമ്പുകാട് കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം എന്ന മേൽ പ്രോജക്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയുടെ പൂർത്തീകരണവും, ഒന്നാംനിലയുടെ റൂഫ് ഷീറ്റ് മേയലുമാണ് വിഭാവന ചെയ്തിരുന്നത്. ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) അളവ് പുസ്തകം 141/18-19 പേജ് 35 ൽ സിമന്റ് പ്ലാസ്റ്ററിംഗ് (ഇനം 12) എന്ന ഇനത്തിന്റെ അളവുകൾ ചേർത്തപ്പോൾ 12 ജനാലകൾ, 1 ഡോർ, 1 ഗ്രിൽഡോർ എന്നിവയുടെ വിസ്തീർണ്ണം ആകെ ഭിത്തിയുടെ വിസ്തീർണ്ണത്തിൽ നിന്നും കുറവു ചെയ്തിരുന്നു. എന്നാൽ ഇനം 13 ൽ വാൾ പെയിന്റിംഗ് ചെയ്ത വിസ്തീർണ്ണം രേഖപ്പെടുത്തിയപ്പോൾ ഒരു ജനാലയുടെ വിസ്തീർണ്ണം മാത്രമേ കുറവ് വരുത്തിയതായി കണ്ടുള്ളൂ (അളവു പുസ്തകം 141/18-19 പേജ് 42). ഇക്കാരണത്താൽ 11 ജനാലകളുടെ വിസ്തീർണ്ണമായ 35.2 ച.മീ.(11X2X1.60) വാൾ പെയിന്റിംഗ് ഇനത്തിൽ അധികമായി ചെയ്തതായി രേഖപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്. ഈയിനത്തിൽ കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കായ 99.32/- രൂപയും 12 % ജി.എസ്.ടി ഉൾപ്പെടെ കണക്കാക്കിയാൽ 3916/-രൂപ (35.2 X99.32 + 12% GST) അധികം നൽകിയിട്ടുണ്ട്. പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. ടി കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ, പ്ലംബിംഗ് പ്രവൃത്തികൾ പൂർത്തിയാക്കി കെട്ടിടം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ചോദിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 67) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ 3916/- രൂപ തിരികെ ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ, പ്ലംബിംഗ് പ്രവൃത്തികൾ പൂർത്തിയാക്കി കെട്ടിടം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെന്നും അറിയിച്ചു.

അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകളിൽ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. അളവുകൾ ചെക്ക് മെഷർ ചെയ്യുന്ന അധികാരികൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതും, അളവു പുസ്തകത്തിലെ തെറ്റായ രേഖപ്പെടുത്തൽ മൂലം കരാറുകാർക്ക് അധികം തുക നൽകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-23 രാമമംഗലം ഗ്രാമപഞ്ചായത്ത് - ഷഡ്കാല ഗോവിന്ദമാരാർ കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം -രേഖകൾ ഹാജരാക്കിയില്ല -4,78,232രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | SO 888/20 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | രാമമംഗലം ഗ്രാമപഞ്ചായത്ത് - ഷഡ്കാല ഗോവിന്ദമാരാർ കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| സാങ്കേതികാനുമതി, തുക | ELE/EE/2019-20/ തീയതി 30.09.18, 2,92,500/- |
| കരാറുകാരൻ | ശ്രീ. ബിന്നി .പി.പോൾ |
| കരാർ തുക | 2,79,896/-രൂപ |
| കരാർ ഉടമ്പടി നം. | 14/AEE/LSGD/19-20/ തീയതി.18.06.2019 |
| എം ബുക്ക് | 869/17-18 |

1. രാമമംഗലം ഗ്രാമപഞ്ചായത്തിലെ ഷഡ്കാല ഗോവിന്ദമാരാർ കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം എന്ന മേൽ പദ്ധതി പ്രകാരം സൗണ്ട് സിസ്റ്റം സ്ഥാപിക്കുന്ന പ്രവ്യത്തിയാണ് ചെയ്തിട്ടുള്ളത്. സുലേഖ സോഫ്റ്റ്‌വെയർ പ്രകാരം മേൽ പദ്ധതിയുടെ ആകെ അടങ്കൽ 11,50,000/-രൂപയും ചെലവ് 7,69,371/-രൂപയുമാണ്. എന്നാൽ ലഭ്യമാക്കിയ ഫയലിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കുന്നതിനായി ചെലവഴിച്ച 2,91,139/-രൂപയുടെ (ഇലക്ട്രിക്കൽ എ.ഇ, എ.എക്സ്.ഇ എന്നിവരുടെ റമ്യൂണറേഷൻ ഉൾപ്പെടെ) ചെലവിന്റെ വിശദാംശങ്ങളേ ഉള്ളൂ. ബാക്കിയുള്ള 4,78,232/-രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. സൗണ്ട് സിസ്റ്റം സ്ഥാപിക്കുന്നതിനായി വാങ്ങിയ വിവിധ ഉപകരണങ്ങളുടെ വിലയും ഇൻസ്റ്റലേഷൻ ചാർജ്ജും അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയാണ് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത്. വാങ്ങിയ സാധനങ്ങളുടെ ഒറിജിനൽ ഇൻവോയ്സ്, അവ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

**ഈ പ്രവ്യത്തിയുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ പരാമർശങ്ങൾക്ക് വിശദീകരണം നൽകമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.68) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 4,78,232/-രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതു വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സൗണ്ട് സിസ്റ്റം സ്ഥാപിക്കുന്നതിനായി വാങ്ങിയ വിവിധ ഉപകരണങ്ങളുടെ വിലയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് വാങ്ങിയ സാധനങ്ങളുടെ ഒറിജിനൽ ഇൻവോയ്സ്, അവ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.**

## 1-24 നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ പേവിംഗ് ടൈൽ ഉപയോഗിച്ച് ഫാം റോഡ് നിർമ്മാണം-കരാർ ലംഘനത്തിന് 49,384 രൂപ പിഴ ഈടാക്കണം

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ പേവിംഗ് ടൈൽ ഉപയോഗിച്ച് ഫാം റോഡ് നിർമ്മാണം എന്ന 7,00,000/- രൂപ അടങ്കലുള്ള പ്രവ്യത്തിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ പി.എം. ഷാജി എന്ന കരാറുകാരൻ ക്വോട്ട് ചെയ്ത 5,77,798/- രൂപയാണ് ഏറ്റവും കുറഞ്ഞ നിരക്കായിരുന്നത്. പ്രവ്യത്തി തുടങ്ങാത്തതിനാൽ ആ കരാറുകാരനെ ഒഴിവാക്കാനും പ്രവ്യത്തിക്കായി റീടെണ്ടർ നടത്താനും പഞ്ചായത്തുകമ്മിറ്റി തീരുമാനിച്ചു. റീടെണ്ടറിൽ ശ്രീ .എൽദോസ് ചാക്കോ എന്ന കരാറുകാരൻ ക്വോട്ട് ചെയ്ത 6,31,946/- രൂപയാണ് ഏറ്റവും കുറഞ്ഞ നിരക്കായിരുന്നത്. ഫൈനൽ ബിൽ പ്രകാരം 6,27,182/- രൂപയാണ് ഈ പ്രവ്യത്തിയുടെ ആകെ പ്രവ്യത്തി മൂല്യം. മേൽ പ്രവ്യത്തിയിൽ ആദ്യം കരാറേറ്റെടുത്ത കരാറുകാരൻ പ്രവ്യത്തി നിർവ്വഹിക്കാത്തതിനാൽ കാലതാമസത്തിനും, 49,384/-രൂപയുടെ (6,27,182-5,77,798) അധികച്ചെലവിനുമിടയാക്കി. വിശദവിവരം ഖണ്ഡിക 2-3 ൽ ചേർത്തിട്ടുണ്ട്.

## 1-25 വിവിധ മരാമത്ത് വേലകളിലെ അപാകതകൾ - തെളിവ് സഹിതം വിശദീകരണം നൽകേണ്ടതാണ് -1,54,330 രൂപ തടസ്സപ്പെടുത്തുന്നു.

എറണാകുളം ജില്ലാ പഞ്ചായത്ത് മരാമത്ത് വിഭാഗം നടത്തിയ വിവിധ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ). മൂക്കന്നൂർ പള്ളിപ്പടി റോഡ് മെയിന്റനൻസ്. (പ്രൊജക്ട് നം. 359/19)

കരാറുകാരൻ - കെ.എ.വർഗീസ്

ഫണ്ട് - മെയിന്റനൻസ് ഫണ്ട് റോഡ്

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

തുക നൽകിയത് – ബിൽ റഫറൻസ് നം - 19110152015400125186 തി-05.04.2019 – 6,50,804/- രൂപ

1. എർത്ത് വർക്ക് എക്സ്കവേഷൻ എം.ബി പേജ് 3 ൽ നാലാമത്തെ വരിയിൽ വീതി 8.8 മീറ്റർ എന്നത് തിരുത്തി 8.5 മീറ്ററാക്കുകയും ആയതിനുസരിച്ച് കണക്കാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതേ സ്ഥലത്ത് Providing And Laying

80mm Thick Factory Made Cement Concrete Interlocking Paver Block എന്ന വേല ചെയ്തപ്പോൾ 8.8 എന്നാണ് കണക്കാക്കിയത്. 0.30 മീറ്റർ ഡീപ്ഡ് ഏരിയ ആയതിനാൽ പ്രസ്തുത ഭാഗത്ത് എർത്ത് വർക്ക് ആവശ്യമായി വന്നില്ല എന്ന മറുപടിയാണ് ആയതിനായി നൽകിയ എൻക്വയറിക്ക് നൽകിയത്.

2. എർത്ത് വർക്ക് എക്സ്കവേഷൻ എം.ബി പേജ് 4 ൽ മൂന്നാമത്തെ വരിയായി 21.7*1.6*0.15 എന്നും നാലാമത്തെ വരിയായി 20* ( 1.6+1.35/2)*0.15 എന്നുമാണ് കാണുന്നത്.എന്നാൽ എക്സ്കവേഷൻ ചെയ്ത സ്ഥലത്ത് Providing And Laying 80mm Thick Factory Made Cement Concrete Interlocking Paver Block എന്ന വേലയുടെ ഡാറ്റയിലും (എം.ബി പേജ് 10) Providing Concrete For Plain/Reinforced Concrete In Open Foundations എന്ന ഡാറ്റയിലും (എം.ബി പേജ് 14) മേൽ സൂചിപ്പിച്ച രണ്ട് ഡാറ്റകൾക്കും ഇടയിലായി 20*1.6 എന്നും 20*.05*.08 എന്നും ചേർത്ത് കാണുന്നു. ഗ്രാണ്ട് നിരപ്പിൽ നിന്ന് താഴ്ന്ന് സ്ഥിരമായി വെള്ളം കെട്ടിക്കിടക്കുന്നിരുന്ന ഭാഗമായത് കൊണ്ട് എർത്ത് വർക്ക് എക്സ്കവേഷൻ ചെയ്യേണ്ടി വന്നില്ല എന്ന് എൻക്വയറിക്ക് മറുപടി നൽകി.

3. എർത്ത് വർക്ക് എക്സ്കവേഷൻ ചെയ്ത അതേ വീതിയിൽ തന്നെയാണ് 80mm Concrete Paver Block വിരിച്ചിരിക്കുന്നത്. കൂടാതെ ഓരോ എക്സ്കവേഷൻ റീച്ചിന്റെയും 0.05m വീതിയിൽ 1:2:4 കോൺക്രീറ്റ് ചെയ്തിട്ടുമുണ്ട്. അതായത് എക്സ്കവേഷൻ ചെയ്ത വീതിയിലും കൂടുതൽ വീതിയിൽ 80mm വിരിക്കലിനും കോൺക്രീറ്റിനും എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ട് സമയങ്ങളായിട്ടാണ് മേൽ വേല ചെയ്തിട്ടുള്ളത്. ആദ്യത്തെ 743.33 M2 ഭാഗത്ത് മേൽ രീതി അവലംബിച്ചപ്പോൾ (എം.ബുക്കിൽ രേഖപ്പെടുത്തിയ തിയതി- 18.02.2019) അവസാനത്തെ 162.16 M2 ന് കോൺക്രീറ്റ് ഡാറ്റയിലെ വീതി എക്സ്കവേഷൻ ഡാറ്റയിൽ നിന്ന് 10cm കുറച്ചിട്ടുണ്ട്. (എം. ബുക്കിലെ തിയതി – 12.05.2020). റോഡിന് ഇരുവശവും പരമ്പരാഗത നീർച്ചാൽ രൂപപ്പെട്ടിരുന്നതിനാൽ ഇന്റർലോക്ക് പേവിംഗിന്റെയും കോൺക്രീറ്റിന്റെയും മൊത്തം വീതിയിൽ എർത്ത് വർക്ക് ചെയ്യേണ്ടി വന്നില്ല എന്ന് മറുപടി ലഭ്യമാക്കി.

4. എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയത് 133.473 M3 സ്ഥലത്താണ്. ലഭിച്ച മണ്ണ് 4713.55 അടി (Cubic Feet) {133.473*35.314}. ഒരു ടിപ്പറിന്റെ കപ്പാസിറ്റി 80-100 അടി മണ്ണാണെന്ന് മനസ്സിലാക്കുന്നു. അങ്ങനെയാണെങ്കിൽ 47-59 ലോഡ് മണ്ണാണെന്ന് കാണുന്നു. പ്രസ്തുത മണ്ണ് സമീപ പ്രദേശങ്ങളിലെ താഴ്ന്ന സ്ഥലത്ത് നിക്ഷേപിച്ചു എന്നാണ് എം.ബിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് വ്യക്തമാക്കാൻ ആവശ്യപ്പെട്ടപ്പോൾ കുഴിച്ചെടുത്ത മണ്ണ് മേൽ റോഡിന്റെ തെക്കേഭാഗത്ത് ഇരു ഷോൾഡറുകളിലുമായും മൂക്കന്നൂർ ഗവ. ഹയർസെക്കന്ററി സ്കൂൾ കോംപൗണ്ടിലുമായി നിക്ഷേപിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി.

മേൽ മറുപടികളുടെ നിജസ്ഥിതി പരിശോധിക്കുന്നതിനായി വേലയുടെ മേൽ നോട്ടം വഹിച്ച അസി എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലം സന്ദർശിക്കുകയുണ്ടായി. മേൽ മറുപടി സാധൂകരിക്കുന്ന യാതൊരു കാര്യവും പരിശോധനയിൽ വ്യക്തമായില്ല. പ്രസ്തുത വർക്കിന്റെ കൃത്യമായ ചെയിനേജ് പോലും അളന്ന് വ്യക്തമാക്കാൻ സാധിച്ചില്ല. മണ്ണ് നിക്ഷേപിച്ചു എന്ന് സൂചിപ്പിച്ചിരിക്കുന്ന വിദ്യാലയത്തിലും ആയത് തെളിയിക്കുന്ന യാതൊന്നും വ്യക്തമാക്കാൻ സാധിച്ചില്ല.

**മേൽ വേലയുടെ കൃത്യമായ അളവും മേൽ മറുപടി സാധൂകരിക്കുന്ന വിവരങ്ങളും തെളിവുകൾ സഹിതം നേരിട്ട് ബോദ്ധ്യപ്പെടുത്തേണ്ടതാണ്. കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗവും വ്യക്തമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽ അപാകതകളിലൂടെ ഉണ്ടായ നഷ്ടം കരാറുകാരന്റെ/നിർവഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമായി കണക്കാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.**

(ബി). എരമല്ലൂർ - കുറ്റിലഞ്ഞി പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ് . (പ്രൊജക്ട് നം. 961/19)

കരാറുകാരൻ - ആന്റണി ദേവസ്സി

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡ്)

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

തുക ലഭ്യമാക്കിയത്.

A. ബിൽ റഫറൻസ് നം - 19110152015400125193 തി-05.04.2019 - 7,17,874 രൂപ

1. എം.ബുക്ക് പേജ് 3 പ്രകാരം 56.224 ക്യൂബിക് മീറ്റർ മണ്ണ് എക്സ്കവേറ്റ് ചെയ്തു. പ്രസ്തുത മണ്ണ് എന്ത് ചെയ്തു എന്ന് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന എൻക്വയറിക്ക് (എൻക്വയറി നം. 63) കുഴിച്ചെടുത്ത മണ്ണ് പ്രസ്തുത റോഡിന്റെ തന്നെ താഴ്ന്ന പ്രദേശത്ത് ലെവൽ ചെയ്തു എന്ന മറുപടി ഹാജരാക്കി.

2. എസ്റ്റിമെറ്റ് റിപ്പോർട്ട് പ്രകാരം 120 മീറ്റർ നിലവിലെ കോൺക്രീറ്റ് ചെയ്ത് തകർന്ന് കിടക്കുന്ന ഭാഗവും 44 മീറ്റർ നിലവിൽ കോൺക്രീറ്റ് ചെയ്യാത്ത ഭാഗവും അടക്കം ആകെ 164 മീറ്ററാണ് എക്സ്കവേറ്റ് ചെയ്യേണ്ടതും കോൺക്രീറ്റ് ചെയ്യേണ്ടതുമായി കാണുന്നത്.എന്നാൽ 152.1 മീറ്ററാണ് എക്സ്കവേറ്റ് ചെയ്തിരിക്കുന്നത്. എക്സ്കവേറ്റ് ചെയ്യാത്ത 25.3 മീ ഭാഗത്ത് കോൺക്രീറ്റിംഗ് നടത്തിയതായും എം.ബുക്കിൽ പേജ് 6,7 എന്നിവയിൽ കാണുന്നുണ്ട്. ഇങ്ങനെ

ചെയ്യാനുണ്ടായ സാഹചര്യം എം.ബുക്കിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. എക്സവേറ്റ് ചെയ്യാത്ത ഭാഗം എന്നത് ചില ഭാഗത്ത് ഒരു മീറ്റർ വീതിയിൽ റാമ്പ് ചെയ്യേണ്ടി വന്ന ഏരിയയാണ് എന്ന് മറുപടിയാണ് ലഭ്യമാക്കിയത്. മേൽ മറുപടികളുടെയും നിജസ്ഥിതി പരിശോധിക്കുന്നതിന് നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തി. റാമ്പ് അടക്കമുള്ള ഭാഗങ്ങൾ പരിശോധിച്ചപ്പോഴും 152.1 മീറ്ററാണ് കോൺക്രീറ്റ് ചെയ്തതായി കാണുന്നത്. എസ്റ്റിമേറ്റ് തുകയിൽ നിന്നും ചെലവ് വളരെ കുറവായിരുന്നത് കൊണ്ട് ബാക്കി തുക കൊണ്ട് മേൽ സ്ഥലത്ത് നിന്ന് 800 മിറ്ററോളം മാറി റോഡിന്റെ സൈഡ് കോൺക്രീറ്റ് ചെയ്തതാണ് മേൽ 25.3 മീറ്റർ എന്ന മറുപടിയാണ് എ.ഇ നൽകിയത്. ജില്ലാ പഞ്ചായത്തിന്റെ അനുമതിയില്ലാത്തെ, എസ്റ്റിമേറ്റിലില്ലാത്ത മേൽ ഏരിയ കോൺക്രീറ്റ് ചെയ്തത് ക്രമവിരുദ്ധമാണ്. **അങ്ങനെ ചെയ്തു എന്ന് പറയപ്പെടുന്ന ഏരിയ എവിടെയാണെന്ന് വ്യക്തമാക്കിത്തരാൻ പോലും സാധിച്ചില്ല. ഈ സാഹചര്യത്തിൽ 25.3 ക്യൂബിക് മീറ്റർ ഏരിയ സ്ഥലം കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്ന തുകയായ 1,54,330 രൂപ( 25.3*6100/M3) ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. മേൽ കോൺക്രീറ്റ് ചെയ്തു എന്ന് പറയപ്പെടുന്ന ഏരിയ അളന്ന് വ്യക്തമാക്കാൻ നിർദ്ദേശിക്കുന്നു. അതോടൊപ്പം കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗവും എസ്റ്റിമേറ്റിലില്ലാത്ത ഏരിയ കോൺക്രീറ്റ് ചെയ്യാനുള്ള സാഹചര്യവും വ്യക്തമാക്കേണ്ടതാണ്.**

(സി). കാരമൂട് - കുമ്മനോട് റോഡ് ,ബി.എം.ബി.സി (പ്രൊജക്റ്റ് നം. 160/19)

കരാറുകാരൻ - ദിനു.കെ.ചന്ദ്രൻ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡ്)

മഴുവന്നൂർ ഗ്രാമ പഞ്ചായത്ത്

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

തുക നൽകിയത് -

A. ബിൽ റഫറൻസ് നം - 19110152015400125345 തി-05.04.2019 - 28,03,838 രൂപ

B. ബിൽ റഫറൻസ് നം - 19110152015400663376 തി-10.10.2019 - 1,51,688 രൂപ

1. എർത്ത് വർക്ക് എക്സ്കവേഷൻ (എംബി പേജ് നം.49), സബ് ബേസ് (എംബി പേജ് നം.50), WMM (എംബി പേജ് നം.51), ബിറ്റുമിനസ് മക്കാഡം (എംബി പേജ് നം.53), ബിറ്റുമിനസ് കോൺക്രീറ്റ് (എംബി പേജ് നം.54) എന്നിവയുടെ വിശദമായ അളവ് എം.ബിയിൽ ഇല്ല. ആയതിന്റെ ലവൽ ഷീറ്റും ഹാജരാക്കിയിട്ടില്ല.

2. ബിറ്റുമിനസ് മക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവയിൽ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് കണക്കാക്കിയത് വിശദമാക്കുക. ബിറ്റുമിനസ് മക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നീ മിക്സുകളുടെ ഡെൻസിറ്റി, ഇവയിലെ ബിറ്റുമിന്റെ ശതമാനം എന്നിവ എൻക്വയറി നം 63/06.02.2021 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. ആയത് ഇതുവരെ ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

**മേൽ അപാകതകൾക്കുള്ള വിശദീകരണം തെളിവുകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.**

## 1-26 റിടെൻഷൻ തുകയുടെ അക്കൗണ്ടിംഗിലെ അപാകതകൾ -തെളിവുകൾ സഹിതം വിശദീകരണം നൽകുക

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളിലെ റിടെൻഷൻ തുകകൾ കൈകാര്യം ചെയ്യുന്നതിൽ ധാരാളം അപാകതകൾ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഓരോ പദ്ധതികളിൽ നിന്നും റിടെൻഷൻ തുക പിടിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുകയും തുക നൽകേണ്ട സമയത്ത് ആയത് പിൻവലിച്ച് മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ട്രഷറി അക്കൗണ്ട് വഴി കരാറുകാരന് നൽകുകയുമാണ് ചെയ്യുന്നത്. അപാകതകൾ ചുവടെ ചേർക്കുന്നു.

1. തുക നൽകിയതായി ജില്ലാ പഞ്ചായത്തിന്റെ ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ കാണുന്ന ചില തുകകൾ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ട്രഷറി അക്കൗണ്ടിൽ വന്നതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആയതിന്റെ വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം. | ചെക്ക് നം. | തുക | ജില്ലാ പഞ്ചായത്ത് ചെക്ക് ഇഷ്യൂ , പേജ് നം. | ഇനം |
|---|---|---|---|---|
| 1 | 5078585 | 2,19,374 | 29 | RMSA , റിടെൻഷൻ |
| 2 | 5030323 | 8,48,187 | 46 | റിടെൻഷൻ |

| | | | | |
|---|---|---|---|---|
| 3 | 5030324 | 8,90,000 | 47 | പ്രൊ.നം.213/19 |
| 4 | 5030325 | 8,73,329 | 47 | പ്രൊ.നം.928/19 |

2. ജില്ലാ പഞ്ചായത്ത് മരാമത്ത് വിഭാഗത്തിന്റെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 08.05.2019 ൽ ലഭ്യമായ 9,62,955/- രൂപയുടെയും 31.08.2019 ൽ ലഭ്യമായ 10,192/- രൂപയുടെയും 18.02.2020 ൽ ലഭ്യമായ 28,000 രൂപയുടെയും 13.03.2020 ൽ ലഭ്യമായ 69,199/- രൂപയുടെയും 31.03.2020 ൽ ലഭ്യമായ 23,67,093/- രൂപയുടെയും വിശദാംശങ്ങൾ ലഭ്യമല്ല. ആയത് ഹാജരാക്കേണ്ടതാണ്.

3. ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി മരാമത്ത് വിഭാഗം ട്രഷറി അക്കൗണ്ടിൽ ലഭ്യമാക്കിയ ചുവടെ ചേർത്തിരിക്കുന്ന തുകകൾ മാസങ്ങൾ കഴിഞ്ഞിട്ടും അതാതിന്റെ ആവശ്യത്തിന് ചെലവാക്കിയതായി കാണുന്നില്ല.

| ക്രമ നം. | ജില്ലാ പഞ്ചായത്ത് ചെക്ക് ഇഷ്യൂ , പേജ് നം. | ചെക്ക് നം, തിയതി. | പ്രൊ.നം./ ഫയൽ നം. | ഇനം. | തുക |
|---|---|---|---|---|---|
| 1 | 54 | 5030340/ 24.06.2019 | 825/18 | റിടെൻഷൻ | 23,120 |
| 2 | 55 | 5030341/ 24.06.2019 | ഡി.പി.3-1638/19 | വ്യക്തമല്ല | 6,54,579 |
| 3 | 154 | 5129715/ 24.10.2019 | 247/19 | റിടെൻഷൻ | 87,474 |
| 4 | 19/ വോള്യം.2 | 5020113/ 31.12.2019 | 1154/19 | റിടെൻഷൻ | 3,78,990 |
| 5 | 19/ വോള്യം.2 | 5020113/ 31.12.2019 | 970/19 | റിടെൻഷൻ | 66,530 |
| 6 | 56/ വോള്യം.2 | 5339410/ 15.02.2020 | 1079/20 | റിടെൻഷൻ | 14,446 |
| 7 | 56/ വോള്യം.2 | 5339410/ 15.02.2020 | 974/20 | റിടെൻഷൻ | 20,575 |
| 8 | 59/ വോള്യം.2 | 5339417/ 28.02.2020 | - | ഡീസൽ ചാർജ്ജ് | 5,748 |
| 9 | 75/ വോള്യം.2 | 5339443/ 06.03.2020 | 1221/20 | റിടെൻഷൻ | 21,207 |

മേൽ ഇനങ്ങളിലെ തുക കരാറുകാരന്/സ്ഥാപനത്തിന് നൽകേണ്ട സമയത്ത് മാത്രമേ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ നിന്ന് പിൻ വലിക്കേണ്ട സാഹചര്യമുള്ളൂ. പ്രസ്തുത തുകകൾ പിൻവലിച്ച് മാസങ്ങളോളം മരാമത്ത് ട്രഷറി അക്കൗണ്ടിൽ സൂക്ഷിക്കേണ്ട സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

4. ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി മരാമത്ത് വിഭാഗം ട്രഷറി അക്കൗണ്ടിൽ ലഭ്യമാക്കിയ ചുവടെ ചേർത്തിരിക്കുന്ന തുകകൾ വിവിധ തരത്തിലുള്ള അപാകതകൾ കാണുന്നു.

| **ക്രമ നം.** | **ജില്ലാ പഞ്ചായത്ത് ചെക്ക് ഇഷ്യൂ , പേജ് നം.** | **ചെക്ക് നം, തിയതി.** | **പ്രൊ.നം./ ഫയൽ നം.** | **ഇനം.** | **അപാകത** |
|---|---|---|---|---|---|
| 1 | 96 | 5030912/ 29.07.2019 | DP15-619/19 | മരാമത്ത് വിഭാഗത്തിലെ പ്രിന്ററിന്റെ ചെലവ്. | ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ചത് 10,878/- രൂപയാണെങ്കിലും ആയതിന് ചെക്ക് നം.5030736 പ്രകാരം നൽകിയത് 8,728/- രൂപയാണ്. |
| 2 | 102 | 5030923/ 08.08.2019 | 1363/19 | RMSA | ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ചത് 4,98,276/- രൂപയാണെങ്കിലും ആയതിന് ചെക്ക് നം.5030764 പ്രകാരം നൽകിയത് 4,83,327/- രൂപയാണ്. |
| 3 | 103 | 5030923/ 08.08.2019 | 803/19 | റിടെൻഷൻ. | ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ചത് 61,732/- രൂപയാണെങ്കിലും ആയതിന് കരാറുകാരന് പിഴ ഇനത്തിൽ 15,933/- രൂപ കുറച്ചാണ് നൽകിയത്.മേൽ തുക |

| | | | | | |
|---|---|---|---|---|---|
| | | | | | ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ തിരിച്ച് ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല. |
| 4 | 153 | 5129715/ 21.10.2019 | - | സർവ്വീസ് ചാർജ്ജ് , ടോണർ റിഫില്ലിംഗ് ചാർജ്ജ്. | ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ചത് 2,723/- രൂപയാണെങ്കിലും ആയതിന് ചെക്ക് നം.5129937 പ്രകാരം നൽകിയത് 4,723/- രൂപയാണ്. |
| 5 | 153 | 5129715/ 21.10.2019 | 1067/19 | റിടെൻഷൻ. | ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ചത് 2,44,094/- രൂപയാണെങ്കിലും ആയതിന് കരാറുകാരന് പിഴ ഇനത്തിൽ 38,782/- രൂപ കുറച്ചാണ് നൽകിയത്. മേൽ തുക ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ തിരിച്ച് ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല. |
| 6 | 170 | 5129745/ 26.10.2019 | 1346/20 | വ്യക്തമല്ല. | ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ചത് 3,89,435/- രൂപയാണെങ്കിലും ആയതിന് ചെക്ക് നം.5129957 പ്രകാരം നൽകിയത് 3,73,856/- രൂപയാണ്. |
| 7 | 180 | 5129768/ 06.11.2019 | 1771/19 | വ്യക്തമല്ല. | ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ചത് 2,68,148/- രൂപയാണെങ്കിലും ആയതിന് ചെക്ക് നം.5129952 പ്രകാരം നൽകിയത് 2,60,123/- രൂപയാണ്. |
| 8 | 7,വോള്യം-2 | 5129780/ 25.11.2019 | 1025/20 | വ്യക്തമല്ല. | ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ചത് 1,83,859/- രൂപയാണെങ്കിലും ആയതിന് ചെക്ക് നം.5129951 പ്രകാരം നൽകിയത് 1,80,181/- രൂപയാണ്. |
| 9 | 9,വോള്യം-2 | 5129782/ 21.11.2019 | 1197/20 | വ്യക്തമല്ല. | ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ചത് 4,98,860/- രൂപയാണെങ്കിലും ആയതിന് ചെക്ക് നം.5129950 പ്രകാരം നൽകിയത് 4,78,904/- രൂപയാണ്. |
| 10 | 14,വോള്യം-2 | 5129794/ 12.12.2019 | 1207/19 | വ്യക്തമല്ല. | ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ചത് 4,33,767/- രൂപയാണെങ്കിലും ആയതിന് ചെക്ക് നം.5129959 പ്രകാരം നൽകിയത് 4,16,415/- രൂപയാണ്. |

മേൽ അപാകതകളെ കുറിച്ച് വിശദീകരണം നൽകേണ്ടതാണ്.

5. വിവിധ വേലകളിലായി മരാമത്ത് വിഭാഗം ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ നൽകിയ തുകയും അതാത് വേലക്ക് പിന്നീട് കരാറുകാരന് നൽകിയ തുകയും തമ്മിൽ വ്യത്യാസം കാണുന്നുണ്ട്. വേല പൂർത്തിയാക്കിയതിൽ വന്ന പിഴ, ജി.എസ്.ടി അടക്കമുള്ള മറ്റ് ഇനങ്ങളിലേക്ക് വക മാറ്റിയത് തുടങ്ങി പല കാരണങ്ങൾ കൊണ്ടും ഇങ്ങനെ സംഭവിച്ചതായി രേഖകളിൽ കാണുന്നുണ്ട്. എന്നാൽ ചില വേലകളിൽ ഇത്തരത്തിൽ തുക വ്യത്യാസം വന്നത് എങ്ങനെയാണെന്ന് വ്യക്തമായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് ചുവടെ ചേർക്കുന്നു. ഏതിനത്തിൽ കുറവ് ചെയ്തതായാലും ആയത് അതത് ഹെഡ്ഡിൽ സർക്കാരിലേക്ക് ഒടുക്കുകയോ, ജില്ലാ പഞ്ചായത്ത് അക്കൌണ്ടിലെ പ്രസ്തുത വേലയിലെ പിഴ പോലെയുള്ള ഇനങ്ങളിലേക്ക് റിടെൻഷൻ എന്ന ലയബിലിറ്റി ഹെഡ്ഡിൽ നിന്നും ജേർണ്ണൽ ചെയ്ത വിവരങ്ങളും നൽകേണ്ടതാണ്.

| ക്രമ നം. | വേല | പെയ്മെന്റ് രജിസ്റ്റർ,പേജ് നം. | ജില്ലാ പഞ്ചായത്തിൽ ഒടുക്കിയ റിടെൻഷൻ തുക. | ചെക്ക് ഇഷ്യൂ രജിസ്റ്ററിലെ പേജ്.നം. | കരാറുകാരന് നൽകിയ തുക, ചെക്ക് നം. |
|---|---|---|---|---|---|
| 1 | കൊടികുത്ത് മല-ചൂണ്ടി റോഡ്. | 5 | 20,733 | 46 | 13,801 / 5030323 |
| 2 | ചേലാമറ്റം അമ്പലം റോഡ് . | 45 | 3,71,348 | 46 | 3,57,835 / 5030323 |
| 3 | മുടിക്കൽ ഡിപ്പോ റോഡ് | 55 | 2,94,435 | 46 | 2,87,694 / 5030323 |
| 4 | Keen A Road | 55 | 1,84,418 | 55 | 1,78,075 / 5030340 |
| 5 | കാപ്പിപ്പിള്ളി-പള്ളിത്താഴം | 51 | 1,83,460 | 55 | 1,78,124 / 5030340 |

| | | | | | |
|---|---|---|---|---|---|
| | റോഡ്. | | | | |
| 6 | ഹോമിയോ ആശുപത്രി, ടെറസ് വേല. | 61 | 2,22,459 | 59 | 27,404 / 5030350 |
| 7 | കല്ലിൽ ഗവ.ഹൈസ്കൂൾ മേൽക്കൂര | 63 | 1,15,299 | 61 | 1,38,183 / 5030350 |
| 8 | കുറുമശ്ശേരി സാംസ്കാരിക നിലയം | 41 | 4,30,287 | 58 | 4,08,771 / 5030249 |
| 9 | വെളിയനാട്- ബ്ളാവം പറമ്പ് റോഡ്. | 5 ,39 | 12,651 , 98,638 | 72 | 98,638 / 5030372 |
| 10 | തൃക്കാരിയൂർ ടെമ്പിൾ സൈഡ് റേഡ് കോൺക്രീറ്റിംഗ്. | 49 | 1,43,616 | 72 | 1,34,644 / 5030372 |
| 11 | റിപ്പബ്ളിക് കനാൽ റോഡ് സൈഡ് പ്രൊട്ടക്ഷൻ | 49 | 6,70,737 | 72 | 5,86,895 / 5030372 |
| 12 | വാരാപ്പിള്ളി മാലിൽ-പുള്ളണി കുഴമ്പിൽ പാലം റോഡ് | 19 | 29,764 | 79 | 50,473 / 5030380 |
| 13 | മേപ്രത്ത് പടി ടാങ്ക് സിറ്റി റോഡ് | 49 | 4,95,047 | 76 | 4,42,509 / 5030378 |
| 14 | സദ്ദാം റോഡ് റിടാറിംഗ് | 51 | 1,98,764 | 77 | 1,93,708 / 5030399 |
| 15 | റേഷൻകട- വച്ചിപ്പറമ്പ് റോഡ് | 55 | 1,88,849 | 78 | 1,85,577 / 5030380 |
| 16 | കുരീക്കാവ് അങ്കണവാടി- കൊള്ളിക്കാട്ട്ശ്ശേരി റോഡ് | 59 | 99,675 | 78 | 94,057 / 5030380 |
| 17 | ശ്രീകൃഷ്ണ സ്വാമി ക്ഷേത്രക്കുളം, ചെങ്ങമനാട് | 47 | 18,250 | 95 | 35,242 / 5030912 |
| 18 | ജയകേരളം- മനക്കാടി റോഡ് | 83 | 2,70,803 | 95 | 2,56,199 / 5030912 |
| 19 | വഴിപ്പുഴ- എടത്തുരുത്ത് റോഡ് | 47 | 1,78,606 | 100 | 1,68,495 / 5030916 |
| 20 | അക്കാട്ടുത്തുരുത്ത് റോഡ് | 77 | 2,99,376 | 100 | 2,93,197 / 5030916 |
| 21 | പള്ളി റോഡ്- നോർത്ത് സൗത്ത് റോഡ് | 47 | 27,509 | 103 | 52,247 / 5030923 |
| 22 | മലയൻ കാട്- നെൽസൺ മണ്ടേല റോഡ്. | 55 | 97,574 | 106 | 91,676 / 5030927 |
| 23 | സിയാൻ കുറുമ്പശ്ശേരി-പുല്ലൻ വേലിക്കാവ് റോഡ്. | 51 | 3,29,354 | 104 | 2,69,367 / 5030925 |
| 24 | പള്ളിത്താഴം ഉമ്പാപ്പാടം- കാരനാട് കാവുമ്പാടം റോഡ് | 63 | 1,92,636 | 104 | 1,76,346 / 5030925 |
| 25 | ഇരപ്പ്-ചീനം ചിറ റോഡ് | 69 | 2,72,939 | 107 | 2,57,773 / 5030927 |
| 26 | ആയുർവേദ | 81 | 2,79,884 | 104 | 2,75,108 / |

| | | | | | |
|---|---|---|---|---|---|
| | ആശുപത്രി റോഡ് | | | | 5030925 |
| 27 | അഡോളസെന്റ് കൗൺസലിംഗ് സെന്റർ | 63 | 2,63,47 | 113 | 79,689 /5030939 |
| 28 | കൊന്നണിക്കാട്-പുന്നമറ്റത്തിൽ താഴം റോഡ് | 67 | 2,84,856 | 116 | 2,75,869 / 5030940 |
| 29 | വനിതവ്യവസായ കേന്ദ്രം | 67 | 1,71,891 | 113 | 1,50,405 / 5030939 |
| 30 | മോഡേൺ ക്രിമറ്റോറിയം | 12 ,58 | 21,375+36,307 | 132 | 36,307 / 5030977 |
| 31 | പരീക്കാ പീടിക-കാക്കനാട് കടവ് റോഡ് | 57 | 1,84,436 | 132 | 1,75,168 / 5030977 |
| 32 | മുണ്ടക്കോട്ട് ചിറ-ഓട്ട് കമ്പനിപ്പടി റോഡ് | | 1,42,796 | 132 | 1,41,234 /5030977 |
| 33 | ലേഡീസ് റസ്റ്റിംഗ് റൂം, മഞ്ഞപ്ര | 83 | 1,37,880 | 132 | 1,28,358 / 5030977 |
| 34 | മംഗലപ്പറമ്പ് അത്തിക്കൽ ചാണയിൽ റോഡ് | 115 | 0 | 140 | 1,34,386 / 5030987 |
| 35 | ആല്യംകുളം നവീകരണം | 105 | 15,955 | 140 | 69,777 / 5030987 |

6. ചിറപ്പുറം ലിഫ്റ്റ് ഇറിഗേഷൻ, പൈപ്പ് ചേഞ്ചിംഗ്, ചെക്ക് ഡാം, കീഴ്മാട് എന്ന വേലയുടെ ഫസ്റ്റ് ആൻഡ് ഫൈനൽ പെയ്മെന്റ് എന്ന് പെയ്മെന്റ് രജിസ്റ്റർ പേജ് 121 ൽ 65,403/- രൂപ കരാറുകാരൻ ശ്രീ കെ.ഒ.ജോർജ്ജിന് നൽകിയതായി കാണുന്നു. ഇതേ വേലക്ക് പെയ്മെന്റ് രജിസ്ററർ പേജ് നം.93 പ്രകാരം സെക്കന്റ് ആൻഡ് ഫൈനൽ പെയ്മെന്റ് എന്ന് രേഖപ്പെടുത്തി മറ്റൊരു കരാറുകാരനായ ശ്രീ ഹനീഫ എം.എ ക്ക് 3,32,489/- രൂപ നൽകിയതായി കാണുന്നു. രണ്ടിടത്തും റിടെൻഷൻ പിടിച്ചതായി കാണുന്നില്ല.എന്നാൽ ചെക്ക് ഇഷ്യൂ രജിസ്ററർ പേജ് നം.94 പ്രകാരം ഇതേ വേലക്ക് 1,15,090/- രൂപ റിടെൻഷൻ തുക പിടിച്ചത് കരാറുകാരന് നലകിയതായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

7. ജില്ലാ പഞ്ചായത്തിന്റെ ചെക്ക് ഇഷ്യൂ രജിസ്റററിൽ രേഖപ്പെടുത്തിയിട്ടുള്ള കരാറുകാരന് തിരികെ നൽകിയ റിടെൻഷൻ തുകയുടെ കൃത്യത പരിശോധിക്കാനുള്ള ഏക രേഖ മരാമത്ത് ഓഫീസിൽ സൂക്ഷിക്കുന്ന പെയ്മെന്റ് രജിസ്റററാണ്. എന്നാൽ 2018 നവംബറിന് മുൻപുള്ള ഇത്തരത്തിലുള്ള രേഖയൊന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സമയത്ത് വേലകളിൻ മേൽ നൽകിയ റിടെൻഷൻ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത വിവരം പരിശോധിക്കണമെങ്കിൽ ഓരോ വേലയുടെയും ഫയലുകൾ പരിശോധിക്കേണ്ട സാഹചര്യമാണ്. വേലകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഓരോ വേലയിൽ നിന്നും പിടിച്ച് ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കിയ റിടെൻഷൻ തുക ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം. | പ്രൊജക്ട് നം. | വേലയുടെ പേര് |
|---|---|---|
| 1 | 825/18 | പുതുപ്പണം കൃഷിഭവൻ റോഡ്, പൂതൃക്ക |
| 2 | 959/19 | കാരമൂട് -കുമ്മനോട് റോഡ് , മഴവന്നൂർ |
| 3 | 395/19 | മുത്തോക്കിത്താഴം-പൂതുമനൂർ റോഡ്, പുത്തൻ കുരിശ് |
| 4 | 571/18 | കുറിച്ചിക്കുളം-കുറിച്ചിപ്പാടം റോഡ് പ്രൊട്ടക്ഷൻ |
| 5 | 261/18 | മറ്റത്താംകടവ് ബ്രിഡ്ജ് റോഡ് മുളംതുരുത്തി |
| 6 | 1519 | Compound Wall Construction Of West Kadungalloor, GHSS |
| 7 | 924/19 | കൈനിക്കര ലിഫ്റ്റ് ഇറിഗേഷൻ, കടുങ്ങല്ലൂർ |
| 8 | 945/19 | ചുണങ്ങംവേലി-കെട്ടേക്കാട് റോഡ് ടൈൽ വർക്ക്, കീഴ്മാട് |
| 9 | 934/19 | കുറ്റിപ്പുഴ-ജെ.ബി.എസ് ചന്ദിത്തിൽ റോഡ് |

| | | |
|---|---|---|
| | | റിടാറിംഗ് |
| 10 | 942/19 | മൂക്കന്നൂർ-പള്ളിപ്പടി റോഡ് മെയിന്റനൻസ് |
| 11 | 940/19 | ചോലപ്പാറ-തക്കാളിപ്പുറം റോഡ് |
| 12 | 792/19 | വടയപറമ്പ്-തലിയചിറപ്പടി റോഡ്, എടക്കാട്ടുവയൽ |
| 13 | 978/19 | പുളിന്താനം -കോളനി റോഡ്, പോത്താനിക്കാട് |
| 14 | 1195 | കാവുങ്കൽ പറമ്പ്-പാലക്കാട്ട് താഴം റോഡ്, പായിപ്ര |
| 15 | 961/19 | എരമല്ലൂർ-കുറ്റിലഞ്ഞി പള്ളിപ്പടി റോഡ് |
| 16 | 947/19 | മങ്ങാട്ട് പടി-പരുത്തിമാലിറോഡ്, കവളങ്ങാട് |
| 17 | 1585/19 | ഹോമിയോ ഹോസ്പിറ്റൽ, ടെറസ് |
| 18 | 1329/19 | വളപ്പുജെട്ടി റോഡ്, കൾവർട്ട് സൈഡ് പ്രൊട്ടക്ഷൻ |
| 19 | 1191/19 | അന്തിക്കാട് റോഡ്, കരുമാല്ലൂർ |
| 20 | 113/19 | വട്ടത്തറപ്പടി -ഓണംവേലി റോഡ്, വെങ്ങോല |
| 21 | 1005/19 | മസ്ജിദ് റോഡ്,മെറ്റലിംഗ്, ടാറിംഗ്, എളങ്കുന്നപ്പുഴ |
| 22 | 157/19 | തോട്ടക്കര-ഉടുമ്പൻകര റോഡ്, ആരക്കുഴ |
| 23 | 889/9 | RPS-പൊലീസ് സ്റ്റേഷൻ, റോഡ്, പോത്താനിക്കാട് |
| 24 | 938/19 | തൃക്കാവ് പാലം-മുത്തിത്താഴം റോഡ്, പായിപ്ര |
| 25 | 966/19 | നെച്ചൂർ പള്ളിപ്പടി-പുത്തൻ നട റോഡ്, മണീട് |
| 26 | 967/19 | പാമ്പ്ര-ചാത്തൻപാടം റോഡ്, മണീട് |
| 27 | 313/19 | പീടികപ്പടി-തണ്ടിക്കപ്പറമ്പ് റോഡ്, കടുങ്ങല്ലൂർ |
| 28 | 86/19 | കാന്തനാരുചിറ-കണ്ണ്യാട്ട് നിരപ്പ്-2nd Reach |
| 29 | 976/19 | കോട്ടപ്പിള്ളി-കരിങ്ങാട്ട് മാലിൽ റോഡ്, വാരപ്പെട്ടി |
| 30 | 1129/19 | ഞാറയ്ക്കൽ GVHSS Girls Resting Room |
| 31 | 1117/19 | ഏഴിക്കര GVHSS Vanitha Resting Room |
| 32 | 993/19 | ഓടക്കാലി GVHSS Vanitha Resting Room |
| 33 | 1561/19 | എടത്താക്കര-കുരുവിലിത്താഴം എട്ടമല, വെങ്ങോല |
| 34 | 979/19 | മറ്റത്താംകടവ് റോഡ്, മുളന്തുരുത്തി |
| 35 | 779/19 | മങ്ങാട്ട് പടി-പരുത്തിമാലി റോഡ് , കവളങ്ങാട് |
| 36 | 1570/19 | പറപ്പിള്ളിച്ചിറ നവീകരണം, വെങ്ങോല |
| 37 | 999/19 | ബട്ടവത്തോട് സൈഡ് പ്രൊട്ടക്ഷൻ, കടുങ്ങല്ലൂർ |
| 38 | 982/19 | ഷട്കാല ഗോവിന്ദമാരാർ സ്മാരക, കമ്മ്യൂണിറ്റി ഹാൾ-രാമമംഗലം |
| 39 | 552/17 | തിരുവല്ലൂർ എൽ.ഐ സ്കീം, ആലങ്ങാട് |
| 40 | 1480/19 | മുടക്കരായി-പുന്നയം റോഡ്, രാമമംഗലം |
| 41 | 308/19 | അത്തൂർ കോളനി റോഡ് റിടാറിംഗ്, ആരക്കുഴ |
| 42 | 875/19 | പെരുമണി മേരിനഗർ,ഒറ്റത്താണി റോഡ്, വെങ്ങോല |
| 43 | 1388/19 | നടുത്തുരുത്ത്-കുടാലപ്പാട് റോഡ്, കുവപ്പടി |
| 44 | 142/19 | കുറ്റിലഞ്ഞി-പുതക്കുടപ്പടി റോഡ് , നെല്ലിക്കുഴി |
| 45 | 1282/19 | കോട്ടശ്ശേരി-വാഴച്ചാൽ റോഡ്, പാറക്കടവ് |
| 46 | 1545/19 | മണ്ണൂർ മോളം-ഇരുമലപ്പടി റോഡ്, |

| | | |
|---|---|---|
| | | കോട്ടപ്പടി |
| 47 | 154/19 | ഓണമ്പിള്ളി-കുത്തുപറമ്പ് റോഡ്-ഒക്കൽ |
| 48 | 1498/19 | പടമറ്റം-കോഴിച്ചാൽ റോഡ്-രാമമംഗലം |
| 49 | 646/18 | പുറയാർ ഇറിഗേഷൻ കനാൽ റോഡ്-ചെങ്ങമനാട് |
| 50 | 1363/19 | ചോലക്കടി Deepening, മഴവന്നൂർ |
| 51 | 196/18 | കാഞ്ഞിരക്കുന്ന് പാണൻ കുരുത്തോട്ടം റോഡ്, കുവപ്പടി |
| 52 | 803/19 | ചാണകത്തിപ്പറമ്പ് കനാൽ ബണ്ട് റോഡ്, പാറക്കടവ് |
| 53 | 1354/19 | ചേലകത്തിനാൽ-വേഴപ്പറമ്പ്,പാമ്പാക്കട |
| 54 | 1006/19 | ചാമുണ്ഡി റോഡ്, എളങ്കുന്നപ്പുഴ |
| 55 | 1007/19 | കർത്തേടം ജട്ടി റോഡ്, എളങ്കുന്നപ്പുഴ |
| 56 | 364/19 | വടവ്കോട് ഫാർമേഴ്സ് ബാങ്ക്-വടയമ്പാടി റോഡ്, പുത്തൻ കുരിശ് |
| 57 | 904/20 | മസ്ജിദ് റോഡ്, എളങ്കുന്നപ്പുഴ |
| 58 | 26/18 | വലിയകുളം നവീകരണം, പാറക്കടവ് |
| 59 | 1166/19 | Maintenance Of GHSS Mulanthuruthi |
| 60 | 1325/19 | മനസ്സാട്ട്പീടിക, വനിതക്ഷേമ കേന്ദ്രം, ഐക്കരനാട് |
| 61 | 986/19 | അങ്കണവാടി നിർമ്മാണം, പള്ളിപ്പുറം |
| 62 | 1033/19 | അങ്കണവാടി നിർമ്മാണം, പാറക്കടവ് |
| 63 | 1018/19 | കൈപ്പാഞ്ചിറ-കുളങ്ങരപ്പടി റോഡ്, ഇലഞ്ഞി |
| 64 | 629/19 | നെല്ലിക്കുഴി ജി.എച്.എസ്, കവാടം റോഡ്, നെല്ലിക്കുഴി |
| 65 | 1179/18 | പുത് വൈപ്പ് ലൈറ്റ് ഹൗസ് -ബേസിൽ റോഡ്, എളങ്കുന്നപ്പുഴ |
| 66 | 205/19 | ഓണക്കൂർ ദേവി ക്ഷേത്രം-മുക്കലേൽപടി അമ്പലമേട് റോഡ്, പാമ്പാക്കട |
| 67 | 1013/19 | പള്ളിപ്പടി ഒലിമക്കൽ റോഡ്, പായിപ്ര |
| 68 | 1034/19 | മൊതക്കാട് എസ്.സി.കോളനി -പാറക്കടവ് |
| 69 | 1323/19 | പൂത്താങ്കുഴി നമ്പേലിക്കോളനി-അശമന്നൂർ |
| 70 | 850/19 | ഇരമല്ലൂർ-പട്ടലായി റോഡ്, നെല്ലിക്കുഴി |
| 71 | 166/19 | അണിക്കാട്-നടുക്കര എസ്.സി കോളനി റോഡ്, ആവോലി |

8. പെയ്മെന്റ് രജിസ്റ്ററിലെ പേജ് നം.149 ൽ സീരിയൽ നം 252 ആയി രേഖപ്പെടുത്തിയ വേലയിൽ 9,755/- രൂപ ഫൈൻ ആയിട്ടാണ് രേഖപ്പെടുത്തിയത്. എന്നാൽ സെക്രട്ടറിയുടെ ട്രഷറി പാസ്ബുക്കിൽ മേൽ ഇനം റിടെൻഷൻ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

9. റിടെൻഷൻ, ജി.എസ്.ടി, ഐ.ടി, വെൽഫയർ ഫണ്ട്, തുടങ്ങിയവ ലയബിലിറ്റിയാണ്. ഇരട്ടിപ്പ് ഒഴിവാക്കുന്നതിനായി ലയബിലിറ്റി തുകകൾ വിശദമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എറണാകുളം ജില്ലാ പഞ്ചായത്തിൽ ഇത്തരത്തിൽ മേൽ ഇനങ്ങൾക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

10. ഓരോ വേലക്കും പാർട്ട് ബിൽ ചെലവ് നൽകുമ്പോൾ അതിൽ നിന്ന് റിടെൻഷൻ പിടിക്കുന്നത് ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. പിന്നീട് റിടെൻഷൻ തിരികെ നൽകുമ്പോൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ടി തുക രേഖപ്പെടുത്തി സെക്രട്ടറി/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

മേൽ അപാകതകൾ ഉൾപ്പെടുത്തി നം.38/30.11.20, 42/30.12.20 എന്നീ ഓഡിറ്റ് എൻക്വയറികൾ മുഖാന്തിരം ജില്ലാ പഞ്ചായത്തിൽ നിന്ന് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകളുടെ വിശദീകരണം തെളിവുകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-27 എ.ബി.സി. പ്രോഗ്രാം- പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | S 0877/19-20- എ.ബി.സി. പ്രോഗ്രാം |
| നിർവ്വഹണം | കുടുംബശ്രീ ജില്ലാ മിഷൻ കോ |

| | |
|---|---|
| | ഓർഡിനേറ്റർ |
| ആകെ അടങ്കൽ | 17,22,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 17,22,000/- (ബിൽ നം CNT.01/18.05.19 ) |

നായ്ക്കളുടെ ജനനനിയന്ത്രണത്തിലൂടെ (Animal Birth Control) തെരുവുനായ ശല്യം നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. എ.ബി.സി പരിപാടിയുടെ നിർവ്വഹണത്തിനായി കുടുംബശ്രീ രൂപീകരിക്കുന്ന മൈക്രോ സംരംഭക യൂണിറ്റുകളെ അംഗീകൃത ഏജൻസികളായി ഉൾപ്പെടുത്തിയും, ഒരു തെരുവ് നായയെ പിടിച്ച് വന്ധ്യംകരിച്ചതിന് ശേഷം തിരികെ വിടുന്നതുവരെയുള്ള ചെലവ് തുക 2100/-രൂപയായി നിർണ്ണയിച്ചും സർക്കാർ ഉത്തരവായിട്ടുള്ളതാണ് (GO (Rt)No 1450/17/LSGD Dated 05.05.2017). 2019-20 വർഷം താഴെ പട്ടികയിൽ കാണും വിധം കുന്നുകര, പുത്തൻവേലിക്കര, തിരുമാറാടി എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് എ.ബി.സി. പരിപാടി നടത്തിയിട്ടുള്ളത്.

| പഞ്ചായത്തിന്റെ പേര് | അടവാക്കിയ തുക | ജനനനിയന്ത്രണം നടത്തിയ നായകളുടെ എണ്ണം | കുടുംബശ്രീ മൈക്രോ സംരംഭ യൂണിറ്റിന്റെ പേര് |
|---|---|---|---|
| കുന്നുകര | 3,15,000 | 150 | സുരക്ഷ ABC യൂണിറ്റ്, ആലങ്ങാട് |
| പുത്തൻവേലിക്കര | 10,50,000 | 500 | ജനിക ABC യൂണിറ്റ് , മലയാറ്റൂർ |
| തിരുമാറാടി | 3,57,000 | 170 | BE PROUD യുവശ്രീ യൂണിറ്റ് |
| ആകെ | 17,22,000 | 820 | 820 X 2100 =17,22,000/- |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട കണ്ടെത്തിയ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറികൾ നൽകിയിരുന്നു (നം 2/26.08.20 & 10/13.10.20 ). അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജനിക എ.ബി.സി. യൂണിറ്റ്, നീലേശ്വരം, ബി പ്രൗഡ് എ.ബി.സി. യൂണിറ്റ്, വടവുകോട്, സുരക്ഷ എ.ബി.സി. യൂണിറ്റ്, ആലങ്ങാട് എന്നിവ വഴിയാണ് ജില്ലാ പഞ്ചായത്തിന്റെ 2019-20 ലെ എ.ബി.സി. പരിപാടി നടത്തിയിട്ടുള്ളത്. ഈ യൂണിറ്റുകൾ വഴി മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എ.ബി.സി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. നായ്ക്കളെ പിടിച്ച് വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുന്നതിനും നിർദ്ദേശിക്കപ്പെട്ട ശുശ്രൂഷ നൽകുന്നതിനുള്ള അടിസ്ഥാന സൗകര്യം മേൽ യൂണിറ്റുകൾക്കുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന എൻക്വയറിക്ക് മറുപടി നൽകിയില്ല.

3. ജനിക എ.ബി.സി. യൂണിറ്റ്, നീലേശ്വരത്തിന്റെ ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ 04.11.2019 ലാണ് കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും 10,50,000/- രൂപ അക്കൗണ്ട് ട്രാൻസ്ഫർ വഴി കൈമാറിയതായി കാണുന്നത്. അന്നുതന്നെ 2075414 നമ്പർ ചെക്ക് മുഖേന മുഴുവൻ തുകയും പിൻവലിച്ചതായി കാണുന്നു. 500 നായകളെ വന്ധ്യംകരിച്ചതിന് യൂണിറ്റിന് ലഭ്യമായ 10,50,000/-രൂപയിൽ, സംരംഭക യൂണിറ്റ് വിഹിതമായ 5,00,000/- രൂപയൊഴികെ ഡോക്ടർക്കുള്ള വേതനമായ 2,00,000/- രൂപ, മരുന്നിനും അനുബന്ധ ഉപകരണങ്ങൾക്കുമുള്ള 2,50,000/- രൂപ, നായയുടെ ഭക്ഷണത്തിനും യാത്രാചെലവിനുമുള്ള 1,00,000/-രൂപ എന്നിവ പണമായി വിതരണം ചെയ്തത് ശരിയായ നടപടിയല്ല. ഒരു കൈപ്പറ്റ് രസീതല്ലാതെ തുക കൈമാറിയതിന് യാതൊരു രേഖകളുമില്ല. അതുകൊണ്ട് തന്നെ പണമിടപാടിന്റെ ആധികാരികത ഓഡിറ്റിൽ പരിശോധിക്കാനാവുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മറ്റ് യൂണിറ്റുകളും ഇപ്രകാരം തന്നെയാണ് തുക വിനിമയം ചെയ്തിരിക്കുന്നത്.

4. കുടുംബശ്രീ ജില്ലാ മിഷൻ സംരംഭക യൂണിറ്റുകളുമായുണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ പ്രകാരം നായകളെ പിടിക്കുന്ന ദിവസം മുൻകൂട്ടി തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മോണിറ്ററിംഗ് കമ്മിറ്റിയെ അറിയിക്കേണ്ടതും വാർഡ് മെമ്പർമാരുടെ സാന്നിദ്ധ്യം നായ്ക്കളെ പിടിക്കുന്ന അവസരത്തിൽ ഉറപ്പു വരുത്തേണ്ടതുമാണ്. കൂടാതെ അതാത് ബ്ലോക്കിലെ ബന്ധപ്പെട്ട ബ്ലോക്ക് കോ-ഓർഡിനേറ്ററെ മുൻകൂട്ടി കാര്യങ്ങൾ അറിയിക്കേണ്ടതുമാണ്. ഈ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാനാവശ്യമായ യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതും മോണിറ്ററിംഗ് സമിതി റിപ്പോർട്ടുകളും ലഭ്യമാക്കേണ്ടതുമാണ്.

5. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ സാക്ഷ്യപത്രവും അനുബന്ധ രേഖകളും കിട്ടിയതിനു ശേഷം മാത്രമേ യൂണിറ്റിന് ജില്ലാ മിഷനിൽ നിന്നും തുക കൈമാറുകയുള്ളൂവെന്നാണ് കരാറിലെ 5ാം വ്യവസ്ഥയിലുള്ളത്. ഇതനുസരിച്ച് ഒക്ടോബർ - നവംബർ മാസങ്ങളിലാണ് ബന്ധപ്പെട്ട യൂണിറ്റുകൾക്ക് തുക കൈമാറിയിട്ടുള്ളതെങ്കിലും, ഈ പ്രോജക്ട് പ്രകാരമുള്ള 17,22,000/- രൂപയും 2019 മെയ് മാസത്തിൽ തന്നെ ബിൽ നം CNT.01/18.05.19 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച്, കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്ററുടെ പേരിലുള്ള 711011400000044 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് മാറ്റിയിരിക്കുകയാണ് ചെയ്തിട്ടുള്ളത്. പരിപാടി ഏറ്റെടുത്ത് നടത്തിയ ഓരോ കുടുംബശ്രീ സംരംഭങ്ങൾക്കും എപ്രകാരമാണ് തുക കൈമാറിയിട്ടുള്ളതെന്ന് വ്യക്തമല്ല.

6. കൂടാതെ 1961 ലെ ആദായനികുതി നിയമം 194 (ജെ) വകുപ്പ് പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്കുള്ള പ്രതിഫലമായി ഒരു വർഷം 30000/- രൂപയിൽ അധികരിക്കുന്ന തുക നൽകുമ്പോൾ ആദായനികുതിയിനത്തിൽ 10% തുക സ്രോതസ്സിൽ കുറവ് ചെയ്ത് സർക്കാരിലേക്ക് ഒടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ആദായനികുതി ഈടാക്കിയതിന്റേയും ബന്ധപ്പെട്ട കുടുംബശ്രീ മൈക്രോ സംരംഭങ്ങൾക്ക് തുക നൽകിയതിന്റേയും രേഖകൾ ഹാജരാക്കേണ്ടതാണ്.

7. മൂന്ന് പഞ്ചായത്തുകളിൽ മാത്രമാണ് 2019-20 വർഷം എ.ബി.സി പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ബാക്കിയുള്ള പഞ്ചായത്തുകളിൽ മുൻവർഷങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ ചെലവ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി നൽകേണ്ടതും, ഈ പദ്ധതിയുടെ നാളിതുവരെയുള്ള ചെലവ് വിവരങ്ങളും, പദ്ധതി പുരോഗതി റിപ്പോർട്ടും ലഭ്യമാക്കേണ്ടതുമാണ്.

## <u>1-28 കേസ് വാദിക്കാൻ സ്റ്റാന്റിംഗ് കൗൺസിൽ ഹാജരായില്ല, പരാതിക്കാരന് അനുകൂലമായ വിധി</u>

ജില്ലാ പഞ്ചായത്ത്, എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയർ എന്നിവരെ യഥാക്രമം ഒന്നും രണ്ടും എതിർകക്ഷികളായി ശ്രീ ഔസേഫ്.പി.ഉറുമത്ത് എന്നയാൾ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.23790/2013 ൽ, ടിയാൻ കരാറുകാരനായി 2011-12 വർഷം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതിയായ Extension Of Pipeline Providing CC Canal For Parassery Lift Irrigation Scheme Under Kunnukara GP (പ്രോജക്ട് നം എസ്.0018/12) എന്ന പ്രവർത്തിയുടെ ആകെ തുകയുടെ ഗുണഭോക്തൃവിഹിതമായ, 10% 133416.68 രൂപ 9% പലിശയടക്കം നൽകണമെന്നായിരുന്നു ആവശ്യം. 22-10-18 ൽ പരാതിക്കാരന് അനുകൂലമായി വിധിവന്നു. പരാതിക്കാരൻ കോടതിവിധി നടപ്പാക്കി കിട്ടാൻ വിധിപകർപ്പ് അടക്കം 04-01-19 ന് അപേക്ഷ നൽകിയപ്പോൾ മാത്രമാണ് 2013 ൽ ആരംഭിച്ച കേസ് വിധിയായ വിവരം ജില്ലാപഞ്ചായത്ത് അറിയുന്നത്.

ഇതിനെ തുടർന്നുള്ള അന്വേഷണത്തിലാണ് ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കൗൺസിലായ അഡ്വ.ദിലീഷ് ജോൺ ജില്ലാപഞ്ചായത്ത് നൽകിയ കാര്യവിവരണപത്രിക 18.10.2013 ൽ കൈപ്പറ്റിയെങ്കിലും ഒരിക്കൽ പോലും ഈ കേസ് വാദിക്കാനായി കോടതിയിൽ ഹാജരായിട്ടില്ല എന്ന് അറിയുന്നത്. ബഹു.കേരള ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ 22-10-18 ലെ വിധിയിലെ ഖണ്ഡിക 12 ൽ " The District Panchayat Has Also Not Entered Appearance Or Filed Any Counter Affidavit “ എന്ന് വ്യക്തമായി പറയുന്നുണ്ട്. കൂടാതെ ഈ വിഷയത്തിൽ ഗവൺമെന്റ് പ്ളീഡർ അഡ്വ.സുനിൽകുമാർ കുര്യാക്കോസ് 11-12-18 ൽ നല്കിയ നിയമോപദേശത്തിലും (പേജ് 5ഖണ്ഡിക 9) 'But The District Panchayat Have Completely Failed Even To Appear Before This Court To Contest The Manner. The Above Matter Have Been Posted Before This Court In More Than Ten Occasions And This Court Have Very Seriously Asked For

The Appearance Of The District Panchayath For Hearing.” കൂടാതെ LSGD ലെയ്സൺ ഓഫീസർ മുഖേനയും ജില്ലാ പഞ്ചായത്തിനോട് കേസിൽ ഹാജരാകാൻ അറിയിച്ചിരുന്നതായും പറയുന്നു.

ബഹു.കേരള ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ 22-10-18 ലെ വിധിയെ തുടർന്ന്, 15-2-19 ലെ ജില്ലാ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം എൽ എസ് ജി ഡി എക്സി.എഞ്ചിനീയർ, പരാതിക്കാരന് കോടതി നിർദ്ദേശപ്രകാരമുള്ള തുകയായ 1,33,416.68 രൂപ, 9% പലിശയടക്കം 2,11,992/- രൂപ 05-03-19 ൽ നൽകിയതായി കാണുന്നു. എക്സി.എഞ്ചിനീയറുടെ 25.02.19 ലെ 332/18-19 നമ്പർ റിക്വിസിഷൻ പ്രകാരം ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് 02.03.19 ലെ 5063568 ചെക്ക് നമ്പർ മുഖേനയാണ് ഹർജിക്കാരന് തുക നൽകിയത്.

പരാതിക്കാരനായ കോൺട്രാക്ടർ ശ്രീ.ഔസേഫ്.പി.ഉറുമത്ത് ജില്ലാ പഞ്ചായത്തുമായി 16-01-2012 ൽ ഏർപ്പെട്ട കരാറിലും, ജനകീയാസൂത്രണ പദ്ധതികൾക്കായുള്ള 14-05-2007 ലെ ജി.ഒ.(എം.എസ്)നം.128/2007/LSGD ഉത്തരവിലും ഗുണഭോക്തൃവിഹിതമായ 10% കുറവ് ചെയ്ത തുകയാണ് കരാറുകാരന് അർഹതയുള്ളതെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇക്കാര്യം കോടതിയെ കൃത്യമായി ബോധ്യപ്പെടുത്തുക എന്ന കാര്യത്തിന് പോലും കേസ് നടന്ന അഞ്ചുവർഷത്തിൽ ഒരുതവണ പോലും അഡ്വ.ദിലീഷ് ജോൺ ശ്രമിച്ചിട്ടില്ല. കേസ് നാൾവഴി പരിശോധിച്ചാൽ ബോധപൂർവ്വമായ ഉപേക്ഷ എന്ന് വ്യക്തമാണ്. അതുകൊണ്ടു തന്നെ ടിയാൻ സ്റ്റാന്റിംഗ് കൗൺസിലായിരുന്ന കാലയളവിലെ ജില്ലാ പഞ്ചായത്ത് എതിർകക്ഷിയായതും, വാദിയായതുമായ കേസുകളിൽ എന്താണ് സംഭവിച്ചതെന്ന് വിശദമായ അന്വേഷണം നടത്തുന്നത് ഉചിതമായിരിക്കും. ഈ കാലയളവിൽ കേസുകൾ രേഖപ്പെടുത്തുന്ന സ്യൂട്ട് രജിസ്റ്റർ പോലും ഇല്ലായിരുന്നു എന്നതും ശ്രദ്ധേയമാണ്.

ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കൗൺസിലായ അഡ്വ.ദിലീഷ് ജോൺ കേസിൽ ഹാജരാവാതിരുന്ന വിവരം പഞ്ചായത്ത് കമ്മറ്റിയും, സെക്രട്ടറിയും പരാതിക്കാരൻ കോടതിവിധി നടപ്പാക്കി കിട്ടാൻ വിധിപകർപ്പ് അടക്കം 04-01-19 ന് അപേക്ഷ നൽകിയപ്പോൾ മാത്രമാണ് അറിയുന്നത്. ഇക്കാലയളവിൽ അഡ്വ.ദിലീഷ് ജോൺ ജില്ലാ പഞ്ചായത്തിൽ നിന്നും ലീഗൽ ചാർജസ് കൈപ്പറ്റിയിട്ടുണ്ടെന്ന് സ്പഷ്ടമാണ്. ടിയാന് 2013 മുതൽ 1/2019 വരെ ജില്ലാപഞ്ചായത്തിൽ നിന്ന് നല്കിയ തുകയുടെ വിവരങ്ങൾ അതാത് വർഷത്തെ പെയ്മന്റ് വൗച്ചറുകളിൽ നിന്നും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 73 ന് ലഭിച്ച മറുപടിയിലും ഈ വിവരങ്ങൾ ലഭ്യമാക്കിയില്ല. നഷ്ടപരിഹാരതുക നൽകിയ എക്സി.എഞ്ചിനീയർ, സെക്രട്ടറി എന്നിവർ കേസ് നടക്കുന്ന കാലയളവിൽ ജില്ലാ പഞ്ചായത്തിൽ ജോലിചെയ്തിട്ടില്ല. കൗൺസിൽ തീരുമാനം നടപ്പാക്കുക മാത്രം ചെയ്തു എന്നതിനാൽ അവരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കാൻ ആവില്ലായെന്ന് അഡീ.അഡ്വ. ജനറൽ നിയമോപദേശം നൽകിയിട്ടും ഉണ്ട്. ആയതിനാൽ തുകയുടെ നഷ്ടോത്തരവാദിത്തം അഡ്വ.ദിലീഷ് ജോണിന് തന്നെയാണ്.

അഡ്വ.ദിലീഷ് ജോണിനെതിരെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം കേസിനു സാധ്യതയില്ല എന്ന നിയമോപദേശം ലഭിച്ചതിനാൽ, ബാർ കൗൺസിലിന് പരാതി നൽകുക മാത്രമാണുണ്ടായത്. എന്നാൽ നാളിതുവരെ ബാർകൗൺസിൽ പരാതിയിൽ തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല. സ്റ്റാന്റിംഗ് കൗൺസിൽ എന്ന നിലയിൽ ജില്ലാ

പഞ്ചായത്തിന്റെ ഉത്തമ താത്പര്യങ്ങൾ സംരക്ഷിക്കേണ്ട അഡ്വ.ദിലീഷ് ജോൺ മനപ്പൂർവ്വമുള്ള ഉപേക്ഷയാൽ ജില്ലാ പഞ്ചായത്തിനുണ്ടാക്കിയ നഷ്ടത്തിന് ടിയാനെതിരെ മറ്റ് നിയമനടപടികൾ സ്വീകരിക്കാതിരുന്നത് കാരണം വ്യക്തമാക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്തിന്റെ കോടതി വ്യവഹാരങ്ങളിൽ സെക്രട്ടറിയുടെ ജാഗ്രതക്കുറവിനും മതിയായ വിശദീകരണം നൽകേണ്ടതാണ്. നിലവിലെ സ്റ്റാന്റിംഗ് കൗൺസിലുമായി വ്യക്തവും, നിയമപരവുമായ കരാറിൽ ഏർപ്പെടുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-29 സാധു സുന്ദര-പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പദ്ധതി | 2027/20-സാധു സുന്ദര – പരമ്പരാഗത കൈത്തൊഴിൽ വനിതാ സംരംഭകത്വ പദ്ധതി |
| നിർവ്വഹണം | ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 41,00,000/- |
| ഫണ്ടിനം | എസ് സിപി- 35,00,000/-<br>മറ്റുള്ളവ - 6 ലക്ഷം (ഗുണഭോക്തൃവിഹിതം) |
| ചെലവ് | 35,00,000/- |

മൂന്ന് പേരെങ്കിലും അംഗങ്ങളായുള്ള പട്ടിക ജാതി വനിതാ കൈത്തൊഴിൽ സംരംഭക ഗ്രൂപ്പുകൾക്ക് അവരുടെ തൊഴിൽ മേഖലയിൽ സംരംഭങ്ങൾ തുടങ്ങാനുള്ള സാമ്പത്തിക സഹായം നല്കുന്നതിനായുള്ള പദ്ധതിക്കാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്. അംഗങ്ങൾ പരമ്പരാഗത കൈത്തൊഴിൽ മേഖലയിൽ പ്രാവീണ്യമുള്ളവരാണെന്ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം പ്രായപരിധി 60 വയസ്സ്/എന്നിവയായിരുന്നു മാനദണ്ഡങ്ങൾ. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) ജില്ലയിൽ പരമ്പരാഗത കൈതൊഴിൽ ചെയ്യുന്നവർക്ക് അവരുടെ മേഖലയിൽ സ്വന്തമായി സംരംഭം തുടങ്ങാൻ പരിശീലനം, ധനസഹായം എന്നിവയാണ് പദ്ധതി ലക്ഷ്യമിട്ടത്.

2) അപേക്ഷകൾ എല്ലാം തന്നെ 3 പേരടങ്ങുന്ന ഗ്രൂപ്പാണ്. എല്ലാവരും ചെയ്യുന്നതും ഈറ്റ കൊണ്ടുള്ള വിവിധ നിർമ്മിതികൾ ആണ്. ജില്ലയിൽ സ്ത്രീകൾ ആരും തന്നെ മറ്റ് കൈതൊഴിലുകൾക്കായി അപേക്ഷ നൽകിയിട്ടില്ല. 25,000/- രൂപ വീതം ഗുണഭോക്തൃവിഹിതം ബാങ്കിൽ നിക്ഷേപിച്ച് പാസ്ബുക്ക് ഹാജരാക്കിയ 35 ഗ്രൂപ്പുകൾക്ക് 1 ലക്ഷം രൂപ വീതം ഒന്നാം ഗഡുവാണ് പദ്ധതിയിൽ നൽകിയത്. പദ്ധതിയിൽ ആനുകൂല്യം ലഭിച്ചത് കുട്ടമ്പുഴ -4, കോട്ടപ്പടി-4, മഞ്ഞള്ളൂർ-1, മുടക്കുഴ-3, രായമംഗലം-2, അശമന്നൂർ-3, വടവുകോട്-1, വെങ്ങോല-4, വാഴക്കുളം-3 മലയാറ്റൂർ-2, മണീട്-7, ശ്രീമൂലനഗരം-1 എന്നീ പഞ്ചായത്തുകളിൽ ഉള്ളവർക്ക് മാത്രമാണ്. ജില്ലയിലെ മറ്റ് കൈത്തൊഴിലുകളായ നെയ്ത്ത്, മൺപാത്രനിർമ്മാണം, മത്സ്യ സംസ്കരണം പോലുള്ള പാരമ്പര്യ തൊഴിൽ ചെയ്യുന്നവരിലേയ്ക്ക് പദ്ധതി എത്തിയിട്ടില്ല.

3) ഗുണഭോക്തൃതെരഞ്ഞെടുപ്പ് സംബന്ധിച്ച സ.ഉ.(എം.എസ്) 11/2018/29-01-2018 തിയതിയിലെ ഖണ്ഡിക. 11.3 ലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. 11.3.2.ൽ നിഷ്കർഷിച്ചിരിക്കുന്ന വിധം അർഹരായ എല്ലാവർക്കും അപേക്ഷ നൽകാൻ അവസരം ലഭിക്കുന്ന വിധത്തിൽ ഗ്രാമകേന്ദ്രം തുടങ്ങി എല്ലാ വിധ പൊതു സാമൂഹ്യസംഘടനാ സംവിധാനങ്ങളിലൂടെ അപേക്ഷാഫോറങ്ങൾ വിതരണം ചെയ്യുകയോ വ്യാപകമായ പ്രചാരണം നൽകുകയോ ചെയ്തിട്ടില്ല. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ തികച്ചും സാധാരണക്കാരായ, കൈത്തൊഴിൽ ചെയ്യുന്ന സ്ത്രീകളാണ് എന്നതിനാൽ തന്നെ ഈ നിബന്ധന പാലിക്കേണ്ടതായിരുന്നു.

4) ജില്ലയിലെ എല്ലാ പഞ്ചായത്തുകളെയും പദ്ധതിയെക്കുറിച്ച് അറിയിച്ചിരുന്നതായി കാണുന്നില്ല. ഏതാനും പഞ്ചായത്തുകളിൽ നിന്നുമാത്രം അപേക്ഷ ലഭിച്ചതിൽ നിന്ന് ഇക്കാര്യം വ്യക്തമാണ്. ഗുണഭോക്താക്കളിൽ പലരുടേയും തൊഴിൽ മേഖല സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് ഗ്രാമപഞ്ചായത്ത് മെമ്പർ ആണ്. പദ്ധതി തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പ്രകാരം ഗ്രൂപ്പുകൾ പരമ്പരാഗത കൈതൊഴിലിൽ പ്രാവീണ്യം ഉള്ളവരാണെന്ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രമാണ് ആവശ്യം എന്നിരിക്കെ മെമ്പർ നല്കിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നല്കിയ നടപടി ക്രമവിരുദ്ധമാണ്.

5) പദ്ധതിയുടെ ഭാഗമായി ബാംബൂകോർപ്പറേഷൻ 5 ദിവസത്തെ പരിശീലനം നൽകുന്നതായി നോട്ട് ഫയലിൽ പറയുന്നുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് മറ്റ് പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല.

6) പദ്ധതിയിൽ നിന്ന് ആനുകൂല്യം ലഭിച്ചവർ എല്ലാവരും തന്നെ നിലവിൽ ഈറ്റ നെയ്ത്ത് എന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. അവർ പുതിയ സംരംഭങ്ങൾ ഒന്നും തുടങ്ങിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

7) മതിയായ മുന്നൊരുക്കമൊ പഠനമോ ഇല്ലാതെ ഏറ്റെടുത്തുനടപ്പാക്കിയ പദ്ധതിയിലൂടെ, വനിതാ സംരംഭക ഗ്രൂപ്പുകൾ അവരുടെ തൊഴിൽ മേഖലയിൽ പുതിയ സംരംഭങ്ങൾ തുടങ്ങിയതായി വ്യക്തമല്ല. വനിതാ സംരംഭക ഗ്രൂപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക എന്നതിലുപരി അവർ ചെയ്യുന്ന തൊഴിൽ മേഖലയിലെ കാലഘട്ടത്തിനനുയോജ്യമായ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, പരിശീലനം, മാർക്കറ്റിംഗ്, ഫിനാൻസ് മാനേജ്മെന്റ് എന്നിവ പരിചയപ്പെടുത്തി സാമ്പത്തിക സുസ്ഥിരത കൈവരിക്കാനും നിലനിർത്താനും പ്രൊജക്ട് തുക വിനിയോഗിച്ചില്ല. ലഭിച്ച തുക സംരംഭത്തിന്റെ വികസനത്തിനുപയോഗിച്ചോ എന്ന വിലയിരുത്തൽ പോലും നടത്തിയില്ല. പദ്ധതി നിർവ്വഹണത്തിൽ ഫണ്ട് ചെലവഴിക്കൽ എന്നതിനപ്പുറം പദ്ധതി ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല. അപേക്ഷ നൽകിയ 35 ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണം നൽകിയതല്ലാതെ ഈ പദ്ധതിയുടെ മോണിറ്ററിംഗ് ഒരു തട്ടിലും നടന്നിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-30 വിജയഭേരി -പ്രോജക്ട് നടത്തിപ്പിലെ അവ്യക്തത

| | |
|---|---|
| നിർവ്വഹണം | ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 2 കോടി രൂപ |
| ചെലവ് | 2 കോടി രൂപ |
| ഫണ്ടിനം | എസ് സി പി |

| | |
|---|---|
| 5 ലക്ഷം-64/10.12.19 | 5 ലക്ഷം- 89/01.01.20 |
| 5 ലക്ഷം -65/10.12.19 | 5 ലക്ഷം-90/07.01.20 |
| 5 ലക്ഷം - 66/10.12.19 | 5 ലക്ഷം-91/07.01.20 |
| 10 ലക്ഷം -ബിൽ നം.20/27.08.19 | 5 ലക്ഷം-92/07.01.20 |
| 10 ലക്ഷം -ബിൽ നം.21/30.08.19 | 29 ലക്ഷം-ബിൽ നം.35/30.09.19 |
| 10 ലക്ഷം-ബിൽ നം22/30.08.19 | 5 ലക്ഷം-53/20.01.20 |
| 10 ലക്ഷം-ബിൽ നം.32/25.09.19 | 5 ലക്ഷം -54/20.01.20 |
| 10 ലക്ഷം-ബിൽ നം.33/30.09.19 | 5 ലക്ഷം -55/20.01.20 |
| 10 ലക്ഷം -ബിൽ നം.30/25.09.19 | 10 ലക്ഷം-61/09.12.19 |
| 5 ലക്ഷം -69/16.12.19 | 10 ലക്ഷം-62/09.12.19 |
| 5 ലക്ഷം -76/26.12.19 | 5 ലക്ഷം-63/10.12.19 |
| 5 ലക്ഷം -80/01.02.20 | 5 ലക്ഷം-75/26.12.19 |
| 5 ലക്ഷം – 112/23.1.20 | 5 ലക്ഷം-113/23.1.20 |

സർവ്വകലാശാല, കോളജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുന്ന 2 കോടി രൂപ ചെലവ് വന്ന ബൃഹത്തായ പദ്ധതി നടത്തിപ്പിലെ അവ്യക്തതയും, രേഖകളുടെ അഭാവവും കൊണ്ട് ഫലപ്രദമായി പൂർത്തീകരിച്ചോയെന്ന് പരിശോധിക്കാനായില്ല.

2019-20 ൽ നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ഗുണഭോക്തൃയോഗ്യതാ മാനദണ്ഡ വ്യക്തമല്ല. യോഗ്യതാ പരീക്ഷയിൽ 50% മാർക്ക് നേടിയവർക്ക് സ്കോളർഷിപ്പ് എന്നാണ് പ്രോജക്ടിൽ കാണിച്ചിരിക്കുന്നത്. പ്ലസ് ടു, ബിരുദം/ ബിരുദാനന്തര ബിരുദം ഇതിൽ ഏതാണ് യോഗ്യതാ മാനദണ്ഡം എന്ന് പ്രോജക്ടിൽ വ്യക്തമായി പറഞ്ഞിട്ടില്ല. ഉപരിപഠനത്തിനു സഹായകമാകുന്ന തരത്തിലാണോ, 50% മാർക്ക് ലഭിച്ചത് കൊണ്ടുമാത്രമുള്ള പ്രോൽസാഹനമാണോ ഇതിൽ ഏതാണ് പ്രോജക്ട് ലക്ഷ്യം എന്ന് ഒരിടത്തും പറയുന്നില്ല. അതുകൊണ്ട് തന്നെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ അർഹരാണോ എന്ന് വ്യക്തമല്ല.

ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച സ.ഉ.(എം.എസ്)11/2018 തീയതി 29-01-2018ലെ ഖണ്ഡിക 11.3 (1) മുതൽ (15) വരെയുള്ള നിബന്ധനകളിൽ വിശദമായി പറഞ്ഞിട്ടുണ്ടെങ്കിലും അവയൊന്നും പാലിച്ചതായി കാണുന്നില്ല. ഗുണഭോക്തൃ പട്ടിക തയ്യാറാക്കുകയോ അംഗീകരിച്ച് പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല. എറണാകുളം ജില്ലാ പഞ്ചായത്തിനു കീഴിലുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഈ പദ്ധതി സംബന്ധിച്ച അറിയിപ്പ് നല്കിയതായിപോലും കാണുന്നില്ല. ഗുണഭോക്തൃതെരഞ്ഞെടുപ്പിന്റെ സുതാര്യതയില്ലായ്മ പോലെ തന്നെ അർഹതാ മാനദണ്ഡങ്ങളും വ്യക്തമായി നിർവ്വചിച്ചിട്ടില്ല. ബാങ്ക് പാസ്ബുക്ക്, ആധാർ പകർപ്പ്, ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ മാത്രമാണ്

ആവശ്യപ്പെട്ടിരിക്കുന്നത്. ജാതി, വരുമാനം തെളിയിക്കാനുള്ള രേഖകൾ ആനുകൂല്യത്തിന് അടിസ്ഥാനപ്പെടുത്തിയിരുന്നില്ല.

പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പത്രപ്പരസ്യം ക്ഷണിക്കേണ്ടതില്ല എന്ന് പദ്ധതിയുമായി ബന്ധപ്പെട്ട നോട്ട് ഫയലിൽ 25/9/19 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദൃശ്യശ്രാവ്യമാധ്യമങ്ങൾ വഴി പ്രചാരം നല്കിയാൽ മതി എന്ന് നിർവ്വഹണോദ്യോഗസ്ഥന്റെ കുറിപ്പിൽ ഇതേ തിയതിയിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർ, സ്റ്റേഷൻ ഡയറക്ടർ ആകാശവാണി എന്നിവർക്ക് കത്ത് നല്കിയിട്ടുണ്ടെങ്കിലും ഇവ പ്രസിദ്ധപ്പെടുത്തിയതിനെക്കുറിച്ച് മേൽ സ്ഥാപനങ്ങളിൽ നിന്നുള്ള കത്തിടപാടുകൾ ലഭ്യമല്ല,

എന്നാൽ ഈ വിഷയത്തിൽ 17-6-20ൽ പി1-16818/18 നമ്പറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകിയ കത്തിൽ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ പത്രപ്പരസ്യം വഴി ഗുണഭോക്താക്കളെ കണ്ടെത്തി എന്ന് പറയുന്നു. പരസ്യം ചെയ്ത പത്രത്തിന്റെ പകർപ്പോ, പത്രപ്പരസ്യത്തിനുള്ള ചെലവ് രേഖകളോ നിർവ്വഹണോദ്യോഗസ്ഥന് ഹാജരാക്കാൻ കഴിഞ്ഞില്ല.

പദ്ധതി ആനുകൂല്യം ഓരോ ഗുണഭോക്താവിനും എത്ര രൂപാ വീതം നല്കി എന്നു വ്യക്തമാകുന്ന രേഖകൾ ഒന്നും തന്നെ ഹാജരാക്കിയില്ല.

10 ലക്ഷം വീതമുള്ള 8 ബില്ലുകൾ, 5 ലക്ഷം വീതമുള്ള 17 ബില്ലുകൾ, 29 ലക്ഷം രൂപയുടെ ബില്ല് എന്നിവയുടെ കോപ്പികൾ ഫയലിൽ ഉണ്ട്. ആകെ ചെലവഴിച്ച രണ്ടുകോടി രൂപയിൽ 1.93 കോടി രൂപയുടെ ബിൽ കോപ്പികൾ മാത്രമാണ് പരിശോധനയ്ക്കായി ഹാജരാക്കിയത്. ഏഴ് ലക്ഷം രൂപയുടെ ചെലവ് രേഖകളും മുഴുവൻ തുകയുടെയും വിതരണ വിവരങ്ങൾ വെബ് സാംഖ്യ യിൽ നിന്നുള്ള അക്വിറ്റൻസ് (UTR No ഉള്ള Credit Report) പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.

4) 19-6-19ലെ 16ാം നം തീരുമാനപ്രകാരം വിജയഭേരി 2019-20 ലേയ്ക്ക് 2018-19 ൽ പഠനം തുടരുന്നവർക്കും, പുതിയ അപേക്ഷകർക്കും ആനുകൂല്യം നല്കാം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആനുകൂല്യം ലഭിച്ചവരുടെ പേരുവിവരങ്ങൾ, ഏത് ഗ്രാമപഞ്ചായത്തിൽനിന്നുള്ള ഗുണഭോക്താവ്, പഠിക്കുന്ന കോഴ്സുകളുടെ വിവരങ്ങൾഎന്നിവ പോലും ഫയലിൽ നിന്ന് ലഭിച്ചില്ല. പദ്ധതി നിർവ്വഹണം സംബന്ധിച്ച രേഖകളുടെ സൂക്ഷിപ്പ് പ്രധാനമാണ് എന്നിരിക്കെ രണ്ട് കോടി രൂപ ചെലവഴിച്ച വലിയൊരു പദ്ധതിയുടെ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, ചെലവ് രേഖകൾ, തുക ലഭിച്ചവരുടെ പേര് വിവരങ്ങൾ എന്നിവ ലഭ്യമാക്കാത്തതിനാൽ ഈ പദ്ധതിയുടെ ചെലവ് 2 കോടി രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 പ്രതിഭാ വന്ദനം എസ് സി കലാസാഹിത്യ പ്രതിഭകൾക്ക് ധനസഹായം-പദ്ധതി നിർവ്വഹണം -അപാകതകൾ - 4,75,000 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണം | ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 23,00,000 |
| ചെലവ് | 4,75,000 |
| ഫണ്ടിനം | എസ് സി പി |

ചെലവ് വിവരങ്ങൾ

| |
|---|
| രൂ. 100000 – ബിൽ നം. 121 – 31.1.20 |
| രൂ. 75000 – ബിൽ നം. 122 -31.1.20 |
| രൂ. 75,000 – ബിൽ നം. 123 – 31.1.20 |
| രൂ. 75,000 – ബിൽ നം. 124 – 31.1.20 |
| രൂ. 75,000 – ബിൽ നം. 125 – 31.1.20 |
| രൂ. 75,000 – ബിൽ നം. 126 – 31.1.20 |
| ആകെ . 4,75,000/- |

പ്രതിഭാ വന്ദനം എസ് സി കലാസാഹിത്യ പ്രതിഭകൾക്ക് ധനസഹായം എന്ന പദ്ധതിയിൽ 18 നും 60 നനം ഇടയിലുള്ള പ്രതിഭാധനരിൽ നിന്നും അപേക്ഷ ക്ഷണിക്കാനും, കലാകാരൻമാർക്ക് 1,50,000/- രൂപയും, സാഹിത്യകാരൻമാർക്ക് 50,000/- രൂപയും നല്കാനുമാണ് പ്രോജക്ട്. പത്രപ്പരസ്യത്തെ തുടർന്ന് 23 അപേക്ഷകൾ ലഭിച്ചു എന്ന് നോട്ട് ഫയലിൽ 8-12-19 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. 15 പേരെ പരിഗണിക്കാനും, വീണ്ടും 10 പേരെ കൂടി ഉൾപ്പെടുത്താനും തീരുമാനിച്ചതായി 13-1-20 ലെ ഫയൽ നോട്ട് ഉണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് 18-11-20 ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.37 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നടപ്പിലാക്കിയതു സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1)പദ്ധതി നിർവ്വഹണം സംബന്ധിച്ച ഫയലിൽ നിന്നും അപൂർണ്ണമായ വിവരങ്ങൾ മാത്രമാണ് ലഭിച്ചത്. അപേക്ഷകരെ ക്ഷണിച്ചുകൊണ്ടുള്ള പത്രപ്പരസ്യം നൽകിയതായി പറയുന്നുണ്ടെങ്കിലും പത്രത്തിന്റെ കോപ്പി ലഭ്യമാക്കിയില്ല.

2) ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഡയറക്ടർ ആകാശവാണി എന്നിവർക്ക് നല്കിയ ഡെസ്പാച്ച് തിയതി രേഖപ്പെടുത്താത്ത കത്തിന്റെ പകർപ്പാണ് ഫയലിൽ ഉള്ളത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിക്കാതെ, അർഹരായ എല്ലാവർക്കും അവസരം ലഭിക്കാതെ വൻതുകകൾ ആനുകൂല്യം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് മതിയായ വിശദീകരണം നൽകേണ്ടതാണ്.

3) നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ പദ്ധതി അംഗീകാരത്തിന് പ്രത്യേക സംവിധാനം വേണ്ടതാണെന്ന് സ.ഉ.(കൈ)നം 11/2018/തസ്വഭവ./തീരു. 29-1-18ലെ 3.8.4(1)(2)(3)എന്നിവ ബാധകമാണ്. 3.8.4(3) പ്രകാരം നിർദ്ദേശിക്കപ്പെട്ട പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽ പെട്ടതാണോ, സാമ്പത്തിക സാങ്കേതിക പ്രായോഗികത ക്ഷമതയുള്ളതാണോ എന്നീ കാര്യങ്ങൾ വിദഗ്ദസമിതി പരിശോധിച്ചതിന്റെ മിനിറ്റ്സ് ഹാജരാക്കിയിട്ടില്ല. പദ്ധതിക്ക് ബാധകമാക്കിയ സബ്സിഡി മാർഗ്ഗരേഖ, സംസ്ഥാന സർക്കാർ ഉത്തരവുകൾ ഏതാണ് എന്നീ കാര്യങ്ങൾ വിശദമായി പരിശോധിക്കേണ്ടതാണ്. എന്നാൽ ഇത്തരമൊരു വിലയിരുത്തൽ വിദഗ്ദസമിതി നടത്തിയതിന്റെ കാര്യങ്ങൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടില്ല.

4) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, പദ്ധതി വിജയകരമായിരുന്നോ, അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭിച്ചതെന്നോ പരിശോധിക്കാൻ കഴിഞ്ഞില്ല. 4,750,00/- രൂപ ചെലവ് വന്ന പദ്ധതിയുടെ നടത്തിപ്പ് മേൽ പറഞ്ഞ കാരണങ്ങളാൽ സുതാര്യമല്ല. പദ്ധതി ആനുകൂല്യം നല്കിയതിന്റെ സാംഖ്യ വെബിൽ നിന്നുള്ള അക്വിറ്റൻസ് ലഭ്യമാക്കത്തതിനാൽ ചെലവ് തുക 4,75,000/- രൂപ തടസ്സപ്പെടുത്തുന്നു.

നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ ഗുണഭോക്തൃതെരഞ്ഞെടുപ്പ് കുറ്റമറ്റരീതിയിലാകുവാനും, പദ്ധതി ഫലപ്രാപ്തിയിൽ എത്തിയെന്ന് ഉറപ്പാക്കുവാനും നിർവ്വഹണോദ്യോഗസ്ഥനും, ഒപ്പം ഭരണസമിതി, മോണിറ്ററിംഗ് കമ്മറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-32-1 വിജയജ്യോതി -ബഹുവർഷപദ്ധതി ലക്ഷ്യം കൈവരിച്ചോയെന്ന മോണിറ്ററിംഗ് ഫലപ്രദമായില്ല.

നൂതന പദ്ധതി എന്നനിലയിൽ മഹത്തായ ഉദ്ദേശലക്ഷ്യങ്ങളോടെ വാർഷിക പദ്ധതിയിൽപ്പെടുത്തി 2015-16 മുതൽ എറണാകുളം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് വിജയജ്യോതി-എസ് സി വിദ്യാർത്ഥികൾക്കുള്ള വിദേശ ഉപരി പഠന സ്കോളർഷിപ്പ്. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഭാരതത്തിൽ ലഭിക്കുന്നതിലും മികച്ച നിലവാരമുള്ള കോഴ്സുകൾക്ക്, ലോകോത്തര സർവ്വകലാശാലകളിൽ പഠിക്കാൻ അവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥ തടസ്സമാകരുതെന്ന മഹത്തായ ഉദ്ദേശമാണ് ഈ പദ്ധതി രൂപീകരണത്തിന്റെ കാതൽ. വിദേശ സർവ്വകലാശാലകളിൽ ബിരദാനന്തര ബിരുദം, ഡോക്ടറൽ, പോസ്റ്റ് ഡോക്ടറൽ ഡിഗ്രി എന്നിവയ്ക്ക് അവസരം ലഭിച്ച പഠനത്തിൽ മിടുക്കരായവർക്ക് സാമ്പത്തിക സഹായം നല്കി വിദേശപഠനം എന്ന സ്വപ്നസാക്ഷാത്ക്കാരം ലക്ഷ്യം വെച്ചും കൊഓർഡിനേഷൻ കമ്മറ്റിയുടെ പ്രത്യേക അനുമതിയോടെ നടപ്പാക്കിയ അഭിമാന പദ്ധതി കൂടിയായിരുന്നു ഇത്. 2015-16, 2016-17 വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും, 2018-19 മുതൽ ജില്ലാ പട്ടികജാതി വികസന ഓഫീസറും നിർവ്വഹണം നടത്തിയ പദ്ധതിയുടെ ഇതുവരെയുള്ള ആകെ ചെലവ് 3,45,11,810 രൂപയാണ്. 2015-16 മുതൽ 2019-20 വരെ 12 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന്റെ ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം | വർഷം | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 902 | 2015-16 | എസ് സി പി | 68,66,100 | 49,47,594 |
| 996 | 2016-17 | ടി | 29,00,000 | 27,66,409 |
| 997(വനിത) | 2016-17 | ടി | 38,00,000 | 38,00,000 |
| 15 (സ്പിൽ ഓവർ) | 2016-17 | ടി | 19,18,506 | 17,77,177 |
| 34, 617 | 2017-18 | ടി | 76,67,604 | 76,67,604 |
| 1087(സ്പിൽ ഓവർ) | 2017-18 | ടി | 1,33,591 | 1,33,591 |
| 1287 | 2018- | ടി | 19,99,000 | 19,96,520 |

| | | | | |
|---|---|---|---|---|
| | 19 | | | |
| 199 | 2019-20 | ടി | 1,14,22,915 | 1,14,22,915 |

വളരെ പ്രയോജനപ്രദമാകുമായിരുന്ന ബഹുവർഷപദ്ധതിയിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മുതൽ ആനുകൂല്യം നൽകുന്നതിലെ മാനദണ്ഡങ്ങൾ കൃത്യമായി നിർവചിക്കേണ്ടതിന്റെ ആവശ്യകത, നിർവ്വഹണത്തിലെ പോരായ്മകൾ വരെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ വിശദമായി പറയുകയും, നിർദ്ദേശങ്ങൾ നൽകുകയും ചെയ്തെങ്കിലും, അതനുസരിച്ച് പദ്ധതി നിർവ്വഹണത്തിൽ മാറ്റം വരുത്താൻ യാതൊരു ശ്രമവും ഉണ്ടായില്ല. 3,45,11,810/- രൂപ ചെലവ് വന്ന അഞ്ച് വർഷം ആവർത്തന ചെലവ് വന്ന പദ്ധതിയെക്കുറിച്ചുള്ള പൊതുഅവലോകനം ചുവടെ ചേർക്കുന്നു.

1)അഞ്ച് വർഷം നീണ്ടു നിന്ന, 3.45കോടി രൂപ ചെലവ് വന്ന പദ്ധതിയുടെ ആനുകൂല്യം ലഭിച്ചത് 12 ഗുണഭോക്താക്കൾക്ക് മാത്രമാണ്. നൂതന പദ്ധതിയായി ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ അവശ്യം വേണ്ട മാനദണ്ഡങ്ങൾ കൃത്യമായി നിർവചിക്കാനും, അത് പാലിക്കാനും പരാജയപ്പെട്ടതു മൂലം ഗുണഭോക്തൃതെരഞ്ഞെടുപ്പിൽ പോലും സുതാര്യത ഉറപ്പാക്കാനോ, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഗുണഭോക്താക്കൾക്ക് പദ്ധതിയെക്കുറിച്ച് അറിയാനോ, ആനുകൂല്യത്തിന് അപേക്ഷിക്കാനോ കഴിഞ്ഞില്ല. നിലവിലുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച ഉത്തരവുകളും പാലിച്ചില്ല.

ഉദാഹരണം അർഹയുള്ളവരുടെ ആദ്യത്തെ പട്ടികയിൽ ഇല്ലാതിരുന്ന അഭിനന്ദ്.പി.എം, പാലക്കത്തറ വീട്, മലയാറ്റൂർ എന്നയാളുടെ അപേക്ഷ കൂടി 27-8-19 ൽ ഉൾപ്പെടുത്തി 30-8-19 ലെ 27-ാം നം കമ്മറ്റി തീരുമാനപ്രകാരം അംഗീകരിച്ചിരിക്കുന്നത് സാന്ദ്രാ തങ്കരാജ്, ജിതാമോൾ രമണൻ, അഭിനന്ദ് എന്നിവരെയാണ്. അർഹതയില്ലാത്ത ജിതാമോൾ രമണൻ ഉൾപ്പെടുകയും, തെരഞ്ഞെടുത്ത വിനുമോഹൻ പട്ടികയിൽ നിന്ന് ഒഴിവായതും നിർവ്വഹണോദ്യോഗസ്ഥൻ കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. തെരഞ്ഞെടുത്തവർ ആരും തന്നെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയിട്ടുമില്ല. ഗുണഭോക്തൃതെരഞ്ഞെടുപ്പിലെ സുതാര്യതയില്ലായ്മയെക്കുറിച്ച് 2015-16 മുതൽ ഓഡിറ്റ് റിപ്പോർട്ട് പരാമർശിക്കുന്നുണ്ടെങ്കിലും പാലിക്കപ്പെട്ടിട്ടില്ല. വളരെക്കുറച്ച് പേർക്കുവേണ്ടി ഭീമമായ തുക ചെലവഴിക്കുന്ന പദ്ധതിയിൽ കുറ്റമറ്റ രീതിയിലുള്ള ഗുണഭോക്തൃതെരഞ്ഞെടുപ്പ് മുഖ്യഘടകമാണ്.

2) ഗുണഭോക്തൃതെരഞ്ഞെടുപ്പിലെ അപാകത പദ്ധതി നിർവ്വഹണത്തിൽ ഉടനീളം നിഴലിച്ചു. ഗുണഭോക്താവിന്റെ അക്കാദമിക മികവ് മാനദണ്ഡമാക്കേണ്ടിയിരുന്ന പദ്ധതിയാണിത്. ഇന്ത്യയിൽ വിരളമായ ഉന്നത കോഴ്സുകൾ പഠിക്കാൻ കഴിവും അക്കാദമിക നിലവാരവുമുള്ള വിദ്യാർത്ഥികൾ അന്താരാഷ്ട്ര റാങ്കിംഗിൽ മുന്നിൽ നിൽക്കുന്ന സർവ്വകലാശാലകളിൽ പഠിച്ച് കൂടുതൽ മികവുറ്റവരായി മാറ്റാൻ ഈ പദ്ധതിക്ക് കഴിയുമായിരുന്നു. എന്നാൽ ബി എസ് സി നഴ്സിംഗ് മുതൽ ബി.ടെക് ഡിഗ്രി വരെയും, നഴ്സിംഗ് പഠനം കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞയാൾക്ക് ബിസിനസ്സ് മാനേജ്മെന്റ് പഠിക്കാനും, വിദേശത്ത് ജോലി ചെയ്തിരുന്ന 39കാരന് ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ പഠിക്കാനുമാണ് പദ്ധതി തുക ചെലവഴിച്ചത്. 12 ഗുണഭോക്താക്കളും പഠിക്കാൻ തെരഞ്ഞെടുത്തത് കേരളത്തിൽ പോലും സർവ്വസാധാരണമായ കോഴ്സുകളാണ്. ഇവ കേരളത്തിലൊ മറ്റ് സംസ്ഥാനങ്ങളിലൊ പഠിക്കാൻ സ്കോളർഷിപ്പ് നൽകുന്ന വിജയഭേരി എന്ന പദ്ധതി ജില്ലാപഞ്ചായത്ത് തന്നെ നടപ്പാക്കുന്നുണ്ട്.

3) അർഹതാ മാനദണ്ഡങ്ങൾക്ക് പ്രാധാന്യം കൊടുക്കാതിരുന്നതിനൊപ്പം തന്നെ ഗുണഭോക്താവ് ആകാനുള്ള പ്രധാന തെളിവായ ജാതി സർട്ടിഫിക്കറ്റ് പോലും കൃത്യമായി പരിശോധിച്ചില്ല എന്നത് വിദ്യ.വി, വിനീത അമർ എന്നീ ഗുണഭോക്താക്കളുടെ കാര്യത്തിൽ വ്യക്തമാണ്. ഒരു വീട്ടിലെ രണ്ടുപേർക്കാണ് ഇത്ര ഭീമമായ തുക ആനുകൂല്യം നല്കിയതെന്ന വസ്തുതയും പ്രോജക്ട് നിർവ്വഹണത്തിലെ സുതാര്യതയില്ലായ്മയ്ക്ക് തെളിവാണ്. വിനീത അമർ, വിദ്യ.വി എന്നീ സഹോദരിമാർക്ക് വ്യക്തമായ രേഖകൾ ഇല്ലാതെ വൻതുകയാണ് ആനുകൂല്യം നല്കിയത്. വിനീത അമറിന് ഭർത്താവിന്റെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയിരിക്കുന്നത്. മാതാപിതാക്കളുടെ ജാതിയാണ് ആനുകൂല്യങ്ങൾക്ക് അടിസ്ഥാനമാക്കേണ്ടത് എന്ന് ബഹു.സുപ്രീം കോടതി വിധികൾ നിലവിലുണ്ട്. ഇയാളുടെ സഹോദരിയായ വിദ്യ.വി എന്നയാൾ കൊച്ചി നഗരസഭാപരിധിയിൽ താമസിക്കുമ്പോഴാണ് സഹോദരീ ഭർത്താവായ അമർ, പുത്തൻപുരയ്ക്കൽ വീട്, ഞാറയ്ക്കൽ എന്ന മേൽവിലാസത്തിൽ, ഞാറക്കൽ പഞ്ചായത്ത് പ്രസിഡന്റ് നല്കിയ റസിഡൻഷ്യൽ, ജാതി സർട്ടിഫിക്കറ്റുകൾ അടിസ്ഥാനപ്പെടുത്തി തെറ്റായി ആനുകൂല്യം കൈപ്പറ്റിയത് എന്ന പരാമർശം 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു. സാന്ദ്രാ തങ്കരാജിന് എളങ്കുന്നപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് നൽകിയ ജാതി, റസിഡൻസ് സർട്ടിഫിക്കറ്റുകളെ അടിസ്ഥാനപ്പെടുത്തി ആനുകൂല്യം നൽകിയതും ശ്രദ്ധേയമാണ്. വിദ്യാർത്ഥികൾക്ക് സൈക്കിൾ പോലുള്ള താരതമ്യേന ചെറിയ ആനുകൂല്യങ്ങൾക്കുപോലും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ നൽകുന്ന ജാതി, വരുമാന, റസിഡന്റ്സ് സർട്ടിഫിക്കറ്റുകൾ നിർബന്ധമായി വേണമെന്ന് നിഷ്കർഷിക്കുന്നിടത്താണ് 42 ലക്ഷം രൂപാ നൽകുമ്പോൾ രേഖകൾ പരിശോധിച്ച് ഉറപ്പാക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥർ കാര്യക്ഷമത കാണിച്ചില്ല എന്ന് തെളിയുന്നത്.

4) ഗുണഭോക്താക്കൾ ആവശ്യപ്പെടുമ്പോഴെല്ലാം ആവശ്യപ്പെടുന്ന തുക നല്കുന്ന രീതിക്ക് പകരം ഒരു നിശ്ചിതതുക ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ നിന്നും ബാക്കി ഗുണഭോക്താവ് സ്വന്തം നിലയ്ക്കും കണ്ടെത്തുന്ന രീതിയിൽ പദ്ധതി തുക ക്ളിപ്തപ്പെടുത്തിയിരുന്നെങ്കിൽ കൂടുതൽ പേർക്ക് ആനുകൂല്യം നൽകാമായിരുന്നു. ഏതാനും ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള, എടുത്തുപറയത്തക്ക അക്കാദമിക മികവില്ലാത്ത 12 പേർക്ക് മാത്രമായി വലിയൊരു തുക ചെലവഴിച്ചു എന്നത് തന്നെയാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ പോരായ്മ. പല ഗുണഭോക്താക്കളും ചേർന്ന കോഴ്സും, സ്ഥാപനവും ഉപേക്ഷിച്ച് മറ്റൊന്ന് തെരഞ്ഞെടുക്കുകയും ആദ്യം ലഭിച്ച തുക തിരികെ നൽകാതിരിക്കുകയും ചെയ്തിട്ടുണ്ട്. ആറ് വർഷത്തെ എം ബിബിഎസ് കോഴ്സുകളിൽ ചേർന്നവർക്ക് കഴിഞ്ഞ 2019-20 മുതൽ മാത്രമാണ് ഓരോ വർഷവും ഇരുപത്തിയഞ്ചു ലക്ഷം രൂപ എന്ന നിലയിൽ നിജപ്പെടുത്തിയത്. എന്തുകൊണ്ട് പദ്ധതി ഏതാനും ഗ്രാമപഞ്ചായത്തുകളിൽ മാത്രമായി ഒതുങ്ങി എന്നത് വിശകലനം ചെയ്യുന്നത് ഉചിതമായിരിക്കും.

5) മുൻവർഷങ്ങളുടെ തുടർച്ചയായി ആനുകൂല്യം കൈപ്പറ്റിയവരാരും തന്നെ സ്ഥാപനത്തിൽ നിന്നുള്ള പഠനറിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. പകരം നിർവ്വഹണോദ്യോഗസ്ഥന് വിദ്യാർത്ഥി തന്നെ അയച്ച കോഴ്സ് കംപ്ളീഷൻ ഇ മെയിൽ പ്രകാരമാണ് തുക നൽകിയിരിക്കുന്നത്. പദ്ധതിയുടെ ഗുണഭോക്താക്കൾ കോഴ്സ് പൂർത്തിയാക്കിയതു സംബന്ധിച്ച യാതൊരു ഔദ്യോഗികരേഖകളും ലഭ്യമല്ല. വിദ്യാർത്ഥികൾ ഫീസ് ആവശ്യപ്പെട്ടും, കോഴ്സ് പൂർത്തിയായി എന്ന് കാണിച്ചും സ്വന്തം മെയിൽ ഐ.ഡിയിൽ നിന്നയച്ച ഇമെയിൽ ആണ് ഭൂരിപക്ഷം ഫയലിലും ഉള്ളത്. കഴിഞ്ഞ 5 വർഷങ്ങളായി തുടർന്നുവരുന്ന ഈ പദ്ധതിയിൽ ആനുകൂല്യം ലഭിച്ചവർ പഠനം പൂർത്തിയാക്കിയതിന്റെ വിവരങ്ങൾക്കായി, അതാത് സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റ് ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്. അഞ്ചു വർഷമായി ഏറ്റെടുത്തു നടത്തിയ വലിയൊരു പദ്ധതി , ഗുണപരമായ മാറ്റങ്ങൾ വരുത്തിയോ എന്ന വിലയിരുത്തൽ നടത്തുന്നതിൽ മോണിറ്ററിംഗ് സമിതിയും കാര്യമായ ശ്രമങ്ങൾ നടത്തിയില്ല.

6) 2017-18 മുതൽ പദ്ധതിയുടെ നിർവ്വഹണം 4-10-2017 ലെ ജി ഒ (എം എസ്)81/2017/എസ് സി എസ് റ്റി ഡിഡി എന്ന ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമാകണം എന്ന് നിഷ്കർഷിച്ചിരുന്നു. അതിൽ പ്രധാനം പഠിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിന്റെ വേൾഡ് റാങ്കിംഗ്, മറ്റൊന്ന് ബിരുദാനന്തര ബിരുദം മുതലുള്ള കോഴ്സുകൾക്ക് ആനുകൂല്യം നല്കാൻ ചെയ്യുന്ന വ്യവസ്ഥകൾ ആണ്. എന്നാൽ നഴ്സിംഗ് ബിരുദ കോഴ്സ്, റഷ്യ, ഉക്രൈയിൻ എന്നീ രാജ്യങ്ങളിൽ എംബിബിഎസ് എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് എംബിബിഎസ്, ബി ടെക് തുടങ്ങിയ കോഴ്സുകൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ഒരാൾ പോലും പോസ്റ്റ് ഡോക്ടറൽ, ഡോക്ടറൽ എന്നീ കോഴ്സുകൾ പഠിക്കാനായി പോയിട്ടില്ല. ഇവരിൽ നിന്നും മികച്ചവരെ കണ്ടെത്തി ഉന്നതനിലവാരമുള്ള ഉപരിപഠനസൗകര്യം ഒരുക്കേണ്ട പദ്ധതിയുടെ വിഹിതം, ഇത്തരത്തിൽ ബിരുദപഠനത്തിന് ഉപയോഗിച്ചതുകൊണ്ട് മികച്ച അക്കാദമികയോഗ്യതയുള്ളവരെ വാർത്തെടുക്കാൻ ഈ പദ്ധതിക്ക് കഴിഞ്ഞില്ല. സ്ഥാപനത്തിന്റെ വേൾഡ് റാങ്കിംഗ് യാതൊരിടത്തും പരിഗണിച്ചിട്ടുമില്ല. ഗുണഭോക്താക്കൾ എല്ലാവരും തന്നെ എറണാകുളത്തെ കൺസൾട്ടൻസി വഴിയാണ് സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ എല്ലാം തന്നെ സ്വകാര്യമേഖലയിൽ ഉള്ള വൻതുക ഫീസ് ഈടാക്കുന്നവയും ആണ്.

ഒരു ബഹുവർഷപദ്ധതിയെ ഇഴകീറിപരിശോധിച്ച് പോരായ്മകൾ കണ്ടെത്തുക എന്നതിലുപരി, ജില്ലാ പഞ്ചായത്ത് ഉദാത്തമായ ലക്ഷ്യങ്ങളോടെ പ്രാവർത്തികമാക്കാൻ ശ്രമിച്ച പദ്ധതിയിലെ പാളിച്ചകൾ വിശദമായി പ്രതിപാദിക്കുന്നത്, പദ്ധതി പണത്തിന്റെ കാര്യക്ഷമമായ വിനിയോഗത്തിനും, വരും വർഷങ്ങളിൽ ഇത്തരം നവീന ആശയങ്ങൾ പദ്ധതികളാക്കുമ്പോൾ അനുവർത്തിക്കേണ്ട ജാഗ്രതയും, സുതാര്യതയും എത്രത്തോളമാവണം എന്നത് ഭരണസമിതിയുടെയും, നിർവ്വഹണോദ്യോഗസ്ഥരുടേയും ശ്രദ്ധയിൽപ്പെടുത്താനുമാണ്.

## 1-32-2 വിജയജ്യോതി പദ്ധതി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം നൽകൽ - 4070697 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | വിജയജ്യോതി, 199/19-20 |
| നിർവ്വഹണം | ജില്ലാ പട്ടിക ജാതി വികസന ഓഫീസർ |
| അടങ്കൽ | 1,14,22,915 |
| ചെലവ് | 1,14,22,915 |

(എ). 2015-16 മുതൽ എറണാകുളം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന മേൽ പദ്ധതിക്ക് സർക്കാർ മാർഗ്ഗനിർദ്ദേശം നൽകിയത് 04-10-17 ലെ ജി ഒ (എം എസ്) 81/2017/ എസ്.സി.എസ്.റ്റി.ഡി.ഡി. ഉത്തരവ് പ്രകാരമാണ്. ബിരുദാനന്തരബിരുദം, ബിരുദാനന്തരബിരുദത്തിന് തുല്യമായ ബിരുദാനന്തര ഡിപ്ളോമ, എം.ഫിൽ, തത്തുല്യ കോഴ്സുകൾ, പി എച് ഡി, പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാം എന്നീ കോഴ്സുകൾക്ക് മാത്രമേ ആനുകൂല്യം നല്കാവൂ എന്ന് ഉത്തരവിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. തൻ വർഷം ആനുകൂല്യത്തിന് തെരഞ്ഞെടുത്ത 10 പേരിൽ 4 പേർ വിവിധ ഡിഗ്രി കോഴ്സുകൾക്കാണ് പഠിക്കുന്നത്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | പഠിക്കുന്നകോഴ്സ് | നല്കിയ | |
|---|---|---|---|

| | | തുക | |
|---|---|---|---|
| വൈശാഖ് സുരേന്ദ്രൻ, കടുക്കാപ്പിള്ളി ഹൗസ്, സൗത്ത് വെള്ളാരപ്പിള്ളി, ശ്രീമൂലനഗരം | എം ബിബിഎസ് (വിന്നിസ്റ്റ നാഷണൽ യൂണിവേഴ്സിറ്റി, ഉക്രെയിൻ) | 3,90,683 | ബിൽ നം. 17/19.8.19 രൂ. 781366 |
| അജിൻഷാ.ജി, കൈപ്രപ്പടി ഹൗസ്, സൗത്ത് വെള്ളാരപ്പിള്ളി, ശ്രീമൂലനഗരം | എം ബിബിഎസ് (വിന്നിസ്റ്റ നാഷണൽ യൂണിവേഴ്സിറ്റി, ഉക്രെയിൻ) | 3,90,683 | ബിൽ നം. 17/19.8.19 രൂ. 781366 |
| കൃപ സിദ്ധൻ പി എസ്, പെരുമ്പടപ്പിൽ ഹൗസ്, ഒളനാട്,വരാപ്പുഴ | എം ബിബിഎസ് (നോർത്തേൺ സ്റ്റേറ്റ് മെഡിക്കൽ യൂണിവേഴ്സിറ്റി, റഷ്യ) | 1075409 | ബിൽ നം. 114/24.1.20 ബിൽ നം. 115/24.1.20 ബിൽ നം.116/24.1.20 |
| ലക്ഷ്മി എം റ്റി, പാലക്കത്തറ ഹൗസ്, നടുവട്ടം പി ഒ , നവോദയപുരം , കാലടി (ടിയാരിയുടെ മേൽവിലാസം തെളിയിക്കുന്ന രേഖകൾ ഒന്നുമില്ല) | ബാച്ചലർ ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി, കേപ്പ് ബ്രെട്ടൻ യൂണിവേഴ്സിറ്റി , കാനഡ | 1283719 | ബിൽ നം. 77/27.12.19 രൂ. 283719/- ബിൽ നം. 78/27.12.19 രൂ. 5,00,000/- ബിൽ നം. 79/27.12.19 രൂ. 5,00,000/- |
| | ആകെ | 31,40,494 | |

വിദേശത്ത് ഉയർന്ന നിലവാരമുള്ള സർവ്വകലാശാലകളിൽ ഇന്ത്യയിൽ വിരളമായ കോഴ്സുകൾ പഠിക്കാൻ ധനസഹായം എന്നാണ് ഉത്തരവ് കൊണ്ട് സർക്കാർ വിവക്ഷിക്കുന്നത്. മേൽ ഉത്തരവിൽ നിന്ന് വ്യതിചലിച്ച് റഷ്യ, ഉക്രെയിൻ എന്നീ രാജ്യങ്ങളിൽ എം.ബി.ബി.എസ്. കോഴ്സ് പഠിക്കാനാണ് പദ്ധതി തുക വിനിയോഗിച്ചത്. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ എല്ലാവരും തന്നെ 2018-19 വർഷം മുതൽ ആനുകൂല്യം ലഭിക്കുന്നവരാണ്. 16-10-18 ലെ കോഓർഡിനേഷൻ കമ്മറ്റി തീരുമാനപ്രകാരമാണ് ആനുകൂല്യം നല്കിയതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കോഴ്സിനെക്കുറിച്ച് ഒന്നും പറയാതെ നിലവിലെ ഉത്തരവുകൾ പാലിച്ച് ആനുകൂല്യം നൽകുക എന്നുമാത്രമാണ് സിസി തീരുമാനം. 04-10-17 ലെ ജി ഒ (എം എസ്) 81/2017/എസ്. സി. എസ്. റ്റി. ഡി. ഡി. ഉത്തരവിൽ ബിരുദ കോഴ്സുകൾക്ക് ആനുകൂല്യം നൽകാൻ വ്യവസ്ഥ ഇല്ലാത്തതിനാൽ 2019-20 ൽ ഈ പദ്ധതിയിൽ മേൽപറഞ്ഞവർക്ക് നല്കിയ 31,40,494/- രൂപ തടസ്സപ്പെടുത്തുന്നു.

(ബി). ലക്ഷ്മി എം.റ്റി. എന്ന ഗുണഭോക്താവിന്റെ മേൽവിലാസം ബന്ധുവീടിന്റേതാണ്. ഇവർ നല്കിയ അപേക്ഷയിൽ വ്യക്തമായ മേൽവിലാസ രേഖ ഇല്ല. വീടില്ലാത്തതിനാൽ അമ്മ വീട്ടിൽ താമസിക്കുന്നു എന്ന് അപേക്ഷയിൽ പറയുന്നത്. സാധൂകരിക്കുന്നതിന് രേഖകൾ നിർവ്വഹണോദ്യോഗസ്ഥൻ ആവശ്യപ്പെട്ടിട്ടുമില്ല. ടിയാരി എറണാകുളം ജില്ലയിലെ താമസക്കാരിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഒന്നും തന്നെ ഫയലിൽ ഇല്ല. ബി.എസ്.സി.രസതന്ത്രം ബിരുദധാരിയായ ലക്ഷ്മി എം.റ്റി.ക്ക് വീണ്ടും ബാച്ചലർ ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി പഠിക്കാനാണ് സ്കോളർഷിപ്പ് നൽകിയിരിക്കുന്നത്. കാനഡ കേപ്പ് ബ്രെട്ടൻ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഓഫർ ലെറ്ററിനുപകരം കലൂർ ഗ്ലോബൽ എഡ്യൂക്കേഷൻ കൺസൾട്ടൻസിയിൽ നിന്നുള്ള കത്ത് മാത്രമാണ് ഫയലിൽ ഉള്ളത്. ഈ സ്ഥാപനത്തിന്റെ ബ്രോഷർ പ്രകാരം കാനഡ കേപ്പ് ബ്രെട്ടൻ യൂണിവേഴ്സിറ്റിയുടെ ബി.ടെക്. 2018 ബാച്ച് 05/18 ൽ ആരംഭിച്ച് 05/20 ൽ അവസാനിക്കുന്നതാണ്. കോഴ്സ് പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ടിയാൾ അവിടെ പഠിക്കുന്നു എന്നതിന് തെളിവായി, യൂണിവേഴ്സിറ്റി സീലോ, എംബ്ലമോ ഇല്ലാത്ത Unofficial Transcript Of Grade മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. ലക്ഷ്മി എം.റ്റി. എന്നയാളുടെ യഥാർത്ഥ മേൽവിലാസം, എറണാകുളം ജില്ലയിലെ മലയാറ്റൂർ പഞ്ചായത്തിൽ താമസിക്കുന്നു എന്നതിന്റെ രേഖകൾ, അവർ മേൽ പറഞ്ഞ കോഴ്സിനായി രണ്ടു വർഷം കാനഡയിൽ പഠിച്ചതിന്റെയും, താമസിച്ചതിന്റെയും, പാസ്പോർട്ട്, വിസ പകർപ്പുകൾ എന്നിവയും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

(സി). സ്ഥാപനത്തിന്റെ അഡ്മിഷൻ ലെറ്റർ ഇല്ലാതെ ആനുകൂല്യം നല്കി

പദ്ധതി - വിജയജ്യോതി, 199/19-20

നിർവഹണ ഉദ്യോഗസ്ഥൻ - ജില്ലാ പട്ടിക ജാതി വികസന ഓഫീസർ

ജിതാമോൾ രമണൻ, കിഴക്കേത്തടത്തിൽ, കുലയേറ്റിക്കര, അരയൻകാവ്, ആമ്പല്ലൂർ എന്ന ഗുണഭോക്താവിന് താഴെ ചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

2019-20 ൽ നൽകിയ തുക -9,30,203 രൂപ ബിൽ നം. 93/15.1.20 രൂ. 430203,
ബിൽ നം. 94/15.1.20 രൂ. 5,00,000

കാനഡയിലെ Georgian College, Ontario യിൽ ഫുഡ് ആന്റ് ന്യൂട്രീഷൻ മാനേജ്മെന്റ് ഏക വർഷ കോഴ്സിന് ഏപ്രിൽ 2019 ൽ ചേർന്നു. 2020 ഓഗസ്റ്റ് മാസം കോഴ്സ് അവസാനിച്ചു. Georgian College, Ontario യുടെ വേൾഡ് റാങ്കിംഗ് 5881 ആണെന്ന കാരണത്താൽ ആദ്യം നിരസിച്ച ജിതാമോൾ രമണന്റെ അപേക്ഷ പിന്നീട് സ്വീകരിക്കാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്. കോഴ്സ് ഒരു വർഷത്തേതാണെങ്കിലും അപേക്ഷക ഹാജരാക്കിയ സാന്റാ മോണിക്ക കൺസൾട്ടൻസിയുടെ കാൾ ലെറ്ററിൽ ലാപ്ടോപ്പിനുള്ള 75000/- രൂപയടക്കം രണ്ടു വർഷത്തെ ഫീസായ 20,55,072/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പിന്നീടുള്ള കത്തിടപാടുകളിൽ Conestoga College എന്നാണ് സ്ഥാപനത്തിന്റെ പേര് കാണിച്ചിരിക്കുന്നത്. അപേക്ഷയോടൊപ്പം മേൽ സൂചിപ്പിച്ചിരിക്കുന്ന രണ്ടു കോളജുകളിലെയും അഡ്മിഷൻ രേഖകളായ ഓഫർ ലെറ്റർ, അഡ്മിറ്റ് കാർഡ് എന്നിവയില്ല. പകരം എറണാകുളത്തെ സാന്റാമോണിക്ക എന്ന കൺസൽട്ടൻസി സ്ഥാപനത്തിൽ നിന്നുള്ള കത്തിടപാടുകൾ മാത്രമാണുള്ളത്. പഠിച്ച സ്ഥാപനത്തെക്കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ, കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖകളോടൊപ്പം പാസ്പോർട്ടിന്റെ വിസ സ്റ്റാമ്പ് ചെയ്ത പേജുകളുടെ പകർപ്പുകൾ എന്നിവ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 9,30,203/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

## 1-33 ക്ഷീരസാഗരം പദ്ധതി-എസ്.സി- പദ്ധതി നടപ്പാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S 0860/19-20-ക്ഷീരസാഗരം പദ്ധതി-എസ്.സി |
| നിർവ്വഹണം | കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ |
| ആകെ അടങ്കൽ | 10,00,000/- (വികസന ഫണ്ട്-ജനറൽ)<br>13,00,000/- (വികസന ഫണ്ട്-എസ്.സി.പി)<br>23,00,000 |
| ചെലവ് | 25,000/- (ബിൽ നം CNT.10/20.03.2020 ) |

പാൽ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി പശുവളർത്തൽ ഗ്രൂപ്പുകൾ തുടങ്ങുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ആകെ 23,00,000/- വകയിരുത്തിയ പദ്ധതിയുടെ തൻവർഷ ചെലവ് 25,000/-രൂപ മാത്രമാണ്. ഈ തുകയാകട്ടെ ജില്ലാ മിഷൻ കോർഡിനേറ്ററുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുകയാണ്. 2018-19 വർഷം നടപ്പാക്കിയ ക്ഷീരസാഗരം (ജനറൽ) പദ്ധതിയിലും (പ്രോ.നം.എസ് 1611/19) 31250/- രൂപ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഓഡിറ്റ് തീയതി വരെയും തുക ചെലവഴിക്കാത്ത വിവരം 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിലുള്ളതാണ് (ഖണ്ഡിക 1-19). മുൻവർഷം ഇതു സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം.5/19/13.11.19) ഈ തുക പരിശീലനങ്ങൾക്കായി അക്കൗണ്ടിലേയ്ക്ക് മാറ്റിയതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. പദ്ധതിവിഹിതം തുക തൻവർഷം ചെലവായി കാണിയ്ക്കുകയും എന്നാൽ ദീർഘനാൾ ചെലവഴിയ്ക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിയ്ക്കുകയും ചെയ്യുന്ന നടപടി ക്രമപ്രകാരമല്ല. കോവിഡ് പ്രതിസന്ധി മൂലം പരിശീലനപരിപാടികൾ നടത്താനാവുന്നില്ലെങ്കിൽ തുക തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-34 റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം-പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം/ പേര് | S0526/19-20, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം |
| അടങ്കൽ | 25,00,000/-<br>1) 12,50,000/- ( വികസന ഫണ്ട്-ജനറൽ)<br>2) 12,50,000/- (ഗുണഭോക്തൃ വിഹിതം- നേരിട്ട് ചെലവഴിക്കുന്നു) |
| ചെലവ് | 12,50,000/-(വികസന ഫണ്ട്-ജനറൽ)<br>1) 2,50,000/- (ബിൽ നം 10/19-20, തീയതി 19/10/19) |

| | |
|---|---|
| | 2) 2,50,000/- (ബിൽ നം 11/19-20, തീയതി 19/10/19)<br>3) 2,50,000/- (ബിൽ നം 12/19-20, തീയതി 19/10/19)<br>4)2,50,000/- (ബിൽ നം 13/19-20, തീയതി 19/10/19)<br>5)1,00,000/- (ബിൽ നം 14/19-20, തീയതി 19/10/19)<br>6) 1,50,000/- (ബിൽ നം 28/19-20, തീയതി 13/01/20) |
| നിർവഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ്) |

ഉൾനാടൻ മത്സ്യോൽപ്പാദനവും മത്സ്യകർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 5000 ലിറ്റർ കപ്പാസിറ്റിയുള്ള അക്വാപോണിക്സ് ആർ.എ.എസ്. യൂണിറ്റ് ഒരെണ്ണം സ്ഥാപിക്കുന്നതിന് ചെലവ് വരുന്ന 50,000/- രൂപയുടെ (30,500/- രൂപ അടിസ്ഥാന സൗകര്യത്തിനും 19,500/- രൂപ പ്രവർത്തന ചെലവിനുമുൾപ്പെടെ) അംഗീകൃത ബില്ല് മത്സ്യകർഷകരായ ഗുണഭോക്താക്കൾ ഹാജരാക്കുന്ന മുറയ്ക്ക് 50% സബ്സിഡിയായ 25000/- രൂപ അവർക്ക് നൽകുവാനാണ് മേൽ പ്രോജക്ടിനാൽ ഉദ്ദേശിച്ചത്. മത്സ്യ കർഷക ക്ലബിൽ അംഗത്വവും സ്വന്തമായി ഭൂമിയും ഉള്ള വ്യക്തികളെയാണ് പ്രോജക്ട് പ്രകാരം ഗുണഭോക്താക്കളായി വിവക്ഷിച്ചിരുന്നത്. ഇപ്രകാരം 50 പേർക്ക് 25000/- രൂപ വീതം സബ്സിഡി ആനുകൂല്യം നൽകി ആകെ 12,50,000/- രൂപ വികസന ഫണ്ടിൽ നിന്നും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ടി പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1) സബ്സിഡി മാർഗരേഖ പ്രകാരം പ്രോജക്ട് അനുവദനീയമല്ല. മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട് (മാർഗരേഖ – പൊതുനിബന്ധനകൾ- ഖണ്ഡിക 2.2.) ആയതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഇക്കാര്യം 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു (ഖണ്ഡിക 1-31). നിലവിൽ സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. പദ്ധതി മാർഗരേഖയിൽ പ്രതിപാദിക്കാത്ത പ്രോജക്റ്റായതിനാൽ യൂണിറ്റ് കോസ്റ്റ് 50,000/- രൂപയായി നിശ്ചയിച്ച് അതിന്റെ 50 % ശതമാനം സബ്സീഡി അനുവദിച്ചത് എന്തടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കേണ്ടതാണ്.

2) ഗ്രാമസഭ നേരിട്ട് വിളിച്ചു കൂട്ടുവാൻ കഴിയാത്ത ജില്ലാപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത് എന്നിവയുൾപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ അതാത് ഗ്രാമസഭ വഴിയാവണം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതെന്ന് ഗുണഭോക്തൃതിരഞ്ഞെടുപ്പ് സംബന്ധിച്ച മാർഗരേഖയിൽ (ജി.ഒ (പി) 220/97 തീയതി 2.10.97) നിഷ്കർഷിച്ചിട്ടുണ്ട്. അതു പ്രകാരം ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയാണ് ചെയ്യേണ്ടത്. എന്നാൽ റി സർക്കുലേറ്ററി അക്വാ കൾച്ചർ സിസ്റ്റം പദ്ധതിയുടെ (പ്രോജക്റ്റ് നം എസ്.0526/20) ഗുണഭോക്തൃലിസ്റ്റ് നിർവ്വഹണോദ്യോഗസ്ഥനായ മൽസ്യവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ചത് പരിശോധിച്ച സമിതി ആയത് അംഗീകരിച്ച് തീരുമാനിച്ചതായാണ് ജില്ലാ പഞ്ചായത്ത് കമ്മറ്റിയുടെ 28.10.2019 ലെ 30ാം നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ നടപടി ക്രമപ്രകാരമല്ല. ഗുണഭോക്താക്കൾ ഉൾപ്പെട്ട അംഗീകൃത ഗ്രാമസഭ ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

3) സബ് സിഡി മാർഗരേഖ ഖണ്ഡിക 2.12 (2) പ്രകാരം മത്സ്യവികസന മേഖലയിൽ സബ്സിഡി ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ വാർഷികവരുമാനം മേൽ പരിധിയിൽ അധികരിച്ചിട്ടും താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ആയതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഹാജരാക്കിയ രേഖയനുസരിച്ച് (റേഷൻ കാർഡ്) കുടുംബ വാർഷിക വരുമാനം | റേഷൻ കാർഡ് നമ്പർ |
|---|---|---|---|
| 1 | തമ്പി മാത്യൂസ്, പള്ളത്തട്ടയിൽ വീട്, മുളന്തുരുത്തി . പി.ഒ | 9,06,000/- (75,500x 12) | 1734064208 |
| 2 | ഫാദർ.കെ.യു. വർഗീസ് കറ്റാലിൽ വീട് കോലഞ്ചേരി.പി.ഒ | 14,40,000/- (1,20,000 X12) | 1738126289 |

4) ഒരു RAS അക്വാപോണിക്സ് യൂണിറ്റ് സ്ഥാപിക്കുന്നതിനായുള്ള ചെലവ് 50,000/- രൂപയെന്ന് കണക്കാക്കി, ടി തുകയുടെ അംഗീകൃത ബിൽ ഹാജരാക്കുന്നതിന് വിധേയമായി 50% സബ്സിഡി തുകയായ 25,000/-രൂപ

അനുവദിക്കുന്നതിനായിരുന്ന പ്രോജക്റ്റിൽ ലക്ഷ്യമിട്ടിരുന്നത്. ഇതിലേക്കായി ടാങ്ക് നിർമ്മിക്കുന്നതിനുള്ള സാധനങ്ങളുടെ വാങ്ങിയ ബില്ലുകൾ, ടാങ്ക് നിർമ്മിച്ച വകയിൽ തൊഴിലാളികളുടെ കൂലി രേഖപ്പെടുത്തിയ മസ്റ്റർ റോൾ, മൽസ്യക്കുഞ്ഞുങ്ങളും തീറ്റയും വാങ്ങിയതിന്റെ ബില്ലുകൾ എന്നിവയാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ ചില ഗുണഭോക്താക്കളുടെ ഫിഷ് ടാങ്കുകളുടെ ലഭ്യമാക്കിയ ഫോട്ടോ പരിശോധിച്ചതിൽ അവ പുതിയ നിർമ്മിതിയാണെന്ന് ഉറപ്പിക്കാനാവുന്നില്ല. ഇക്കാരണത്താൽ സബ്സിഡി നൽകിയത് അർഹതപ്പെട്ടവർക്കുതന്നെയാണെന്ന് കരുതാനാവുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ. നം | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | തമ്പി മാത്യൂസ്, പള്ളത്തട്ടയിൽ വീട്, മുളന്തുരുത്തി |
| 2 | മുഹമ്മദ് ഷെരീഫ് പി.പി, പാലത്തോട്ടയിൽ വീട്, നെല്ലിമറ്റം |
| 3 | സുരേഷ് കെ.ആർ, കുഴിപ്പറമ്പിൽ പാദുവാപുരം, കറുകുറ്റി |
| 4 | ഷാജി കെ.ആർ, കുഴിപ്പറമ്പിൽ പാദുവാപുരം, കറുകുറ്റി. |
| 5 | ബാബു എം.കെ, ആലങ്ങാട് |
| 6 | ജോർജ്ജ് സി.പി, ചക്കിയത്ത്, ആലങ്ങാട് |
| 7 | മോൻസി പോൾ, അകമ്പിള്ളി, മീമ്പാറ , പുത്തൻകുരിശ്ശ് |

കൂടാതെ സനിൽ ബി മേനോൻ, എൻ പ്രസാദ്, സി.ജെ.ജോസ് , ചിന്നൻ പി.ഒ തുടങ്ങിയ ഗുണഭോക്താക്കളുടെ പ്രോജക്റ്റ് സൈറ്റിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം 11/14.10.2020) മറുപടി ഹാജരാക്കിയില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതും, പദ്ധതി നടത്തിപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-35 ഫാമുകളിലെ വർക്ക് അഡ്വാൻസ്- ക്രമീകരണത്തിൽ കൂടുതൽ വ്യക്തത വരുത്തണം

ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിവിധ ഫാമുകളിൽ വർക്ക് അഡ്വാൻസ് ഇനത്തിൽ താൽക്കാലികമായി നൽകുന്ന മുൻകൂറുകൾ ക്രമപ്രകാരമായി തീർപ്പാക്കുന്നില്ല. മുൻകൂറുകൾ നൽകുന്നത് സംബന്ധിച്ചും, അത് തീർപ്പാക്കുന്നത് സംബന്ധിച്ചും കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99-ലും, ജി.ഒ.(പി) നം 419/11 ധനം തീയതി. 4-10-11-ലും വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

സർക്കാരിന്റെ അംഗീകാരത്തോടു കൂടി കൃത്യമായ മാനദണ്ഡങ്ങളും നിയന്ത്രണങ്ങളും പാലിച്ച് പ്രത്യേക ആവശ്യങ്ങൾക്ക് മാത്രമായാണ് ആർട്ടിക്കിൾ 99 പ്രകാരമുള്ള മുൻകൂറുകൾ സർക്കാർ സംവിധാനത്തിൽ ലഭ്യമാവുന്നത്. എന്നാൽ ജില്ലാ പഞ്ചായത്തിൽ ഇത്തരം നിയന്ത്രണ സംവിധാനത്തോടെയല്ല മുൻകൂറുകൾ പലപ്പോഴും അനുവദിക്കുന്നതായി കാണുന്നത്. അനുവദിച്ച മുൻകൂറുകൾ തീർപ്പാക്കുന്നതിനും യഥാസമയത്ത് തീർപ്പാക്കാത്ത മുൻകൂർ തുകകൾ പലിശ സഹിതം തിരിച്ചുപിടിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നില്ല. നൽകുന്ന മുൻകൂറുകൾ മൂന്നുമാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണെന്നും, അല്ലാത്തപക്ഷം നൽകിയ തുക 18% പലിശ സഹിതം തിരിച്ചുപിടിക്കണമെന്നും ജി.ഒ.(പി)നമ്പർ 419/11 ധനം തീയതി. 04.10.2011 നമ്പർ ഉത്തരവിൽ പറയുന്നു. മുൻകൂർ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഏതൊക്കെ മുൻകൂറുകൾ ക്രമീകരിക്കാനുണ്ടെന്ന് പരിശോധിക്കാനാവുന്നില്ല. ഫാം അധികാരികൾ ഫണ്ട് ആവശ്യപ്പെടുന്ന മുറക്ക് അഡ്വാൻസ് അനുവദിക്കുന്നതല്ലാതെ, മുൻപ് കൊടുത്ത മുൻകൂർ തുക ക്രമീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കപ്പെടുന്നില്ല. 2019-20 വർഷം വർക്ക് അഡ്വാൻസ് ഇനത്തിൽ വിവിധ ഫാമുകൾക്ക് നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | തുക | വൗച്ചർ നം, തീയതി |
|---|---|---|---|
| 1 | ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | 30,000 | 32/10.04.2019 |
| 2 | റാബിറ്റ് ബ്രീഡിംഗ് ഫാം, അങ്കമാലി | 10,000 | 48/11.04.2019 |
| 3 | സ്റ്റേറ്റ് സീഡ് ഫാം, ഒക്കൽ | 20,000 | 65/29.04.2019 |
| 4 | കോക്കനട്ട് ഫാം, വൈറ്റില | 20,000 | 87/01.05.2019 |
| 5 | സ്റ്റേറ്റ് സീഡ് ഫാം, ആലുവ | 20,000 | 96/07.05.2019 |
| 6 | ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | 30,000 | 163/29.05.2019 |
| 7 | കോക്കനട്ട് ഫാം, വൈറ്റില | 20,000 | 198/10.06.2019 |

| | | | |
|---|---|---|---|
| 8 | ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | 30,000 | 199/10.06.2019 |
| 9 | സ്റ്റേറ്റ് സീഡ് ഫാം, ഒക്കൽ | 20,000 | 207/11.06.2019 |
| 10 | സ്റ്റേറ്റ് സീഡ് ഫാം, ആലുവ | 20,000 | 210/19.06.2019 |
| 11 | സ്റ്റേറ്റ് സീഡ് ഫാം, ഒക്കൽ | 20,000 | 246/26.06.2019 |
| 12 | സ്റ്റേറ്റ് സീഡ് ഫാം, ഒക്കൽ | 20,000 | 364/16.07.2019 |
| 13 | റാബിറ്റ് ബ്രീഡിംഗ് ഫാം, അങ്കമാലി | 10,000 | 374/29.07.2019 |
| 14 | കോക്കനട്ട് ഫാം, വൈറ്റില | 20,000 | 397/05.08.2019 |
| 15 | സ്റ്റേറ്റ് സീഡ് ഫാം, ആലുവ | 20,000 | 400/05.08.2019 |
| 16 | ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | 30,000 | 447/14.08.2019 |
| 17 | സ്റ്റേറ്റ് സീഡ് ഫാം, ആലുവ | 40,000 | 448/14.08.2019 |
| 18 | ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | 30,000 | 541/02.09.2019 |
| 19 | സ്റ്റേറ്റ് സീഡ് ഫാം, ഒക്കൽ | 20,000 | 543/06.09.2019 |
| 20 | ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | 50,000 | 573/16.09.2019 |
| 21 | സ്റ്റേറ്റ് സീഡ് ഫാം, ആലുവ | 20,000 | 618/28.09.2019 |
| 22 | റാബിറ്റ് ബ്രീഡിംഗ് ഫാം, അങ്കമാലി | 10,000 | 620/28.09.2019 |
| 23 | കോക്കനട്ട് ഫാം, വൈറ്റില | 20,000 | 706/24.10.2019 |
| 24 | ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | 50,000 | 726/26.10.2019 |
| 25 | സ്റ്റേറ്റ് സീഡ് ഫാം, ഒക്കൽ | 20,000 | 757/05.11.2019 |
| 26 | സ്റ്റേറ്റ് സീഡ് ഫാം, ആലുവ | 20,000 | 796/27.11.2019 |
| 27 | റാബിറ്റ് ബ്രീഡിംഗ് ഫാം, അങ്കമാലി | 10,000 | 798/27.11.2019 |
| 28 | ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | 50,000 | 799/27.11.2019 |
| 29 | സ്റ്റേറ്റ് സീഡ് ഫാം, ഒക്കൽ | 20,000 | 858/20.12.2019 |
| 30 | ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | 50,000 | 874/28.12.2019 |
| 31 | സ്റ്റേറ്റ് സീഡ് ഫാം, ഒക്കൽ | 20,000 | 960/22.01.2020 |
| 32 | ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | 50,000 | 1008/06.02.2020 |
| 33 | കോക്കനട്ട് ഫാം, വൈറ്റില | 20,000 | 1025/15.02.2020 |
| 34 | ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | 50,000 | 1043/25.02.2020 |
| 35 | സ്റ്റേറ്റ് സീഡ് ഫാം, ആലുവ | 20,000 | 1106/07.03.2020 |
| 36 | ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | 50,000 | 1136/11.03.2020 |
| 37 | സ്റ്റേറ്റ് സീഡ് ഫാം, ഒക്കൽ | 20,000 | 1150/11.03.2020 |

സാംഖ്യ പേയ്മെന്റ് വൗച്ചർ ലഭ്യമല്ലാത്തതിനാൽ മേൽ തുകകൾ ഏത് കണക്ക് ശിർഷകത്തിൽ പെടുത്തിയാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B18 പ്രകാരം 460100103-Temporary Advance For Official Purposes എന്ന ഹെഡിൽ 1,00,000/- രൂപ മാത്രമാണ് ക്രമീകരിക്കാൻ ബാക്കിയുള്ളത്. അഡ്വാൻസ് അനുവദിക്കുമ്പോൾതന്നെ ചെലവായി രേഖപ്പെടുത്തുകയാണോയെന്നതിനും വ്യക്തതയില്ല. ഇക്കാര്യം പരിശോധിച്ച് മേൽ പ്രകാരം അനുവദിച്ച മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരം അറിയിക്കമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം 35/18.11.2020).

ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിവിധ ഫാമുകളിലെ പല ചെലവുകളും അടിയന്തിര സ്വഭാവത്തിലുള്ളതിനാലാണ് മുൻകൂർ തുക വർദ്ധിപ്പിച്ചതെന്നും, പലപ്പോഴും അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവ് വരികയും, അവയുടെ ബില്ലുകൾ ഒന്നിച്ച് നൽകുമ്പോൾ അഡ്വാൻസ് തുക ക്രമീകരിക്കുന്നതിനൊപ്പം അധികതുക അനുവദിച്ച് നലകുകയുമാണ് ചെയ്യുന്നതെന്നും മറുപടി നൽകി. എന്നാൽ ഇക്കാര്യം രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ അഡ്വാൻസ് ക്രമീകരിക്കുന്നതിൽ വ്യക്തതക്കുറവുണ്ട്. 25.09.2020 മുതൽ 460500501-Advance To Implementing Agencies എന്ന കണക്ക് ശീർഷകത്തിലാണ് അഡ്വാൻസ് തുക നൽകുന്നത് ബുക്ക് ചെയ്യുന്നതെന്നും, ഇതിനായി

പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നതായും അറിയിച്ചു. മുൻകൂറുകൾ നൽകുന്നത് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലോടെ ക്രമീകരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 അങ്കമാലി മുയൽ വളർത്തൽ കേന്ദ്രം - പ്രവർത്തനാവലോകനം- അപാകതകളും നിർദ്ദേശങ്ങളും

18.06.1966 ൽ ഒരു പന്നിവളർത്തൽ കേന്ദ്രമായി ആരംഭിച്ച ഈ സ്ഥാപനം നിലവിൽ മുയൽ പ്രജനനകേന്ദ്രമായി പ്രവർത്തിക്കുന്നു. മൃഗസംരക്ഷണ വകുപ്പിനു കീഴിലായിരുന്ന ഈ സ്ഥാപനം അധികാര വികേന്ദ്രീകരണത്തിനു ശേഷം ജില്ലാ പഞ്ചായത്തിന് കൈമാറിയിരിക്കുന്നു. എങ്കിലും ഫാം വികസന പ്രവർത്തനങ്ങൾക്കും, ദൈനംദിന ചെലവുകൾക്കുമായി പ്ലാൻ/ നോൺ പ്ലാൻ വിഭാഗങ്ങളിലായി ഇപ്പോഴും വകുപ്പിൽ നിന്നും തുക അനുവദിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. അങ്കമാലി നഗരത്തിന്റെ ഹൃദയഭാഗത്തായി 33.717 സെന്റ് സ്ഥലത്താണ് സ്ഥാപനം സ്ഥിതി ചെയ്യുന്നത്.

**(എ). സ്ഥാപനത്തിന്റെ ദൗത്യം.**

ന്യൂസിലാന്റ് വൈറ്റ്, ഗ്രേ ജയന്റ്, വൈറ്റ് ജയന്റ്, സോവിയറ്റ് ചിഞ്ചില തുടങ്ങിയ വിദേശയിനം മുയലുകളെ വളർത്തുക, ശാസ്ത്രീയ മുയൽകൃഷി പ്രോൽസാഹിപ്പിക്കുക. കർഷകർക്ക് ഗുണമേൻമയുള്ള മുയൽക്കുഞ്ഞുങ്ങളെ ന്യായമായ നിരക്കിൽ വിതരണം ചെയ്യുക തുടങ്ങിയവയാണ് സ്ഥാപനത്തിന്റെ ദൗത്യം.

**(ബി). ജീവനക്കാരുടെ വിവരം**

| തസ്തിക | അനുവദിച്ചത് | നിലവിലുള്ളത് |
|---|---|---|
| വെറ്റിനറി സർജ്ജൻ | 1 | 1 |
| ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ | 1 | 1 |
| സാനിറ്ററി വർക്കർ | 1 | 1 |
| നൈറ്റ് വാച്ച്മാൻ | 1 | 1 |
| പെർമനന്റ് ലേബർ * | 2 | 0 |
| കാഷ്വൽ ലേബർ | 2 | 1 |

* ഒരു പെർമനൻറ് ലേബർ 31.03.2020 ൽ വിരമിച്ചു. തുടർന്ന് ഇദ്ദേഹത്തെ തന്നെ ദിവസവേതാനാടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നു.

**(സി). കഴിഞ്ഞ 5 വർഷങ്ങളായി നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ**

| ക്രമ നം | പ്രവൃത്തിയുടെ പേര് | വർഷം | അടങ്കൽ തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ക്വാർട്ടേഴ്സ് മെയിന്റനൻസ് | 2014-15 | 5,50,000 | 4,84,524 | പ്രവൃത്തി പൂർത്തീകരിച്ചു. യു.സി.ലഭിച്ചു. ബാലൻസ് തുക 15.10.2016 ൽ ട്രഷറിയിൽ തിരിച്ചടച്ചു |
| 2 | റാബിറ്റ് ഫാം മെയിന്റനൻസ് | 2015-16 | 4,80,000 | 3,444,016 | പ്രവൃത്തി പൂർത്തീകരിച്ചു. (Project No 943/2018) യു.സി.ലഭിച്ചു. ബാലൻസ് തുക 16.01.2018 ൽ ട്രഷറിയിൽ തിരിച്ചടച്ചു |
| 3 | ഇലക്ട്രിഫിക്കേഷൻ ഓഫ് ന്യൂ റാബിറ്റ് ഷെഡ് | 2015-16 | 71,000 | 62,794 | പ്രവൃത്തി പൂർത്തീകരിച്ചു. യു.സി.ലഭിച്ചു. |
| 4 | കാടവളർത്തൽ ഷെഡ് നിർമ്മാണ് | 2015-16 | 28,29,000 | 18,10,582 | ജില്ലാ പഞ്ചായത്ത് പ്രോജക്റ്റ് നം 1039/19 പ്രകാരം പൂർത്തീകരിച്ചു. പ്രവർത്തനം തുടങ്ങിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 5 | ഓഫീസ് ബിൽഡിംഗ് മെയിന്റനൻസ് | 2016-17 | 4,20,000 | 1,97,145 | ജില്ലാ പഞ്ചായത്ത് പ്രോജക്റ്റ് നം 1172/19 പ്രകാരം പൂർത്തീകരിച്ചു. 28.10.19 ൽ UC ലഭിച്ചു. |
| 6 | ക്വാർട്ടേഴ്സ് മെയിന്റനൻസ് | 2016-17 | 3,10,000 | | 20.12.2016 ൽ തുക ജില്ലാ പഞ്ചായത്തിന് കൈമാറി. യു.സി.ലഭിച്ചിട്ടില്ല |
| 7 | ഇലക്ട്രിഫിക്കേഷൻ ഓഫ് ന്യൂ റാബിറ്റ് ഷെഡ് | 2017-18 | 10,000 | | പ്രവൃത്തി പൂർത്തീകരിച്ചു. യു.സി.ലഭിച്ചിട്ടില്ല |
| 8 | ഫീഡ് സ്റ്റോറേജ് റൂം,സെയിൽസ് കൗണ്ടർ, ഗേറ്റ് , സെക്യൂരിറ്റി ക്യാബിൻ നിർമ്മാണം | 2018-19 | 12,78,381 | | PWD Work. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. UC ലഭിച്ചിട്ടില്ല. |
| 9 | മുയൽ വളർത്തൽകേന്ദ്രം അറ്റകുറ്റപ്പണി | 2019-20 | 4,60,000 | - | പ്രവൃത്തി തുടങ്ങിയിട്ടില്ല. |

**(ഡി). ഫാം പ്രവർത്തനങ്ങളിൽ കണ്ടെത്തിയ അപാകതകൾ**

**1. മുയലുകളുടെ പ്രജനനം നടത്തുന്നില്ല**

ഗുണമേന്മയുള്ള മുയൽക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് കർഷകർക്ക് ന്യായമായ നിരക്കിൽ വിതരണം ചെയ്യുകയെന്ന സ്ഥാപനത്തിന്റെ ദൗത്യം നിലവിൽ നിറവേറ്റപ്പെടുന്നില്ലെന്ന് കാണുന്നു. ഹാജരാക്കിയ Birth Register പ്രകാരം 23.10.2020 ലാണ് അവസാനമായി Breeding നടത്തിയിട്ടുള്ളത്. മുയലുകളെ പരിപാലിക്കുവാൻ ധാരാളം അടിസ്ഥാനസൗകര്യങ്ങളുണ്ടായിട്ടും ഫാമിൽ പരിപാലിക്കപ്പെടുന്ന മുയലുകളുടെ എണ്ണം ( 28 എണ്ണം) വളരെ കുറവാണ്. ധാരാളം കർഷകർ മുയൽക്കുഞ്ഞുങ്ങൾക്കായി ബുക്ക് ചെയ്ത് കാത്തിരിക്കുന്നു. കൂടാതെ വിവിധ പഞ്ചായത്തുകളിലെ മൃഗാശുപത്രികൾ വഴിയും മുയൽക്കുഞ്ഞുങ്ങളെ ആവശ്യപ്പെട്ടുവരുന്നുണ്ട്. നിലവിലെ ലൈവ് സ്റ്റോക്കിന്റെ വിവരം താഴെ ചേർക്കുന്നു.

| മുയലുകളുടെ ഇനം | 31.03.2020 പ്രകാരമുള്ള സ്റ്റോക്ക് | | | 06.11.2020 പ്രകാരമുള്ള സ്റ്റോക്ക് | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| ന്യൂസിലാന്റ് വൈറ്റ് | 3 | 11 | 14 | 1 | 8 | 9 |
| വൈറ്റ് ജയന്റ് | 3 | 6 | 9 | 1 | 3 | 4 |
| സോവിയറ്റ് ചിഞ്ചില | 2 | 19 | 21 | 1 | 14 | 15 |
| ക്രോസ് ബ്രീഡ് | - | 2 | 2 | - | - | - |
| | 8 | 38 | 46 | 3 | 25 | 28 |

**2. ഫാം കൗൺസിൽ പ്രവർത്തനം ശരിയായി നടക്കുന്നില്ല.**

08.05.2017 ൽ ഫാം കൗൺസിൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും, ജില്ലാ പഞ്ചായത്ത് പ്രതിനിധികളേയും, മറ്റ് പ്രാദേശിക ജനപ്രതിനിധികളേയും, വകുപ്പുതല ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഫാം കൗൺസിൽ വിപുലീകരിച്ചിട്ടില്ല. ജില്ലാ മൃഗസംരക്ഷണ ഓഫീസറും, സ്ഥാപന മേധാവിയും, ഒരു പെർമനന്റ് ലേബററും, മാത്രമാണ് ആദ്യ യോഗത്തിൽ പങ്കെടുത്തിട്ടുള്ളത്. 26.03.2018 ൽ രണ്ടാമത് യോഗം കൂടിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, തീരുമാനങ്ങളൊന്നും മിനിട്ട്സ് ബുക്കിൽ ചേർത്തിട്ടില്ല. ഫാം സംരക്ഷണത്തിനും, ഫാമിലെ പ്രശ്ന പരിഹാരത്തിനും ഫാം കൗൺസിൽ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

**3. അനാഥമായി കിടക്കുന്ന ജീവനക്കാരുടെ ക്വാർട്ടേഴ്സ്**

സ്ഥാപനത്തോട് ചേർന്ന് തന്നെ 1000 ചതുരശ്ര അടിയോളം വിസ്തൃതിയുള്ള ഒരു ക്വാർട്ടേഴ്സ് നിലവിലുണ്ട്. 2014-15 ൽ 4,84,524/- രൂപ ക്വാർട്ടേഴ്സ് മെയിന്റനൻസിനായി ചെലവഴിച്ചിരുന്നു. കൂടാതെ 2016-17 ൽ 3,10,000/- രൂപയും

ക്വാർട്ടേഴ്സ് മെയിന്റനൻസിനായി ചെലവഴിച്ചിട്ടുണ്ട്. ഇത്രയും തുക ചെലവഴിച്ച് നവീകരിച്ച കെട്ടിടം ആരും ഉപയോഗിക്കാതെ കാട് പിടിച്ച് കിടക്കുകയാണ്.

**4. കാടവളർത്തൽ കേന്ദ്രം പ്രവർത്തനക്ഷമമാക്കിയില്ല**

സ്ഥാപനത്തിൽ കാടവളർത്തൽ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിൽ നിന്നും 2015-16 വർഷത്തിൽ 28,29,000/- രൂപ അനുവദിച്ചിരുന്നു. ഈ തുക 28.03.2016 ൽ ജില്ലാ പഞ്ചായത്തിന് കൈമാറിയെങ്കിലും 2018-19 വർഷത്തിലാണ് തുക ചെലവഴിച്ചത് (പ്രോജക്റ്റ് നം 1039/19). 18,10,582/- രൂപ ഇതിനകം ചെലവഴിച്ചെങ്കിലും കാടവളർത്തലിന് ഉതകുന്ന രീതിയിൽ കെട്ടിടം സജ്ജമാക്കിയിട്ടില്ല. ഇലക്ട്രിക്കൽ, പ്ലംബിംഗ് വർക്കുകൾ ചെയ്തിട്ടില്ല. കാടകൾക്കുള്ള കൂടുകളും സജ്ജീകരിച്ചിട്ടില്ല. ഷീറ്റ് മേഞ്ഞ രണ്ട് കെട്ടിടങ്ങൾ പണിയുക മാത്രമാണ് നിലവിൽ ചെയ്തിട്ടുള്ളത്. ഒരു കെട്ടിടത്തിലെ ഫോൾസ് സീലിംഗ് ചെയ്തിട്ടുള്ള ഭാഗം തകർന്നു കിടക്കുകയാണ്. ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക ജില്ലാ പഞ്ചായത്ത് അക്കൌണ്ടിൽ കിടക്കുമ്പോഴും കാടവളർത്തൽ കേന്ദ്രം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കാതെ പോയിരിക്കുന്നു.

**5. സ്ഥാപനത്തിലെ മറ്റ് അപാകതകൾ**

(എ) മുയൽ വളർത്തൽ കേന്ദ്രത്തിന് അനുവദിച്ച 48111 എന്ന രസീത് ബുക്കിൽ 43 മുതൽ 69 വരെ രസീത് നമ്പരുകളിലായി 19.03.2020 മുതൽ 17.12.2020 വരെയുള്ള ദിവസങ്ങളിൽ പിരിച്ച 13,620/- രൂപ നാളിത് വരെ ജില്ലാ പഞ്ചായത്തിൽ ഒടുക്കുകയോ കാഷ് ഇൻ ഹാൻഡ് ആയി സ്ഥാപനത്തിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

(ബി) ജില്ലാ പഞ്ചായത്തിൽ നിന്ന് 29.01.2020 ൽ നിത്യ ചെലവുകൾക്കായി ലഭിച്ച 10,000/- രൂപയിൽ 5,981/- രൂപ ചെലവഴിച്ചതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയത്. ബാക്കി തുകയായ 4,019/- രൂപ സ്ഥാപനത്തിന്റെ ട്രഷറി അക്കൌണ്ടിലോ (7110914000184), കാഷ് ഇൻ ഹാൻഡ് ആയി സ്ഥാപനത്തിലോ കാണുന്നില്ല. ആയതിന്റെ ചെലവ് രേഖകളും ഹാജരാക്കിയിട്ടില്ല.

(സി) ജില്ലാ പഞ്ചായത്തിലെ എസ്.ടി.എസ്.ബി അക്കൌണ്ട് നമ്പരിൽ നിന്ന് 05.02.2020 ൽ 45401 നമ്പർ ചെക്ക് നമ്പരായി പിൻ വലിച്ച 2,000/- രൂപ, 02.03.2020 ൽ 1947161/-, 1947162/- എന്നീ ചെക്ക് നമ്പരുകളിലായി പിൻ വലിച്ച 2,500/- രൂപ, 4,500/- രൂപ എന്നീ തുകകളുടെയും ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. മേൽ തുക സ്ഥാപനത്തിന്റെ ബാങ്ക് അക്കൌണ്ടിലോ, കാഷ് ഇൻ ഹാൻഡ് ആയി സ്ഥാപനത്തിലോ കാണുന്നില്ല.

(ഡി). 20.02.2020 മുതൽ 31.03.2020 വരെ മൃഗസംരക്ഷണ വകുപ്പിൽ നിന്നും സ്ഥാപനത്തിന് ഫ്യുവൽ ചാർജ്ജ്, വെള്ളക്കരം, ടെലഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നീ ഇനത്തിൽ ലഭിച്ച ഫണ്ടിൽ 19,235/- രൂപ ( 3,500, 2,000, 1,127, 1,000, 8,144, 2,041, 300, 1,123) ഇതുവരെ പ്രസ്തുത തുകകളുടെ ഉദ്ദേശത്തിനായി ചെലവ് ചെയ്തിട്ടില്ല. തുക ഒടുക്കാത്തതിനാൽ ഇലക്ട്രിസിറ്റി, വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ എന്നീ സ്ഥാപനങ്ങളിൽ നിന്ന് ഡിസ്കണക്ഷൻ നോട്ടീസ് ലഭിച്ചിരിക്കുകയാണ്.

(ഇ) ഡസ്പാച്ച് രജിസ്റ്റർ 25.09.2020 വരെയും പേർസണൽ രജിസ്റ്റർ 30.12.2019 വരെയും മാത്രമാണ് എഴുതിയിരിക്കുന്നത്. തപാലുകൾ നേരിട്ട് പേർസണൽ രജിസ്റ്ററിലാണ് ചേർക്കുന്നത്. ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ എഴുതുന്നില്ല. വിവരാവകാശ രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നീ രജിസ്റ്ററുകളും ഓഡിറ്റിൽ ഹാജരാക്കിയില്ല. 30.09.2020 ന് ശേഷം കാഷ്ബുക്കിൽ യാതൊരു രേഖപ്പെടുത്തലും നടത്തിയിട്ടില്ല. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിക്കുന്നില്ല.

**(ഇ). നിർദ്ദേശങ്ങൾ.**

സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു.

1. അകാരണമായി നിർത്തിവച്ചിരിക്കുന്ന മുയലുകളുടെ പ്രജനനം പുനരാരംഭിക്കണം. പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ മികച്ചയിനം മുയലുകളെ ഉത്പാദിപ്പിച്ച് നൽകുക എന്ന ലക്ഷ്യം നിറവേറ്റപ്പെടുന്നില്ലെങ്കിൽ നിലവിൽ 5 ജീവനക്കാരുള്ള ഈ സ്ഥാപനത്തിൽ പ്രസ്തുത ജീവനക്കാർക്ക് ശമ്പളം നൽകി മേൽ സ്ഥാപനം എന്തിന് നിലനിർത്തണം എന്ന ചോദ്യം സ്വാഭാവികമായി ഉയരും.

2. മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ 20.04.2017 ലെ AHD/120/2017-H1 സർക്കുലർ പ്രകാരം എല്ലാ ഫാമുകളിലും അടിയന്തിരമായി ഫാം കൌൺസിൽ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അന്ത:സത്ത ഉൾക്കൊണ്ട് ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഫാം കൌൺസിൽ രൂപീകരിക്കേണ്ടതാണ്.

3. അങ്കമാലി നഗരഹൃദയത്തിൽ തന്നെയുള്ള ക്വാർട്ടേഴ്സ് ഉപയോഗയോഗ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മുയൽ വളർത്തൽ കേന്ദ്രത്തിൽ ഒരു ക്വാർട്ടേഴ്സിന്റെ ആവശ്യം ഇല്ലെങ്കിൽ മൃഗസംരക്ഷണ വകുപ്പ്, ജില്ലാ പഞ്ചായത്ത് എന്നിവരുമായി ബന്ധപ്പെട്ട് പ്രസ്തുത കെട്ടിടം മറ്റെന്തെങ്കിലും ആവശ്യത്തിന് താത്കാലികമായി ഉപയോഗിക്കാൻ

സാധിക്കുമോ എന്ന് പരിശോധിക്കാവുന്നതാണ്. ഏത് സാഹചര്യത്തിലായാലും ക്വാർട്ടേഴ്സ് കെട്ടിടം ഉപയോഗശൂന്യമാകാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. കാടവളർത്തൽ കേന്ദ്രത്തിനായി പണിതുകൊണ്ടിരിക്കുന്ന കെട്ടിടം എത്രയും പെട്ടെന്ന് പൂർത്തിയാക്കണം. 10 ലക്ഷത്തോളം തുക ഇനിയും ജില്ലാ പഞ്ചായത്ത് അക്കൌണ്ടിലുണ്ട്. കൃത്യമായ ധാരണയോട് കൂടി രൂപീകരിച്ച പദ്ധതിയായിരുന്നില്ല കാട വളർത്തൽ കേന്ദ്രം എന്നത് പരിശോധയിൽ വ്യക്തമായി. എന്നിരുന്നാലും നിലവിലുള്ള കെട്ടിടം ഉപയോഗിച്ച് സാദ്ധ്യമായ രീതിയിൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്.

5. ജില്ലാ പഞ്ചായത്ത് രസീത് നൽകി പിരിച്ച 13,620/- രൂപ എത്രയും വേഗം ജില്ലാ പഞ്ചാത്ത് അക്കൌണ്ടിൽ ഒടുക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി 3 ദിവസത്തിനകം പ്രസ്തുത തുക ഒടുക്കാത്ത പക്ഷം സർക്കാർ പണത്തിന്റെ ദുരുപയോഗമായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

6. ഈ ഖണ്ഡികയിലെ ഇ (5) ലെ മറ്റ് അപാകതകൾ എന്ന വിഭാഗത്തിൽ ബി, സി എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള 13,019/- (4,019, 2,000, 2,500, 4,500) രൂപയുടെ ചെലവ് രേഖകൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കുക.

7. ഫ്യുവൽ ചാർജ്ജ്, വെള്ളക്കരം, ടെലഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നീ ഇനങ്ങളിലെ ഒടുക്കാനുള്ള തുക എത്രയും വേഗം ഒടുക്കേണ്ടതാണ്. ആയതിനുള്ള തുക സ്ഥാപനത്തിന്റെ ട്രഷറി അക്കൌണ്ടിൽ നേരത്തെ തന്നെ പിൻവലിച്ച് സൂക്ഷിച്ചിട്ടുണ്ട്. തുക ലഭ്യമായിട്ടും കൃത്യസമയത്ത് തുക ഒടുക്കാതെ മേൽ സേവനങ്ങൾ ലഭ്യമാകാതെ സ്ഥാപനത്തിന്റെ പ്രവർത്തനം തടസ്സപ്പെടുന്നത് ഗുരുതര സാഹചര്യം ഉണ്ടാക്കും.

8. ഡസ്പാച്ച് രജിസ്റ്റർ, പേർസണൽ രജിസ്റ്റർ, ആസ്തി രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ, കാഷ് ബുക്ക്, രസീത്ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ കാലികമാക്കി ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-37 ആലുവ, സംസ്ഥാന വിത്തുലപ്പാദന കേന്ദ്രം- പ്രവർത്തനാവലോകനം -അപാകതകളും നിർദ്ദേശങ്ങളും.

ആയിരത്തി തൊള്ളായിരത്തി പത്തൊൻപതിൽ കാർത്തിക തിരുനാൾ ധർമ്മരാജാ സ്ഥാപിച്ചെന്ന് കരുതുന്ന കാർഷിക പാഠശാലയാണ് ഇന്നത്തെ സംസ്ഥാനവിത്തുല്പാദന കേന്ദ്രം. ആലുവാ പാലസിന്റെ എതിർവശത്ത്, പതിമൂന്നര ഏക്കർ വിസ്തൃതിയിൽ, മൂന്ന് വശവും പെരിയാറും കൈവഴികളും അതിരിടുന്ന ഫാം ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ടനിലയിലാണ്. പുറയാർ റെയിൽവേ ഗേറ്റിൽ നിന്ന് റെയിൽപാളത്തിലൂടെ നടന്നോ, ഫാമിന്റെ ചെറിയ ബോട്ട് മാർഗ്ഗമോ ഫാമിലേക്കെത്താം. ഫാമിനെ നാല് ബ്ളോക്കുകളായി തിരിച്ച് മൂന്ന് ബ്ളോക്കിൽ (7 ഏക്കർ) നെല്ല്, ഒരു ബ്ളോക്കിൽ വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുന്നു. രക്തശാലി, ജൈവ, ജപ്പാൻ വയലറ്റ് എന്നീ നെൽ വിത്തുകളാണ് രണ്ടു പൂവ് കൃഷി ചെയ്ത് വിത്ത് ഉത്പാദിപ്പിക്കുന്നത്. പരമ്പരാഗത നെൽവിത്തുകൾ, പുതിയ ഇനം നെൽവിത്തുകൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുക എന്നതാണ് ഫാമിന്റെ പ്രധാന ഉദ്ദേശം. സംയോജിത കൃഷി രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി കാസർഗോഡ് കുള്ളൻ പശുക്കൾ, ആടുകൾ, താറാവ്, കോഴി എന്നിവയെയും ഫാമിൽ വളർത്തുന്നുണ്ട്. ഫാമിൽ തന്നെ ഉത്പാദിപ്പിക്കുന്ന ജൈവവളങ്ങളും കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. ജൈവ കൃഷി രീതിയാണ് പിൻതുടരുന്നത്.

പേര് പോലെതന്നെ വിത്ത്, പ്രധാനമായും നെൽ വിത്ത്-കാർഷിക സർവ്വകലാശാലകളുടെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ വികസിപ്പിച്ചെടുത്ത ബ്രീഡർ സീഡ്, ഫൌണ്ടേഷൻ സീഡ് അടങ്ങുന്ന നൂതന വിത്തിനങ്ങൾ, അന്യം നിന്ന് പോകുന്ന പരമ്പരാഗത വിത്തിനങ്ങൾ പ്രവർദ്ധനം ചെയ്ത് കൃഷി ഭവനുകളിലൂടെയും നേരിട്ടും കർഷകർക്ക് ലഭ്യമാക്കുന്നു. പഞ്ചഗവ്യം, വെർമിവാഷ്, അമിനോഫിഷ് എന്നീ ജൈവത്വരകങ്ങൾ, എക്സ്പ്ളോഡ് പോലുള്ള ജൈവകീടനാശിനികൾ എന്നിവ തയ്യാറാക്കി വില്പന നടത്തുന്നുണ്ട്. കൂടാതെ ഇന്റഗ്രേറ്റഡ് ഫാമിങ്ങ് വഴി ലഭിക്കുന്ന ഉത്പന്നങ്ങൾ, തേൻ ചെറുതേൻ, വെളിച്ചെണ്ണ എന്നിവ ചെറിയ തോതിൽ വില്പനയ്ക്ക് ഉണ്ട്.

ഓഫീസ് കെട്ടിടം, ശ്രീമൂലംബംഗ്ലാവ്, ഗോഡൌൺ, സ്ത്രീകൾക്കും പുരുഷൻമാർക്കുമുള്ള ചെറിയ വിശ്രമമുറികൾ എന്നിവയാണ് കെട്ടിടങ്ങൾ. സാധനസാമഗ്രികൾ കടത്താനുള്ള ചെറിയ ചങ്ങാടം, ഒരു യാത്രാ ബോട്ട്, ടില്ലർ, വീഡ് കട്ടർ, സ്പ്രേയർ തുടങ്ങിയ മറ്റ് കാർഷികോപകരണങ്ങൾ എന്നിവയാണ് ഫാമിന്റെ ആസ്തികൾ.

പരിശോധനയിൽ കണ്ടെത്തിയ അപാകതകളും പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. ഫാമിന്റെ മൂന്ന് അതിരുകൾ പ്രകൃത്യാ ഉള്ളവയാണ്. എന്നാൽ റെയിലിനോട് ചേർന്ന ഒരു വശം സ്വകാര്യ വ്യക്തിയുടെ സ്ഥലമാണ്. ഇതിലൂടെ നടപ്പുവഴിയിലൂടെയാണ് ഫാമിലേയ്ക്ക് എത്തുന്നത്. എന്നാൽ റെയിൽ പാളത്തോട് ചേർന്ന വഴിയായതിനാൽ വാഹനഗതാഗതം സാധ്യമല്ല. ഈ വഴിക്ക് ഫാമിന് ഉടമസ്ഥാവകാശം ഉണ്ടോയെന്നും വ്യക്തമല്ല. ഫാമിന്റെ ഈ അതിര് കൃത്യമായി വേർതിരിച്ചിട്ടില്ല.

ഭൂമി സംബന്ധിച്ച കൈവശ രേഖകൾ, അതിർത്തി സംബന്ധിച്ച രേഖകൾ എന്നിവയും ഇല്ലാത്തതിനാൽ റവന്യൂ വകുപ്പിൽ നിന്ന് ഇവ ലഭ്യമാക്കേണ്ടതും, ഭൂമി അളന്ന് തിട്ടപ്പെടുത്തി കൈയ്യേറ്റം ഇല്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും, ഭൂമി സംബന്ധിച്ച വിവരങ്ങൾ ആസ്തി രജിസ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

**2.** വെട്ടുമാങ്ങ അച്ചാർ, അവൽ പോലുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കി വിൽപന നടത്തുന്നുണ്ടെങ്കിലും ഉത്പാദന ചെലവുമായി താരതമ്യംചെയ്യുമ്പോൾ ഇത്തരം പ്രവർത്തനങ്ങൾ ഫാമിന്റെ പ്രവർത്തനത്തിന് അത്യാവശ്യമോ ലാഭകരമോ അല്ല എന്ന് കാണാം. 2018 ഓഗസ്റ്റ് മാസത്തെ പ്രളയം മൂലം നെൽ വിത്തിന്റെ അങ്കുരണ ശേഷി കുറഞ്ഞതിനാൽ രക്തശാലി അരി, അവൽ എന്നിവ പാക്ക് ചെയ്ത് വിറ്റിരുന്നു. എന്നാൽ വിത്ത് തന്നെ കർഷകർക്ക് ആവശ്യത്തിന് നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ഇത്തരം പ്രവർത്തനങ്ങൾ പ്രോത്സാഹന ജനകമല്ല.

മാത്രമല്ല ഫാമിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത, ഉത്പന്നങ്ങൾ വിപണനം ചെയ്യാൻ അനുയോജ്യമല്ല. ഫാമിന്റെ പ്രവർത്തനോദ്ദേശം തന്നെ കർഷകർക്ക് നല്ലയിനം നെൽവിത്ത് ലഭ്യമാക്കി ജൈവകൃഷി രീതികൾ പരിചയപ്പെടുത്തി കൂടുതൽ പേരെ കൃഷിയിലേയ്ക്ക് കൊണ്ടുവരിക എന്നതാണെന്നിരിക്കെ, വിത്തുതന്നെ വാല്യൂ ആഡഡ് പ്രോഡക്ട് ആയി വില്പന നടത്തുന്ന വില്പനകേന്ദ്രങ്ങുടെ നിലവാരത്തിലേയ്ക്ക് ഫാം പ്രവർത്തനം തിരിച്ചുവിടുന്നത് ശരിയായ രീതിയല്ല. ഇത്തരം ഘടകങ്ങൾ പരിഗണിച്ച് മേൽപറഞ്ഞ രീതിയിൽ നൂതന വിത്തിനങ്ങൾ, അന്യം നിന്ന് പോകുന്ന പരമ്പരാഗത വിത്തിനങ്ങൾ തുടങ്ങിയവ കർഷകർക്ക് നൽകാനുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകേണ്ടതാണ്. കൃഷി പാഠശാല എന്ന രീതിയിൽ ഇന്റഗ്രേറ്റഡ് ഫാമിങ്ങ്, പരമ്പരാഗത ജൈവകൃഷിരീതികൾ അവലംബിച്ച് വിജയകരമായി കാർഷിക പ്രവർത്തനം തൊഴിലായി തന്നെ കൊണ്ടുനടക്കുന്ന കർഷകരുടെ അനുഭവസമ്പത്ത് പങ്കുവെയ്ക്കുന്നതിനും, കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് സാങ്കേതിക ഉപദേശങ്ങൾ കൊടുക്കുന്നതിനും, സ്കൂൾ വിദ്യാർത്ഥികൾക്ക് നെൽകൃഷിയും കൃഷി രീതികളും പരിചയപ്പെടുത്തുന്നതിനും ഫാം പ്രയോജനപ്പെടുത്താവുന്നതാണ്.

3. ഫാം പ്രവർത്തനങ്ങളുടെ അടിസ്ഥാന രേഖയാണ് ഡി എം എസ് രജിസ്റ്റർ .ഓരോ ദിവസത്തേയും ഫാം പ്രവർത്തനങ്ങളുടെ കൃത്യമായ വിവരം ഈ രജിസ്റ്ററിൽ നിന്നും വ്യക്തമായി ലഭിക്കേണ്ടതാണ്. എന്നാൽ രജിസ്റ്ററിലെ എല്ലാ കോളങ്ങളിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ ഫാം പ്രവർത്തനങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കാൻ കഴിയുന്നില്ല. ചെയ്ത ജോലിയുടെ വിവരവും, തോഴിലാളികളുടെ എണ്ണവും രേഖപ്പെടുത്തുന്നതല്ലാതെ, ഫാമിൽ നിന്നുള്ള അതാതു ദിവസത്തെ വരവിന്റേയും, വിതരണത്തിന്റേയും വിവരങ്ങൾ ചേർത്തുകാണുന്നില്ല. ഡി എം എസ് രജിസ്റ്റർ ദിനം പ്രതി എഴുതി തയ്യാറാക്കേണ്ടതും, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

4. 22.07.2019 ൽ ആലുവ ഫാമിൽ നടത്തിയ പരമ്പരാഗത നെല്ലിനങ്ങളെക്കുറിച്ചുള്ള ക്ലാസ്സ് എടുത്തതിന് കേരള കാർഷിക സർവ്വകലാശാലയിലെ പ്രൊഫസർ ഡോ.വനജ. ടി ക്ക് ഹോണറേറിയം ഇനത്തിൽ 3000/- രൂപ കൃഷി ഓഫീസർ സ്വന്തം കൈയിൽ നിന്നും നൽകിയിരുന്നു. ഈ തുക താഴെ പറയുന്ന രണ്ട് ചെക്കുകളുടെയും ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തി മാറിയിരിക്കുന്നതായി കണ്ടു. കൈപ്പറ്റു രസീതിന്റെ ഫോട്ടോ കോപ്പിയാണ് രണ്ടാമത് ചെക്കിന്റെ ചെലവു രേഖകളോടൊപ്പം വച്ചിരിക്കുന്നത്.

| ബിൽ നം | ചെക്ക് നം, തീയതി | തുക |
|---|---|---|
| ഡി.പി.06/19 | 5030918/14.08.2019 | 40,000 |
| ഡി.പി.11/19 | 5030981/28.09.2019 | 34,500 |

ഇത് പരിശോധിച്ച് അധികം കൈപ്പറ്റിയ 3000/-രൂപ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്. കണ്ടിജന്റ് ചെലവുകളുടെ ബില്ലുകൾ ക്ലെയിം ചെയ്യുമ്പോൾ ഒറിജിനൽ ബിൽ ക്യാൻസൽ ചെയ്ത് Passed For Payment For Rs.....എന്ന് ഡി.ഡി.ഒ സാക്ഷ്യപ്പെടുത്തേണ്ടതാണ്. മിക്ക ബില്ലുകളിലും ഇത്തരത്തിലുള്ള സാക്ഷ്യപ്പെടുത്തൽ കണ്ടില്ല. ഇക്കാര്യം പ്രത്യേകം ശ്രദ്ധയിൽ പ്പെടുത്തുന്നു.

5. ചെക്ക് നം 5030942/29.08.2019 – 49,067/- രൂപ പ്രകാരം ക്ലെയിം ചെയ്ത വിവിധ ബില്ലുകളിൽ നെല്ല് കുത്തി അരിയാക്കുന്നതിന് ആലപ്പുഴ മങ്കൊമ്പിൽ പോയി വന്നതിനുള്ള വണ്ടിക്കൂലിയും ഉൾപ്പെടുന്നു. KL-40 J -3652 എന്ന വാഹനത്തിൽ നെല്ല് കൊണ്ടു പോയതിനുള്ള കൂലിയായി 5500/-രൂപയും, അതേ വാഹനത്തിൽ തന്നെ അരി തിരികെ കൊണ്ടുവന്നതിനുള്ള കൂലിയായി 3,000/- രൂപയും കൈപ്പറ്റിയതായുള്ള രേഖയാണ് ചെലവ് സ്റ്റേറ്റ്മെന്റിനോടൊപ്പം വച്ചിരിക്കുന്നത്. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ബില്ലിലോടൊപ്പം വച്ചിട്ടില്ല. ഇത്തരത്തിൽ ഒരേ ദൂരം ഓടിയതിന് വ്യത്യസ്ത നിരക്ക് അനുവദിച്ചതിനുള്ള കാരണമറിയിക്കേണ്ടതാണ്.

6. ജില്ലാ പഞ്ചായത്തിൽ ഒടുക്കിയ തുകയിൽ 684/- രൂപയുടെ കുറവ് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ). 48436/1 മുതൽ 100 വരെയും 54963/1 മുതൽ 10 വരെയുമുള്ള വരവിന്റെ തുകയായി 1,61,441/- രൂപ രസീത് നം. 119040100133 തി- 8/11/2019 പ്രകാരം ജില്ലാ പഞ്ചായത്തിൽ ഒടുക്കി. എന്നാൽ 1,62,041/- രൂപയാണ് ഒടുക്കേണ്ടത് എന്ന് പരിശോധനയിൽ കാണുന്നു. 600/- രൂപ കുറവായിട്ടാണ് ഒടുക്കിയിരിക്കുന്നത്.

(ബി). 54975/75 മുതൽ 100 വരെയും 54987/1 മുതൽ 30 വരെയുമുള്ള വരവിന്റെ തുകയായി 2,76,937/- രൂപ രസീത് നം. 119040100223 തി- 15.02.2020 പ്രകാരം ഒടുക്കി. എന്നാൽ 2,76,957/- രൂപയായിരുന്നു ഒടുക്കേണ്ടത്. 20 രൂപ കുറവായിട്ടാണ് ഒടുക്കിയത്.

(സി). 54987/31 മുതൽ 89 വരെയുള്ള വരവിന്റെ തുകയായി 39,008/- രൂപ രസീത് നം. 120040100002 തി- 6.05.2020 പ്രകാരം ഒടുക്കി. എന്നാൽ 39,022/- രൂപയായിരുന്നു ഒടുക്കേണ്ടത്. 14 രൂപ കുറവായിട്ടാണ് ഒടുക്കിയത്.

(ഡി). രസീത് നം. 54,988/10 പ്രകാരം പിരിച്ചെടുത്തിരിക്കുന്നത് 160/- രൂപയാണ്. എന്നാൽ 110/- രൂപയാണ് രജിസ്ററിൽ ചേർത്ത് ജില്ലാ പഞ്ചായത്തിൽ ഒടുക്കിയിരിക്കുന്നത്. 50രൂപ കുറവായിട്ടാണ് ഒടുക്കിയത്.

7. താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം ആലുവ ഫാമിൽ നിന്നും വിതരണം ചെയ്ത സാധനങ്ങളുടെ വില നാളിതുവരെയായിട്ടും ലഭിച്ചിട്ടില്ല.

| ക്രമ നം | തീയതി | ഇൻവോയ്സ് നം | തുക | സാധനങ്ങൾ കൊണ്ടുപോയ സ്ഥാപനം |
|---|---|---|---|---|
| 1 | 04.04.2018 | SSFA 01/18-19 | 4,775 | KAICO Athani |
| 2 | 12.05.2018 | SSFA 2A/18-19 | 4,210 | Kerala State Development Board |
| 3 | 26.07.2020 | SSFA 06/19-20 | 17,370 | KAICO Thrissur |
| 4 | 26.07.2020 | SSFA 07/19-20 | 55,350 | KAICO Thrissur (50,000 Recived Vide Rt No 36/54988) |
| 5 | 12.08.2019 | SSFA 11/19-20 | 28,000 | Prakrithi Eco Shop Pallippuram |
| 6 | 21.08.2019 | SSFA 11A/19-20 | 5,760 | State Seed Farm Okkal |
| 7 | 09.10.2019 | SSFA 13/19-20 | 30,375 | Krishi Bhavan Karumaloor |
| 8 | 01.11.2019 | SSFA 19/19-20 | 1,290 | KAICO Athani |
| 9 | 12.11.2019 | SSFA 20/19-20 | 4,060 | Krishi Bhavan Chengamanad |
| 10 | 14.11.2019 | SSFA 21/19-20 | 18,230 | KAICO Thrissur |
| 11 | 28.11.2019 | SSFA 28/19-20 | 1,500 | Harithamitra Farmers Extention Organisation, Aluva |
| 12 | 09.01.2020 | SSFA 34/19-20 | 36,175 | KAICO Thrissur |

മേൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എത്രയും വേഗം തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. കാഷ് ബുക്ക് കേരള ട്രഷറികോഡ് റൂൾ 92a പ്രകാരമല്ല എഴുതുന്നത്. സ്ഥാപനത്തിൽ നേരിട്ട് ലഭിക്കുന്ന തുകയും സ്ഥാപനത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് ലഭിക്കുന്ന തുകയും കാഷ് ബുക്കിൽ ചേർക്കുന്നുണ്ട്. എന്നാൽ ദിവസേനയുള്ള കാഷ് ബാലൻസ് കാഷ് ബുക്കിൽ സൂചിപ്പിക്കുന്നില്ല. സ്ഥാപനത്തിൽ നിന്ന് ജില്ലാ പഞ്ചായത്തിലേക്ക് നൽകുന്ന തുക മാത്രമാണ് കാഷ് ബുക്കിൽ ചേർക്കുന്നത്. സ്ഥാപനം ചെലവഴിക്കുന്ന തുക കാഷ് ബുക്കിൽ ചേർക്കുന്നില്ല. സ്ഥാപനത്തിന് ലഭിക്കുന്നവർക്ക് അഡ്വാൻസിന്റെ ചെലവ് ഓരോന്നും ചേർക്കുന്നില്ല. പകരം ആകെ ചെലവായ തുക മാത്രമാണ് ചേർക്കുന്നത്. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

9. രസീത് രജിസ്റ്ററിൽ ഓരോ ദിവസത്തെയും വരവുകൾ പ്രത്യേകമായി ചേർക്കുന്നില്ല. തുക ഒടുക്കേണ്ട ദിവസമാണ് രജിസ്റ്റർ കാലികമാക്കുന്നത്. ലഭിക്കുന്ന തുക ബാങ്ക് അക്കൌണ്ടിൽ ഒടുക്കാതെ സ്ഥാപനത്തിൽ സൂക്ഷിക്കുകയാണ് ചെയ്യുന്നത്. മാസങ്ങളോളം തുക സ്ഥാപനത്തിൽ സൂക്ഷിക്കുന്ന സാഹചര്യം നിലവിലുണ്ട്.

10. ചെക്ക് ഇഷ്യൂ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

11. സ്ഥാപനത്തിലെ യന്ത്രബോട്ടിൽ (Mechanised Boat) ലൈഫ് ജാക്കറ്റ്, ഫ്ളോട്ടിംഗ് ഡിവൈസ്, ഫയർ എക്സ്റ്റിങ്ഗ്വിഷർ എന്നീ പ്രധാനപ്പെട്ട ജീവൻ രക്ഷാ ഉപാധികൾ ഉള്ളതായി കാണുന്നില്ല.

**1-38 ഒക്കൽ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം -പ്രവർത്തനാവലോകനം-അപാകതകളും**

**<u>നിർദ്ദേശങ്ങളും.</u>**

ഒക്കൽ ഗ്രാമപഞ്ചായത്തിൽ എം സി റോഡിനോട് ചേർന്നാണ് 13.68 ഹെക്ടർ വിസ്തൃതിയുള്ള ഫാം സ്ഥിതിചെയ്യുന്നത്. നെൽകർഷകർക്കായി നല്ലയിനം നെൽവിത്ത് ഉത്പാദിപ്പിച്ച് നൽകുക എന്നതാണ് ഫാമിന്റെ സ്ഥാപനോദ്ദേശം. നിലവിൽ ഒരുപ്പൂനെൽകൃഷിയോടൊപ്പം കൃഷിഭവൻ വഴി വിതരണം ചെയ്യുന്ന ഗ്രോബാഗുകൾ പച്ചക്കറികൃഷിക്കായി തയ്യാറാക്കി നൽകൽ, പൂച്ചെടികൾ (ഹോർട്ടിക്കൾച്ചർ ആവശ്യത്തിന്) വിൽപ്പന നടത്തുന്നുമുണ്ട്. കൂടാതെ ആടുകൾ, കോഴി, ഗിഫ്റ്റ് തിലാപ്പിയ കുഞ്ഞുങ്ങൾ എന്നിവയും ഫാമിൽ ഉണ്ട്.

<u>ഫാമിന്റെ പ്രവർത്തനങ്ങൾ</u>

നെൽ വിത്തുല്പാദനമാണ് ഫാമിൻെറ പ്രവർത്തന ലക്ഷ്യം. ജലദൗർലഭ്യത കാരണം ഒരുപ്പൂ മാത്രമാണ് കൃഷിചെയ്യുന്നത്. വെള്ളമില്ലാത്തതുകൊണ്ട് 10.8 ഹെക്ടർ നെൽകൃഷിക്കായി മാറ്റിവെച്ചിട്ടുണ്ടെങ്കിലും 10 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യില്ല എന്നാണ് അറിയിച്ചത്. തൻവർഷം 80,000 കിലോഗ്രാം നെൽവിത്താണ് ഉത്പാദിപ്പിച്ചത്. പെരിയാറിന്റെ തീരത്ത് നിന്ന് അധികം അകലെയല്ലാതെ സ്ഥിതി ചെയ്യുന്ന ഫാമിലെ ജലസേചനത്തിനായി ഫാമിലെ ജലസ്രോതസ്സുകൾ കൂടാതെ ഓണംപിള്ളി മൈനർ ഇറിഗേഷൻ പദ്ധതിയെയാണ് ആശ്രയിക്കുന്നത്. കെ എസ് ഇ ബി.യുടെ ഒരു ലൈൻ കൂടി സ്ഥാപിച്ചാലേ ഫാമിലെ രണ്ട് 20 എച് പി മോട്ടോർ പമ്പ് രണ്ട് പമ്പ് സെറ്റുകൾ ഒരേസമയത്ത് പ്രവർത്തിപ്പിക്കാൻ കഴിയൂ എന്നാണ് ഫാം അധികൃതർ അറിയിച്ചത്. നിലവിൽ ഒരുസമയത്ത് ഒരു പമ്പ് സെറ്റ് മാത്രമാണ് പ്രവർത്തിപ്പിക്കുന്നത്. 40 എച് പി ശേഷിയുള്ള പമ്പ് സെറ്റ് ഇൻസ്റ്റലേഷൻ ആരംഭിച്ചിട്ടുണ്ടെങ്കിലും, വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ നടത്തിയാൽ മാത്രമേ ഇതും ഉപയോഗക്ഷമമാകൂ.

13.68 ഹെക്ടർ വിസ്തൃതിയുള്ള ഫാമിന്റെ പ്രവർത്തനങ്ങളുടെ നട്ടെല്ലാണ് ജലസേചന സൗകര്യം. സർക്കാർ ഉടമസ്ഥതയിൽ, ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ, വിദഗ്ധരായ കൃഷി ഓഫീസർമാരുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഫാമിലെ ജലസേചനസൗകര്യത്തിന്റെ പോരായ്മകൾ പരിഹരിക്കുന്നതിന് നാളിതുവരെ കഴിഞ്ഞിട്ടില്ല എന്നത് ഖേദകരമാണ്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമില്ല. അതുകൊണ്ടുതന്നെ സ്ഥലലഭ്യതയ്ക്കാനുപാതികമായ വിത്തുല്പാദനത്തിന്റെ 50 ശതമാനം പോലും ലക്ഷ്യത്തിലെത്താൻ ഫാമിന് കഴിഞ്ഞില്ല. ഹരിതകേരളം പദ്ധതിയിലൂടെ കേരളത്തെ ഭക്ഷ്യ സുരക്ഷയിലേയ്ക്ക് കൈപിടിച്ചുയർത്താനുള്ള ശ്രമങ്ങൾ നടക്കുന്ന പദ്ധതി കാലയളവിൽ, സർക്കാർ ഫാമുകൾ പ്രവർത്തന മികവിന്റെ കേന്ദ്രങ്ങളാകേണ്ടതാണ്. കൃഷിവകുപ്പ് നടപ്പിലാക്കുന്ന ഇന്റഗ്രേറ്റഡ് ഫാമിങ്ങിന്റെ ഭാഗമായി കോഴി വളർത്തൽ, ആട്ടു വളർത്തൽ എന്നീ പ്രവർത്തനങ്ങൾക്ക് ഉത്പാദനപരമല്ലാത്ത എന്നുതന്നെ പറയാവുന്ന വിധത്തിൽ ഫണ്ട് ചെലവഴിക്കേണ്ടി വന്നു. എം സി റോഡിന്റെ സൗകര്യം പ്രയോജനപ്പെടുത്തിയ ഹോർട്ടികൾച്ചർ, പച്ചക്കറി നടീൽ വസ്തുക്കളുടെ വിൽപന മാത്രമാണ് ഫാമിന്റെ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ചെങ്കിലും പ്രയോജനകരമായി വിലയിരുത്താനാവുന്നത്.

4 ഏക്കർ വീതമുള്ള ബ്ളോക്കുകളായി തിരിച്ചാണ് നെൽകൃഷി ചെയ്യുന്നത്. ഒരു ക്വാണ്ടം വർക്ക് എന്നത് ഒരു തൊഴിലാളി ഒരു ദിവസം ചെയ്യുന്ന കൃഷിപ്പണികൾ ആണ്. കൊയ്ത്തിനെ സംബന്ധിച്ചാണെങ്കിൽ 4 സെന്റ് സ്ഥലമാണ് ഒരു തൊഴിലാളിക്ക് ഒരു ദിവസം കൊയ്യാൻ കഴിയുന്നത്. കൂടാതെ കറ്റ ചുമന്ന് സംഭരണകേന്ദ്രത്തിൽ എത്തിക്കേണ്ടതുമുണ്ട്. ഈ നിലയിൽ തൊഴിലാഴികൾ കൊയ്ത്തു തീർക്കാൻ മാസങ്ങൾ തന്നെ വേണ്ടി വരും. ഫാമിന് 3 ടില്ലറുകൾ മാത്രമാണ് കാർഷികോപകരണങ്ങളായി ഉള്ളത്. 2 കമ്പയിൻഡ് ഹാർവസ്റ്റർ ഉണ്ടെങ്കിലും ഉപയോഗശൂന്യമാണ്. കൊയ്ത്തിനായി ഹാർവസ്റ്റർ വാടകയ്ക്കെടുക്കുന്നതൊഴികെ ഫാമിലെ വിത്തിടീൽ മുതൽ കൊയ്ത്തുവരെ പരമ്പരാഗത രീതിയിലാണ് നടക്കുന്നത്. യന്ത്രവൽകൃത കൃഷിരീതികൾ അവലംബിക്കാൻ ഇക്കാലയളവിലെ ഉദ്യോഗസ്ഥർ യാതൊരു ശ്രമങ്ങളും നടത്തിയിട്ടില്ല.

ഫാമിലെ പരിശോധനയിൽ കണ്ടെത്തിയ അപാകതകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. ഒക്കൽ ഫാമിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട നിയന്ത്രണസംവിധാനം കാര്യക്ഷമമോ ക്രിയാത്മകമോ അല്ല. ഉല്പാദനപ്രക്രിയക്ക് ആവശ്യമായ മനുഷ്യാദ്ധ്വാനം, അവയുടെ നിയന്ത്രണം, വിളവെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, സ്റ്റോക്കെടുപ്പ്, സ്റ്റോക്ക് സൂക്ഷിപ്പ്, രജിസ്റ്ററുകളുടെ പരിപാലനം എന്നിവയിലെല്ലാം പോരായ്മകളുണ്ട്. നിയന്ത്രണ സംവിധാനം ഫലപ്രദമല്ലാത്തതിനാൽ ഫാം പ്രവർത്തനങ്ങളുടെ അക്കൗണ്ടബിലിറ്റിയും ദുർബലമാണ്. പ്രതീക്ഷിത വരവ് ചെലവുകൾ കൃത്യമായി കണക്കാക്കാനോ വരവു-ചെലവുകളുടെ കൃത്യത ഉറപ്പാക്കാനോ ഉള്ള ഒരു പരിശോധനാസംവിധാനവും ഫാമിൽ നിലനിൽക്കുന്നില്ല.

2. ഒക്കൽ സംസ്ഥാന വിത്തുൽപാദനകേന്ദ്രത്തിലെ യഥാർത്ഥ അവസ്ഥ വ്യക്തമായി ബോധ്യപ്പെടുന്ന തരത്തിലുള്ള യാതൊരു രേഖയും സ്ഥാപനം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. എന്തൊക്കെ ഇനങ്ങളാണ് സംസ്ഥാന വിത്തുൽപാദനകേന്ദ്രത്തിൽ ഉത്പാദിപ്പിക്കുന്നത്, ഓരോ ഇനത്തിന്റെയും യഥാർത്ഥത്തിൽ ഉത്പാദിപ്പിച്ച അളവ്, വിറ്റുവരവ്, ഉത്പാദനച്ചെലവ്, പ്രസ്തുത ഇനത്തിന് ഉപയോഗിച്ച തൊഴിൽകൂലി, ആയതിന് സ്ഥാപനത്തിന് ചെലവായ

കടത്തുകൂലി (അസംസ്കൃത വസ്തുക്കൾ എത്തിച്ചതിന്റെയും അന്തിമ ഉത്പ്പന്നത്തിന്റെ വിൽപ്പനയുടെയും), മറ്റ് ചെലവുകൾ എന്നിവ കണ്ടെത്താൻ നിലവിൽ സ്ഥാപനത്തിലുള്ള രജിസ്ററുകളിൽ നിന്നോ രേഖകളിൽ നിന്നോ സാധിക്കുന്നില്ല. ഏതെങ്കിലും ഇനത്തിൽ അനാവശ്യ ചെലവുകൾ ഉണ്ടാകുന്നുണ്ടോ, ഓരോ ഇനത്തിന്റെയും ആവശ്യകത എത്രയാണ്, ഏത് സമയത്താണ്, ഏത് പ്രദേശങ്ങളിൽ നിന്നാണ്, അടുത്ത വർഷത്തെ ആവശ്യകത എത്രയാകും, തുടങ്ങിയ ഒട്ടനവധി കാര്യങ്ങൾ മനസ്സിലാക്കണമെങ്കിൽ ശാസ്ത്രീയമായ രീതിയിൽ തയ്യാറാക്കിയ രേഖകൾ ഉണ്ടാകേണ്ടതുണ്ട്. സ്ഥാപനത്തിൽ നിന്നും വിറ്റഴിച്ച വിവിധ നെൽവിത്തുകളുടെയും പച്ചക്കറികളുടെയും വിവിധ പ്രദേശങ്ങളിലെ ഉത്പാദനവും നിരീക്ഷിക്കേണ്ടതാണ്. ഇതിനായി മികച്ച കസ്റ്റമർ ഫീഡ്ബാക്ക് സംവിധാനം ഒരുക്കേണ്ടത് അത്യാവശ്യമാണെന്ന് ഓഡിറ്റ് കരുതുന്നു. വർഷാവസാനം ഒരു സമഗ്ര വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതാണെന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.

3. ഫാമുമായി ബന്ധപ്പെട്ട് പ്രതിവർഷം നടക്കുന്ന കാർഷിക പ്രവർത്തനങ്ങളുടെയും അതിനാവശ്യമായി വരുന്ന ചെലവുകളുടെയും വ്യക്തമായ ചിത്രം മുൻകൂട്ടി കാണുവാനും ആസൂത്രണത്തോടെ അവ പ്രയോഗത്തിൽ വരുത്തുവാനും ക്രോപ്പിംഗ് പ്രോഗ്രാം, ഫോർകാസ്റ്റ് ഓഫ് എക്സ്പെന്റിച്ചർ എന്നിവ തയ്യാറാക്കുന്നതിലൂടെ സാധിക്കുന്നതാണ്. ഒരു വർഷത്തിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന ദീർഘകാല - ഹ്രസ്വകാല കൃഷികളുടെയും മറ്റു നഴ്സറി പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ക്രോപ്പിംഗ് പ്രോഗ്രാമിലൂടെ തയ്യാറാക്കേണ്ടതും അധികാരസ്ഥാനങ്ങളിൽ നിന്നും അംഗീകാരം നേടേണ്ടതുമാണ്. ക്രോപ്പിംഗ് പ്രോഗ്രാം അംഗീകരിച്ചുകഴിഞ്ഞാൽ ഇതിൽ ഉൾപ്പെട്ട കാർഷിക പ്രവർത്തനങ്ങൾ ചെയ്യാനാവശ്യമായി വരുന്ന അടിസ്ഥാനസൗകര്യങ്ങളുടെയും ആവശ്യമായി വരുന്ന മറ്റുചെലവുകളുടെയും ഒരു ഏകദേശരൂപം ഫോർകാസ്റ്റ് ഓഫ് എക്സ്പെന്റിച്ചറിലൂടെ തയ്യാറാക്കണം.

4. ഫാമുകളുടെ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും അക്കൗണ്ടബിലിറ്റിയും വ്യക്തമാക്കുന്ന പ്രധാന രേഖകൾ അവിടെ സൂക്ഷിക്കുന്ന രജിസ്റ്ററുകളാണ്. ഇത്തരത്തിലുള്ള രജിസ്റ്ററുകൾ നിയതമായ പ്രഫോർമകളിൽ ആവശ്യമായ വിവരങ്ങൾ അതാത് സമയങ്ങളിൽ രേഖപ്പെടുത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഒക്കൽ ഫാമിൽ സൂക്ഷിക്കുന്ന രജിസ്റ്ററുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ ) ഡി എം എസ് രജിസ്റ്റർ (കൃഷി വിവര രജിസ്റ്റർ)

ഫാം പ്രവർത്തനങ്ങളുടെ അടിസ്ഥാന രേഖയാണ് ഡി എം എസ് രജിസ്റ്റർ. ഓരോ ദിവസത്തേയും ഫാം പ്രവർത്തനങ്ങളുടെ കൃത്യമായ വിവരം ഈ രജിസ്റ്ററിൽ നിന്നും വ്യക്തമായി ലഭിക്കേണ്ടതാണ്. എന്നാൽ രജിസ്റ്ററിലെ എല്ലാ കോളങ്ങളിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ ഫാം പ്രവർത്തനങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കാൻ കഴിയുന്നില്ല. ദിനം പ്രതി എഴുതിതയ്യാറാക്കേണ്ടതും, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമായ പ്രസ്തുത രജിസ്റ്റർ ഓഡിറ്റ് തീയതിയിൽ (16.11.2020) സെപ്റ്റംബർ മാസം വരെ മാത്രമേ എഴുതി പൂർത്തിയാക്കിയതായി കണ്ടുള്ളൂ.

ബി ) സ്റ്റോക്ക് രജിസ്റ്ററുകൾ

സ്റ്റോക്ക് രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളിൽ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഒരോ ഇനങ്ങൾക്കും കൃത്യമായി ഇൻഡക്സ് നൽകി അതാത് പേജുകളിൽ തന്നെ തുടർച്ചയായി എഴുതി വരുന്ന രീതി സ്വീകരിക്കുന്നില്ല. അതുകൊണ്ട് തന്നെ ഒരു നിശ്ചിത കാലയളവിൽ ഒരു ഇനം എത്ര അളവിൽ വാങ്ങി, എത്ര വിനിയോഗിച്ചു, എന്ന ഒരു കണക്കെടുപ്പ് സാധ്യമാകുന്നില്ല. വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസറ്ററിന്റെ ഏതെങ്കിലുമൊരു പേജിൽ ചേർക്കുകയും, ആ സ്റ്റോക്ക് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ചെലവ് അംഗീകരിക്കുന്ന പ്രവണതയാണ് കാണുന്നത്. ബാലൻസ് സ്റ്റോക്കിന്റെ കൃത്യത നിരീക്ഷിക്കുവാനും സംവിധാനമില്ല.

സി).ഉല്പാദനാവശ്യത്തിനായി ഫാമിലേക്ക്/നഴ്സറിയിലേക്ക് കൈമാറിയ വിത്ത്/നടീൽ വസ്തുക്കളുടെ അളവുകൾ സ്റ്റോക്ക് രജിസ്റ്ററിൽ മൊത്തത്തിൽ കുറവ് ചെയ്യുന്നതല്ലാതെ കൈമാറിയ വസ്തുക്കളുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ നിരീക്ഷിക്കാനോ അത് രേഖപ്പെടുത്തി സൂക്ഷിക്കാനോ ഉള്ള സംവിധാനങ്ങൾ നിലനിൽക്കുന്നില്ല. മുളപ്പിക്കാനായി വിത്ത്/നടീൽ വസ്തുക്കൾ നൽകിക്കഴിഞ്ഞാൽ ജെർമിനേഷൻ തൊട്ട് സ്റ്റോക്കിലേക്ക് എത്തുന്നതുവരെയുള്ള വിവിധ ഘട്ടങ്ങൾ രേഖപ്പെടുത്തുന്ന നിരീക്ഷണ പുസ്തകം സൂക്ഷിക്കാത്തതുകൊണ്ട് തന്നെ മുളപ്പിക്കാനായി നൽകിയ വിത്ത്/നടീൽ വസ്തുക്കളിൽ എത്ര എണ്ണം മുളച്ചുവെന്നോ എത്ര എണ്ണം നശിച്ചുപോയെന്നോ ഗുണമേന്മയുള്ളവയുടെ എണ്ണം എത്രയെന്നോ ഉള്ള വിശദാംശങ്ങൾ ലഭ്യമല്ല.

5. ഗ്രോബാഗിൽ പോട്ടിംഗ് മിശ്രിതം നിറച്ച് ഒരെണ്ണത്തിന് 80/- രൂപ നിരക്കിൽ ഫാമിൽ നിന്നും വിപണനം നടത്തുന്നുണ്ട്. ഇതിലേക്കായി കാലി ഗ്രോ ബാഗ്, ടോപ് സോയിൽ, വെർമി കമ്പോസ്റ്റ്, ചകിരിച്ചോറ്, എല്ലുപൊടി, വേപ്പിൻ പിണ്ണാക്ക് തുടങ്ങിയവ ആവശ്യമായി വരുന്നു. ആവശ്യമായ വസ്തുക്കൾ വാങ്ങി സ്റ്റോക്കിലെടുത്ത് മൊത്തത്തിൽ ഫാമിലേക്ക് നൽകിയതായി രേഖപ്പെടുത്തി സ്റ്റോക്കിൽ നിന്നും കുറവ് ചെയ്യുന്നതല്ലാതെ, ഓരോ ഇനത്തിന്റേയും യഥാർത്ഥ വിനിയോഗ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും ലഭിക്കുന്നില്ല. എത്ര ഗ്രോബാഗിൽ ഒരു ദിവസം പോട്ടിംഗ്

മിശ്രിതം നിറച്ച എന്ന ഒരു കണക്ക് എവിടെയും രേഖപ്പെടുത്തുന്നില്ല. തൻവർഷം എത്ര ഗ്രോബാഗുകൾ നിറച്ച, വില്പന നടത്തി എന്നതിന്റെ കണക്കുകളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. അതുകൊണ്ടു തന്നെ ഈ പ്രവർത്തനം ലാഭകരമാണോ എന്നും, അതോടൊപ്പം തന്നെ ഗുണമേന്മാ നിലവാരം ഉള്ളവയാണോ എന്നും വ്യക്തമല്ല. ഈയാവശ്യത്തിനായി വാങ്ങിയ അസംസ്കൃത വസ്തുക്കളുടെ വിലയും, ഉത്പന്നമായ ഗ്രോബാഗിൽ നിന്ന് ലഭിക്കുന്ന വരുമാനവും ഒത്തുനോക്കാൻ നിലവിലെ സംവിധാനത്തിൽ സാധ്യമല്ല. മേൽ വിവരങ്ങൾ എല്ലാം വ്യക്തമാകുന്ന തരത്തിൽ രേഖപ്പെടുത്തലുകൾ നടത്താൻ നിർദ്ദേശിക്കുന്നു. ഓരോ ദിവസവും ഇതിലേക്കായി ഉപയോഗിക്കുന്ന സാധനങ്ങളുടെ വിവരം ഒരു സബ്സീഡിയറി സ്റ്റോക്ക് രജിസ്റ്റർ മുഖേന രേഖപ്പെടുത്തേണ്ടതുമാണ്.

6. ഒക്കൽ ഫാമിലെ പ്രവർത്തനങ്ങളിൽ ആ പ്രദേശത്തിന് സമീപമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ കൂടി പങ്കെടുപ്പിക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കാവുന്നതാണ്. വിത്ത് ഉണ്ടാക്കൽ മുതൽ കൊയ്ത്ത് വരെയുള്ളതും വിവിധ പച്ചക്കറികളുടെ ഉത്പാദനവുമായി ബന്ധപ്പെട്ടതുമായ വിവിധ കൃഷി രീതികൾ നേരിട്ട് കാണുന്നതിലൂടെ കൃഷിയെക്കുറിച്ചുള്ള വ്യക്തമായ ധാരണ പുതു തലമുറയിൽ ഉണ്ടാക്കുന്നതിന് സ്ഥാപനത്തിന് ഗണ്യമായ പങ്ക് വഹിക്കാൻ കഴിയും. ഇത്തരത്തിൽ ഒരു വർഷം നടത്തുന്ന പരിപാടികളുടെ ഫോട്ടോകൾ ഉൾപ്പെടുത്തി ഒരു കോഫീ ടേബിൾ ബുക്ക് തയ്യാറാക്കിയാൽ തുടർവർഷങ്ങളിൽ മേൽ പരിപാടികൾക്ക് കൂടുതൽ ജനപങ്കാളിത്തവും സ്ഥാപനത്തിന് സ്വീകാര്യതയും വരുമെന്ന് ഓഡിറ്റ് കരുതുന്നു.

7. നെൽവിത്തുകളും വിവിധ പച്ചക്കറികളുടെ തൈകളും നിറച്ച ഗ്രോബാഗുംമറ്റും വിതരണം ചെയ്യുന്ന ഫ്രണ്ട് ഓഫീസിൽ അടിയന്തിരമായി ചിലമാറ്റങ്ങൾ വരുത്തേണ്ടതാണ്. നിലവിൽ പ്രസ്തുത ഇനങ്ങൾ വാങ്ങുന്ന വ്യക്തികൾക്ക് രസീത് നൽകുന്നില്ല എന്ന് കാണുന്നു. ഒരു ദിവസത്തെ മുഴുവൻ വിൽപ്പനയ്ക്കും ഒറ്റ രസീതാണ് രേഖപ്പെടുത്തുന്നത്. ഒരു സർക്കാർ സ്ഥാപനത്തിൽ നിന്ന് രസീത് നൽകാതിരിക്കുന്നത് നിയമവിരുദ്ധമാണെന്നത് { റൂൾ 20(2), കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) റൂൾസ് 2011 } മാത്രമല്ല പൊതുജനത്തിൽ സംശയം ജനിപ്പിക്കുന്നതിന് ഇടനൽകുകയും ചെയ്യും. ഒരു ബില്ലിംഗ് മെഷീനും സ്റ്റോക്കുമായി ബന്ധിപ്പിച്ച സോഫ്റ്റ് വെയറും ഇൻസ്റ്റാൾ ചെയ്യാൻ വേണ്ട നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ഒരു നിശ്ചിത അളവിൽ നെൽവിത്തുകളും പച്ചക്കറിത്തൈകളും ഫ്രണ്ട് ഓഫീസിൽ നൽകി അതിൽ നിന്നും ഓരോ ദിവസവും വിൽപ്പന നടത്തിയത് കുറച്ച് ഓരോ ദിവസത്തെയും ബാലൻസും അതത് ദിവസം തന്നെ ലഭ്യമാക്കുന്ന രീതി അവലംബിക്കേണ്ടതാണ്.

8. വിത്തുൽപാദനകേന്ദ്രത്തിൽ ലഭിക്കുന്ന തുക ഒന്നോ രണ്ടോ ആഴ്ചകൾക്ക് ശേഷമാണ് ബാങ്കിൽ ഒടുക്കുന്നത്. ഒട്ടും സുതാര്യമല്ലാത്തതും നിയമവിരുദ്ധവുമായ നടപടിയാണിത്. റൂൾ 23, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് ) റൂൾസ് 2011 പ്രകാരം ലഭ്യമായ തുക 500 രൂപയിൽ കൂടുതലാണെങ്കിൽ അന്നോ അടുത്ത പ്രവൃത്തി ദിവസമോ തുക ബാങ്കിൽ ഒടുക്കേണ്ടതാണ്.സർക്കാർ നോട്ടിഫൈ ചെയ്ത ചില പഞ്ചായത്തുകളിലെ ഗതാഗത സൌകര്യം കുറഞ്ഞ പിന്നോക്ക മേഖലകൾക്ക് മാത്രമാണ് ഇളവുകൾ ഉള്ളത്.അങ്കമാലി-തിരുവനന്തപുരം മെയിൻ സെൻട്രൽ റോഡിനോട് ചേർന്ന മേൽ സ്ഥാപനത്തിന് ഇത്തരത്തിലുള്ള ഇളവിന് അർഹതയില്ല.ആയതിനാൽ ലഭ്യമായ തുക അടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്.

9. സംസ്ഥാന വിത്തുൽപാദനകേന്ദ്രത്തിലെ ബാങ്ക് അക്കൌണ്ടിലെ തുക ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിന് മൂന്ന് മാസം വരെ സമയം എടുക്കുന്നതായി കാണുന്നു.ഇത് ഒഴിവാക്കേണ്ടതാണ്.എല്ലാ മാസവും ഒരു തിയതി നിശ്ചയിച്ച് തുക അന്നേ ദിവസം ജില്ലാ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. തുക ഒടുക്കുന്ന ദിവസം രസീത് ബുക്കും ഔട്ട് ഡോർ കളക്ഷൻ രജിസ്ററും ജില്ലാ പഞ്ചായത്തിൽ ഹാജരാക്കി ജില്ലാ പഞ്ചായത്ത് ഓഫീസിൽ സീനിയർ ക്ളർക്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി വിവരം ഔട്ട് ഡോർ കളക്ഷൻ രജിസ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

10. വിത്തുൽപാദനകേന്ദ്രത്തിൽ പലപ്പോഴും മുൻകൂട്ടി കാണാൻ കഴിയാത്തതും വളരെ പെട്ടെന്ന് പരിഹരിക്കേണ്ടതുമായ ചില അറ്റകുറ്റപ്പണികൾ നടത്തേണ്ടി വരാറുണ്ടെന്ന് പരിശോധനയിൽ കാണുന്നുണ്ട്. ആയതിനാൽ ഇംപ്രസ്റ്റ് ആയി ഉപയോഗിക്കാവുന്ന തുക വർദ്ധിപ്പിക്കുന്നത് പരിഗണിക്കാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

11. ബാങ്ക് പാസ്ബുക്കും കാഷ് ബുക്കും തമ്മിൽ റികൺസിലിയേഷൻ നടത്തുന്നില്ല. 31.03.2020 ൽ കാഷ് ബുക്ക് ബാലൻസ് 2,82,171/- രൂപയും പാസ്സ് ബുക്കിലെ ബാലൻസ് 9,84,126/- രൂപയുമാണ്. 7,01,955/- രൂപ പാസ്സ് ബുക്കിൽ കൂടുതലാണ്. ഇതെല്ലാം തന്നെ വിവിധ കൃഷി ഭവനുകളിൽ നിന്ന് ഓൺലൈനായി ലഭിച്ച വരവുകളാണ് (Directly Credited To Bank). എല്ലാ മാസാവസാനവും മേൽ ഇനവും Directly Debited By Bank, Un Credited Cheques, Uncleared Cheques, Interest, Bank Charges എന്നിവ ഉണ്ടെങ്കിൽ ആയതും ചേർത്ത് പ്രതിമാസ റികൺസിലിയേഷൻ നടത്തേണ്ടതാണ്.

12. 2020 ഏപ്രിൽ മാസം മുതൽ ബാങ്ക് അക്കൌണ്ടിൽ വരവ് വന്ന പല തുകകളും ഇതുവരെ റസീത് ചെയ്തിട്ടില്ല. തുക ലഭ്യമായ പദ്ധതിയെക്കുറിച്ചോ കൃഷിഭവനെക്കുറിച്ചോ യാതൊരു വിവരവും ലഭ്യമാകാത്തതിനാലാണിങ്ങനെ

സംഭവിക്കുന്നത്. ഏത് പദ്ധതിക്ക് വേണ്ടി തുകയടച്ചാലും ആയതിന്റെ തുക, Unique Transaction Reference Number, തിയതി എന്നിവ സൂചിപ്പിച്ച വിവരം ലഭ്യമാക്കാൻ എല്ലാ കൃഷിഭവനുകളോടും മറ്റ് സ്ഥാപനങ്ങളോടും ആവശ്യപ്പെടേണ്ടതാണ്.

13. സ്ഥാപനത്തിലെ ഇൻവോയ്സ് രജിസ്ററർ പരിശോധിച്ചതിൽ ചില കൃഷിഭവനുകളിൽ നിന്ന് തുക ലഭ്യമാക്കാനുണ്ടെന്ന് കാണുന്നു.ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കൃഷിഭവൻ, കറുകുറ്റി - 3,184/- രൂപ.

2. കൃഷിഭവൻ, മറയം തുരുത്ത് ,വൈക്കം ബ്ളോക്ക് - 21,600/-

3. അസി.ഡയറക്ടർ , പെരുമ്പാവൂർ - 1,530/-

4. കൃഷിഭവൻ, ചേരാനെല്ലൂർ - 1,25,000/-

പ്രസ്തുത തുക ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക ലഭ്യമാക്കാത്ത സ്ഥലങ്ങളിൽ ലഭ്യമാക്കാനുള്ള തുക അതാത് കൃഷിഭവനുകളിലെ കൃഷി ഓഫീസറുടെ ബാദ്ധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

14. രണ്ട് ഫാം കൗൺസിൽ യോഗങ്ങളാണ് ഓഡിറ്റ് വർഷം നടന്നിട്ടുള്ളത്. ഫാം കൗൺസിൽ യോഗങ്ങളിലെ നിർദ്ദേശങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ ജില്ലാ പഞ്ചായത്ത് ഭരണസമിതി പരിഗണിക്കുന്നില്ല എന്ന് കാണുന്നു. അതുപോലെ തന്നെ ഫാമുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിലും ഭരണസമിതി കാര്യമായ ശ്രദ്ധ പതിപ്പിക്കുന്നില്ല. ഓഡിറ്റ് വർഷം വിവിധ കൃഷിത്തോട്ടങ്ങളിൽ നിന്നുള്ള വരവ് 2,48,76,959/- രൂപയാണ്. നിലവിൽ 6,46,84,806/- രൂപ വിവിധ കൃഷിത്തോട്ടങ്ങളിൽ നിന്നുള്ള വരുമാനമായി ജില്ലാ പഞ്ചായത്തിന്റെ ടി.എസ്.ബി അക്കൌണ്ടിൽ ഓഡിറ്റ് വർഷാവസാനം നീക്കിബാക്കിയുണ്ട്. എന്നാൽ ആയതിനനുസരിച്ചുള്ള നിയന്ത്രണവും നിരീക്ഷണവും ജില്ലാ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നില്ല. വിത്തുത്പാദനകേന്ദ്രത്തിന്റെ 300 മീറ്ററോളം ഭാഗത്ത് അതിർത്തി ഇല്ല എന്നതിനാൽ അതിർത്തി കെട്ടി സംരക്ഷിക്കുന്നതിനും റെയിൻ ഷെൽട്ടർ, നെൽവിത്ത് സൂക്ഷിക്കുന്ന ഗോഡൌണിന്റെ അറ്റകുറ്റപ്പണികൾ, 50 Hpമോട്ടോർ, പൈപ്പ് ലൈൻ എന്നിവ ലഭ്യമാക്കുന്നതിനും പല തവണ ആവശ്യപ്പെട്ടെങ്കിലും മോട്ടോറിന്റെ വേല മാത്രമാണ് ഇതുവരെ ആരംഭിച്ചിട്ടുള്ളത്. ജലദൌർലഭ്യം നെൽകൃഷിയുടെ ഉത്പാദനത്തെ ബാധിക്കുന്നതായി ഫാം കൌൺസിൽ യോഗങ്ങളിൽ ഫാം സൂപ്രണ്ട് പലതവണ വ്യക്തമാക്കിയിട്ടുണ്ട്. ആവശ്യത്തിന് വിത്തു നൽകാൻ സാധിക്കാതെ വരികയെന്നത് ഒരു വിത്തുത്പാദനകേന്ദ്രത്തിനെ സംബന്ധിച്ചിടത്തോളം വളരെ ദൗർഭാഗ്യകരമായ അവസ്ഥയാണ്. കൃത്യമായ പ്രവർത്തന പുരോഗതി വിലയിരുത്തലിലൂടെ മാത്രമേ മേൽ അപാകതകൾ പരിഹരിക്കാൻ കഴിയൂ. മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഫാം കൗൺസിൽ ചേർന്ന് ആയതിലെ തീരുമാനങ്ങൾ തൊട്ടടുത്ത സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി യോഗങ്ങളിൽ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്യുന്ന രീതി പരിഗണിക്കാവുന്നതാണ്. ഉദ്യോഗസ്ഥ തലത്തിൽ കൃഷിത്തോട്ടങ്ങളിൽ മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഇന്റേണൽ ഓഡിറ്റ് നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്. വർക്ക് അഡ്വാൻസിന്റെ വൌച്ചറുകളുടെയും ബില്ലുകളുടെയും കൃത്യത മേൽ ഓഡിറ്റിൽ പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്. ജില്ലാ പഞ്ചായത്ത് സെക്രട്ടറി/ഫിനാൻസ് ഓഫീസർ എന്നിവർ ഫാം കൗൺസിൽ യോഗങ്ങളിൽ നേരിട്ട് പങ്കെടുക്കുന്നത് ഉചിതമായിരിക്കും.

15. നടീൽ വസ്തുക്കൾ മുതൽ വിളവും, കൊയ്തുകറ്റ വരെ കൊണ്ടുവരുന്നതിന് ട്രെയിലറോടുകൂടിയ മിനി ട്രാക്ടറുകൾ 3 എണ്ണമെങ്കിലും ആവശ്യമാണ്. നിലവിൽ ഓരോ കൊയ്ത്തിനും ഏതാണ്ട് 75,000/- രൂപയോളം ചെലവഴിച്ച് ഹാർവെസ്റ്റർ വാടകയ്ക്കെടുക്കുകയാണ്. ഗ്രാമപഞ്ചായത്തുകളിലെ പാടശേഖര സമിതികൾക്കുപോലും സ്വന്തമായി ഹാർവെസ്റ്റർ ഉള്ള കാലത്ത് സംസ്ഥാനത്തെ പ്രധാന നെല്ലുല്പാദന കേന്ദ്രത്തിന് ഹാർവെസ്റ്റർ അത്യാവശ്യമാണ്. കൊയ്ത്തിന്റെ കാലതാമസം ഒഴിവാക്കി നെല്ല് പാഴാകാതെ ദിവസങ്ങൾക്കകം കൊയ്തുതീർക്കാനാകും. ഇതിനായുള്ള ആവർത്തനച്ചെലവ് ഒഴിവാക്കാം. ഇന്റഗ്രേറ്റഡ് ഫാമിങ്ങിന്റെ ഭാഗമായ കോഴി, ആട് എന്നീ ഉൽപാദനപരമല്ലാത്ത പ്രവർത്തനങ്ങൾ അവസാനിപ്പിക്കാവുന്നതാണ്. ഇവയ്ക്കായി തീറ്റ വാങ്ങൽ തുടങ്ങിയ ചെലവുകൾ ഇല്ലാതാകുന്നതോടൊപ്പം, ഇവയെ പരിപാലിക്കാൻ ചെലവഴിക്കുന്ന മനുഷ്യദിനങ്ങളും ലാഭിക്കാവുന്നതാണ്.

## <u>1-39 നേര്യമംഗലം കൃഷിത്തോട്ടം - പ്രവർത്താനാവലോകനം -അപാകതകളും നിർദ്ദേശങ്ങളും.</u>

നേര്യമംഗലം കൃഷിത്തോട്ടത്തിൽ നടത്തിയ പരിശോധനയിൽ ഒട്ടനവധി അപാകതകൾ ശ്രദ്ധയിൽപെട്ടു. അപാകതകളും പ്രസ്തുത അപാകതകൾ ആവർത്തിക്കാതിരിക്കാനാ വശ്യമായ ഓഡിറ്റ് നിർദ്ദേശങ്ങളും ചേർക്കുന്നു.

കവളങ്ങാട് ഗ്രാമ പഞ്ചായത്തിൽ കൊച്ചി ധനുഷ്കോടി ദേശീയപാതയോരത്ത്, ഒരുവശം പെരിയാർ അതിരിടുന്ന ജില്ലാ കൃഷിത്തോട്ടത്തിന്റെ ആകെ വിസ്തൃതി 116.455 ഹെക്ടർ ആണ്. അതിൽ നിന്നും 17 ഹെക്ടർ പട്ടികജാതി

പുനരധിവാസത്തിനും, 20 ഹെക്ടർ നാളികേര വികസന ബോർഡിന് നാമമാത്ര പാട്ടത്തിനും നല്കിയതിൽ നിന്ന് ശേഷിക്കുന്ന 79.455ഹെക്ടർ സ്ഥലമാണ് ഫാമിന്റെ പ്രവർത്തനങ്ങൾക്ക് ലഭ്യമായിട്ടുള്ളത്. നിലവിൽ 71.455 ഹെക്ടർ സ്ഥലത്ത് വിവിധ വിളകൾ കൃഷിചെയ്യുന്നു. 3 ഹെക്ടർ ഭൂമി ഇപ്പോഴും വനമായി കൃഷിചെയ്യാതെ നിലവിലുണ്ട്.

ഫാം വികസനത്തിന്റെ ഭാഗമായി RKVY, Re Build Kerala എന്നിവയിൽ നിന്നുള്ള വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചെക്ക് ഡാം, മീൻകുളം എന്നിവ നിർമ്മിക്കുന്നതിനുള്ള ടോപ്പോഗ്രഫിക്കൽ സർവ്വേ KLDC നടത്തിയിട്ടുണ്ട്.

ഇന്റഗ്രേറ്റഡ് ഫാമിങ്ങിന്റെ ഭാഗമായി 22 കാസർഗോഡ് കുള്ളൻ പശുക്കൾ, 71 വിവിധയിനം ആടുകൾ, 60 കോഴികൾ, 30 മുയലുകൾ, 5 താറാവ്, 9 വാത്ത, 1 കൽക്ക്, 2 മീൻകുളങ്ങൾ എന്നിവയും ഒരു വെർട്ടിക്കൽ ഫാം മോഡലും ഉണ്ട്. കൂടാതെ തേനീച്ച വളർത്തുന്നുമുണ്ട്. തൻവർഷം 8000 ബ്ലഷ്പെപ്പർ തൈകളും, 5000 കൈതച്ചക്ക കാനികളും, കൂടാടെ മോഡൽ എക്സോട്ടിക്ക് ഫ്രൂട്ട് പ്ളാന്റുകളും വാങ്ങിയിട്ടുണ്ട്. വാഴ, കപ്പ, പയർ, പപ്പായ, ഇഞ്ചി, വഴുതന, വെണ്ട, ചേന, ചേമ്പ് തുടങ്ങിയ കാർഷിക വിളകളും കൃഷിചെയ്യുന്നുണ്ട്. ഫാമിലെ തേങ്ങയിൽ നിന്ന് വാല്യു ആഡഡ് ഉത്പന്നങ്ങളായ വെളിച്ചെണ്ണ, ഔഷധക്കൂട്ട് ചേർത്ത എണ്ണ, കൂടാതെ മഞ്ഞൾ പൊടി, തേൻ എന്നിവയും ഉത്പാദിപ്പിച്ച് വിപണനകേന്ദ്രത്തിലൂടെ വില്പന നടത്തുന്നുണ്ട്. കാർഷികാവശ്യങ്ങൾക്കായി കുറ്റിക്കുരുമുളക് തൈകൾ, ഗ്രോബാഗ് നടീൽ വസ്തുക്കൾ, വിവിധയിനം ഫലവൃക്ഷതൈകൾ, ഹോർട്ടിക്കൾച്ചർ നടീൽ വസ്തുക്കൾ എന്നിവയും വിവിധ കൃഷിഭവനുകളുടെ ആവശ്യത്തിനായി ഉത്പാദിപ്പിച്ച നല്കുന്നുണ്ട്. നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനായി മഴമറ, പോളിഹൗസ്, മിസ്റ്റ് ചേമ്പർ എന്നിവ ഉപയോഗിക്കുന്നു.

നിലവിൽ ഉപയോഗിക്കുന്നതും, ഉപയോഗ ശൂന്യമായതുമായ ഉപകരണങ്ങളുടെ വ്യക്തമായ കണക്കുകൾ ലഭ്യമല്ല. ഉപയോഗയോഗ്യമായ ഒരു ട്രാക്ടർ ഉണ്ട്. ആസ്തി രജിസ്ററിൽ കാലഹരണപ്പെട്ടവയുണ്ടോ എന്നും, അവ ഇപ്പോഴും സൂക്ഷിക്കുന്നുണ്ടോയെന്നതിനെക്കുറിച്ച് വിവരങ്ങൾ ലഭ്യമല്ല.

2019-20 ൽ 10-06-19,21-12-19 തിയതികളിലാണ് ഫാം കൗൺസിൽ ചേർന്നിട്ടുള്ളത്. ഫാമിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി, നിർദ്ദേശങ്ങൾ നല്കി പ്രവർത്തനങ്ങൾമെച്ചപ്പെടുത്താനും, പ്രശ്നങ്ങൾ പരിഹരിക്കാനും ഫാം കൗൺസിലിന് ഉത്തരവാദിത്തമുണ്ട്. എന്നാൽ കൃത്യമായ ഇടവേളകളിൽ കൗൺസിൽ ചേരുന്നില്ല.

## <u>1-39-1 മേൽ നോട്ടത്തിലെ അപാകത -ഇ.പി.എഫ് -പിഴയായി ഒടുക്കിയ 5,22,979 രൂപ നിരാകരിക്കുന്നു.</u>

നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിലെ ദിവസവേതന തൊഴിലാളി-കളുടെ 2006 മുതൽ 2018 വരെയുള്ള ഇപിഎഫ് വിഹിതം യഥാസമയം അടയ്ക്കാത്തതിനാൽ പലിശ, ഡാമേജസ് എന്നിവ സഹിതം 5,22,979/- (അഞ്ചു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി തൊള്ളായിരത്തി എഴുപത്തിഒൻപത് രൂപാ മാത്രം) പിഴത്തുകയായി നിശ്ചയിച്ചതായി ജില്ലാ എംപ്ളോയീസ് പ്രൊവിഡന്റ് ഫണ്ട് ഓഫീസിൽ നിന്നും 10-9-18 ൽ അറിയിച്ചിരുന്നു. ഫാം സൂപ്രണ്ടിന്റെ പേരിൽ നേര്യമംഗലം എസ് ബി ഐ ശാഖയിലുള്ള എസ് ബി അക്കൗണ്ട് നം 67195947904 ൽ നിന്നും ഒക്ടോബർ 2018 ൽ 90,780/- രൂപയും, ജൂലൈ 2020 ൽ 4,29,308/- രൂപയും പ്രസ്തുത പിഴ ഈടാക്കുന്നതിലേയ്ക്ക് ജില്ലാ എംപ്ളോയീസ് പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിലേയ്ക്ക് പിടിച്ചെടുത്തിട്ടുണ്ട്. ജില്ലാ കൃഷിത്തോട്ടത്തിലെ ദിവസവേതന/കാഷ്വൽ തൊഴിലാളികളുടെ 2006 മുതലുള്ള ഇ പി എഫ് വിഹിതം യഥാസമയം ഒടുക്കാത്തതുമൂലം ഉണ്ടായ പലിശയാണ് പിഴത്തുകയായി നിശ്ചയിച്ച 5,22,979/- രൂപ. കാലാകാലങ്ങളിലെ കൃഷിത്തോട്ടത്തിലെ സൂപ്രണ്ടിന്റെ മേൽനോട്ട അപാകത മൂലമാണ് ഇത്തരത്തിൽ പിഴ ഒടുക്കേണ്ടി വന്നത്. വിശദവിവരങ്ങൾ ഖണ്ഡിക 3-4 ൽ ചേർത്തിട്ടുണ്ട്.

## <u>1-39-2 ജില്ലാ കൃഷിത്തോട്ടം നേര്യമംഗലം കാന്റീൻ ക്വൊട്ടേഷൻ തെരഞ്ഞെടുപ്പ് അപാകതകൾ</u>

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിന്റെ പ്രവേശനകവാടത്തിനടുത്തായുള്ള തോട്ടം വക കെട്ടിടത്തിലാണ് കാന്റീൻ പ്രവർത്തിക്കുന്നത്. 12/ 2015 മുതൽ 12/2019 വരെ നാസർ ഹംസ എന്നയാളാണ് ക്യാന്റീൻ നടത്തി വന്നത്. ഇക്കാലയളവിൽ പുതിയ ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. എൻ.എസ്/84/15 ഫയലിലെ രേഖപ്പെടുത്തലിൽ 14-12-19 ന് നാസർ ഹംസയുമായുള്ള കരാർ അവസാനിക്കുന്നതിനാൽ 22-10-19 ൽ പുതിയ ക്വട്ടേഷൻ ക്ഷണിച്ചു. അവസാന തിയതിയായ 12-11-19 ന് മൂന്ന് ക്വട്ടേഷനുകൾ ലഭിച്ചതായും, അതിലെ താഴ്ന്ന നിരക്കുകൾ യഥാക്രമം അഖിൽ.കെ.ആർ, വൈശാഖ്. കെ.വി., നാസർ ഹംസ എന്നിവരുടേതുമായിരുന്നു. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ അഖിൽ.കെ.ആർ എന്നയാൾക്ക് കാന്റീൻ, ഹോട്ടൽ എന്നിവ നടത്തി പരിചയമില്ലന്ന കാരണത്താൽ ടിയാനെ ഒഴിവാക്കാൻ കാന്റീൻ കമ്മറ്റി തീരുമാനിച്ചു. അക്കാര്യം അദ്ദേഹത്തോട് എഴുതി വാങ്ങണമെന്നും 27-11-19 ലെ കാന്റീൻ കമ്മറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാമത്തെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വൈശാഖ്. കെ.വി. തനിക്ക് ഹോട്ടൽ നടത്തി ഏഴുവർഷത്തെ പരിചയമുണ്ടെന്നു കാണിക്കുന്ന രേഖകൾ ഹാജരാക്കി കാന്റീൻ നടത്താൻ തയ്യാറാണെന്ന് കത്ത്

നല്കിയെങ്കിലും പ്രത്യേകിച്ച് കാരണമൊന്നും പറയാതെ തന്നെ ടിയാനെയും ഒഴിവാക്കി. മറ്റ് രണ്ടുപേരെയും ഒഴിവാക്കിയപ്പോൾ നിലവിലെ കരാറുകാരനായ നാസർ ഹംസ കരാർ തനിക്ക് ദീർഘിപ്പിച്ച നല്കാൻ അപേക്ഷനല്കിയെങ്കിലും ശ്രീ വൈശാഖ് പ്രിൻസിപ്പൽ കൃഷി ഓഫീസർക്കു നൽകിയ പരാതിയെ തുടർന്ന് ആ നീക്കം ഉപേക്ഷിച്ചു.

28-2-20 ന് പുതിയ ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധീകരിച്ചതായി പറയുന്നുവെങ്കിലും, പ്രസ്തുത നോട്ടീസ് എന്ന് എവിടെയെല്ലാം പ്രദർശിപ്പിച്ചു എന്ന് വ്യക്തമല്ല. പുതിയ ക്വട്ടേഷനിൽ കൂട്ടിച്ചേർത്ത നിബന്ധനകൾ ഇപ്രകാരമാണ്.

1. കാന്റീൻ നടത്തിപ്പിൽ മൂന്നുവർഷത്തെ മുൻപരിചയം.

2. കാന്റീൻ കമ്മറ്റിയുടെ താത്പര്യപ്രകാരം കരാർ ദീർഘിപ്പിച്ചു നല്കുന്നതാണ്.

3. കാന്റീൻ ഫാം പ്രവർത്തനസമയത്തിനുശേഷവും രാത്രി ഒൻപതുമണിവരെയും അവധി ദിവസങ്ങളിലും പ്രവർത്തിക്കണം.

രണ്ടാമത്തെ ക്വട്ടേഷനിൽ നിലവിലെ നടത്തിപ്പുകാരനായ നാസർ ഹംസ മാത്രമാണ് പങ്കെടുത്തത്. കൂട്ടിച്ചേർത്ത ആദ്യ രണ്ടു നിബന്ധനകൾ നിലവിലെ കരാറുകാരന് മുൻഗണന കിട്ടാനുതകുന്നതും, മൂന്നാമത്തേത് ഫാം കാന്റീനിന് ആവശ്യമില്ലാത്തതുമായിരുന്നു.

22-10-19 ലെ ആദ്യത്തെ ക്വട്ടേഷനേക്കാൾ കൂടിയ നിരക്കിലാണ് ഓരോ ഇനവും 28-2-20 ന് പുതിയ ക്വട്ടേഷനിൽ ഇദ്ദേഹം രേഖപ്പെടുത്തിയത്. മറ്റാരും പങ്കെടുത്തില്ല എന്നകാരണത്താൽ കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ച് ടിയാന് കരാർ നൽകി.

22-10-19 ലെ ആദ്യത്തെ ക്വട്ടേഷൻ സാധുവല്ലാത്ത കാരണങ്ങൾ പറഞ്ഞ് റദ്ദാക്കിയതും നിലവിലെ കറാറുകാരന് അനുകൂലമായ നിബന്ധനകൾ കൂട്ടിച്ചേർത്ത് കാന്റീൻ വാണിജ്യവല്ക്കരിക്കുകയും ചെയ്യുതിലൂടെ ഇക്കാര്യത്തിലുള്ള മുൻവിധിയോടുകൂടിയ തീരുമാനങ്ങളും സുതാര്യതയില്ലായ്മയും വ്യക്തമാണ്. സർക്കാർ സ്ഥാപനമെന്ന നിലയിൽ ക്വട്ടേഷൻ നടപടികൾ തന്നെ സുതാര്യതയും വിശ്വാസ്യതയും ഉറപ്പുനല്കേണ്ടിടത്ത്, ആദ്യത്തെ ക്വട്ടേഷൻ അകാരണമായി അസാധുവാക്കിയതും, അതിൽ യോഗ്യത നേടിയ കുറഞ്ഞ നിരക്കുകാരൻ അവകാശമുന്നയിച്ചിട്ടും, നിയമപ്രകാരം നിലനിൽക്കുന്ന അദ്ദേഹത്തിന്റെ ക്ലെയിം അംഗീകരിക്കാതിരുന്നതിനും കൃത്യമായ വിശദീകരണം ലഭിച്ചില്ല. ആദ്യം ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ ഉറപ്പിച്ച് നൽകി, തൊഴിലാളികൾക്ക് കൂടിയ വിലയ്ക്ക് ആഹാരസാധനങ്ങൾ വിൽക്കാൻ കരാറുകാരന് അവസരമുണ്ടാക്കി നല്കി. ഇക്കാര്യത്തിൽ തൊഴിലാളികൾക്കൊപ്പം നിലപാടെടുക്കേണ്ട കാന്റീൻ കമ്മറ്റി കരാറുകാരനൊപ്പം നിന്നു എന്നതും ശ്രദ്ധേയമാണ്.

കരാർ പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റായി അടവാക്കുന്ന 50,000/- രൂപയൊഴികെ വാടകയിനത്തിൽ തുകയൊന്നും തന്നെ കരാറുകാരനിൽ നിന്നും ഈടാക്കുന്നില്ല. കെട്ടിടവും അനുബന്ധസൗകര്യങ്ങളും ലഭിക്കുന്നുമുണ്ട്. നേര്യമംഗലം മൂന്നാർ റോഡിൽ വിശാലമായ പാർക്കിംഗ് സൌകര്യമുള്ള കാന്റീൻ കെട്ടിടത്തിനു മുന്നിൽ ഹോട്ടൽ -ഹലാൽ ഭക്ഷണം എന്ന വലിയ ബോർഡാണ് ഉള്ളത്. കാന്റീൻ എന്നതിനേക്കാൾ വാണിജ്യാടിസ്ഥാനത്തിലുള്ള ഹോട്ടൽ എന്ന നിലയിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഫാം കാന്റീൻ എന്ന കാരണത്താൽ മറ്റ് ഹോട്ടലുകൾ പ്രവർത്തിക്കാത്ത ലോക്ക്ഡൌൺ കാലത്തുപോലും ഈ സ്ഥാപനത്തിന് പ്രവർത്തിക്കാൻ കഴിഞ്ഞു. വളരെക്കുറച്ച് തൊഴിലാളികൾ മാത്രമാണ് കാന്റീൻ ഭക്ഷണത്തെ ആശ്രയിക്കുന്നത്. കാന്റീൻ കെട്ടിടത്തിലേയ്ക്ക് ഫാമിന്റെ പലഭാഗത്തുനിന്നും നടന്നെത്താനുള്ള അസൗകര്യം തന്നെയാണ് പ്രധാന പ്രശ്നം. എന്നാൽ മൂന്നാറിലേയ്ക്കും, ഹൈറേഞ്ചിലേയ്ക്കും യാത്രചെയ്യുന്ന ടൂറിസ്റ്റുകളുടെ തിരക്കാണ് കാന്റീനിൽ എപ്പോഴും കാണുന്നത്. നിലവിൽ സർക്കാർ സ്ഥാപനത്തിന്റെ കാന്റീൻ എന്ന നിലയിൽ ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഉപയോഗപ്പെടുത്തി തികച്ചും ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന ഒരു സ്വകാര്യ ഹോട്ടലാണ് ഓഡിറ്റിന് കാണാൻ കഴിഞ്ഞത്.

മേൽ പരിശോധനഫലങ്ങളുടെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിലാളികൾക്ക് എത്തിച്ചേരാൻ സൗകര്യപ്രദമായ മറ്റൊരിടത്തേയ്ക്ക് കാന്റീൻ മാറ്റാവുന്നതാണ്.

2. കാന്റീൻ കരാർ നിബന്ധനകൾ സുതാര്യമാക്കേണ്ടതാണ്. കരാർ എത്ര വർഷത്തേക്കാണെന്നും കൃത്യമായി തീരുമാനിക്കേണ്ടതാണ്. കരാറിൽ കരാറുകാരന് മാത്രം അനുകൂലമായ നിലവിലെ നിബന്ധനകൾ പരിഷ്കരിച്ച് തൊഴിലാളികളുടെ ഉത്തമതാത്പര്യം സംരക്ഷിക്കാനും, ഫാമിന്റെ പ്രവർത്തനത്തിന് അനുയോജ്യമായതുമായ നിബന്ധനകൾ ഉൾപ്പെടുത്തേണ്ടതാണ്.

3. നിലവിലുള്ള കെട്ടിടത്തിൽ ഒരു ഹോട്ടലിന് അനുമതി നൽകാൻ തീരുമാനമെടുക്കേണ്ടത് ജില്ലാ പഞ്ചായത്ത് ഭരണസമിതിയാണ്.

4. അങ്ങനെ നൽകുകയാണെങ്കിൽ തന്നെ ആയതിനെ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന ഒരു സ്വകാര്യ സ്ഥാപനമായി മാത്രം കണക്കാക്കേണ്ടതും ആയതിൻ പ്രകാരമുള്ള കെട്ടിട വാടക നിശ്ചയിക്കേണ്ടതുമാണ്.

5. ഫാമിൽ നിന്നും ലഭ്യമാകുന്ന വൈദ്യുതി, വെള്ളം മറ്റ് എല്ലാ ആനുകൂല്യങ്ങൾക്കും നിരക്ക് നിശ്ചയിക്കേണ്ടതും ഫാമിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് തടയിടാൻ തക്ക അവകാശം ലഭിക്കാത്ത രീതിയിൽ കരാർ നിബന്ധനകൾ രൂപീകരിക്കേണ്ടതുമാണ്.

ഇക്കാര്യങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-39-3 ഫാം വികസന പ്രവർത്തനങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ഡോക്യുമെന്റേഷൻ ഇല്ല

ഫാമിൽ നിരവധി വികസന പ്രവർത്തികൾ നടത്തിയ വർഷമാണിത്. ജില്ലാ പഞ്ചായത്ത് പദ്ധതികൾ കൂടാതെ ഡിപ്പാർട്ട്മെന്റ് പദ്ധതികൾ, കെഎൽഡിസി മുഖേന നടത്തുന്ന പദ്ധതികൾ എന്നിങ്ങനെ വിവിധ തലത്തിൽ നിന്നുള്ള ഫണ്ടുകൾ വികസന പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ റീബിൽഡ് കേരള ഇനീഷ്യേറ്റിവിൽ ഉൾപ്പെടുത്തി 10 കോടി രൂപ വകയിരുത്തിയ വികസനപ്രവർത്തനങ്ങൾക്ക് 6-2-20ലെ G O (Rt)75/2020/P&EA പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 100 ലക്ഷം രൂപ പോളി ഹൗസ്, മിസ്റ്റ് ചേംബർ, മഴ മറ എന്നിവ നിർമ്മിക്കാനാണ് വകയിരുത്തിയിരിക്കുന്നത്. 2019-20 ൽ പലവലുപ്പത്തിലുള്ള മഴ മറകൾ, മിസ്റ്റ് ചേംബർ, പോളിഹൗസ് എന്നിവയ്ക്കായി ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ ഇവ ഏത് ബ്ളോക്കിലാണ് നിർമ്മിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും വിധം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കോക്കനട്ട് ഡിവലപ്മെന്റ്, സെക്കന്ററി കോക്കനട്ട് ഡവലപ്മെന്റ്, എക്സോട്ടിക്ക് ഫ്രൂട്ട്, പ്രോജനി ഓർച്ചഡ് എന്നിങ്ങനെയുള്ള കാർഷിക സംരംഭങ്ങൾ പുതുതായി തുടങ്ങുന്നതിനായി തൈകൾ എ.ആർ.അഗ്രിടെക് വൈക്കം എന്ന സ്ഥാപനത്തിന്റെ 28-2-18 ലെ ക്വട്ടേഷൻ അംഗീകരിച്ചതായി ടെണ്ടർ രജിസ്ററിൽ രേഖപ്പെടുത്തിയതല്ലാതെ ക്വട്ടേഷൻ പ്രകാരമുള്ളവ എത്ര എണ്ണം വാങ്ങി എന്നീകാര്യങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഈ പദ്ധതിക്കായി ഡ്രിപ്പ് ഇറിഗേഷൻ നടത്തുന്നതിനും പോളി ഹൗസ്, മിസ്റ്റ് ചേംബർ എന്നിവ നിർമ്മിക്കുന്നതിനുമായി 16-3-20 ൽ ക്വട്ടേഷൻ ക്ഷണിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്ക് 2 ഫാം കോതമംഗലം എന്ന സ്ഥാപനത്തെയാണ് തെരഞ്ഞടുത്തിരിക്കുന്നത്. ഈ പ്രവർത്തിയുടെയും ക്വട്ടേഷനുശേഷമുള്ള തുടർപ്രവർത്തനങ്ങൾ എത്രയെണ്ണം, ഏതെല്ലാം ബ്ളോക്കിൽ നിർമ്മിച്ച തുടങ്ങിയ കാര്യങ്ങൾ ഡോക്യുമെന്റ് ചെയ്തിട്ടില്ല.

വിവിധ വലുപ്പത്തിലുള്ള മഴ മറകൾ നിർമ്മിക്കാൻ 19-11-18ൽ നടത്തിയ മറ്റൊരു ക്വട്ടേഷനിൽ ബാക്ക് 2 ഫാം കോതമംഗലം എന്ന സ്ഥാപനത്തെ തന്നെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പ്രവർത്തിയുടേയും തുടർപ്രവർത്തനങ്ങൾ മനസ്സിലാക്കാൻ സഹായകമാകുന്ന തരത്തിലുള്ള രേഖകൾ സൂക്ഷിക്കുന്നില്ല. കൂടാതെ മുൻവർഷങ്ങളിൽ നിർമ്മിച്ചവയുടെ അറ്റകുറ്റപ്പണികളും വിവിധ ഫണ്ടുകളിൽ നിന്ന് നടത്തിയിട്ടുണ്ട്.

റീബിൽഡ് കേരള ഇനീഷ്യേറ്റിവിൽ ഉൾപ്പെടുത്തി 10 കോടി രൂപ വകയിരുത്തിയ വികസനപ്രവർത്തനങ്ങളുടെ ഭാഗമായി പോളി ഹൗസ്, മിസ്റ്റ് ചേംബർ, മഴ മറ എന്നിവ നിർമ്മിക്കാൻ 100 ലക്ഷം രൂപ വകയിരുത്തിയതിൽ നിന്നുള്ള നിർമ്മാണപ്രവർത്തികളും നടന്നുവരുന്നു. ഇതോടൊപ്പം തന്നെ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള പ്ലാൻ ഫണ്ട് , ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള ഇതേ സ്വഭാവമുള്ള പ്രവർത്തനങ്ങളും സംബന്ധിച്ചും (എവിടെയൊക്കെ, ഏത് ഫണ്ടിൽ നിന്ന്) മഴ മറകൾ, മിസ്റ്റ് ചേംബർ, പോളിഹൗസ് എന്നിവയുടെ അളവുകൾ അടക്കമുള്ള ചെലവുകളും രേഖപ്പെടുത്തി രജിസ്ററിൽ സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇത്തരം നിർമ്മാണങ്ങൾ എത്രയെണ്ണം എവിടെയെല്ലാം ഉണ്ടെന്നോ, അവയിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടവയുടെ വിവരങ്ങളൊ ലഭ്യമല്ല. നിർമ്മാണം പൂർത്തീകരിച്ച മഴമറ, മിസ്റ്റ് ചേംബർ, വിവിധ ഡ്രിപ് ഇറിഗേഷനുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതി, ഫാം കമ്മറ്റി എന്നിവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. ഈ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 45 ന് മറുപടി ലഭിച്ചില്ല.

## 1-39-4 നേര്യമംഗലം ഫാം - പുതിയ കൃഷികൾക്കായി വെട്ടിയ മരങ്ങൾ എന്തു ചെയ്തുവെന്ന് വ്യക്തമല്ല

നേര്യമംഗലം ഫാമിന്റെ വികസനപ്രവർത്തനങ്ങളുടെ ഭാഗമായി 2016- 17 മുതൽ അതിസാന്ദ്രതാ കൃഷി പോലുള്ള പുതിയ കൃഷി രീതികൾ നടപ്പിലാക്കിയതായി ഫാം ബ്രോഷറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ഹെക്ടർ സ്ഥലത്ത് പുതിയ മാതൃവൃക്ഷത്തോട്ടം, ഒരു ഹെക്ടർ സ്ഥലത്ത് പുതിയ വിദേശ ഫലവൃക്ഷത്തോട്ടം, അതിസാന്ദ്രതാ കൃഷി, അതിസാന്ദ്രതാ കശുമാവ് എന്നിങ്ങനെ 30 ഏക്കർ കൃഷി പുതുതായും, ചതുപ്പായി കിടന്നിരുന്ന 35 ഏക്കർ സ്ഥലം നെൽകൃഷിക്കും ഇക്കാലയളവിൽ ഉപയോഗപ്പെടുത്തിയതായി പറയുന്നു. നേര്യമംഗലം ഫാമിലെ കൃഷിചെയ്യാത്ത ഇടങ്ങൾ

വനസമാനമായ കാലപ്പഴക്കം ചെന്ന വൻ മരങ്ങൾ ഉള്ളയിടമാണ്. പുതിയ തരം കൃഷികൾക്കായി കാടുവെട്ടിത്തെളിക്കാനും, മരങ്ങളുടെ തടി മാറ്റിയിടാനും , മരക്കുറ്റികളും വേരുകളും പറിച്ച് മാറ്റാനും മാസങ്ങളോളം ജെസിബി, ഹിറ്റാച്ചി എന്നിവ വാടകയ്ക്കെടുത്തിട്ടുണ്ട്. ഏതാണ്ട് 30 ഏക്കർ സ്ഥലത്തുനിന്ന് വെട്ടി മാറ്റിയ മരങ്ങൾ ഏതെല്ലാം, എത്രയെണ്ണം എന്നതിന് യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. മരത്തടി കരിയാക്കി ഫാം ആലയിലെ ഉപയോഗത്തിനെടുത്തു എന്നും, 2007 ലെ ആക്ട് 19, കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന(ഭേദഗതി)ആക്ട് പ്രകാരമാണ് മരങ്ങൾ മുറിച്ചതെന്നും വാക്കാലുള്ള മറുപടിയാണ് ലഭിച്ചത്.

2007 ലെ ആക്ട് 19, കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന(ഭേദഗതി)ആക്ട് സെക്ഷൻ 6(3) ൽ പരിസ്ഥിതിസംരക്ഷണവും വൃക്ഷസമ്പത്ത് പരിപാലിക്കുന്നതിനുമായി വനഭൂമി അല്ലാത്തയിടത്തെ മരങ്ങൾ പോലും ജീവനും സ്വത്തിനും ഭീഷണിയല്ലെങ്കിൽ മുറിച്ചുമാറ്റുന്നതിനോ, പിഴുതെടുക്കുന്നതിനൊ, കത്തിക്കുന്നതിനൊ പാടില്ല എന്നും, 6(3)ലെ ഷെഡ്യൂളിൽ അനുമതിയില്ലാതെ മുറിച്ചുനീക്കാവുന്ന 28 ഇനം മരങ്ങളുടെ പട്ടികയിലുള്ളവ ഒഴികെയുള്ള മരങ്ങൾ വെട്ടിമാറ്റുന്നതിനോ, പിഴുതെടുക്കുന്നതിനോ, കത്തിക്കുന്നതിനോ അധികാരികളുടെ മുൻകൂർ അനുമതി ആവശ്യമാണെന്നും പറയുന്നു. എന്നാൽ ഇത്തരം അനുമതിക്കായി അപേക്ഷിച്ചിട്ടില്ല.

പുതുതായി തോട്ടങ്ങൾ ഉണ്ടാക്കുന്നതിനായി മുറിച്ചുമാറ്റിയ മരങ്ങൾ മേൽപറഞ്ഞ പട്ടികയിൽ പറഞ്ഞവ തന്നെയെന്ന് സാധൂകരിക്കുന്ന രേഖകൾ ഒന്നും തന്നെയില്ല. മരങ്ങൾ മുറിച്ചുമാറ്റുന്നതിനു മുൻപോ, ശേഷമോ ജില്ലാ പഞ്ചായത്ത് കമ്മറ്റി, പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവരിൽ നിന്ന് അനുമതി വാങ്ങിയിട്ടില്ല. ഇക്കാര്യം ഫാം കൗൺസിൽ യോഗങ്ങളിലും ചർച്ചചെയ്തിട്ടില്ല.

ഫാമിലെ മരങ്ങളുടെ എണ്ണമോ, തരമോ, മൂല്യമോ ഔദ്യോഗികമായി രേഖപ്പെടുത്തിയിട്ടുമില്ല. അതിനാൽതന്നെ വെട്ടി മാറ്റിയ മരങ്ങൾ മേൽ ഉത്തരവിലെ പട്ടികയിൽ പെടുന്നതാണെന്നതിന് വ്യക്തതയില്ല. 30 ഏക്കർ സ്ഥലത്തുനിന്ന് വെട്ടിമാറ്റിയ നൂറ്റാണ്ടുകൾ പഴക്കമുള്ള കാതലുള്ള തടികൾ വിറകിനും കരിയ്ക്കും ഉപയോഗിച്ച എന്നത് സാമാന്യബോധത്തിന് നിരക്കുന്നതുമല്ല. വെട്ടിമാറ്റിയ മരങ്ങളുടെ എണ്ണം, ഏതിനം മരങ്ങൾ, അവയുടെ തടി എന്തുചെയ്തു എന്നീകാര്യങ്ങളിൽ വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 1-39-5 നേര്യമംഗലം ഫാം വികസന പ്രവർത്തനങ്ങൾ- ജില്ലാ പഞ്ചായത്തുമായി ഏകോപനമില്ല.

നേര്യമംഗലം ഫാമിന്റെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായി 375.00 ലക്ഷം രൂപയുടെ പദ്ധതിക്ക് GO (MS) No 112/2019/AD Dated 31.08.2019 പ്രകാരം അംഗീകാരം ലഭിച്ചിരുന്നു. ഈ പദ്ധതി പ്രകാരമുള്ള താഴെ കാണുന്ന പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് Kerala Land Development Corporation നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

| SL No | Description /Item | Estimated Amount (In Lakhs) |
|---|---|---|
| 1 | Integrated Farming-Fish & Poultry | 25.00 |
| 2 | Mushroom Cultivation | 10.00 |
| 3 | Artificial Fish Ponds (5 Nos) | 25.00 |
| 4 | Crop Museums | 25.00 |
| 5 | Protective Farming Structure And Sales Galleries | 25.00 |
| 6 | Irrigation And Open Precision Farming System | 50.00 |
| 7 | Training To Labourars | 8.00 |
| 8 | Furniture, Office Equipments | 5.00 |
| 9 | Creation Of Spatial Data Of The Farm | 6.00 |
| | **Total** | **240.00** |

കൂടാതെ റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI) പദ്ധതിയിൽപ്പെടുത്തി നേര്യമംഗലം ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട് (GO (Rt) No 75/2020/P&EA Dated 06.02.2020-Integrated Farm Management For Holistic Development Of District Agricultural Farm Nariamangalam-Implementation- Administrative Sanction Issued.) ഈ പദ്ധതിയിൽപ്പെടുത്തിയുള്ള വിവിധ പ്രവർത്തനങ്ങൾക്ക് താഴെ കാണും വിധമാണ് ഫണ്ട് നീക്കിവച്ചിട്ടുള്ളത്.

| Sl No | Description/Item | Estimated Amount ( In Lakh) |
|---|---|---|

| | | |
|---|---|---|
| 1 | Development Of Integrated Farming Systems(IFS) | 165.00 |
| 2 | Hi-Tech Sructures For Vegetative Propagation | 100.00 |
| 3 | Farmers/Officials Training Centre Cum Guest House | 375.00 |
| 4 | Construction Of Check Dams | 175.00 |
| 5 | Small Scale Processingunits With Building | 125.00 |
| 6 | Topographic Survey & Surveilance | 12.00 |
| | **Total Amount Including Unforeseen & Supervision Charges To Kerala Land Development Corporation** | **1000.00** |

ഇതിൽ ക്രമ നം.1, 2 എന്നീ ഇനങ്ങളിലെ നിർമ്മാണങ്ങൾ A, B ബ്ലോക്കുകളിലായി പൂർത്തീകരിച്ചതായും, വിവരം ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുള്ളതായും മറുപടി നൽകിയിട്ടുണ്ട്. ക്രമ നം. 3 ലെ നിർമ്മാണം നടത്തിയത് ഏത് ബ്ലോക്കിലാണെന്ന് മറുപടിയിൽ പറഞ്ഞിട്ടില്ല. ഇതിൽ ഡ്രിപ് ഇറിഗേഷൻ സംവിധാനമൊരുക്കലും ഉൾപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. റീ ബിൽഡ് കേരള പദ്ധതിയിലും ഈയിനം ഉൾപ്പെടുത്തിയതായി കാണാവുന്നതാണ്. എന്നാൽ ഇതിന്റെ ആവശ്യകത മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനമെന്ന നിലയിൽ ഫാമിൽ നടക്കുന്ന മേൽ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരം ജില്ലാ പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചിട്ടുണ്ടോ എന്നതും മേൽ പദ്ധതികൾ കൂടി കണക്കിലെടുത്തിട്ടാണോ ജില്ലാ പഞ്ചായത്തിൽ നിന്നും ഫാമിനുവേണ്ടിയുള്ള പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടുള്ളത് തുടങ്ങിയ വിവരങ്ങൾ അറിയിക്കുവാനും ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം 49/18.01.2021). മേൽ പരാമർശിച്ചിട്ടുള്ള പദ്ധതികൾ കൃഷിവകുപ്പ് നേരിട്ട് നടത്തുന്നതാണെന്നും, ഈ പദ്ധതികളെ സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പുകളോ, അനുമതിക്കായുള്ള അപേക്ഷകളോ ജില്ലാ പഞ്ചായത്തിൽ ലഭിച്ചിട്ടില്ലെന്നുമാണ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്. കൃഷി വകുപ്പ് മുഖേന നടത്തുന്ന പദ്ധതികളെ സംബന്ധിച്ച് കൃത്യമായ വിശദാംശങ്ങൾ ജില്ലാ പഞ്ചായത്തിൽ അറിയിക്കേണ്ടതും, അതു കൂടി പരിഗണിച്ചാവണം ജില്ലാ പഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിക്കേണ്ടതും. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-39-6 ഫാമിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ-കൃത്യമായ മോണിറ്ററിംഗ് അനിവാര്യം

ഫാമിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് ഫണ്ടും, ജില്ലാപഞ്ചായത്ത് ഫണ്ടും ഉപയോഗിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിൽ ഇരട്ടിപ്പ് വരാനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് കൃത്യമായ മേൽനോട്ടം ആവശ്യമാണ്. താഴെ പറയുന്ന നിർമ്മാണപ്രവൃത്തികൾ എവിടെയൊക്കെയാണ് നടത്തിയതെന്ന് അറിയിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം 55).

1) നേര്യമംഗലം ഫാമിൽ വിവിധ വിളകളുടെ കൃഷി വർദ്ധിപ്പിക്കുന്നതിനും, മാതൃകാ സന്തതി തോട്ടം (Progeny Orchard) ഉണ്ടാക്കുന്നതിനുമുള്ള താഴെ കാണുന്ന പ്രവൃത്തികൾക്കായി 28.02.2018 ൽ ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്തത് A R Agritech Vaikom എന്ന സ്ഥാപനമാണ്.

| പ്രവൃത്തിയുടെ പേര് | ക്വോട്ട് ചെയ്ത തുക | ടെണ്ടർ രജിസ്റ്റർ പേജ് നം |
|---|---|---|
| Primary Coconut Development Project | 2,23,899 | 49 |
| Secondary Coconut Development Project | 1,84,340 | 51 |
| Exotic Fruit Plants Project | 1,73,881 | 53 |
| Existing Mango Fruit Plants Progeny Orchard | 86,596 | 55 |
| New Progeny Orchard | 1,96,912 | 57 |
| Mango Graft High Density | 1,46,567 | 59 |
| Cachew Graft High Density | 1,42,222 | 61 |

മേൽ സ്ഥാപനവുമായി കരാറിലേർപ്പെട്ട് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടോ, എന്തെല്ലാം പ്രവർത്തനങ്ങളാണ് മേൽ പദ്ധതികൾ പ്രകാരം നടത്തിയത്, മേൽ പ്രവർത്തനങ്ങൾ ഫാമിലെ ഏതെല്ലാം ബ്ലോക്കുകളിലാണ് ചെയ്തിട്ടുള്ളത് എന്നിവയൊന്നും വ്യക്തമല്ല. വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

വിവിധ ബ്ലോക്കുകളായി കിടക്കുന്ന ഫാമിൽ എവിടെയൊക്കെയാണ് നിർമ്മാണം നടത്തിയിരിക്കുന്നതെന്ന് പരിശോധിക്കാനുതകുന്നരീതിയിൽ രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കേണ്ടതും, നിർമ്മാണസ്ഥലത്ത് വർഷം, ഫണ്ടിനം, ആകെ ചെലവ് തുടങ്ങിയ വിവരങ്ങൾ കാണിക്കുന്ന ബോർഡുകൾ സ്ഥാപിക്കേണ്ടതുമാണ്.

## 1-39-7 നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ ചെക്ക് ഡാം നിർമ്മാണം-അനന്തമായി നീളുന്നു.

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിന് ചെക്ക് ഡാം, കുളം എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതി വർഷങ്ങളായിട്ടും പൂർത്തീകരിച്ചിട്ടില്ല. പദ്ധതി സ്ഥലം ഫാമിനകത്തെ ഒരു നീർച്ചാലായതിനാൽ ആയതിൽ പഠനങ്ങൾ നടത്തേണ്ടതുണ്ടെന്നും, മൺസൂൺ കാലയളവിൽ ലഭിക്കുന്ന മഴവെള്ളം ദൗർലഭ്യകാലത്തേക്ക് സംഭരിച്ചു വക്കുന്നതിനുള്ള ഒരു സംഭരണിയാണ് ഉദ്ദേശിക്കുന്നതെന്നും, ഇപ്രകാരം ചെയ്യുമ്പോൾ ഒരു ടൂറിസ്റ്റ് സ്ഥലം എന്ന നിലയ്ക്ക് ബോട്ടിംഗ് നടത്തുന്നതിനുള്ള സംവിധാനമൊരുക്കലും പദ്ധതിയുടെ ലക്ഷ്യങ്ങളാണെന്നും ഫയലിൽ കാണുന്നു.

ചെക്ക് ഡാം നിർമ്മിക്കുന്നതിന്റെ വിവിധ പഠനങ്ങൾക്കായി 5,40,000/- രൂപ അടങ്കലിൽ 2016-17 ൽ ഒരു പദ്ധതി രൂപീകരിച്ചിരുന്നു (പ്രോജക്റ്റ് നം S0695/2017). ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, സോയിൽ സർവേ ഡിപ്പാർട്ട്മെന്റ്, തൃശ്ശൂർ എഞ്ചിനിയറിംഗ് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് വിവിധ പഠനങ്ങൾക്കായി കത്തയച്ചതായി കാണുന്നുണ്ടെങ്കിലും ആ വകുപ്പുകളിൽ നിന്നും എന്തെങ്കിലും നടപടികളുണ്ടായതായി ഫയലിൽ കാണുന്നില്ല. പിന്നീട് കേരള എഞ്ചിനിയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി KERI,Peecchi) എന്ന സ്ഥാപനത്തോട് പഠനം നടത്താൻ ആവശ്യപ്പെടുകയും അവരുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂറായി 50,000/- രൂപയും, പിന്നീട് 2,71,216/- രൂപയും അടവാക്കിയിട്ടുണ്ട്. കേരി പീച്ചിയുടെ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെക്ക് ഡാം ഡിസൈൻ ചെയ്യുന്നതിന് ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള IDRB, തിരുവനന്തപുരം എന്ന സ്ഥാപനത്തോട് ആവശ്യപ്പെട്ടു. എന്നാൽ ലഭ്യമാക്കിയ രേഖകളിൽ വ്യക്തത ഇല്ലാത്തതിനാലും, Contour Drawing @ 2cm Intervel ൽ വേണമെന്നും IDRB ആവശ്യപ്പെട്ടതനുസരിച്ച് വീണ്ടും കേരി, പീച്ചിക്ക് കത്തെഴുതുകയും അവർ ആവശ്യപ്പെട്ടതനുസരിച്ച് 51,000/-രൂപ (ചെക്ക് നം 5013193/07.01.2019) അടവാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ലഭ്യമായ ഡ്രോയിംഗിന്റെ അടിസ്ഥാനത്തിൽ IDRB ചെക്ക് ഡാമിന്റെ ഡിസൈൻ തയ്യാറാക്കുകയും, ഫീസിനത്തിൽ 30,000/- രൂപ ആവശ്യപ്പെട്ടതനുസരിച്ച് ചെക്ക് നം 5129722/26.10.2019 പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

IDRB യിൽ നിന്നും ലഭ്യമായ ചെക്ക് ഡാമിന്റെ രേഖാ ചിത്രമനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനയറോട് ആവശ്യപ്പെട്ടതനുസരിച്ച് അവിടുത്തെ ഉദ്യോഗസ്ഥർ ഫാം സന്ദർശിക്കാനെത്തിയപ്പോൾ ചെക്ക്ഡാം നിർമ്മാണത്തിൽ കുറച്ച് മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും, അതിൽ തീരുമാനമായിട്ടില്ലെന്നും അറിയിച്ചതായി മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (കത്ത് നം 1/2004 തീയതി 11.12.2019). മൂന്ന് വർഷങ്ങളായി വിവിധ പഠനങ്ങൾ നടത്തുകയും, 4,02,216/-രൂപ ചെലവഴിക്കുകയും ചെയ്തതിനുശേഷം ചെക്ക് ഡാമിന്റെ ഘടനയിൽ മാറ്റം വരുത്താൻ തീരുമാനിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

ഇപ്പോൾ റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI) പദ്ധതിൽപ്പെടുത്തി നേര്യമംഗലം ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട് (GO (Rt) No 75/2020/P&EA Dated 06.02.2020-Integrated Farm Management For Holistic Development Of District Agricultural Farm Nariamangalam-Implementation- Administrative Sanction Issued.) ഈ പദ്ധതിയിൽപ്പെടുത്തിയുള്ള വിവിധ പ്രവർത്തനങ്ങളിൽ 175 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ചെക്ക് ഡാം നിർമ്മാണവും ഉൾപ്പെട്ടിരിക്കുന്നതായി കാണാം. നിർവഹണ ഏജൻസിയായി കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് പദ്ധതി പ്രകാരം നടത്തിയ പഠന റിപ്പോർട്ടുകൾ നൽകുവാൻ ഫാം സൂപ്രണ്ട് ആവശ്യപ്പെട്ടതനുസരിച്ച് അവ 01.06.2020 ൽ കൈമാറിയിട്ടുണ്ട്. (18.03.2020 ലെ 2(5) കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ). 175 ലക്ഷം രൂപ അടങ്കലിൽ ഏതൊക്കെയുള്ള ചെലവിനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിൽ വ്യക്തതയില്ല. സോയിൽ ടെസ്റ്റിംഗം, ഡിസൈനിംഗം കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ അതിനുള്ള ചെലവ് പുതിയ എസ്റ്റിമേറ്റിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചെക്ക് ഡാം നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കേണ്ടതാണ്.

## 1-39-8 നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം- ഫലവൃക്ഷാദായ ലേലം -അപാകതകൾ

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ വിവിധ ഫലവൃക്ഷങ്ങളിൽ നിന്നും ആദായമെടുക്കുന്നതിനുള്ള ലേലം /

ക്വട്ടേഷൻ കൃത്യമായ ഇടവേളകളിൽ നടക്കുന്നതായി കാണുന്നില്ല. ക്വട്ടേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ കശുവണ്ടി, ജാതിക്ക, ചക്ക, മാങ്ങ, അടയ്ക്ക തുടങ്ങിയവയുടെ ലേലം താഴെ പട്ടികയിൽ പറയുന്ന തീയതികളിലാണ് നടന്നിട്ടുള്ളതായാണ് കണ്ടത്.

| ക്രമ നം | ഇനം | ലേല തീയതി | ലേലം കൊണ്ട വ്യക്തി | തുക |
|---|---|---|---|---|
| 1 | കശുമാവ് | 14.12.2017 | മുഹമ്മദ് നേഹ,കാലടി | 1,20,000 |
| | | 13.02.2020 | ഫ്രാൻസീസ് മൈക്കിൾ, മേലൂകാവ് | 85,000 |
| 2 | ജാതിക്ക | 14.12.2017 | മുഹമ്മദ് നേഹ,കാലടി | 3,80,000 |
| | | 23.11.2019 | വിൽസൺ കോയിക്കര, കൊറ്റമം | കായ-165/82/Kg(First/Second Quality)<br>ജാതിപത്രി-900/300/Kg (First/Second Quality) |
| | | 23.03.2020 | വി.പി.നാരായണൻ | 1,25,000 |
| 3 | ചക്ക | 22.01.2018 | ഷാജി അച്യുതൻ,ചാറ്റുപാറ | 1,11,111 |
| | | 22.02.2019 | റെജി NM, നേര്യമംഗലം | 71,000 |
| | | 16.1.2020 | രജീഷ് PM, മാമലക്കണ്ടം | 1,46,500 |
| 4 | മാങ്ങ | 22.01.2018 | അനീഷ് എം.പി | 60,100 |
| | | 15.02.2019 | ഷാജി അച്യുതൻ,ചാറ്റുപാറ | 66,100 |
| 5 | അടക്ക | 03.07.2019 | ജോർജ്ജ്.സി.വി.,നെല്ലിമറ്റം | 1,21,500 |

1) കശുവണ്ടി വിളവെടുപ്പിന് 14.12.2017 ലെ ലേലത്തിനുശേഷം 13.02.2020 ൽ മാത്രമാണ് ലേലം/ക്വട്ടേഷൻ നടപടികൾ നടത്തിയിട്ടുള്ളത്. അതും മുൻവർഷത്തേതിനേക്കാൾ കുറഞ്ഞ തുകക്കാണ് ലേലം പോയത്. 2018 ലും 2019ലും കശുവണ്ടി വിളവെടുപ്പിന് ലേലം/ ക്വട്ടേഷൻ നടത്തിയില്ല.

2) ജാതിക്ക ലേലം 14.12.2017 ൽ നടത്തിയതിന് ശേഷം 23.11.2019 ലാണ് നടത്തിയിട്ടുള്ളത്. അതും കായ, പത്രി എന്നിവയുടെ വില കിലോഗ്രാമിന് ഇത്ര രൂപ എന്ന രീതിയിലാണ് ലേലം നടത്തിയത്. ഇപ്രകാരം നടത്തിയത് എന്തു സാഹചര്യത്തിലായിരുന്നു എന്നതും ആ വർഷം ജാതിക്ക ലേലത്തിൽ നിന്നും ലഭിച്ച വരുമാനമെത്രയായിരുന്നു എന്നതും വ്യക്തമാക്കേണ്ടതാണ്. 23.03.2020 ലെ ലേലത്തിൽ മുൻ വർഷത്തേക്കാൾ വളരെ കുറഞ്ഞ, കേവലം 1,25,000/- രൂപയ്ക്കാണ് ലേലം പോയത്.

3) 22.02.2019 ൽ നടന്ന ചക്ക ലേലത്തിൽ മുൻലേലത്തുകയായിരുന്ന 1,11,111/ രൂപയെ അപേക്ഷിച്ച് വളരെ കുറഞ്ഞതുകയായ 71,000 യ്ക്കാണ് ലേലം പോയത്. എന്നാൽ അടുത്ത വർഷം 1,46,500 രൂപ ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലേലത്തുകയിൽ വൻ വ്യത്യാസം ഉണ്ടായിട്ടുണ്ട്.

4) അടയ്ക്ക ലേലം 03.07.2019 ൽ നടത്തിയതു മാത്രമേ ടെണ്ടർ /ക്വട്ടേഷൻ രജിസറ്ററിൽ കണ്ടുള്ളൂ. ബാക്കി വർഷങ്ങളിൽ നടന്ന അടയ്ക്ക ലേലത്തിന്റെ വിവരം അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 55) ലഭ്യമാക്കിയ മറുപടിയിൽ 2018 ലെ പ്രളയം വളരെ ദോഷകരമായി ബാധിച്ചതിനാൽ ഫലവൃക്ഷങ്ങളിൽ ആദായം കുറവായതിനാലാണ് ലേലത്തുക മുൻവർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞുപോയതെന്നാണ് അറിയിച്ചത്. മറുപടി അംഗീകരിക്കുന്നുവെങ്കിലും, ഫലവൃക്ഷങ്ങളുടെ കൃത്യമായ കണക്കില്ലാതെയും, പ്രതീക്ഷിക്കുന്ന വരുമാനം സംബന്ധിച്ച് വ്യക്തമായ ധാരണ ഇല്ലാതെയും ലേലം നടത്തുന്നത് ശരിയായ നടപടിയല്ല.

ഓരോ ഇനത്തിലുമുള്ള ആകെ ഫലവൃക്ഷങ്ങളുടെ കൃത്യമായ എണ്ണം ലേല/ ക്വട്ടേഷൻ നോട്ടീസിൽ രേഖപ്പെടുത്തേണ്ടതും, ഓരോ ഇനത്തിൽ നിന്നും ലഭിക്കാവുന്ന ആദായം സംബന്ധിച്ചുള്ള ധാരണ ഫാം അധികൃതർക്ക് ഉണ്ടാവേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കൂടി വേണം ലേലത്തുക ഉറപ്പിക്കുവാൻ. പ്രതീക്ഷിത വരുമാനം ഉറപ്പു വരുത്താൻ പുനർലേലം/ ക്വട്ടേഷൻ നടത്തുന്നതും ആലോചിക്കാവുന്നതാണ്. മേൽ സൂചിപ്പിച്ച വർഷങ്ങളിൽ ലഭിച്ച ഓരോ ഇനം ഫലങ്ങളുടേയും തൂക്കം അറിയിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതുമാണ്.

## 1-39-9 ചതുപ്പ് നിലം കൃഷിയോഗ്യമാക്കൽ ഹിറ്റാച്ചി വാടകക്കെട്ടുക്കൽ-ചെലവ് രേഖകൾക്ക് ആധികാരികതയില്ല

നേര്യമംഗലം കൃഷിത്തോട്ടത്തിൽ ചതുപ്പായി കിടന്നിരുന്ന സ്ഥലം കാനകീറി, വെള്ളം ഒഴുക്കിക്കളഞ്ഞ് കൃഷിയോഗ്യമാക്കി മാറ്റുന്നതിന് ഹിറ്റാച്ചി വാടകക്കെടുത്ത വകയിൽ 3,79,484/- രൂപ ചെലവഴിച്ചിട്ടുണ്ട്.ക്വട്ടേഷൻ ക്ഷണിച്ച് നടത്തിയ പ്രവൃത്തിയിൽ മണിക്കൂറിന് 1199/- രൂപ ക്വോട്ട് ചെയ്ത ശ്രീ. ജയിൻ എസ്, മാപ്പിളക്കുടിയിൽ, നേര്യമംഗലം എന്ന വ്യക്തിക്കാണ് വർക്ക് നൽകിയത്. താഴെ കാണും വിധമുള്ള ബില്ലുകളുടെ അടിസ്ഥാനത്തിൽ നികുതിയൊന്നും ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചിരിക്കുന്നു.

| പ്രവൃത്തി നടത്തിയ ദിവസങ്ങൾ | ആകെ മണിക്കൂർ | നിരക്ക് | തുക |
|---|---|---|---|
| 25.03.19-17.04.19-21 ദിവസങ്ങൾ | 164.5 മണിക്കൂർ | 1199 | 197236 |
| 18.04.19-29.05.19-21 ദിവസങ്ങൾ | 152 മണിക്കൂർ | 1199 | 182248 |
| ആകെ | 316.5 മണിക്കൂർ | | 3,79,484 |

എത്ര വിസ്തൃതിയിലാണ് പ്രവൃത്തി നടത്തിയതെന്നോ ഇതിലേക്ക് എന്ത് ചെലവ് വരുമെന്നോ ഉള്ള ഒരു എസ്റ്റിമേറ്റ് ഇല്ലാതെയാണ് പ്രവൃത്തി നടത്തിയിരിക്കുന്നത്. ഇതിലേക്കായി കൃഷി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സേവനം തേടിയതായും കാണുന്നില്ല. ഹിറ്റാച്ചി എത്ര മണിക്കൂർ പ്രവർത്തിപ്പിച്ചാൽ ജോലി തീർക്കാനാവുമെന്നോ, എത്ര രൂപ ചെലവ് വരുമെന്നോ കണക്കിലെടുക്കാതെ പ്രവൃത്തി നടത്തിയത് ശരിയായ നടപടിയല്ല. ആകെ 316.5 മണിക്കൂർ ഹിറ്റാച്ചി പ്രവർത്തിപ്പിച്ചതായുള്ള, വെള്ളപ്പേപ്പറിൽ മേൽപ്രകാരം തയ്യാറാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിലാണ് 3,79,484/-രൂപ നൽകിയിരിക്കുന്നത് ( വൗച്ചർ നം 249/26.06.19). ഇതിന് യാതൊരു ആധികാരിതയുമില്ല. വലിയ തുക ചെലവ് വന്ന പ്രവൃത്തി ആയിരുന്നിട്ടും പ്രവൃത്തി ഏറ്റെടുത്ത വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടതായോ, നിയമാനുസൃത നികുതികൾ ഈടാക്കിയതായോ കാണുന്നില്ല.

ഒരു ലക്ഷത്തിനുമുകളിൽ വരുന്ന പ്രവൃത്തിയായതിനാൽ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. കൃഷിയോഗ്യമാക്കിയ ഈ പ്രദേശത്ത് എന്ത് കൃഷിയാണ് നടത്തുന്നതെന്നും, കാന കീറിയപ്പോൾ ലഭിച്ച മണ്ണിന്റെ ഉപഭോഗം സംബന്ധിച്ച വിവരവും ഫയലിൽ ലഭ്യമല്ല.

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (നം 39/03.12.2020) മറുപടി ലഭ്യമാക്കിയില്ല. പ്രതീക്ഷിക്കുന്ന ചെലവിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി, അതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ/ ക്വട്ടേഷൻ ക്ഷണിച്ചാവണം ഇത്തരം പ്രവൃത്തികൾ നടത്തേണ്ടത്. ഓരോ ദിവസത്തേയും ലേബർ റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിക്കണം. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39-10 മറ്റ് അപാകതകളും ഓഡിറ്റ് നിർദ്ദേശങ്ങളും

1. നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം ആകെ 17 ബ്ളോക്കുകളായി തിരിച്ചതായിട്ടാണ് കാണുന്നത്. ഒ. പി എന്നീ ബ്ളോക്കുകളാണ് വിസ്തൃതിയിൽ വലുത്. ജി.ഒ.(എം.എസ്) നം.714|90|RD Dtd.29-11-90 പ്രകാരം ഇതിൽ ഒ ബ്ളോക്ക് നാളികേരവികസന ബോർഡ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിന് 20 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയതായി കാണുന്നു. പാട്ടക്കരാർ 10-3-2011ന് അവസാനിച്ചതായാണ് ഫയലിൽ നിന്ന് വ്യക്തമായത്. പാട്ടക്കരാർ പുതുക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. പി ബ്ലോക്കിനെക്കുറിച്ച് യാതൊരു രേഖയിലും പരാമർശങ്ങളില്ല. കൃഷിത്തോട്ടത്തിലുള്ള ജിയോഗ്രാഫിക്കൽ മാപ്പിലും പി ബ്ളോക്ക് രേഖപ്പെടുത്തിയിട്ടില്ല. ട്രൈബൽ കോളനിക്ക് വിട്ട് നൽകിയിട്ടുള്ളത് പി ബ്ളോക്ക് ആണോ എന്നതും ഒ, പി ബ്ളോക്കുകൾ പൂർണ്ണമായിട്ടും വിട്ടു നൽകിയിട്ടുണ്ടോ അതോ ഭാഗികമായിട്ടാണോ നൽകിയത് എന്നതും വ്യക്തമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്കും നാളിത് വരെ മറുപടി നൽകിയിട്ടില്ല.

2. കൃഷിത്തോട്ടത്തിലെ ഓരോ പ്രദേശത്തെയും മണ്ണ് പരിശോധന നടത്തി ഓരോ പ്രദേശത്തിനും അനുയോജ്യമായ വിളകൾ ഏതൊക്കെയാണ് എന്ന് ശാസ്ത്രീയമായി കണ്ടെത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതിന് മറുപടി നൽകിയിട്ടില്ല. ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ മണ്ണു പരിശോധന കേന്ദ്രവുമുണ്ട്. 2018 ലെ പ്രളയത്തെത്തുടർന്ന് കൃഷിത്തോട്ടത്തിലെ മണ്ണിന്റെ ഘടനയിൽ വന്നിട്ടുള്ള മാറ്റം ഇതുവരെ പരിശോധന വിധേയമായിട്ടില്ല. പല കാരണങ്ങളും ചൂണ്ടിക്കാട്ടി വിവിധ കാർഷിക വസ്തുക്കളുടെ ഉത്പാദനം കുറഞ്ഞതും നശിച്ചു പോയതും തത്ഫലമായി പല കൃഷി ഓഫീസുകൾക്കും യഥാർത്ഥ

സമയത്ത് തൈകളും മറ്റും നൽകാൻ കഴിയാതിരുന്നതുമായ വിവരങ്ങൾ പല ഫയലുകളിലും കാണുന്നുണ്ട്. ചെലവ് കുറഞ്ഞ രീതിയിൽ ജില്ലാ പഞ്ചായത്തിന്റെ അനുബന്ധ സ്ഥാപനത്തിന്റെ സഹായത്തോടെ തന്നെ മേൽ മണ്ണ് പരിശോധന ഫലപ്രദമായി ചെയ്യാൻ കഴിയും.

3. കൃഷിത്തോട്ടത്തിലുള്ള തേക്ക്, ആഞ്ഞിലി, മഹാഗണി, പ്ളാവ്, മാവ്, തെങ്ങ്, ജാതി മറ്റ് വലിയ മരങ്ങളുടെ എണ്ണം (പാഴ് മരങ്ങളടക്കം) ബ്ളോക്ക് തിരിച്ച് കണക്കാക്കിയിട്ടുണ്ടെങ്കിൽ ആയതും ഈട്ടി, ചന്ദനം തുടങ്ങിയ വിലപിടിപ്പുള്ള മരങ്ങൾ കൃഷിത്തോട്ടത്തിൽ ഉണ്ടെങ്കിൽ ആയതിന്റെ എണ്ണവും നൽകാനായി എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നു. യാതൊരു വിവരവും ലഭ്യമാക്കിയില്ല. മേൽ മരങ്ങളിലെ പല ഇനങ്ങളുടെയും വിൽപ്പന ലേലം ചെയ്ത് നടത്താറുണ്ട്. മരങ്ങളുടെ കൃത്യമായ കണക്കില്ലാതെ നടത്തപ്പെടുന്ന മേൽ ലേലങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാനം കൃഷിത്തോട്ടത്തിലെ ഓരോ ഇനത്തിലും ഉത്പാദിക്കപ്പെട്ട വിളവിന് ആനുപാതികമായാണോ എന്ന് അറിയാൻ യാതൊരു മാർഗ്ഗവുമില്ല. സ്ഥാപനം തുടങ്ങിയിട്ട് ഇത്രയും നാളായിട്ടും മേൽ മരങ്ങളുടെ കണക്ക് എടുക്കാനുള്ള ശ്രമം പോലും നടത്തിയിട്ടില്ല. ഓരോ വർഷവും ലേലം എടുക്കുന്ന വ്യക്തികൾ എത്ര കിലോ/എണ്ണം കാർഷിക വസ്തുക്കൾ കൊണ്ടു പോയി എന്ന സാമാന്യ കണക്ക് പോലും സ്ഥാപനത്തിൽ ലഭ്യമല്ല. മേൽ കണക്ക് ലഭ്യമായിരുന്നെങ്കിൽ തൊട്ടടുത്ത വർഷം പ്രസ്തുത കണക്കിന്റെ അടിസ്ഥാനത്തിലെങ്കിലും അടിസ്ഥാന ലേല വില നിശ്ചയിക്കാമായിരുന്നു. അതിനുള്ള ശ്രമം പോലും നാളിത് വരെ നടത്തിയിട്ടില്ല.

4. കൃഷിത്തോട്ടത്തിൽ നിലവിൽ കൃഷി ചെയ്യുന്ന എല്ലാ കൃഷി ഇനങ്ങളുടെയും എണ്ണം/വിസ്തീർണ്ണം ബ്ളോക്ക് തിരിച്ച് വ്യക്തമാക്കേണ്ടതാണെന്ന് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. മറുപടി ലഭ്യമാക്കിയില്ല. കൃഷിത്തോട്ടത്തിലെ ഏറ്റവും അടിസ്ഥാന വിവരം പോലും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5. കൃഷി ഓഫീസർമാർ, കൃഷി അസിസ്റ്റന്റ്മാർ എന്നിവരുടെ വ്യക്തമായ ജോലി വിഭജന രേഖ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന്റെയോ ഓരോ ബ്ളോക്കുകളുടെയും ദൈനം ദിന പ്രവർത്തനം എങ്ങനെയാണ് നടക്കുന്നത് ഓരോ കൃഷി ഓഫീസർക്കും കൃഷി അസിസ്റ്റന്റിനും എത്ര ബ്ളോക്കുകളുടെ ചുമതലയാണ് നൽകുന്നത് എന്നിവ സംബന്ധിച്ച വിവരമോ ഒന്നും ലഭ്യമാക്കിയില്ല. 111 സ്ഥിരം തൊഴിലാളികളും 180 താത്കാലിക തൊഴിലാളികളും കൃഷിത്തോട്ടത്തിൽ ജോലി ചെയ്യുന്നു. പ്രസ്തുത തൊഴിലാളികളെ വിവിധ ബ്ളോക്കുകളിലും, ആട്,കോഴി,മുയൽ തുടങ്ങിയവയുടെ വളർത്തുകേന്ദ്രങ്ങളിലും, സെയിൽസ് കൌണ്ടറിലുമായിട്ടാണ് വിന്യസിച്ചിരിക്കുന്നത്. എത്ര പേരെ വീതം എവിടെയെല്ലാം വിന്യസിച്ചിരിക്കുന്നു എന്നതിന്റെ രേഖകളൊന്നും ലഭ്യമല്ല. ഓരോ ദിവസവും ചെയ്യേണ്ട ജോലിയോ ചെയ്ത ജോലിയോ ഒരു സ്ഥലത്തും രേഖപ്പെടുത്തുന്നില്ല. ഓരോ ദിവസവും ചെയ്യേണ്ട ജോലിയെക്കുറിച്ച് ജീവനക്കാരെ ഏത് രീതിയിലാണ് അറിയിക്കുന്നത് എന്നത് വ്യക്തമല്ല.

6. ഓഡിറ്റ് വർഷം ( 2019-20 ) ആകെ വിൽപ്പന നടത്തിയ തൈകളുടെ എണ്ണം , വിവിധ ഇനം ചെടികൾ എന്നിവ ബ്ളോക്ക് തിരിച്ചോ മൊത്തം കണക്കായിട്ടോ വ്യക്തമാക്കാൻ ആവശ്യപ്പെട്ടതിന് യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. ആകെ വിൽപ്പന നടത്തിയ വിളകളുടെ അളവ് ലഭ്യമാക്കിയിരുന്നു. ഓഡിറ്റ് വർഷം നടത്തിയ വിൽപ്പനയിൽ സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവർക്ക് കൊടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല. വെളിച്ചെണ്ണ വിൽപ്പന നടത്തിയതിന്റെ അളവും ഓഡിറ്റ് വർഷം വെളിച്ചെണ്ണ ഉത്പാദനത്തിനായി നൽകിയ കൊപ്രയുടെ അളവും ലഭ്യമാക്കിയിരുന്നെങ്കിലും ആയതിനായി ലഭ്യമായ നാളികേരത്തിന്റെ എണ്ണം വ്യക്തമാക്കിയിട്ടില്ല.

7. കൃഷി ചെയ്യാതെ തരിശിട്ടിരുന്ന ഭൂമിയിൽ കൃഷി നടത്തിയതായി മുൻ സൂപ്രണ്ട് വാക്കാൽ വ്യക്തമാക്കിയിരുന്നു. എന്നാൽ 2016-17, 17-18, 18-19, 19-20 എന്നീ 4 വർഷങ്ങളിൽ പുതുതായി കൃഷി ആരംഭിച്ചതും, നേരത്തെ കൃഷി ചെയ്യാതിരുന്ന ഭൂമിയുടെ അളവും, ചെയ്ത വിളകളുടെ എണ്ണം/വിസ്തീർണ്ണം എന്നിവ വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തരിശ് ഭൂമി ഉപയോഗയോഗ്യമാക്കിയ സമയത്ത് പ്രസ്തുത പ്രദേശത്തെ വൻമരങ്ങൾ ഏത് രീതിയിലാണ് കൈകാര്യം ചെയ്തത് എന്നും ആയതിന്റെ കൃത്യമായ കണക്ക് ബ്ളോക്ക് തിരിച്ച് വ്യക്തമാക്കാൻ ആവശ്യപ്പെട്ടതിനും മറുപടി നൽകിയില്ല.

8. വിളകളുടെ വിൽപ്പന നിരക്ക് നിശ്ചയിക്കുന്നത് സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഫാം സൂപ്രണ്ടാണെന്നും ആയത് ഒരാഴ്ചത്തേക്കുള്ള നിരക്കാണെന്നും പരിശോധന സമയത്ത് വ്യക്തമാക്കിയിരുന്നു. പ്രസ്തുത നിരക്കുകൾക്ക് ആധാരമായ സർക്കാർ ഉത്തരവുകൾ ഹാജരാക്കിയില്ല. നിരക്കുകൾ സൂപ്രണ്ടിന്റെ നടപടിക്രമങ്ങൾ ആയി പുറപ്പെടുവിക്കുന്നുമില്ല. വിളകളുടെ ഉത്പാദനം, വിപണനം, നീക്കിയിരുപ്പ് സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

9. വിൽക്കപ്പെടുന്ന തൈകളുടെ ഗുണമേൻമ പരിശോധിക്കാൻ ഫാമിൽ യാതൊരു സംവിധാനവും ഇല്ല. വിൽപ്പന നടത്തിയ തൈകളുടെ ഗുണമേന്മ സംബന്ധിച്ചോ മറ്റ് കാര്യങ്ങളെ സംബന്ധിച്ചോ പൊതു ജനങ്ങളുടെ അഭിപ്രായം ലഭ്യമാകുന്നത് രേഖപ്പെടുത്താനുള്ള സംവിധാനമില്ല. ഗുണമേൻമ സംബന്ധിച്ചും സമയത്തിന് ലഭ്യമാക്കാൻ കഴിയാത്തത് സംബന്ധിച്ചും ധാരാളം പരാതികൾ ലഭിക്കുന്നതായി വിവിധ ഫയലുകളിൽ നിന്നും വ്യക്തമാകുന്നുണ്ട്.

10. കൃഷിത്തോട്ടത്തിന്റെ അതിർത്തികൾ എല്ലാ ഭാഗത്തും മതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല. ഏത് ഭാഗത്ത് എത്ര വിസ്തൃതിയിൽ മതിൽ കെട്ടാനുണ്ടെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത വിവരവും ലഭ്യമാക്കിയില്ല. കൃഷിത്തോട്ടത്തിൽ വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും കൃഷിത്തോട്ടത്തിലെ വളർത്തു മൃഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷയുണ്ടോ എന്നത് സംബന്ധിച്ചും യാതൊരു വിവരവും ലഭ്യമാക്കിയില്ല. വളർത്തു മൃഗങ്ങളെ നിരീക്ഷിക്കാൻ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ എന്ന തസ്തിക പരിശോധനയിൽ കണ്ടില്ല. ഈ സാഹചര്യത്തിൽ വളർത്ത് മൃഗങ്ങളെ ശാസ്ത്രീയമായി നിരീക്ഷിക്കുന്നത് എങ്ങനെയാണ് എന്ന് വ്യക്തമായില്ല. വെറ്ററിനറി സർജന്റെ സേവനം ലഭ്യമാകുന്നുണ്ടോ എന്നതിനും മറുപടി നൽകിയിട്ടില്ല.

11. ചില ആധുനിക കൃഷി സമ്പ്രദായങ്ങൾ കൃഷിത്തോട്ടത്തിൽ നടപ്പാക്കുന്നതായി പരിശോധനയിൽ കണ്ടിരുന്നു. ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ക്ളർ ഇറിഗേഷൻ, ഫ്യൂരോ ഇറിഗേഷൻ, പോളി ഹൌസ്, ഗ്രീൻഹൌസ് ഹാർവസ്റ്റിംഗ്, വെർട്ടിക്കൽ ഫാർമിംഗ് (ലംബ കൃഷി ), അതി സാന്ദ്രത കൃഷി രീതി, ചേംബർ കൃഷി ( മിക്സ്ഡ് ചേംബർ, റാപ്പിഡ് മൾട്ടിപ്ളിക്കേഷൻ ചേംബർ) എന്നിങ്ങനെയുള്ള ആധുനിക കൃഷി സമ്പ്രദായങ്ങൾ നടപ്പാക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങളായ പ്രസ്തുത കൃഷി ചെയ്യുന്ന വിസ്തൃതി, പ്രസ്തുത സമ്പ്രദായം കൊണ്ടുള്ള ഗുണം തുടങ്ങിയവ വ്യക്തമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

12. വിവിധ ആവശ്യങ്ങൾക്കായി കൃഷി ഭവനുകൾ അടവാക്കുന്ന തുകകൾ കൃത്യമായി കണ്ടെത്തി അക്കൌണ്ട് ചെയ്യുന്നില്ല. ആയതുകൊണ്ട് തന്നെ ഏതെങ്കിലും കൃഷിഭവനുകൾ തുക നൽകാതിരുന്നാൽ ആയത് മനസ്സിലാക്കാൻ കഴിയുന്നില്ല. ഓഡിറ്റ്സമയത്ത് ഇത്തരത്തിലുള്ള കണ്ടെത്താൻ കഴിയാത്ത ഒരു തുക യു.ടി.ആർ നം.ഉപയോഗിച്ച് ബിൽ ഇൻഫൊർമേഷൻ ആൻഡ് മാനേജ്മെന്റ് സിസ്റ്റം ( BIMS ) വഴി ഒരു മിനിറ്റിനകം കണ്ടെത്താൻ കഴിഞ്ഞു. ഇപ്രകാരം ചെയ്ത് നാളിതുവരെ തുകയുടെ വിശദാംശങ്ങൾ കണ്ടെത്താൻ കഴിയാത്ത തുകകൾ 2021 ജനുവരി 15 നകം കണ്ടെത്തി മുഴുവൻ തുകയും ജില്ലാ പഞ്ചായത്തിൽ ഒടുക്കുകയും പ്രസ്തുത വിവരം ഇൻവോയ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതും അതിന് ശേഷം കണ്ടെത്താൻ കഴിയാത്ത തുകകളുടെയും തുക ലഭ്യമാക്കാത്ത കൃഷിഭവനുകളുടെയും വിവരം 2021 ജനുവരി 16 ന് ജില്ലാ പഞ്ചായത്തിലെ ഓഡിറ്റ് കാര്യാലയത്തിൽ അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയിൽ നാളിത് വരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

മേൽ വിവരങ്ങളെല്ലാം ആവശ്യപ്പെട്ടുകൊണ്ട് 05.01.2021 ന് എൻക്വയറി (നം. 43) നൽകി. 25 വിഷയങ്ങളാണ് എൻക്വയറിയിൽ മറുപടി നൽകാനായി ആവശ്യപ്പെട്ടിരുന്നത്. ഒരു വിഷയത്തിന് മാത്രമാണ് മറുപടി നൽകിയത്. കൃഷിത്തോട്ടത്തിലെ നിലവിലുള്ള പ്രവർത്തന രീതി മനസ്സിലാക്കുക, ഏതൊക്കെ രേഖകളും രജിസ്റ്ററുകളുമാണ് ഉള്ളത്, നിലവിലുള്ള രജിസ്റ്ററുകളുടെയും രേഖകളുടെയും കൃത്യത മനസ്സിലാക്കുക, തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടിയായിരുന്നു എൻക്വയറി നൽകിയത്. മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ ഇത്തരത്തിലുള്ള യാതൊരു പ്രവർത്തന പദ്ധതിയും ഫാമിന് ഉള്ളതായി കണക്കാക്കാൻ കഴിയില്ല. കോടിക്കണക്കിന് രൂപ സംസ്ഥാന സർക്കാരും ജില്ലാ പഞ്ചായത്തും നൽകുന്ന ഒരു സ്ഥാപനം ഈ രീതിയിൽ പ്രവർത്തിക്കുന്നത് അഭികാമ്യമല്ല. സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കേണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

(എ). കൃഷിത്തോട്ടത്തിന്റെ ലക്ഷ്യം എന്താണെന്ന് കൃത്യമായി നിർവചിക്കേണ്ടതുണ്ട്. വിളകൾ ഉണ്ടാക്കുകയാണോ അതോ തൈകൾ ഉണ്ടാക്കി പ്രദേശത്തിന്റെ കാർഷിക അഭിവൃദ്ധിയാണോ ഉദ്ദേശം എന്ന് വ്യക്തമല്ല. അതാത് കാലങ്ങളിൽ ഭരണച്ചുമതലയ്ക്കായുള്ള ഫാം സൂപ്രണ്ടിന്റെ താത്പര്യത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കാണ് ഫാമിൽ മുൻതൂക്കം നൽകുന്നത്. പലപ്പോഴും ഈ വിഷയത്തിൽ ഒരു താല്പര്യ വൈരുദ്ധ്യം (Conflict Of Interest) കാണുന്നുണ്ട്. കൃഷിഭവനുകൾക്ക് പലപ്പോഴും കൊടുക്കാൻ തൈകളില്ലാത്ത അവസ്ഥയുണ്ടാകുന്നു. കൃഷിത്തോട്ടത്തിലെ വിൽപ്പന കേന്ദ്രം വഴി വിളകളുടെ വിൽപ്പന നടക്കുന്നുമുണ്ട്.

(ബി). ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനമായ മണ്ണ് പരിശോധന കേന്ദ്രത്തിന്റെ സഹായത്തോടെ കൃഷിത്തോട്ടത്തിന്റെ എല്ലാ ബ്ളോക്കുകളിൽ നിന്നും വിവിധ ഭാഗങ്ങളിലെ മണ്ണ് പരിശോധന നടത്തുന്നത് ഉചിതമായിരിക്കും. തൈകൾ നൽകാൻ കഴിയാത്ത പല സാഹചര്യങ്ങളിലും പ്രതീക്ഷിച്ച വിളവ് ലഭിക്കുന്നില്ല എന്ന മറുപടിയാണ് ലഭിച്ചത്. പ്രസ്തുത വിഷയം ശാസ്ത്രീയമായി പരിഹരിക്കുന്നതിന് വ്യാപകമായ മണ്ണ് പരിശോധന അനിവാര്യമാണ്.

(സി). കൃഷിത്തോട്ടത്തിലെ വലുതും ചെറുതുമായ എല്ലാ മരങ്ങളുടെയും ( പാഴ്മരങ്ങളടക്കം ), കാർഷിക ഇനങ്ങളുടെയും കൃത്യമായ കണക്ക് അടിയന്തിരമായി എടുക്കേണ്ടതാണ്. നിലവിൽ കൃഷിത്തോട്ടത്തിൽ നിന്നും സാധാരണ ഗതിയിൽ ലഭിക്കേണ്ടതായ വിളവിന്റെയോ തൈകളുടെയോ എണ്ണത്തിന് ആനുപാതികമായി വിളവോ തൈകളോ ലഭിക്കുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. ആയതിന് മേൽ നടപടി ഒഴിച്ച് കൂടാനാവാത്തതാണ്. വിഷയം ജില്ലാ പഞ്ചായത്ത് ഭരണസമിതി വളരെ അടിയന്തിരമായി പരിഗണിക്കേണ്ടതും **ഈ**

**റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനുള്ളിലെങ്കിലും പ്രസ്തുത നടപടി പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യാൻ താത്പര്യപ്പെടുന്നു.**

(ഡി). ഓരോ വർഷവും ഫാമിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന കാർഷിക പ്രവർത്തനങ്ങളുടെ ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു. ഓരോ വർഷവും ചെയ്യാനുദ്ദേശിക്കുന്ന വിളകളുടെ തരം, എണ്ണം എന്നിവ ബ്ളോക്ക് തിരിച്ച് തയ്യാറാക്കി ഓരോ വർഷത്തേക്കും ആവശ്യമായ വിത്ത്, വളം മറ്റ് ആവർത്തന ചെലവുകൾ എന്നിവയ്ക്കായി ഒരു ബജറ്റ് തയ്യാറാക്കേണ്ടതാണ്. നിലവിൽ ഓരോ ബ്ളോക്കിലേക്കും ഓരോ തവണയായി ക്വട്ടേഷൻ ക്ഷണിച്ചാണ് കാർഷിക വസ്തുക്കൾ വാങ്ങുന്നത്. പ്രസ്തുത രീതിയിൽ സുതാര്യത കുറവാണെന്ന് മാത്രമല്ല ക്രമക്കേടിനുള്ള സാദ്ധ്യതയും കൂടുതലാണ്.

(ഇ). മേൽ പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ വ്യക്തമായ ജോലി വിഭജനം ബ്ളോക്കടിസ്ഥാനത്തിൽ തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു. കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം, വിളകളുടെ അളവ്/എണ്ണം തുടങ്ങിയവ കണക്കിലെടുത്ത് തികച്ചും ശാസ്ത്രീയമായ രീതിയിൽ തയ്യാറാക്കേണ്ടതാണ്. ലാഭേച്ഛയില്ലാത്ത, പ്രദേശത്തിന്റെ കാർഷിക വികസനം ലക്ഷ്യമാക്കുന്ന ഒരു സ്ഥാപനത്തിന് ചേരുന്ന ജോലി വിഭജനമാണ് സ്വീകരിക്കേണ്ടത്. കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് എന്നിവരുടെ ജോലി വിഭജനവും ചെയ്യേണ്ടതുണ്ട്. വിത്ത്, വളം തുടങ്ങിയവയുടെ വാങ്ങൽ, തൈകൾ, ഉത്പ്പന്നങ്ങൾ തുടങ്ങിയവയുടെ വിൽപ്പന എന്നിവ നിർബന്ധമായും ഏതെങ്കിലും കൃഷി ഓഫീസർമാരുടെയോ, ഹെഡ് ക്ളർക്കിന്റെയോ കർശന മേൽനോട്ടത്തിലായിരിക്കണം നടത്തേണ്ടത്. നിലവിൽ യാതൊരു നിയന്ത്രണവും ഇല്ലാത്ത രീതിയിലാണ് വാങ്ങൽ, വിൽപ്പന എന്നിവ നടന്നു വരുന്നത്.

(എഫ്). ഡി.എം.എസ് രജിസ്റ്റർ, നഴ്സറി ഒബ്സർവേഷൻ രജിസ്റ്റർ, സീഡ് ആൻഡ് സീഡ് ലിംഗ്സ് രജിസ്റ്റർ എന്നിവ തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ഓരോ വർഷവും ആകെ ഉപയോഗിച്ച അസംസ്കൃത വസ്തുക്കളുടെയും പ്രത്യേകിച്ച് വളങ്ങളുടെ ഓരോ ബ്ളോക്കിലേക്കുമുള്ള ഉപയോഗത്തിന്റെ കണക്ക് രേഖപ്പെടുത്തേണ്ടതുണ്ട്. വിളകളുടെ അളവിനനുസരിച്ചാണോ അസംസ്കൃത വസ്തുക്കളുടെ വാങ്ങൾ നടന്നിട്ടുള്ളത് എന്നത് ഓഡിറ്റിൽ പരിശോധിക്കപ്പെടേണ്ട വിഷയമാണ്.

(ജി). ആകെ വിൽപ്പന നടത്തിയ തൈകളുടെ എണ്ണം ,വിളകളുടെ എണ്ണം, വിവിധ ഇനം ചെടികൾ എന്നിവയുടെ എണ്ണം എന്നിവ കൃത്യമായി രേഖപ്പെടുത്തണം. കൃഷി ഭവനുകൾ, സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ തുടങ്ങി ഏത് വിഭാഗത്തിനാണ് വിൽപ്പന നടത്തിയത് എന്ന് വ്യക്തമാകുന്ന രീതിയിലാണ് രേഖപ്പെടുത്തലുകൾ നടത്തേണ്ടത്. വെളിച്ചെണ്ണ പോലുള്ള ഉത്പ്പന്നങ്ങളുടെ വിൽപ്പന നടത്തിയതിന്റെ അളവ്, ആയതിനായി ഉപയോഗിച്ച കൊപ്രയുടെയും അളവ് ആയതിനായി ലഭ്യമായ നാളികേരത്തിന്റെ എണ്ണം എന്നിവയും വ്യക്തമായി രേഖപ്പെടുത്തണം.

(എച്ച്). തൈകളുടെ നിരക്ക് ശാസ്ത്രീയമായി നിശ്ചയിക്കേണ്ടതാണ്. നിലവിൽ കൃഷിത്തോട്ടത്തിലെ നിരക്ക് സ്വകാര്യ കൃഷിത്തോട്ടങ്ങളിലെ നിരക്കിനേക്കാൾ വളരെ കുറവാണ്. വിൽപ്പന നടത്തിയതിന്റെ എണ്ണം, വിൽപ്പന നടത്തിയത് ആർക്ക്, തൈകളുടെ മുൻബാക്കി, നീക്കി ബാക്കി എന്നീ കണക്കുകളൊന്നുമില്ലാത്ത ഇപ്പഴത്തെ സാഹചര്യത്തിൽ. സ്വകാര്യ കൃഷിത്തോട്ടങ്ങൾ നേരിട്ടോ അല്ലാതെയോ നേര്യമംഗലം കൃഷിത്തോട്ടത്തിൽ നിന്ന് ചെറിയ തുകയ്ക്ക് തൈകൾ വാങ്ങി വൻതുകയ്ക്ക് വിൽപ്പന നടത്താനുള്ള അപകട സാദ്ധ്യത(Risk Factor)യുണ്ട്. വിളകളുടെ വിൽപ്പന നിരക്ക് നിശ്ചയിക്കുന്നത് ഫാം സൂപ്രണ്ടാണ്. ഇങ്ങനെ നിശ്ചയിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് നടപടിക്രമങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെയും അങ്ങനെ നിശ്ചയിക്കപ്പെട്ട ഓരോ ആഴ്ചയിലെ നിരക്കും സൂപ്രണ്ടിന്റെ ഓരോ സർക്കുലറായോ നടപടിക്രമങ്ങളോ രേഖപ്പെടുത്തുകയും ആയത് ഓഡിറ്റിൽ ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

(ഐ). വിൽക്കപ്പെടുന്ന തൈകളുടെ ഗുണമേൻമ പരിശോധിക്കാൻ ഫാമിൽ സംവിധാനം ഒരുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും. വിൽപ്പന നടത്തിയ തൈകളുടെ ഗുണമേന്മ സംബന്ധിച്ചോ മറ്റ് കാര്യങ്ങളെ സംബന്ധിച്ചോ പൊതു ജനങ്ങളുടെ അഭിപ്രായം ലഭ്യമാകുന്നത് രേഖപ്പെടുത്താനുള്ള സംവിധാനവും ഒരുക്കേണ്ടതാണ്.

(ജെ). കൃഷിത്തോട്ടത്തിന്റെ അതിർത്തികൾ എല്ലാ ഭാഗത്തും മതിൽ കെട്ടി സംരക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സി.സി.ടി.വി കാമറകൾ സ്ഥാപിക്കുന്നതും അഭികാമ്യമായിരിക്കും. വളർത്ത് മൃഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കേണ്ടതാണ്. ദിവസേന സാധിച്ചില്ലെങ്കിലും വെറ്ററിനറി സർജന്റെ സേവനവും പരമാവധി അവസരങ്ങളിൽ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. നിലവിൽ നേര്യമംഗലം, ഒക്കൽ, ആലുവ എന്നീ 3 കൃഷിത്തോട്ടങ്ങളിലും ഇത്തരത്തിൽ സംയോജിത കൃഷി രീതിയുടെ ഭാഗമായി വളർത്തു മൃഗങ്ങളെ പരിപാലിക്കുന്നുണ്ടെന്നതിനാൽ എല്ലാ കൃഷിത്തോട്ടങ്ങൾക്കും ചേർത്ത് ഒരു വെറ്ററിനറി സർജനെ ലഭ്യമാക്കുന്നത് സംബന്ധിച്ചും സർക്കാർ അനുമതി തേടാവുന്നതാണ്. അതിനു മുൻപ് പ്രസ്തുത വിഷയത്തിൽ ഒരു താത്കാലിക നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്.

(കെ). കൃഷിത്തോട്ടത്തിൽ ലഭിക്കുന്ന വരുമാനം ജില്ലാ പഞ്ചായത്ത് അക്കൌണ്ടിലാണ് നിക്ഷേപിക്കേണ്ടത്. നിത്യേന ലഭിക്കുന്ന വരുമാനം അന്നന്ന് നിക്ഷേപിക്കുക പ്രായോഗികമല്ല. കൃഷിത്തോട്ടത്തിലെ ബാങ്ക് അക്കൌണ്ട് പരിശോധിച്ചപ്പോൾ ഏകദേശം 40 ലക്ഷത്തോളം രൂപ ബാങ്ക് അക്കൌണ്ടിൽ നീക്കി ബാക്കിയുണ്ടെന്ന് കാണുന്നു. ലഭ്യമാകുന്ന തുക 7 ദിവസത്തിനകം ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ഏതിനത്തിൽ ലഭ്യമായ തുകയാണ് എന്നത് വ്യക്തമാകാത്ത ഒട്ടനവധി തുകകൾ കൃഷിത്തോട്ടത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നുണ്ട്. ഇങ്ങനെയുള്ള പല തുകകളും യു.ടി.ആർ നമ്പർ ഉപയോഗിച്ച് മനസ്സിലാക്കാൻ സാധിക്കും എന്നതിനാൽ തുക ലഭ്യമാക്കുന്ന എല്ലാ കൃഷിഭവനുകളോടും യു.ടി.ആർ നമ്പർ ലഭ്യമാക്കാൻ രേഖാമൂലം ആവശ്യപ്പെടേണ്ടതാണ്. ചില സാഹചര്യങ്ങളിൽ വിവിധ കൃഷി ഓഫീസുകളുടെ ഒരുമിച്ചുള്ള തുക ബ്ളോക്ക് കൃഷി അസി.ഡയറക്ടറുടെ അക്കൗണ്ടിൽ നിന്നും നേരിട്ട് ലഭ്യമാകാറുണ്ട് എന്നും ആയതും കണ്ടെത്തി അക്കൗണ്ട് ചെയ്യാൻ ബുദ്ധിമുട്ടാണെന്നും കൃഷിത്തോട്ടം സൂപ്രണ്ട് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിലും യു.ടി.ആർ നമ്പരും കൃഷിഭവനുകളുടെ പേരും തുകയും ലഭ്യമാക്കാൻ ബ്ളോക്ക് കൃഷി അസി.ഡയറക്ടർ തയ്യാറാകേണ്ടതാണ്. മേൽ വിഷയം അതാത് ഉദ്യോഗസ്ഥരോട് ആശയ വിനിമയം നടത്തി പരിഹരിക്കാൻ ജില്ലാ പഞ്ചായത്ത് ഭരണസമിതിക്ക് കഴിയുന്നതാണ്. കൃഷിത്തോട്ടത്തിൽ ലഭ്യമാകുന്ന തുക ഉറവിടം വ്യക്തമായാലും ഇല്ലെങ്കിലും 7 ദിവസത്തിനകം ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

(എൽ). ഒ. പി ബ്ളോക്കുകളെ സംബന്ധിച്ച നിലവിലെ അവസ്ഥ രേഖാമൂലം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

(എം). വളരെ ചുരുങ്ങിയ സ്ഥലത്ത് കൂടുതൽ അളവ് കൃഷി ചെയ്യാൻ സാധിക്കുന്ന ഒട്ടനവധി ആധുനിക രീതികളുണ്ട്. അവയിൽ ചിലത് കൃഷിത്തോട്ടത്തിൽ പരീക്ഷിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ വരവ് -ചെലവ് അനുപാതം, ഉത്പാദനം, മനുഷ്യ വിഭവ ശേഷി വിനിയോഗം എന്നിവ സംബന്ധിച്ച് വ്യക്തതയില്ല. ഇത്രയധികം അടിസ്ഥാന സൗകര്യങ്ങളും ജീവനക്കാരുമുള്ള ഒരു സ്ഥാപനം ആധുനിക കൃഷിസമ്പ്രദായങ്ങൾ ഉപയോഗിക്കുന്നതിനും, അത് ജനകീയമാക്കുന്നതിനും കൂടുതൽ ശ്രദ്ധ ചെലുത്താൻ പരിശ്രമിക്കുന്നത് അഭികാമ്യമായിരിക്കും.

മേൽ അപാകതകളും നിർദ്ദേശങ്ങളും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം] **വരവ്-**

## വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തുക ഒടുക്കിയതിൽ 4,945 രൂപയുടെ കുറവ് - ജില്ലാ പഞ്ചായത്തിന് വരവ് നഷ്ടം.

(എ). നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ രസീത് പരിശോധനയിൽ 4945 രൂപ ജില്ലാ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1). രസീത് നം. 16184/48 തിയതി 18.06.2020 – 5400 രൂപയാണ് രസീതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 540 രൂപ മാത്രമാണ് ഒടുക്കിയിരിക്കുന്നത്. 4860 രൂപയുടെ കുറവ്.

(2). രസീത് നം.54995/6 തിയതി 24.03.2020 – 3 കിലോ ചീരക്ക് 30 രൂപ നിരക്കിൽ 90 രൂപക്ക് പകരം 30 ഈടാക്കി. 60 രൂപ കുറവ്.

(3). (എ). രസീത് നം.16169/64 തിയതി 25.05.2020 -2 മുള്ളാത്ത തൈ 25 രൂപ നിരക്കിൽ 50 രൂപക്ക് പകരം 25 ഈടാക്കി. 25 രൂപ കുറവ്.

(ബി). ODR രജിസ്റ്ററിലെ വോള്യം 24 ൽ ചേർത്തിരിക്കുന്ന രസീത് ബുക്ക് 27129 പരിശോധനക്കായി ഹാജരാക്കിയില്ല.

(സി). കാൻസൽ ചെയ്ത രസീതിന്റെ ഡ്യൂപ്ളിക്കേറ്റ് രസീത് ബുക്കിൽ കാണുന്നില്ല.

(1). 16191/20 – 9800 രൂപ

(2). 16192/48 – 540 രൂപ

നഷ്ടതുകയായ 4945രൂപ ജോലി വിഭജന രേഖ പ്രകാരം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുക. അല്ലാത്ത പക്ഷം ആയത് ഫാം സൂപ്രണ്ടിന്റെ നഷ്ടോത്തരവാദിത്തമായി

കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഹാജരാക്കാത്ത രസീത് ബുക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. ഡ്യൂപ്ലിക്കേറ്റ് രസീത് സൂക്ഷിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-2 കാലി ബാരലിന്റെ നികുതി ഉൾപ്പെടെയുള്ള വില ഈടാക്കിയില്ല - 4,776 രൂപ വരവ് നഷ്ടം.

| | |
|---|---|
| പ്രോജക്ട് നം | 1503/19 (SO 893/20) |
| പ്രോജക്ടിന്റെ പേര് | പായിപ്ര ഗ്രാമപഞ്ചായത്ത് - തൃക്കളത്തൂർ കാവുംപടി കനാൽബണ്ട്-മുല്ലശ്ശേരിപ്പടി റോഡ് മെയിന്റനൻസ് |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| സാങ്കേതികാനുമതി, തുക | LSGD /TS/2018-19/91381 തീയതി 03.10.18, 6,00,000/- |
| കരാറുകാരൻ | ശ്രീ. എം.എ. റിയാസ് ഖാൻ |
| കരാർ തുക | 5,98,204/- |
| കരാർ ഉടമ്പടി നം. | 449/AEE/LSGD/18-19/ തീയതി.02.02.2019 |
| എം ബുക്ക് | 540/17-18 |

പായിപ്ര ഗ്രാമ പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പ്രകാരം 6 മീ വീതിയും, 400 മീ നീളവുമുള്ള തൃക്കളത്തൂർ കാവുംപടി കനാൽ ബണ്ട്-മുല്ലശ്ശേരിപ്പടി റോഡ് മെയിന്റനൻസിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. 300 മീറ്റർ നീളത്തിൽ 3.6 മീ വീതിയിൽ റീ ടാറിംഗ് (ആകെ 1080 ച.മീ റീടാറിംഗ്), 62 മീറ്റർ നീളത്തിൽ 5 മീ വീതിയിൽ 80 Mm Thick Paving Block വിരിക്കൽ (ആകെ 310 ച.മീ) എന്നിവ ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റാണ് ഇതിനായി തയ്യാറാക്കിയത്. ആകെ 6,00,000/- രൂപ അടങ്കലുള്ള പ്രവൃത്തിക്കായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (എസ്റ്റിമേറ്റ് നിരക്ക്) ശ്രീ എം.എ. റിയാസ് ഖാൻ എന്ന കരാറുകാരനുമായി എഗ്രിമെന്റിലേർപ്പെട്ട് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 424 മീ നീളത്തിൽ പ്രവൃത്തി നടത്തിയിട്ടുള്ളതായി കണ്ടു. (360 മീ റീടാറിംഗ് + 64 മീ ടൈൽ വിരിക്കൽ). ആകെ 17 ബാരൽ ടാർ ഈ പ്രവൃത്തിക്കായി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയതായി കണ്ടില്ല. അപാകതയ്ക്ക് വിശദീകരണം ചോദിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം 69) നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് കാലിബാരലിന്റെ വിലയായി 4776/-രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

**കാലി ബാരലിന്റെ നികുതി ഉൾപ്പെടെയുള്ള വിലയായ 4776/- രൂപയും തിരികെ ഈടാക്കി രസീത് ഹാജരാക്കേണ്ടതാണ്.**

## 2-3 കരാർ ലംഘനത്തിന് പിഴ ഈടാക്കിയില്ല - 49,384 രൂപ പിഴ ഇനത്തിൽ നഷ്ടം.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 1755/19-20- നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ പേവിംഗ് ടൈൽ ഉപയോഗിച്ച് ഫാം റോഡ് നിർമ്മാണം |
| നിർവ്വഹണം | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ അടങ്കൽ | 7,00,000/- (തനതുഫണ്ട്) |
| ചെലവ് | 6,27,182/- |

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ പേവിംഗ് ടൈൽ ഉപയോഗിച്ച് ഫാം റോഡ് നിർമ്മാണം എന്ന 7,00,000/- രൂപ അടങ്കലുള്ള പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ പി.എം. ഷാജി എന്ന കരാറുകാരൻ ക്വോട്ട് ചെയ്ത 5,77,798/- രൂപയാണ് ഏറ്റവും കുറഞ്ഞ നിരക്കായിരുന്നത്. തുടർന്ന് ശ്രീ.ഷാജിയുമായി കരാറിലേർപ്പെട്ട് (കരാർ നം 15/17-18 തീയതി 12.02.2018), 90 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ 16.02.2018 ൽ സൈറ്റ് കൈമാറുകയും ചെയ്തു. എന്നാൽ കരാറുകാരൻ പ്രവൃത്തി തുടങ്ങിയില്ല. പിന്നീട് പ്രവൃത്തി ഉടൻ ആരംഭിക്കണമെന്നാവശ്യപ്പെട്ട് 03.05.2018, 25.06.2018, 27.07.2018 എന്നീ തീയതികളിൽ കത്ത് നൽകിയതായും കാണുന്നു. എന്നിട്ടും പ്രവൃത്തി തുടങ്ങാത്തതിനാൽ ആ കരാറുകാരനെ ഒഴിവാക്കാനും പ്രവൃത്തിക്കായി റീടെണ്ടർ നടത്താനും പഞ്ചായത്തുകമ്മിറ്റി തീരുമാനിച്ചു ( 16.10.2018 ലെ 20ാം നമ്പർ തീരുമാനം). റീടെണ്ടറിൽ ശ്രീ. എൽദോസ് ചാക്കോ എന്ന കരാറുകാരൻ ക്വോട്ട് ചെയ്ത 6,31,946/- രൂപയാണ് ഏറ്റവും കുറഞ്ഞ നിരക്കായിരുന്നത്. ഇയാളുമായി

കരാറിലേർപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം 6,27,182/- രൂപയാണ് ഈ പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം.

ശ്രീ. പി.എം. ഷാജിയുമായുണ്ടാക്കിയ കരാർ വ്യവസ്ഥകളിലെ ഇനം 8 പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് അയച്ച് 14 ദിവസങ്ങൾക്ക് ശേഷം കരാർ റദ്ദാക്കുന്നതും, പ്രവൃത്തി മറ്റൊരു ഏജൻസി വഴി പൂർത്തിയാക്കുന്നതും ഇതിനു വേണ്ടിവരുന്ന അധിക ചെലവ് കരാറുകാരന്റെ ബിൽ തുക/ജാമ്യനിക്ഷേപം/സ്ഥാവര ജംഗമ നിക്ഷേപങ്ങളിൽ നിന്നും ഈടാക്കാവുന്നതാണെന്നും വ്യവസ്ഥകളിലുണ്ട്.

മേൽ പ്രവൃത്തിയിൽ ആദ്യം കരാറേറ്റെടുത്ത കരാറുകാരൻ പ്രവൃത്തി നിർവ്വഹിക്കാത്തതിനാൽ കാലതാമസത്തിനും, 49,384/-രൂപയുടെ ( 6,27,182 – 5,77,798) അധികച്ചെലവിനുമിടയാക്കിയതായി കാണാവുന്നതാണ്. ഈ തുക കരാറേറ്റെടുത്തിട്ടും, യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതിരുന്ന ശ്രീ.പി.എം.ഷാജിയിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 44/11.01.2021) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനായ ശ്രീ. പി.എം.ഷാജി, മേൽ പ്രവൃത്തിക്കായി ഹാജരാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ്, വകുപ്പ് മുഖേന നടപ്പാക്കിയ മറ്റൊരു പ്രവൃത്തിയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് അറിയിച്ചു. കൂടാതെ ഈ കരാറുകാരന് മറ്റ് പ്രവൃത്തികളൊന്നും ആ ഓഫീസ് മുഖേന നൽകിയിട്ടില്ലെന്നും അറിയിച്ചു. കരാറുകാരന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചമൂലം സംഭവിച്ച അധിക ചെലവ് കരാർ വ്യവസ്ഥ പ്രകാരം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ശമ്പള കുടിശ്ശികയിനത്തിൽ 8,246 രൂപ അധികം നൽകി.

| | |
|---|---|
| വൗച്ചർ നം, തീയതി, തുക | 380/29.7.2019- 60813/- രൂപ |
| കൈപ്പറ്റിയ വ്യക്തി | ശ്രീ. ടി.കെ രാധാകൃഷ്ണൻ, മുൻ ക്ലർക്ക് |
| ഫയൽ നം | ഡി.പി.2/1881/2005 |
| സാലറി അരിയർ കാലയളവ് | മാർച്ച് 2005 മുതൽ ഒക്ടോബർ 2006 വരെ |

ശ്രീ. രാധാകൃഷ്ണൻ ടി.കെ., മുൻ ക്ലർക്കിന് ജില്ലാ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിലെ (03/2005 മുതൽ 10/2006 വരെ) ശമ്പള കുടിശ്ശികയിനത്തിൽ വൗച്ചർ നം 380/29.07.2019 പ്രകാരം 60813/- രൂപ നൽകിയിട്ടുണ്ട് (ചെക്ക് നം 5030394/29.07.2019). ടിയാന്റെ അരിയർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, ഡി.എ, എച്ച്.ആർ.എ. എന്നീ ഇനങ്ങളിൽ അധിക കുടിശ്ശിക നൽകിയതായി കണ്ടു. മേൽ കാലയളവിലെ ഡി.എ. കുടിശിക പി.എഫ്. ൽ ലയിപ്പിച്ചതായിരുന്നുവെങ്കിലും ഇത് പരിഗണിക്കാതെയാണ് അരിയർ സ്റ്റേറ്റ് മെന്റ് തയ്യാറാക്കിയതായി കാണുന്നത്. കൂടാതെ 2004 ശമ്പള പരിഷ്കരണത്തിൽ വർദ്ധിപ്പിച്ച വീട്ടുവാടക ബത്തക്ക് 03/2006 മുതലേ പ്രാബല്യമുണ്ടായിരുന്നുള്ളൂ. എന്നാൽ 04/2005 മുതലേ വർദ്ധിപ്പിച്ച നിരക്കിലുള്ള വീട്ട് വാടക ബത്ത യും അനുവദിച്ചിരിക്കുന്നു. ഈ അപാകതകൾ പരിഹരിച്ച് തയ്യാറാക്കിയ അരിയർ സ്റ്റേറ്റ്മെന്റ് പ്രകാരം ടിയാന് 52,567/- രൂപ മാത്രമാണ് ശമ്പളകുടിശ്ശിക വരുന്നത്. അധികം നൽകിയ 8246/- രൂപ (60813-52567) തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 26/30.10.2020) ലഭ്യമാക്കിയ മറുപടിയിൽ 8246/-രൂപ അധികമായി നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതായും, തുക തിരിച്ചടക്കാൻ 03.11.2020 ലെ ഡി.പി2-406/2019 നമ്പർ രജിസ്റ്റേർഡ് കത്ത് മുഖേന ശ്രീ.ടി.കെ.രാധാകൃഷ്ണൻ, മുൻ ക്ലർക്കിനോട് ആവശ്യപ്പെട്ടതായും അറിയിച്ചു. ശമ്പള കുടിശ്ശിക ഇനത്തിൽ അധികം നൽകിയ 8246/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 പായിപ്ര ഗ്രാമപഞ്ചായത്ത് - തൃക്കളത്തൂർ കാവുംപടി കനാൽബണ്ട്-മുല്ലശ്ശേരിപ്പടി റോഡ് മെയിന്റനൻസ്-അളവ് പുസ്തകത്തിലെ തെറ്റായ രേഖപ്പെടുത്തൽ മൂലം 92,967/-രൂപയുടെ അധിക ചെലവ്.

| | |
|---|---|
| പ്രോജക്ട് നം | 1503/19 (SO 893/20) |
| പ്രോജക്ടിന്റെ പേര് | പായിപ്ര ഗ്രാമപഞ്ചായത്ത് - തൃക്കളത്തൂർ കാവുംപടി കനാൽബണ്ട്-മുല്ലശ്ശേരിപ്പടി റോഡ് മെയിന്റനൻസ് |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| സാങ്കേതികാനുമതി ,തുക | LSGD /TS/2018-19/91381 തീയതി 03.10.18, 6,00,000/- |
| കരാറുകാരൻ | ശ്രീ. എം.എ. റിയാസ് ഖാൻ |
| കരാർ തുക | 5,98,204/-, ബിൽ നം.78/05.04.19 |
| കരാർ ഉടമ്പടി നം. | 449/AEE/LSGD/18-19/ തീയതി.02.02.2019 |
| എം ബുക്ക് | 540/17-18 |

പായിപ്ര ഗ്രാമ പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പ്രകാരം 6 മീ വീതിയും, 400 മീ നീളവുമുള്ള തൃക്കളത്തൂർ കാവുംപടി കനാൽ ബണ്ട്-മുല്ലശ്ശേരിപ്പടി റോഡ് മെയിന്റനൻസിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. 300 മീറ്റർ നീളത്തിൽ 3.6 മീ വിതിയിൽ റീ ടാറിംഗ് (ആകെ 1080 ച.മീ റീടാറിംഗ്), 62 മീറ്റർ നീളത്തിൽ 5 മീ വീതിയിൽ 80 Mm Thick Paving Block വിരിക്കൽ ( ആകെ 310 ച.മീ) എന്നിവ ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റാണ് ഇതിനായി തയ്യാറാക്കിയത്. ആകെ 6,00,000/- രൂപ അടങ്കലുള്ള പ്രവൃത്തിക്കായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ( എസ്റ്റിമേറ്റ് നിരക്ക്) ശ്രീ എം.എ.റിയാസ് ഖാൻ എന്ന കരാറുകാരനുമായി എഗ്രിമെന്റിലേർപ്പെട്ട് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ചോദിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 69) നൽകിയരുന്നു.

1. അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം ആകെ 1080 ച.മീ. തന്നെയാണ് റീ ടാറിംഗ് പ്രവൃത്തി ചെയ്തിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റിൽ നിന്നും വിഭിന്നമായി 360 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലുമാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത് (18X20X3=1080). ഇനം 1.6 ടൈൽ വിരിക്കലും എസ്റ്റിമേറ്റിലേതു പോലെ 310 ച.മീ. ചെയ്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടൈൽ വിരിക്കലിന്റെ അളവുകൾ താഴെ കാണും വിധമാണ് അളവുപുസ്തകത്തിൽ ചേർത്തിരിക്കുന്നത്.

| No | Length | Breadth | Depth | Contents Of Area |
|---|---|---|---|---|
| 1 | 20.00 | 5.00 | - | 200.00 |
| 1 | 16.50 | 5.00 | - | 82.50 |
| 1 | 27.50 | (1.10+0.90)/2 | - | 27.50 |
| ആകെ | 64 മീ | - | - | 310 ച.മീ. |

ഇതിൽ ഒന്നാമത്തെ റീച്ചിൽ ആകെ വിസ്തീർണ്ണം 100 ച.മീ മാത്രമേ വരുന്നുള്ളൂ. അങ്ങനെയാണെങ്കിൽ ആകെ ടൈൽ വിരിച്ചതിന്റെ വിസ്തീർണ്ണം 210 ച.മീ ആകുന്നതാണ്. എന്നാൽ 310ചമീ ടൈൽ വിരിച്ചതിന് 929.67/ച.മീ നിരക്കിൽ ആകെ 2,88,197.70/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. കരാറുകാരന് തുക അധികം നൽകിയിട്ടുണ്ടെങ്കിൽ , പരിശോധിച്ച് തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. ആസ്തി രജിസ്റ്റർ പ്രകാരം ഈ റോഡിന്റെ ആകെ നീളം 400 മീറ്ററാണ്. എന്നാൽ ആകെ 424 മീ നീളത്തിൽ പ്രവൃത്തി നടത്തിയിട്ടുള്ളതായി കാണുന്നു 360 മീ റീടാറിംഗ് + 64 മീ ടൈൽ വിരിക്കൽ).

ഓഡിറ്റ് എൻക്വയറിക്ക് താഴെ ചേർത്തിരിക്കുംവിധമാണ് മറപടി നൽകിയത്.

ക്രമ നം 1 പ്രകാരമുള്ള ഇനത്തിൽ 210 $M^2$ ടൈൽ വിരിക്കൽ ന് പകരം തെറ്റായി 310 $M^2$ കണക്കാക്കിയതുമൂലം 100$m^2$ ടൈൽ വിരിക്കലുള്ള നിരക്ക് അധികം നൽകിയതായി ബോധ്യപ്പെട്ടതായും ആയത് 929.67/$M^2$ നിരക്കിൽ ആകെ 92,967/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചു. പായിപ്ര ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ഈ റോഡിന് 426 മീറ്റർ നീളമുള്ളതായും ആയത് ആസ്തി രജിസ്റ്ററിൽ ക്രമപ്പെടുത്തുന്നതാണെന്നും അറിയിച്ചു.

**അളവ് പുസ്തകത്തിൽ തെറ്റായി അളവുകൾ രേഖപ്പെടുത്തിയതു മൂലം കരാറുകാരന് അധികം നൽകിയ 92,967/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ വളരെ ശ്രദ്ധയോടെയും, കൃത്യതയോടെയും ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.**

## 3-3 ചെയ്യാത്ത അളവിന് തുക നൽകി -12,592 രൂപ നഷ്ടം.

കാരമൂട് - കുമ്മനോട് റോഡ് , ബി.എം.ബി.സി (പ്രൊജക്ട് നം. 160/19)

കരാറുകാരൻ - ദിനു.കെ.ചന്ദ്രൻ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡ് )

മഴുവന്നൂർ ഗ്രാമ പഞ്ചായത്ത്

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

തുക നൽകിയത് -

A. ബിൽ റഫറൻസ് നം - 19110152015400125345 തി-05.04.2019 - 28,03,838 രൂപ

B. ബിൽ റഫറൻസ് നം - 19110152015400663376 തി-10.10.2019 - 1,51,688 രൂപ

1. ഐറ്റം 1 ആയ Bitumin Levelling ന് പാർട്ട് ബിൽ പ്രകാരം 18.406 Cum ന്റെ തുകയാണ് നൽകിയത്. എന്നാൽ മെഷർമെന്റ് ബുക്ക് 337/17-18 പേജ് 3-7 പ്രകാരം എഴുതിയിരിക്കുന്ന ഡാറ്റ കൂട്ടിനോക്കിയാൽ 15.698 Cum മാത്രമാണ് വരുന്നത്. മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയിരിക്കുന്ന എൻക്വയറിക്ക് (നം.64) മറുപടി നൽകിയില്ല. 2.708 Cum ചെയ്യാത്ത അളവിന് 2270/$M^3$ നിരക്കിൽ 6147 രൂപ കരാറ്കാരന് അധികം നൽകാൻ ഇടയായിട്ടുണ്ട്.

2. ഐറ്റം 2 ആയ Supplying And Stalking 36mm Size Hard Broken Stone In Std. Heaps.....എന്നതിൽ എം.ബുക്ക് പേജ് 29 ൽ 22.274 $M^3$ 18.406 $M^3$ ആയി ലിമിറ്റ് ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ ചെയ്തത് 15.698 $M^3$ ആയതിനാൽ പ്രസ്തുത അളവിലായിരുന്നു ലിമിറ്റ് ചെയ്യേണ്ടിയിരുന്നത്. ഈ ഇനത്തിലും 2.708 $M^3$ ന്റെ തുകയായ 6445 രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്. ആകെ 12,592 രൂപ കരാറുകാരന് ആധികം നൽകിയിട്ടുണ്ട്. ആയത് കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാദ്ധ്യതായായി കണക്കാക്കുന്നതാണ്.

## 3-4 മേൽ നോട്ട അപാകത - ഇ.പി.എഫ് പിഴയായി ഒടുക്കിയ 5,22,979 രൂപ നിരാകരിക്കുന്നു.

നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിലെ ദിവസവേതന തൊഴിലാളികളുടെ 2006 മുതൽ 2018 വരെയുള്ള ഇപിഎഫ് വിഹിതം യഥാസമയം അടയ്ക്കാത്തതിനാൽ പലിശ, ഡാമേജസ് എന്നിവ സഹിതം 5,22,979 (അഞ്ചു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി തൊള്ളായിരത്തി എഴുപത്തിഒൻപത് രൂപാ മാത്രം) പിഴത്തുകയായി നിശ്ചയിച്ചതായി ജില്ലാ എംപ്ളോയീസ് പ്രൊവിഡന്റ് ഫണ്ട് ഓഫീസിൽ നിന്നും 10-9-18 ൽ അറിയിച്ചിരുന്നു. ഫാം സൂപ്രണ്ടിന്റെ പേരിൽ നേര്യമംഗലം എസ് ബി ഐ ശാഖയിലുള്ള എസ് ബി അക്കൗണ്ട് നം 67195947904 ൽ നിന്നും ഒക്ടോബർ 2018 ൽ 90,780/- രൂപയും, ജൂലൈ 2020 ൽ 4,29,308/- രൂപയും പ്രസ്തുത പിഴ ഈടാക്കുന്നതിലേയ്ക്ക് ജില്ലാ എംപ്ളോയീസ് പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിലേയ്ക്ക് പിടിച്ചെടുത്തിട്ടുണ്ട്.

ജില്ലാ കൃഷിത്തോട്ടത്തിലെ ദിവസവേതന /കാഷ്വൽ തൊഴിലാളികളുടെ 2006 മുതലുള്ള ഇ പി എഫ് വിഹിതം യഥാസമയം ഒടുക്കാത്തതുമൂലം ഉണ്ടായ പലിശയാണ് പിഴത്തുകയായി നിശ്ചയിച്ച 5,22,979 / - രൂപ.ഫാം സൂപ്രണ്ടിന്റെ പേരിലുള്ള നേര്യമംഗലം എസ് ബി ഐ ശാഖയിലുള്ള എസ് ബി അക്കൗണ്ട് നം 67195947904 ൽ നിന്നും 4,29,308/- രൂപ ജില്ലാ എംപ്ളോയിസ് പ്രൊവിഡന്റ് ഫണ്ട് ഓഫീസിന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യണമെന്ന് അറിയിച്ചുകൊണ്ടുള്ള നിർദ്ദേശം ലഭിച്ചതായി നേര്യമംഗലം എസ് ബി ഐ ശാഖാമാനേജർ 17-1-20 ലെ ആർ.ബി.ഒ- 2020-01/17 മുഖേന ഫാം സൂപ്രണ്ടിനെ അറിയിച്ചിട്ടുണ്ട്. ഫാം സൂപ്രണ്ടിന്റെ അക്കൗണ്ടിലുള്ള തുക ഫാമിൽ നിന്നുള്ള വിവിധ വരവുകളാണ്. ഈ തുക ജില്ലാ പഞ്ചായത്തിലേയ്ക്ക് തിരിച്ചടക്കേണ്ടതുമാണ്. 2018 ലും 2020 ലുമായി ഫാമിന്റെ തനത് ഫണ്ടിൽ നിന്ന് 5,22,979 രൂപ ജില്ലാ എംപ്ളോയിസ് പ്രൊവിഡന്റ് ഫണ്ട് ഓഫീസിന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുപോലും ഈ വിവരം ജില്ലാ പഞ്ചായത്തിനെ അറിയിച്ചിട്ടില്ല.

എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻസ് ആക്ട് 1952 ലെ സെക്ഷൻ 6, 6 എ, 6 സി എന്നിവയും, എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം 1952ലെ പാരാ 38, എംപ്ളോയീസ് പെൻഷൻ സ്കീം 1995ലെ പാരാ3, എംപ്ളോയീസ് ഡെപ്പോസിറ്റ് ലിങ്ക്ഡ് ഇൻഷ്വറൻസ് സ്കീം 1976 ലെ 8(1) പ്രകാരവും സ്ഥാപന മേലധികാരി

(എംപ്ലോയർ) തൊഴിലാളികളുടെ വിഹിതം(അഡ്മിനിസ്ട്രേറ്റീവ് ചാർജസ് അടക്കം) മാസത്തിന്റെ 15-ാം തീയതിക്കകം അടവാക്കേണ്ടതാണ്. തുക നിശ്ചിത തിയതിക്കകം അടവാക്കിയില്ലെങ്കിൽ എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻസ് ആക്ട് 1952 ലെ സെക്ഷൻ 4 ബി പ്രകാരവും, എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം 1952ലെ പാര 32 എ, എംപ്ളോയീസ് പെൻഷൻ സ്കീം 1995ലെ പാരാ5, എംപ്ളോയീസ് ഡെപ്പോസിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് സ്കീം 1976 ലെ പാരാ 8 എ എന്നിവ പ്രകാരവും കുടിശ്ശികയുള്ള പിഴയും, ഡാമേജസും ഈടാക്കുന്നതാണ്. ഈ വ്യവസ്ഥകൾ പ്രകാരമാണ് മേൽപറഞ്ഞ തുകകൾ ഈടാക്കിയിരിക്കുന്നത്. റീജിയണൽ പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറുടെ 19-10-2018 KR/KCH/00035140Ent-506/Damages/COC കത്തിൽ 01/2006 മുതൽ02/2010വരെ അടവാക്കാൻ വൈകിയ തുകയുടെ സെക്ഷൻ 7Q, 14 B Of EPF And MP Act 1952 പ്രകാരമുള്ള തുകയുടെ വിശദമായ സ്റ്റേറ്റ്മെന്റ് വർഷം തിരിച്ച് നല്കിയിട്ടുണ്ട്. കൂടാതെ 09-10-2018 ന് ഈ വിഷയം സംബന്ധിച്ച് കൂടിക്കാഴ്ച നടത്താനും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഫാം സൂപ്രണ്ട് കത്തിന് മറുപടി നൽകുകയോ കൂടിക്കാഴ്ചയ്ക്ക് ഹാജരാകുകയോ ചെയ്തില്ല. 2018 ലും 2020 ലുമായി ഫാമിന്റെ തനത് ഫണ്ടിൽ നിന്ന് 5,22,979 രൂപ ജില്ലാ എംപ്ളോയിസ് പ്രൊവിഡന്റ് ഫണ്ട് ഓഫീസിന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തതിനുശേഷവും അതാത് കാലയളവിലെ ഫാം സൂപ്രണ്ട് ആയിരുന്നവരെ വിവരം അറിയിക്കുകയോ അവരുടെ വ്യക്തിപരമായ ബാധ്യതയായ ടി തുക അവരിൽ നിന്ന് ഈടാക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഈ തുക അടവാക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിച്ചു തരണമെന്ന് ആവശ്യപ്പെട്ട് ഫാം സൂപ്രണ്ട് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് കത്ത് നല്കിയിട്ടുണ്ട് ( എൻ.എ.137/18 തീ.03-02-20). 2006 മുതൽ 2020 വരെ ഫാം സൂപ്രണ്ടായിരുന്നവരുടെ ബാധ്യതയാണ് മേൽ പിഴത്തുക. ആയതിനാൽ ഫാമിന്റെ അക്കൗണ്ടിൽ നിന്ന് ഇപിഎഫ് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് തിരികെ ഈടാക്കേണ്ടതുമാണ്.

**ഇക്കാലയളവിലുള്ള (2006 മുതൽ 2018 വരെ )ഫാം സൂപ്രണ്ടിന്റെ പേര് വിവരങ്ങൾ, കാലയളവ് എന്നിവ ചുവടെ ചേർക്കുന്നു.**

| **സൂപ്രണ്ടിന്റെ പേര്** | **കാലയളവ്** | |
|---|---|---|
| എബി.കെ.വർഗ്ഗീസ് | 01-01-2006 | 20-10-2006 |
| എ.പി. ഐസക് | 21-10-2008 | 2-11-2011 |
| ബെന്നി തോമസ് | 3-11-2011 | 30-12-2011 |
| എ.പി. ഐസക് | 31-12-2011 | 23-07-2012 |
| ജിജി ജോസഫ് | 24-7-2012 | 09-09-2012 |
| ഇ.പി.വിജയൻ | 10-09-2012 | 24-09-2013 |
| ജിജി ജോസഫ് | 25-09-2013 | 14-10-2013 |
| ഇ.പി.വിജയൻ | 15-10-2013 | 03-05-2014 |
| ജയരാജ്.എം.പി | 04-05-2014 | 22-06-2014 |
| ജോൺസൺ പുറവക്കാട്ട് | 23-06-2014 | 30-09-2014 |
| ഇ.പി.വിജയൻ | 01-10-2014 | 30-04-2015 |
| സജിമോൾ വി.കെ. | 01-05-2015 | 16-10-2017 |
| തോമസ് സാമുവൽ | 17-10-2017 | 03-11-2020 |

**തുക പിൻവലിച്ച വിവരം ജില്ലാപഞ്ചായത്തിനെ അറിയിക്കുകയോ, ഉത്തരവാദികളായവരിൽ നിന്നും ഈടാക്കാൻ നടപടികൾ എടുക്കുകയോ ചെയ്യാതിരുന്നതിനാൽ, നഷ്ടത്തുക പലിശ സഹിതം ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതുവരെ ഈയിനത്തിൽ ജില്ലാപഞ്ചായത്തിനാുണ്ടായ നഷ്ടം 5,22,979 രൂപ ജൂലൈ 2020 മുതലുള്ള പലിശയടക്കം തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തകാലയളവിലെ സൂപ്രണ്ടിൽ നിന്ന് ഈടാക്കേണ്ടതാണ്.**

ബാങ്ക് അക്കൗണ്ടിൽ നിന്ന് ഇ.പി.എഫ്. പിൻവലിച്ച പിഴതുക ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല. ഇക്കാര്യം ഗുരുതരമായ വീഴ്ചയായതിനാൽ മതിയായ വിശദീകരണം നൽകേണ്ടതാണ്.

ജീവനക്കാരിൽ നിന്നും കൃത്യമായി ഈടാക്കിയ തുക അടവാക്കാതിരുന്നതിനുള്ള കാരണം, ജീവനക്കാരിൽ നിന്നും ഇക്കാലയളവിൽ ഈടാക്കിയത് എത്ര രൂപയാണ്, ഇക്കാലയളവിൽ ഈടാക്കിയ തുക എന്തു ചെയ്തു എന്നീ കാര്യങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 46/15-01-2021 ന് മറുപടി ലഭിച്ചില്ല. പിഴ തുക പൂർണ്ണമായും എംപ്ളോയർ ആയ ഫാം സൂപ്രണ്ടിന്റെ ബാധ്യത മാത്രമാണ്. എന്നാൽ തുക ഫാമിന്റെ അക്കൗണ്ടിൽ നിന്നുമാണ് ഈടാക്കിയിരിക്കുന്നത്. ഈ വിവരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ജില്ലാ പഞ്ചായത്ത് കമ്മറ്റി എന്നിവരെ അറിയിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഐക്കരനാട് ഗ്രാമ പഞ്ചായത്ത് | 2019-20 | 20,00,000 | ബാങ്ക് ജങ്ഷൻ – കര്യാക്കുളങ്ങര റോഡ് നിർമ്മാണം | 0 | 20,00,000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വലിയപാറ എസ്.സി കോളനി കുടിവെള്ള പദ്ധതി (പ്രൊ.നം. 882/20), ആയവന ഗ്രാ.പ | വൗച്ചർ നം. 41900213/08.05.2019 | 15,00,000 | 0 | 15,00,000 |
| കേരള വാട്ടർ അതോറിറ്റി | വടക്കോട് – കുളിപ്പാറ മുപ്പതേക്കർ കുടിവെള്ള പദ്ധതി (പ്രൊ. നം. 1145/20 ), മഞ്ഞള്ളൂർ ഗ്രാ.പ | വൗച്ചർ നം. 41900212/25.09.2019 | 33,00,000 | 0 | 33,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,58,02,064 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശയിനത്തിൽ വരവ് | 11,60,208 |
| ആകെ | 1,69,62,272 |
| തന്നാണ്ടിൽ പിൻ വലിച്ച തുക | 1,69,62,272 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 0 |

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 28 | 2005-06 | 1 | റോഡ് പുനരുദ്ധാരണം ടാർ വില ഈടാക്കിയില്ല. | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2002-03 | 3-38 | 2007-08 | 3.47.1 | കാരിക്കോട് ഹരിജൻ കോളനി പണി പൂർത്തിയാക്കാതെ ഉപേക്ഷിച്ചു. | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2006-07 | 3-16 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തികൾ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല. | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2012-13 പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.2.6(1) | ആസ്തി സംരക്ഷണത്തിൽ വീഴ്ച. | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2012-13 പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.2.6(2) | ഫാം കൃഷി ഭൂമികൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2012-13 പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.2.6(3) | കെട്ടിട സൗകര്യങ്ങൾ അപര്യാപ്തം. | മറുപടി സർക്കാരിന് സമർപ്പിച്ചു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

തൻവർഷം ഈയിനത്തിൽ വരവില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) – സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62,52,07,976 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62,84,21,380 |
| വരവിനങ്ങളിലുള്ള നഷ്ടം | 59,105 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6,36,784 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,80,45,914 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 4,945 | --- | ശ്രീ തോമസ് സാമുവൽ, സൂപ്രണ്ട് , ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം |
| 2-2 | 4,776 | --- | ശ്രീമതി സുജ.എ.എം, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ത.സ്വ.ഭ.വ |
| 2-3 | 49,384 | --- | ശ്രീ സുരേഷ് കുമാർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി |
| 3-1 | --- | 8,246 | ശ്രീ ടി.വി.ബാബു, സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |

| | | | |
|---|---|---|---|
| 3-2 | --- | 92,967 | ശ്രീമതി സുജ.എ.എം, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ത.സ്വ.ഭ.വ |
| 3-3 | --- | 12,592 | ശ്രീമതി സുജ.എ.എം, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ത.സ്വ.ഭ.വ |
| 3-4 | --- | 5,22,979 | ശ്രീ തോമസ് സാമുവൽ, സൂപ്രണ്ട് , ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം |
| ആകെ | 59,105 | 6,36,784 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 3,01,879 | ശ്രീമതി കെ.യു.ലീല, പൊതുവിദ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| 1-14 | 24,89,655 | ശ്രീമതി കെ.യു.ലീല, പൊതുവിദ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| 1-17 | 76,121 | ശ്രീ ടി.വി.ബാബു, സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| 1-23 | 4,78,232 | ശ്രീമതി സുജ.എ.എം, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ത.സ്വ.ഭ.വ |
| 1-25 | 1,54,330 | ശ്രീമതി സുജ.എ.എം, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ത.സ്വ.ഭ.വ |
| 1-30 | 2,00,00,000 | ശ്രീ ജോസഫ് ജോൺ, ജില്ലാ പട്ടിക ജാതി വികസന ഓഫീസർ |
| 1-31 | 4,75,000 | ശ്രീ ജോസഫ് ജോൺ, ജില്ലാ പട്ടിക ജാതി വികസന ഓഫീസർ |
| 1-32-2 | 40,70,697 | ശ്രീ ജോസഫ് ജോൺ, ജില്ലാ പട്ടിക ജാതി വികസന ഓഫീസർ |
| **ആകെ** | **2,80,45,914** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല.

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക 1-18

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ തോമസ് സാമുവൽ, സൂപ്രണ്ട് , ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | ഡെപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസ്, എറണാകുളം | ഷാലോം (H), കരിവേലിൽ ലൈൻ, വെണ്ണല (പി.ഒ) |
| ശ്രീമതി സുജ.എ.എം, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ത.സ്വ.ഭ.വ. | അസി.എക്സി.എഞ്ചിനീയർ, ത.സ്വ.ഭ.വ, ജില്ലാ പഞ്ചായത്ത്, എറണാകുളം | മരങ്ങാട്ട് (H), തിരുവാങ്കുളം പി.ഒ, കേശവൻ പടി, കുന്നത്ത് കുളങ്ങര ടെമ്പിൾ റോഡ് (LBSRA-542) |
| ശ്രീ സുരേഷ് കുമാർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി | അസി.എക്സി.എഞ്ചിനീയർ, കൃഷി, എറണാകുളം | സായി വിഹാർ, കിടങ്ങൂർ പി.ഒ, കോട്ടയം |
| ശ്രീ ടി.വി.ബാബു, സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | മരണപ്പെട്ടു | തട്ടാംപറമ്പിൽ (H), കാറളം.പി.ഒ, തൃശ്ശൂർ |
| ശ്രീമതി കെ.യു.ലീല, പൊതുവിദ്യാസ ഡെപ്യൂട്ടി ഡയറക്ടർ | പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, വയനാട് | നിനവ്, പിലേരി, തളിപ്പറമ്പ്, കണ്ണൂർ- 670562 |
| ശ്രീ ജോസഫ് | ഡെപ്യൂട്ടി ഡയറക്ടർ, | തറപ്പേൽ, തലയോലപ്പറമ്പ്, |

| | | |
|---|---|---|
| ജോൺ, ജില്ലാ പട്ടിക ജാതി വികസന ഓഫീസർ | തിരുവനന്തപുരം | കോട്ടയം -686605 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ഇ (സി1)310/05 തിയതി 05.12.2005 | 19 |
| 1997-98 | എൽ.എഫ്.ഇ (സി1)458/03 തിയതി 04.10.2006 | 96 |
| 1998-99 | എൽ.എഫ്.ഇ (സി1)396/10 തിയതി 10.05.2010 | 83 |
| 1999-2000 | എൽ.എഫ്.ഇ (സി1)162/05 തിയതി 02.11.2006 | 43 |
| 2000-01 | എൽ.എഫ്.ഇ (സി1)1308(2)/07 തിയതി 30.01.2008 | 32 |
| 2001-02 | എൽ.എഫ്.ഇ (സി1)725(1)/06 തിയതി 05.02.2008 | 14 |
| 2002-03 | എൽ.എഫ്.ഇ (സി1)736/09 തിയതി 10.03.2010 | 31 |
| 2003-04 | എൽ.എഫ്.ഇ (സി1)353(1)/09 തിയതി 08.04.2009 | 23 |
| 2004-05 | എൽ.എഫ്.ഇ (സി1)1642/10 തിയതി 19.06.2012 | 27 |
| 2005-06 | എൽ.എഫ്.ഇ (സി1)1202/12 തിയതി 10.07.2012 | 21 |
| 2006-07 | എൽ.എഫ്.ഇ (സി1)442/10 തിയതി 21.01.2015 | 68 |
| 2007-08 | എൽ.എഫ്.ഇ (സി1)1659/10 തിയതി 12.02.2015 | 20 |
| 2008-09 | എൽ.എഫ്.ഇ (ഇ4)122/12 തിയതി 01.06.2015 | 33 |
| 2009-10 | എൽ.എഫ്.ഇ (ഡി.പി)1137/14 തിയതി 19.02.2015 | 30 |
| 2010-11 | എൽ.എഫ്.ഇ (ഇ4)1059/13 തിയതി 18.02.2015 | 32 |
| 2011-12 | എൽ.എഫ്. 19426/സ്പെഷ്യൽ സെൽ തിയതി 07.07.2015 | 34 |
| 2012-13 | എൽ.എഫ്.ഇ (എം2)207/14 തിയതി 03.12.2014 | 17 |
| 2013-14 | കെ.എസ്.എ – ഇ.കെ.എം (ബി.പി3)2134/15 തിയതി 02.04.2016 | 30 |
| 2014-15 | കെ.എസ്.എ – ഇ.കെ.എം (ബി.പി)457/17 തിയതി 27.05.2017 | 29 |
| 2015-16 | കെ.എസ്.എ – ഇ.കെ.എം (ബി.പി)636/17 തിയതി 31.05.2017 | 40 |
| 2016-17 | കെ.എസ്.എ – ഇ.കെ.എം (ഡി.പി)2204/17 തിയതി 23.12.2017 | 41 |
| 2017-18 | കെ.എസ്.എ – ഇ.കെ.എം (ഡി.പി)351/19 തിയതി 29.03.2019 | 63 |
| 2018-19 | കെ.എസ്.എ – ഇ.കെ.എം ഡി.പി(ഇ2)9/21 തിയതി 10.11.2021 | 63 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

എറണാകുളം ജില്ലയിലെ എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്